<u>ധനകാര്യം</u>

## <u>2014–2015 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും</u>

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി ശ്രീ. അനൂപ് ജേക്കബ് മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും എന്ന VII -ാം നമ്പർ ധനാഭ്യർത്ഥനയുടെയും ഭക്ഷ്യം എന്ന XXX -ാം നമ്പർ ധനാഭ്യർത്ഥനയുടെയും മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി ശ്രീ. കെ. ബാബു എക്സൈസ് എന്ന VIII -ാം നമ്പർ ധനാഭ്യർത്ഥനയുടെയും മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവര പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 7–ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2014–2015 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കേണ്ടതാണ്.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി <u>(ശ്രീ. അനൂപ് ജേക്കബ്)</u>: സർ, മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും എന്ന എന്ന VII -ാം നമ്പർ ധനാഭ്യർത്ഥനയുടെയും ഭക്ഷ്യം

എന്ന XXX -ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവര പട്ടിക യിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 7–ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2014-2015 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

Irjnbpw arK-kw-c-£-Whpw A¨-Snbpw tÌj-\-dnbpw hIp-¸p-a-{´n ({io. sI. ]n. taml-\³): kÀ, Rm³ {]tabs¯ ]n´m-§p-¶p.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, എക്സൈസ് എന്ന VIII -ാം നമ്പർ ധനാഭ്യർത്ഥനയു ടെയും മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവര പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥന കൾക്കുനേരെ 7–ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2014–2015 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

Irjnbpw arK-kw-c-£-Whpw A¨-Snbpw tÌj-\-dnbpw hIp-¸p-a-{´n ({io. sI. ]n. taml-\³): kÀ, Rm³ {]tabs¯ ]n´m-§p-¶p.

| ബഡ്ജറ്റ് എസ്റ്റിമേറ്റ് 2014-2015 | | | | | | |
|---|---|---|---|---|---|---|
| ധനാഭ്യ ർത്ഥന നമ്പർ | ധനാ ഭ്യർത്ഥനയുടെ പേര് | 03-02-2014-ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക. | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക | | ആകെ രൂപ. |
| | | റവന്യൂ (രൂപ) | മൂലധനം (രൂപ) | റവന്യൂ (രൂപ) | മൂലധനം (രൂപ) | |
| 1 | 2 | 3 | 4 | 5 | 6 | 7 |
| VII | മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും | 57,19,59,000 | -- | 114,39,19,000 | -- | 114,39,19,000 |
| XXX | ഭക്ഷ്യം | 304,78,71,000 | 18,15,87,000 | 609,57,43,000 | 36,31,74,000 | 645,89,17,000 |
| VIII | എക്സൈസ് | 73,26,52,000 | -- | 146,53,05,000 | -- | 146,53,05,000 |
| XXXIII | മത്സ്യബന്ധനം | 98,84,41,000 | 49,60,00,000 | 197,68,82,000 | 99,20,00,000 | 296,88,82,000 |
| XL | തുറമുഖങ്ങൾ | 17,09,44,000 | 29,58,00,000 | 34,18,88,000 | 59,16,00,000 | 93,34,88,000 |

[\-Im-c-yhpw \nb-ahpw `h-\-\nÀ½m-Whpw hIp¸pa{´n ({io. sI.-Fw. amWn): kÀ, ap{Z-¸-{X-§fpw cPn-kvt{S-j\pw F¶ F¶ VII- -mw \¼À [\m-`-yÀ°-\-tbbpw `£yw F¶ XXX-þmw \¼À [\m-`-yÀ°-\-tbbpw FIvsskkv F¶ VIII-mw \¼À [\m-`-yÀ°-\-tbbpw aÕ-y-_Ô\w F¶ XXXIII--mw \¼À [\m-`-yÀ°-\t-bbpw Xpd-ap-J-§Ä F¶ XL--mw \¼À [\m-`-yÀ°-\t-bbpw kw_-Ôn-¡p¶

k_vPIvSv I½nän-bpsS ip]mÀi-I-fn-t·Â N«w 236(3)

{]ImcapÅ {]kvXm-h\ Rm³ tai¸p-d¯ph-bv¡p-¶p.

മി. സ്പീക്കർ: ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കാവുന്നതാണ്.

**ധനാഭ്യർത്ഥന നമ്പർ – VII- മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും**

**സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക 114,39,19,000 ക.**

**നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ**

ശ്രീമതി കെ. എസ് സലീഖ: സർ, മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും എന്ന VII- ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 114,39,19,000 ക ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(രജിസ്ട്രേഷൻ വകുപ്പിലെ ഉദ്യോഗസ്ഥരുടെ തീരുമാനങ്ങൾ പ്രവാസികളുടെ വസ്തു ഇടപാടുകളെ പ്രതികൂലമായി ബാധിക്കുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും എന്ന VII- ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 114,39,19,000 ക ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(രജിസ്ട്രേഷൻ വകുപ്പിൽ ആസൂത്രണമില്ലാതെ നടപ്പാക്കുന്ന കമ്പ്യൂട്ടറൈസേഷൻ നടപടികൾ വകുപ്പിന് വലിയ ബാധ്യത ഉണ്ടാക്കുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

**ധനാഭ്യർത്ഥന നമ്പർ – XXX – ഭക്ഷ്യം**

**സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക 645,89,17,000 ക.**

**നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ**

ശ്രീ. എ. കെ. ശശീന്ദ്രൻ സർ, ഭക്ഷ്യം എന്ന XXX- ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 645,89,17,000 ക ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(സംസ്ഥാനത്ത് ഭക്ഷ്യവസ്തുക്കളിൽ മാരകമായ രാസവസ്തുക്കൾ ചേർക്കുന്നത് വ്യാപകമാകുന്നുവെന്ന മാധ്യമ റിപ്പോർട്ടിനെക്കുറിച്ച് ചർച്ച ചെയ്യുന്നതിന്)

**ധനാഭ്യർത്ഥന നമ്പർ – VIII –എക്സൈസ്**

**സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക 146,53,05,000 ക.**

**നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ**

ശ്രീ. സി. ദിവാകരൻ: സർ, എക്സൈസ് എന്ന VIII -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 146,53,05,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(സംസ്ഥാനത്ത് മദ്യനിരോധനം ഘട്ടംഘട്ടമായി നടപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ കഴിയാതിരിക്കുന്നതുമൂലമുണ്ടായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം ചർച്ച ചെയ്യുന്നതിന്)

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, എക്സൈസ് എന്ന VIII -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 146,53,05,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(സംസ്ഥാനത്ത് നീരയുടെ ഉത്പാദനവും വിതരണവും വ്യാപകമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന സ്ഥിതിവിശേഷം ചർച്ച ചെയ്യുന്നതിന്)

**<u>ധനാഭ്യർത്ഥന നമ്പർ – XXXIII-മത്സ്യബന്ധനം</u>**

**<u>സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക 296,88,82,000 ക.</u>**

**<u>നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ</u>**

<u>ശ്രീ. എസ്. ശർമ്മ</u>: സർ, മത്സ്യബന്ധനം എന്ന XXXIII -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 296,88,82,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(കടലാക്രമണത്തിൽ ഭൂമിയും വീടും മത്സ്യബന്ധന ഉപകരണങ്ങളും നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് ആശ്വാസവും സഹായവും നൽകാത്തതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്)

<u>ശ്രീ. വി. ശശി</u>: സർ, മത്സ്യബന്ധനം എന്ന XXXIII -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 296,88,82,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(മത്സ്യവിപണിയിൽ ഉണ്ടായിരിക്കുന്ന അനിയന്ത്രിത വിലക്കയറ്റം തടയുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്)

ധനാഭ്യർത്ഥന നമ്പർ – XL-തുറമുഖങ്ങൾ

സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക 93,34,88,000 ക.

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, തുറമുഖങ്ങൾ എന്ന XL -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 93,34,88,000 ക. ഒരു ഉറുപ്പിക യായി കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പി ക്കുന്നു.

(വിഴിഞ്ഞം തുറമുഖ നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കാനാവ ശ്യമായ നടപടികൾ സ്വീകരിക്കുന്നില്ലെന്ന് പറയപ്പെടുന്നത് സ്ബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

മി. സ്പീക്കർ: ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചിരിക്കുന്നു.

**(പൊതു ചർച്ച)**

(ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ): സർ, ഇവിടെ അവതരി പ്പിച്ച മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർത്ഥന യേയും ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയേയും എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയേയും മത്സ്യബന്ധനം എന്ന XXXIII-ാം

നമ്പർ ധനാഭ്യർത്ഥനയേയും തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയേയും ഞാൻ എതിർക്കുന്നു.

വിഴിഞ്ഞം, കൊച്ചി, ബേപ്പൂർ, പൊന്നാനി തുടങ്ങി കേരളത്തിൽ ചെറുതും വലുതുമായ നിരവധി തുറമുഖങ്ങളുണ്ട്. ഇതിൽ കൊച്ചി തുറമുഖം കപ്പൽ നിർമ്മാണവും റിപ്പയറിംഗുംകൂടി ചെയ്യുന്ന തുറമുഖമാണ്. പൊന്നാനി തുറമുഖത്തിന്റെ പുനരുദ്ധാരണത്തിന് കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ 2000 കോടി രൂപ അനുവദിച്ചിരുന്നു. പക്ഷേ അവിടെ പുനരുദ്ധാരണമൊന്നും നടത്തിയില്ല, ഇപ്പോഴും പഴയ അവസ്ഥയിൽതന്നെയാണ്. ഇതിൽനിന്നെല്ലാം വ്യത്യസ്തമായ വിഴിഞ്ഞം തുറമുഖം ഇന്ന് അവഗണിക്കപ്പെട്ടുകിടക്കുകയാണ്. തിരുവനന്തപുരത്തിന്റെ വികസനം എന്നുപറയുമ്പോൾ അതിലൊന്ന് വിഴിഞ്ഞം തുറമുഖത്തിന്റെ വികസനമാണ്. തിരുവനന്തപുരം ജില്ലയിലുള്ള ഏകദേശം 5 ലക്ഷം ആളുകൾ ഒരുവർഷമായി തിരുവനന്തപുരത്തിന്റെ സിരാകേന്ദ്രമായ പാളയത്ത് പന്തൽകെട്ടി സത്യാഗ്രഹം അനുഷ്ഠിച്ചു, അത് ജനശ്രദ്ധയിൽ വന്നതാണ്. ഈ സർക്കാർ മാത്രമല്ല കേന്ദ്രസർക്കാരും യഥാർത്ഥത്തിൽ ഈ തുറമുഖത്തോട് അവഗണനയാണ് കാണിക്കുന്നത്. എ.ഡി. 7 മുതൽ എ.ഡി 11 വരെ വിഴിഞ്ഞം തലസ്ഥാനമാക്കി കേരളം വാണിരുന്ന 'ആയ്' വംശത്തോടൊപ്പമാണ് വിഴിഞ്ഞത്തിന്റെ ചരിത്രം തുടങ്ങുന്നത്. നാഗർകോവിൽ മുതൽ തിരുവല്ലംവരെ നീണ്ടുകിടന്നിരുന്ന അവരുടെ രാജ്യം ചോളന്മാരുടേയും കുലശേഖരന്മാരുടേയും രണഭൂമിയായി മാറിയിരുന്നു. ചോളന്മാർ വിഴിഞ്ഞത്തെ കൊള്ളയടിക്കുകയും ചെയ്തു. 'ആയ്' രാജാക്കന്മാർ വിഴിഞ്ഞത്തെ തലസ്ഥാനമാക്കിയപ്പോൾ നിർമ്മിച്ച

താണ് കേരളം കണ്ട ഏറ്റവും പുരാതനമായ വിഴിഞ്ഞം കോട്ട. 25 വർഷ ങ്ങൾക്കുമുമ്പാണ് വിഴിഞ്ഞം തുറമുഖം എന്ന സ്വപ്നം ജന്മംകൊണ്ടത്.

ഇന്ത്യയിൽ ഏറ്റവും മികച്ച ആഴക്കടൽ തുറമുഖമായി മാറാൻ കഴിയുന്ന വിഴിഞ്ഞം തുറമുഖം, അടുത്ത കാലത്തായി കടുത്ത അവഗണന നേരിട്ടു വരികയാണ്. ഇന്നത്തെ കപ്പലുകൾ ഭീമാകാരന്മാരായതിനാൽ നങ്കൂര മിടുന്നതിന് അഗാധതയും കരയിലേയ്ക്കടുക്കുവാൻ വീതിയും ആഴവുമുള്ള നിരവധി ചാനലുകൾ ഉണ്ടാകേണ്ടത് അത്യന്താപേക്ഷിതമാണ്. ആയതിനാൽ എത്രയും വേഗം ഇതിനെ അഭിവൃദ്ധിപ്പെടുത്തണം. മാത്രവുമല്ല, രാജ്യാന്തര കപ്പൽ ഗതാഗത പാതയ്ക്ക് ഏറ്റവും അരികിലായി സ്ഥിതി ചെയ്യുന്ന തുറമുഖംകൂടിയാണ് വിഴിഞ്ഞം. ഒരു തുറമുഖത്തിന്റെ പ്രാധാന്യം വർദ്ധിപ്പിക്കുന്ന ഘടകങ്ങൾ കടലിന്റെ ആഴം, കപ്പലുകൾ കരയിലേയ്ക്കടുപ്പി ക്കുവാനുള്ള ആഴവും വിസ്തൃതിയുമുള്ള ചാനലുകൾ, രാജ്യാന്തര പാതയു മായുള്ള സാമീപ്യം, അത്യധികം കാര്യക്ഷമതയുള്ള ക്രെയിനുകൾ എന്നിവയെല്ലാമാണ്. ലോകത്തിലെ ഏറ്റവും വലിപ്പമേറിയ ചരക്കുകപ്പലായ മെക്കിനി മോളറുടെ (Maersk McKinny Moller) കന്നിയാത്രയ്ക്ക് യുറോപ്പ്, ഏഷ്യ യാത്രാമാർഗ്ഗത്തിൽ 13 തുറമുഖങ്ങൾ മാത്രമേ സന്ദർശിക്കുന്നുള്ളു. അടുത്ത രണ്ടുമൂന്നു വർഷങ്ങൾക്കുള്ളിൽ അത്തരത്തിലുള്ള 20 ചരക്കു കപ്പലുകൾ ഇതേപാതയിൽ യാത്രനടത്തുവാൻ നിർണ്ണയിക്കപ്പെട്ടിരിക്കുന്നു. നിദ്ദിഷ്ട വിഴിഞ്ഞം ഡീപ് സീ ട്രാൻസ്മിഷന്റെ കണ്ടെയ്നർ ടെർമിനൽ, ഇന്ത്യയിലെ സമുദ്രതീരത്തുള്ള ചരക്കു ഗതാഗതത്തെ അങ്ങേയറ്റം അഭിവൃദ്ധി പ്പെടുത്താൻ ഉദ്ദേശിച്ച് കേരളത്തിന്റെ തലസ്ഥാനമായ തിരുവനന്തപുരത്തു

നിന്ന് 20 കിലോമീറ്റർ തെക്കുഭാഗത്തായി രൂപഭാവന ചെയ്തിരിക്കുകയാണ്. ഇപ്പോൾ ദുബായ്, കൊളംബോ, സിംഗപ്പൂർ എന്നിവിടങ്ങളിലാണ് മദർ കപ്പലുകൾ വന്നുചേരുന്നത്. അവിടെനിന്ന് ചെറുകപ്പലുകളിലാണ് വിവിധ ഇന്ത്യൻ തുറമുഖങ്ങളിൽ ചരക്ക് എത്തിക്കുന്നത്. വിഴിഞ്ഞം ഹാർബർ യാഥാർത്ഥ്യമാകുന്നതോടെ 18,000 ടൺ കേവുഭാരമുള്ള വൻ കണ്ടെയ്നറുകൾ വിഴിഞ്ഞത്ത് നേരിട്ടെത്തും. കൊളംബോ, ദുബായ്, സിംഗപ്പൂർ, മലേഷ്യ എന്നിവിടങ്ങളിലെ ഭീമൻ ചരക്കുകപ്പലുകളെ ആശ്രയിച്ചാണ് ഇപ്പോൾ ഇന്ത്യയുടെ കടൽ വാണിജ്യം നടന്നുവരുന്നത്. വിഴിഞ്ഞം ഹാർബർ യാഥാർത്ഥ്യമായാൽ വിദേശനാണ്യലാഭം വഴി ഇന്ത്യയ്ക്ക് വൻ സാമ്പത്തിക നേട്ടമുണ്ടാകും. ഇന്ന് കൊളംബോ തുറമുഖത്തെ ചരക്കുകപ്പൽ വ്യാപാരത്തിന്റെ 80 ശതമാനവും ഇന്ത്യ നൽകുന്നതാണ്. വിദേശനാണ്യ വിനിമയത്തിലൂടെ ഇന്ത്യയ്ക്ക് കണക്കറ്റ തുക നഷ്ടപ്പെടുന്നുണ്ട്. പ്രത്യക്ഷത്തിൽ 5000 പേർക്കും പരോക്ഷമായി ഒരു ലക്ഷത്തോളം പേർക്കും തൊഴിൽ ലഭിക്കുന്നതും അന്താരാഷ്ട്ര ചരക്കുനീക്കത്തിലൂടെ വൻ വരുമാന ലഭ്യതയും പ്രതീക്ഷിക്കുന്ന വിഴിഞ്ഞം തുറമുഖ പദ്ധതിയെ അന്താരാഷ്ട്ര ലോബിയുടെ താൽപ്പര്യങ്ങൾക്ക് വഴങ്ങി, അട്ടിമറിക്കുന്ന കാഴ്ചയാണ് കാണുന്നത്. വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ്, ഇന്ത്യ എന്ന പേരിൽ സംസ്ഥാന സർക്കാർ ഏറ്റെടുത്തിരിക്കുന്നത് ഒരു മഹത്തായ സംരംഭമാണ്. ഈ സംരംഭം പിന്തുടരുന്നത് ലാന്റ്ലോർഡ് പോർട്ട് മോഡൽ ആയിട്ടാണ്. അതായത് മണ്ണ് മാറ്റി ആഴം വർദ്ധിപ്പിക്കൽ, മറ്റ് അടിസ്ഥാന സൗകര്യങ്ങളായ പൊഴി നിർമ്മാണം, കപ്പലിൽ കയറ്റുവാനും ഇറക്കുവാനുമുള്ള പ്ലാറ്റ്ഫോം നിർമ്മിക്കുക തുടങ്ങിയ കാര്യങ്ങളും വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട്

ചെയ്യുന്നതായിരിക്കും. ഈ പദ്ധതിയുടെ ആകെ ചെലവ് 6595 കോടി രൂപ യായി കണക്കാക്കപ്പെട്ടിരിക്കുന്നു. മൂന്നു ഘട്ടമായാണ് ഇത് നടപ്പിലാക്കുന്നത്. ലാന്റ്ലോർഡ് പോർട്ട് മുഖാന്തിരം യാത്രാക്കപ്പൽ, ചരക്കുകപ്പൽ നിയമാനു സൃതമായ മറ്റു ചരക്കുകൾ എന്നിവയ്ക്ക് സൗകര്യമൊരുക്കുക. ഈ പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനായി ഐ.എഫ്.സി(ഇന്റർനാഷണൽ ഫിനാൻസ് കൺസൽട്ടന്റ്) ഒരു വിദഗ്ദ്ധ സംഘത്തെ നാമനിർദ്ദേശം ചെയ്തു കഴിഞ്ഞു. 2006-ൽ എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ഈ പദ്ധതി ടെണ്ടർ ചെയ്തതാണ്. അന്ന് മൂന്ന് കമ്പനികൾ ടെണ്ടർ നൽകി. അതിൽ 2 കമ്പനികൾ ക്വാളിഫൈഡ് അല്ലായിരുന്നു. ക്വാളിഫൈഡായത് സൂം ഡെവലപ്പേഴ്സ്, മുംബൈ എന്ന കമ്പനിയാണ്. എന്നാൽ ചൈനീസ് ഗവൺമെന്റിന്റെ ബന്ധമുണ്ടെന്ന് പറഞ്ഞുകൊണ്ട് ഇവരുടെ ടെണ്ടർ പ്രൊസീഡ് ചെയ്യാൻ കേന്ദ്ര ഗവൺമെന്റ് സമ്മതിച്ചില്ല. എന്നാൽ ഈ കമ്പ നിക്ക് അനുമതി നിഷേധിച്ചിട്ടും അതുമായി മുന്നോട്ടുപോകാൻ തന്നെ സംസ്ഥാന സർക്കാർ തീരുമാനിച്ചു. അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കുന്ന തിനുവേണ്ടി ടെണ്ടർ ക്ഷണിച്ചു. അതിനുശേഷം ഗ്ലോബർ ടെണ്ടർ ക്ഷണിച്ചു. മസ്കറ്റ് ഹോട്ടലിൽ ഗ്ലോബൽ മീറ്റിംഗ് നടത്തിയതിൽ 44 രാജ്യങ്ങൾ പങ്കെടു ത്തു. ധാരാളം ടെണ്ടറുകൾ വന്നു. അതിൽ ഒരണ്ണെം നെഗറ്റീവ് ടെണ്ടറായിരു ന്നു. നെഗറ്റീവ് ടെണ്ടർ എന്നു പറഞ്ഞാൽ നമ്മൾ പണം ചെലവഴിക്കേണ്ട, അവർ പണം ചെലവഴിക്കുകയും പിന്നീട് ഈടാക്കുകയും ചെയ്യും. നെഗറ്റീവ് ടെണ്ടർ ഹൈദരാബാദിലെ ലാൻകോ കമ്പനിയുടേതായിരുന്നു. അവർക്ക് ലെറ്റർ ഓഫ് ഇൻഡൻറ് കൊടുത്തു. അതിനെതിരായി സൂം ഡെവലപ്പേഴ്സ്, മുബൈ എന്ന കമ്പനി കേസ് കൊടുത്തു. ആ കേസ്സിൽ ഹൈക്കോടതി വിധി

നമുക്കനുകൂലമായിരുന്നെങ്കിലും പിന്നീട് സുപ്രീം കോടതി അതിനെ നിഷേധിച്ചു. അതിനുശേഷം ഐ.എഫ്.സി.-യെ കൺസൾട്ടന്റായി നിയമിക്കുകയും അവർ ഉപദേശം നൽകുകയും ചെയ്തു. തുറമുഖ നിർമ്മാണം സംസ്ഥാന സർക്കാർ നേരിട്ടും തുറമുഖ നടത്തിപ്പ് സ്വകാര്യ പങ്കാളിയും ചേർന്നാണ് നടത്തേണ്ടതെന്ന് സർവ്വകക്ഷിയോഗത്തിൽ തീരുമാനമെടുത്തു. ഫണ്ടിനു വേണ്ടി ലീഡ് ബാങ്കുകാരെ വിളിച്ചു. എസ്.ബി.ടി. ലീഡ് ബാങ്കായി കൺസോർഷ്യമുണ്ടാക്കി ആവശ്യമായ ഫിനാൻസ് കണ്ടെത്തി ടെണ്ടർ ചെയ്തു. എന്നാൽ കേന്ദ്ര ഗവൺമെന്റിന്റെ പാരിസ്ഥിതിക അനുമതി ലഭിച്ചില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ രണ്ടുവർഷക്കാലം അതിനെ ആ രീതിയിൽത്തന്നെ മുന്നോട്ടുകൊണ്ടുപോയി. അതിനുശേഷമാണ് പബ്ലിക് പ്രൈവറ്റ് പാർട്ടിസിപ്പേഷൻ (പി.പി.പി.) വഴി ചെയ്യണമെന്ന് തീരുമാനിച്ചത്. പി.പി.പി. അടിസ്ഥാനത്തിൽ ചെയ്യുമ്പോൾ കേന്ദ്രഗവൺമെന്റും ഇതിൽ പങ്കാളിയാവുകയാണെങ്കിൽ ഈ തുറമുഖം ഇൻഡ്യാഗവൺമെന്റിന്റെ അധീനതയിൽ വരും. കൊളംബോ വഴി വരുന്ന, ഇന്ത്യൻമഹാസമുദ്രത്തിൽക്കൂടി കടന്നുപോകുന്ന എല്ലാ കപ്പലുകൾക്കും ടാക്സ് നിശ്ചയിക്കുന്നത് കേന്ദ്രഗവൺമെന്റാണ്. കൊളമ്പോ തുറമുഖത്തിന് ടാക്സ് കുറയ്ക്കുകയും ഇവിടെ കൂട്ടുകയും ചെയ്താൽ ഒരു കപ്പൽ പോലും ഇവിടെ വരികയില്ല. ഈ രീതിയിൽ ഈ തുറമുഖത്തെ ഇല്ലാതാക്കാനാണ് തീരുമാനിച്ചത്. പോർട്ട് ഉണ്ടാക്കിയാലും നടത്തിപ്പ് കേന്ദ്ര ഗവൺമെന്റിന്റെ വരുതിയിലായിരിക്കും. അങ്ങനെവന്നാൽ കേന്ദ്ര ഗവൺമെന്റിന് കപ്പലുകൾ ഈ തുറമുഖത്ത് എത്താതിരിക്കുന്നതിനുള്ള ഇടപെടലുകൾ നടത്താൻ കഴിയും. സംസ്ഥാനവും കേന്ദ്രവും ഒരേ കക്ഷി ഭരിച്ചാൽ ഉണ്ടാകുന്ന ദുരന്തമാണ് വിഴിഞ്ഞം തുറമുഖ നിർമ്മാണ കാര്യത്തിൽ സംഭവിച്ചത്. കഴിഞ്ഞ കേന്ദ്ര ബഡ്ജറ്റിൽ തൂത്തുക്കുടി തുറമുഖ

ത്തിന് 7500 കോടി രൂപ വകയിരുത്തിയിരുന്നു. തമിഴ്നാട്ടുകാരനായ മുൻ കേന്ദ്ര ധനകാര്യവകുപ്പുമന്ത്രി ശ്രീ. പി. ചിദംബരം തൂത്തുക്കുടി തുറമുഖത്തിനായി 7500 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും, 361 കോടി രൂപ അനുവദിക്കുകയും ചെയ്തപ്പോൾ വിഴിഞ്ഞം തുറമുഖത്തെ സംബന്ധിച്ച് ബഡ്ജറ്റിൽ പരാമർശിച്ചതേയില്ല. അത്രമാത്രം ദ്രോഹകരമായ നിലപാടാണ് സ്വീകരിച്ചത്. കേരളത്തിൽനിന്ന് 8 കേന്ദ്രമന്ത്രിമാർ ഉണ്ടായിരുന്നിട്ടുകൂടി വിഴിഞ്ഞം പദ്ധതിക്കായി ഒന്നും ചെയ്യാൻ സാധിക്കാത്തതാണ് കേരളത്തിന്റെ ദു:സ്ഥിതിയെന്ന് പറയുന്നത്. പി.പി.പി. ആയാൽ കേന്ദ്ര ഗവൺമെന്റ് 20 ശതമാനം വയബിലിറ്റി ഗ്യാപ് ഫണ്ട് (വി.ജി.പി.) തരുമെന്ന് പറഞ്ഞ് ഇതിന്റെ നടത്തിപ്പ് കേന്ദ്ര ഗവൺമെന്റ് ഏറ്റെടുക്കുകയും താരിഫ് അവർ നിശ്ചയിക്കുകയും ചെയ്തു. വിഴിഞ്ഞം പദ്ധതിക്ക് കൂടിയ റേറ്റിലും കൊളംബോയ്ക്ക് കുറഞ്ഞ റേറ്റിലും താരിഫ് നിശ്ചയിച്ചാൽ വിഴിഞ്ഞം പദ്ധതിയുടെ സ്ഥിതി എന്താകും? ഇങ്ങനെയാണ് കേന്ദ്ര ഗവൺമെന്റ് വിഴിഞ്ഞം പദ്ധതിയെ ഇല്ലാതാക്കാൻ ശ്രമിച്ചത്. എൽ.ഡി.എഫ്. ഗവൺമെന്റ് വിഴിഞ്ഞം പദ്ധതിക്കുള്ള അടിസ്ഥാന സൗകര്യ വികസനത്തിനായി ടെണ്ടർ ക്ഷണിച്ചു. റോഡ്, റെയിൽവേ ലൈൻ, വൈദ്യുതി, വെള്ളായണി കായലിൽ നിന്ന് വാട്ടർ സപ്ലൈ എന്നിവയ്ക്കെല്ലാം ടെണ്ടർ കൊടുത്ത് നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുമ്പോഴാണ് കേന്ദ്രസർക്കാർ ഇതിനെ നിന്ന് പി.പി.പി. മോഡൽ ആക്കിയത്. പി.പി.പി. മോഡൽ ആക്കിയതുകൊണ്ട് ഒരു ഗുണവും ലഭിക്കില്ലെന്ന് മാത്രമല്ല കേന്ദ്ര ഗവൺമെന്റിന്റെ അധീനതയിലാവുകയം ചെയ്യും. ഇക്കാര്യത്തിൽ എന്തുചെയ്യാൻ കഴിയുമെന്നതിനെക്കുറിച്ച് ആലോചിക്കണം. ബഹുമാനപ്പെട്ട തുറമുഖ വകുപ്പുമന്ത്രി മറുപടി പറയുമ്പോൾ അതുസംബ

സ്ഥിച്ച് പറഞ്ഞാൽ നന്നായിരിക്കും. കൊച്ചി, പൊന്നാനി, ബേപ്പൂർ തുറമുഖങ്ങൾ നന്നാക്കിയെടുക്കാനുള്ള എന്ത് പരിപാടിയാണ് ഈ ഗവൺമെന്റിന്റെ പക്കലുള്ളതെന്ന് വ്യക്തമാക്കണം. വിഴിഞ്ഞം തുറമുഖ പദ്ധതി നല്ലരീതിയിൽ കൊണ്ടുവരുന്ന കാര്യം ബഹുമാനപ്പെട്ട മന്ത്രിക്ക് വിടുകയാണ്.

എനിക്ക് വളരെയേറെ അടുപ്പമുണ്ടായിരുന്ന ആളാണ് ടി.എം. ജേക്കബ്. അദ്ദേഹത്തിന്റെ പുത്രനായ ഭക്ഷ്യ വകുപ്പുമന്ത്രി ശ്രീ. അനൂപ് ജേക്കബിന്റെ മുഖത്ത് നോക്കി ഒന്നും പറയാൻ കഴിയില്ല. ഭക്ഷ്യ വകുപ്പിനെപ്പറ്റി പറയുമ്പോൾ അത്രയധികം വിഷമമാണ്. വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സർക്കാർ യാതൊരുവിധ വിപണി ഇടപെടലുകളും നടത്തുന്നില്ല. നിത്യജീവിതം ദുസ്സഹമാക്കുന്ന രൂക്ഷമായ വിലക്കയറ്റമാണ് സംസ്ഥാനത്ത് ഇന്നുള്ളത്. നിത്യോപയോഗ സാധനങ്ങളുടെ പൊള്ളുന്ന വില കുടുംബ ബഡ്ജറ്റിനെ താളം തെറ്റിച്ചിരിക്കുന്നു. യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മട്ട അരിക്ക് 26.92 ശതമാനവും, പച്ചരിക്ക് 26.08 ശതമാനവും, പഞ്ചസാരയ്ക്ക് 13 ശതമാനവും, ചെറുപയറിന് 29.33 ശതമാനവും, വൻപയറിന് 30.43 ശതമാനവും, മല്ലിക്ക് 45 ശതമാനവും വില വർദ്ധിച്ചിരിക്കുകയാണ്. പച്ചക്കറിക്കും മത്സ്യത്തിനും തീവിലയാണ്. കിലോയ്ക്ക് 30 രൂപയായിരുന്ന മത്തിക്ക് 120 രൂപയായും, കൂന്തലിന് 140 രൂപയിൽ നിന്ന് 200 രൂപയായും, അയല 140 രൂപയിൽനിന്ന് 180 രൂപയായും വർദ്ധിച്ചു. ആവോലി 600 രൂപ, നെയ്മീൻ 500 രൂപ, ചൂര 300

രൂപ, പൂമീൻ 260 രൂപ, സ്രാവ് 400 രൂപ എന്നിങ്ങനെ ഓരോന്നിനും വില വർദ്ധിച്ചു. സപ്ലൈകോ തന്നെ സാധനങ്ങൾക്ക് വില വർദ്ധിപ്പിക്കുന്ന നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്. സാധനങ്ങളുടെ വില നിശ്ചയിച്ചുകഴി ഞ്ഞാൽ സപ്ലൈകോ വില വർദ്ധിപ്പിക്കാൻ പാടില്ല. ചെറുപയറിന്റെ സബ്സിഡി വില 12.2 ശതമാനവും, ഉഴുന്നിന് 16.7 ശതമാനവും, വൻക ടലയ്ക്ക് 2.27 ശതമാനവും, വൻപയറിന് 32.07 ശതമാനവും, തുവരപ്പരിപ്പിന് 32.35 ശതമാനവും, മുളകിന് 22.2 ശതമാനവും, മല്ലിക്ക് 30.7 ശതമാനവും, പഞ്ചസാരയ്ക്ക് 4 ശതമാനവും, പച്ചരിക്ക് 31.25 ശതമാനവും, മട്ട അരിക്ക് 31.25 ശതമാനവും, കുറുവ അരിക്ക് 10.52 ശതമാനവും വില വർദ്ധിപ്പിച്ചിരി ക്കുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ 100 ഇന പരി പാടി സംഘടിപ്പിച്ചു. ആ പരിപാടിയിൽ ആദ്യം പറഞ്ഞത് 1 രൂപ വിലയ്ക്ക് അരി നൽകുമെന്നാണ്. യു.ഡി.എഫ് ഗവൺമെന്റ് എത്രപേർക്കാണ് 1 രൂപയ്ക്ക് അരി നൽകിയത്? എൽ.ഡി.എഫ്. ഗവൺമെന്റ് 2 രൂപയ്ക്ക് അരി കൊടുക്കുമെന്നറിഞ്ഞപ്പോൾ യു.ഡി.എഫ്. 1 രൂപയ്ക്ക് കൊടുക്കുമെന്ന് പറഞ്ഞതാണ്. എൽ.ഡി.എഫ്. ഗവൺമെന്റ് എ.പി.എൽ/ബി.പി.എൽ. വ്യത്യാ സമില്ലാതെ 48 ലക്ഷം ആളുകൾക്ക് 2 രൂപയ്ക്ക് അരി കൊടുത്തു. എന്നാൽ യു.ഡി.എഫ്. ഗവൺമെന്റ് 6 ലക്ഷം ആളുകൾക്കാണ് 1 രൂപയ്ക്ക് അരി കൊടുത്തത്. ശാന്തിഗിരി ആശ്രമത്തിൽ ഇതിന്റെ ഉദ്ഘാടന ദിവസം ഞാനും

ഉണ്ടായിരുന്നു. അന്ന് ഞാൻ മുഖ്യമന്ത്രിയോട് ഈ പദ്ധതി നടപ്പാകില്ല എന്നു പറഞ്ഞപ്പോൾ അദ്ദേഹം ഇത് നടപ്പാക്കും എന്നാണ് പറഞ്ഞത്.

മി. സ്പീക്കർ: അങ്ങയുടെ 12 മിനിട്ടിൽ പകുതിയിൽ കൂടുതൽ സമയവും കഴിഞ്ഞു.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: സർ, കുറച്ചുകൂടി സമയം തന്നാൽ ............

മി. സ്പീക്കർ: 7 മിനിട്ടായി.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: സർ, ഞാൻ ഉടനെ അവസാനിപ്പിക്കാം. വിതരണരംഗത്തുള്ള ക്രമക്കേടും സംഭരണമില്ലായ്മയുമാണ് ഇത് നടപ്പാക്കാൻ കഴിയാത്തതിന് കാരണം. 2009-ൽ വിലക്കയറ്റമുണ്ടായപ്പോൾ അന്നത്തെ സഹകരണ വകുപ്പുമന്ത്രി ശ്രീ. ജി. സുധാകരനും ഭക്ഷ്യ വകുപ്പുമന്ത്രി ശ്രീ. സി. ദിവാകരനുംകൂടി ജില്ലാ ബാങ്കിന്റെയും സംസ്ഥാന സഹകരണ ബാങ്കിന്റെയും പ്രസിഡന്റുമാരെ വിളിച്ചുവരുത്തി ഒരു കൺസോർഷ്യം രൂപീകരിച്ച് പണം പൂൾ ചെയ്തെടുത്ത് ആവശ്യമുള്ള സാധനങ്ങൾ വാങ്ങാൻ കൺസ്യൂമർഫെഡിനെ ചുമതലപ്പെടുത്തി. 3000-ലധികം ഔട്ട്ലെറ്റുകൾ ആരംഭിക്കുകയും വിലക്കയറ്റം നിയന്ത്രിക്കുകയും ചെയ്തു. അന്ന് വിലക്കയറ്റമുണ്ടായപ്പോൾ 400 കോടി രൂപയാണ് സബ്സിഡിയായി കൊടുത്തത്. രണ്ടാഴ്ച കൊണ്ട് വിലക്കയറ്റം നിയന്ത്രിക്കാനായി. ഇപ്പോഴുള്ള മാവേലി സ്റ്റോറുകളിൽ സാധനങ്ങളുമില്ല ആൾക്കൂട്ടവുമില്ല. തൊട്ടടുത്തുള്ള കടയിൽ ആൾക്കൂട്ടമുണ്ട്. ഇതാണ് കേരളത്തിലെ സ്ഥിതി. ഇപ്പോൾ മദ്യത്തിന് ഒരു നയമില്ല. മദ്യത്തിന് നയമുണ്ടാക്കിയിട്ടില്ലെന്നാണ്

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പൂട്ടിയ ബാറുകൾ തുറക്കരുതെന്നാണ് കെ.പി. സി.സി. പ്രസിഡന്റും പറയുന്നത്. മദ്യത്തിന് നയം ഉണ്ടോ എന്നത് വ്യക്തമാക്കണം. അതുപോലെ സെക്കന്റ് വിൽപ്പനയുണ്ടെന്ന് ശ്രീ. വി. എം. സുധീരൻ പറഞ്ഞു. ഇവിടെ ഇല്ലെന്നും പറയുന്നു. ഇതിൽ ഏതാണ് ശരിയെന്ന് അറിയണ്ടേ? 418 ഷാപ്പുകൾ അടയ്ക്കാൻ പറഞ്ഞു, അടച്ചത് നന്നായി എന്ന് നമുക്ക് അഭിപ്രായമുണ്ട്. എന്നാൽ ഈ ഷാപ്പുകളിൽ പ്രവർത്തിക്കുന്ന ഏഴായിരത്തോളം വരുന്ന തൊഴിലാളികൾക്ക് സംരക്ഷണം കൊടുക്കണ്ടേ? അതിന് പരിഹാരം കണ്ടുപിടിക്കണം. ധാരാളം കാര്യങ്ങൾ പറയാനുണ്ടെങ്കിലും ബഹുമാനപ്പെട്ട ചെയറിനെ അംഗീകരിക്കുകയാണ്. അതുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ എതിർത്തുകൊണ്ട് ഞാൻ നിർത്തുകയാണ്.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്. ഭക്ഷ്യം, മത്സ്യം പിന്നെ അൽപ്പം കള്ളും സാധാരണ മനുഷ്യന് ആവശ്യമുള്ളതാണ്. കേരളത്തിന്റെ സമ്പദ്ഘടനയിൽ വലിയ സംഭാവന ചെയ്യുന്ന ഒന്നാണ് മത്സ്യമേഖല. 10 ലക്ഷത്തോളം പേർ ഈ മേഖലയിൽ ജീവിക്കുന്നു. 2011-ലെ സെൻസസ് അനുസരിച്ച് 7.71 ലക്ഷം ജനങ്ങൾ തീരദേശത്തും 2.3 ലക്ഷം ആളുകൾ ഉൾനാടൻ മേഖലയിലും പ്രവർത്തിക്കുന്നുവെന്നാണ് കണക്ക്. ഇതുകൂടാതെ അനുബന്ധ തൊഴിലാളികളായി 74100 പേർ ഉണ്ടെന്ന് കണക്കുകൾ പറയുന്നു. ഇന്നും ദുരിതപൂർണ്ണമായ ജീവിതം നയിക്കുന്നവരാണ് മത്സ്യമേഖലയിലെ ജനങ്ങൾ. വാസയോഗ്യമായ ഭവനങ്ങളും കക്കൂസും ബഹുഭൂരിപക്ഷം ആളുകൾക്കുമില്ല. കടൽ ക്ഷോഭിച്ച് കരയി

ലേയ്ക്ക് ആഞ്ഞടിക്കുമ്പോഴും കുടിവെള്ളത്തിന് ലോറി വെള്ളത്തെ ആശ്രയിക്കേണ്ടിവരികയാണ്. മാറ്റങ്ങൾ വരുന്നുണ്ടെങ്കിലും പരിപൂർണ്ണമാകുന്നില്ല. 2005–06 മുതൽ 2012–13 വരെയുള്ള കാലഘട്ടത്തിൽ കേരളത്തിന്റെ Gross Domestic Product–ന്റെ വളർച്ച 69 ശതമാനമായിരുന്നെങ്കിൽ മത്സ്യമേഖലയിൽ 1.3–യിൽ നിന്നും 0.8 ആയി കുറയുന്നുവെന്നത് ശ്രദ്ധിക്കേണ്ട കാര്യമാണ്. മറൈൻ സെക്ടറിൽ കേരളത്തിന്റെ മത്സ്യവിഹിതം കുറയുന്നു. ദേശീയ തലത്തിൽ 0.78 ശതമാനമാണ് ജി.ഡി.പി. യുടെ ഈ മേഖലയിലെ വിഹിതം. മത്സ്യ ഉൽപ്പാദനത്തിൽ ദേശീയ തലത്തിൽ 60 ശതമാനം ഉൾനാടൻ മേഖലയിലാണെങ്കിൽ കേരളത്തിലെ 78 ശതമാനവും മറൈൻ സെക്ടറിലാണ്. ഉൾനാടൻ മേഖലയിലെ മത്സ്യ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് നിരവധി പദ്ധതികൾ കേരളത്തിൽ നടക്കുന്നുണ്ട്. ഇത് കുറേയേറെ വിജയിക്കുന്നുവെന്ന് വേണം കരുതാൻ. മത്സ്യ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതോടൊപ്പം ഈ മേഖലയിലെ തൊഴിലാളികളുടെ ക്ഷേമത്തിനായി നിരവധി കാര്യങ്ങൾ കഴിഞ്ഞകാല ഗവൺമെന്റുകളും ഈ ഗവൺമെന്റും വളരെ ശക്തിപൂർവ്വം നടത്തുന്നതിൽ അഭിമാനമുണ്ട്. ഭവനനിർമ്മാണ രംഗത്ത്, ഈ സർക്കാർ വന്നതിനുശേഷം കഴിഞ്ഞ ഗവൺമെന്റ് 5 വർഷംകൊണ്ട് 50,000 രൂപ വീതം കൊടുത്തതിനേക്കാൾ 2 ലക്ഷം രൂപയുടെയും 2.5 ലക്ഷം രൂപയുടെയും കൂടുതൽ ഭവനങ്ങൾ കൊടുത്തുകഴിഞ്ഞെങ്കിലും അത് പോര. 20 മത്സ്യ ഗ്രാമങ്ങളിൽ ഭവന നിർമ്മാണം, വൈദ്യുതീകരണം, കുടിവെള്ളം എത്തിക്കൽ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പരിമിതമായിരുന്ന റോഡ് ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾക്കായി ഏകദേശം 100 കോടി രൂപയില

ധികം കഴിഞ്ഞ 3 വർഷം കൊണ്ട് മുടക്കാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. കടാശ്വാസ കമ്മീഷന് ലഭിച്ച പരാതികളിൽ ഭൂരിപക്ഷവും തീർപ്പാക്കാൻ കഴിഞ്ഞെങ്കിലും പണം കൊടുക്കാൻ ധനകാര്യവകുപ്പ് താൽപ്പര്യമെടുക്കുന്നി ല്ലെന്ന പരാതിയുണ്ട്. 500–ൽ അധികം കോടി രൂപയാണ് കേരളത്തിലെ മത്സ്യത്തൊഴിലാളികളുടെ കടമെന്നാണ് ഏകദേശ കണക്ക്. ഏകദേശം 200 കോടിയിലധികം രൂപയുടെ തീർപ്പുകൽപ്പിക്കൽ കമ്മീഷൻ ചെയ്തുകഴിഞ്ഞു. ഈ വർഷം ബഡ്ജറ്റിൽ പ്രഖ്യാപിച്ച 20 കോടി രൂപ പോലും കൊടുത്തു തീർക്കാൻ കഴിഞ്ഞിട്ടില്ലെന്നത് ഖേദകരമാണ്. അതുകൊണ്ട് ഈ വിഷയ ത്തിൽ ധനകാര്യവകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും ശ്രദ്ധിക്കണം. വകുപ്പുമന്ത്രി ശ്രീ. കെ. ബാബു അതിനുവേണ്ടി നന്നായി ഫൈറ്റ് ചെയ്യുന്നുണ്ടെന്ന് നമുക്ക് എല്ലാവർക്കുമറിയാം. അത് അദ്ദേഹം ഇവിടെ പറഞ്ഞകാര്യമാണ്. ഗവൺമെന്റിന്റെ പ്രയോറിറ്റി സെക്ടറിൽ വരേണ്ട മേഖലയാണ് മത്സ്യമേഖല. അതുകൊണ്ട് കടാശ്വാസ കമ്മീഷന് ആവശ്യമുള്ള പണം കൊടുക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. അതുപോലെ കുട്ടികളുടെ ലംപ്സം ഗ്രാന്റ് അടക്കം 20 കോടി രൂപ കൊടുക്കാനുണ്ട്. കുട്ടികൾ ഞങ്ങളെ വന്ന് കാണുക യാണ്. അവർക്ക് പരീക്ഷ എഴുതാൻ നിവൃത്തിയില്ല. സ്വാശ്രയ കോളേജിൽ പഠിക്കുന്ന കുട്ടികൾക്കുപോലും ലംപ്സം ഗ്രാന്റ് കൊടുക്കാൻ കഴിഞ്ഞിട്ടില്ല. അത് കൊടുക്കാൻ നടപടി സ്വീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. സമ്പാദ്യ ആശ്വാസ പദ്ധതിയിൽ ഇപ്പോൾ കൊടുക്കുന്നത് 1800 രൂപയാണ്. അത് പോര. ഇരട്ടിയാക്കുമെന്ന് പ്രഖ്യാപിച്ചത് നടപ്പിലാക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. തീരദേശത്ത് സമഗ്രമായ ഭവനനിർമ്മാണ പദ്ധതി ഉണ്ടാക്കേണ്ട ആവശ്യമുണ്ട്. ഇന്ന് നാഷണൽ ഫിഷറീസ് ബോർഡിന്റെയും

സംസ്ഥാന ഗവൺമെന്റിന്റെയുമൊക്കെ കുറച്ച് ഫണ്ട് മാത്രമാണുള്ളത്. ഫിഷർമാൻ അല്ലാത്ത ആളുകളും തീരദേശത്ത് താമസിക്കുന്നുണ്ട്. അതു കൊണ്ട് സമഗ്രമായ ഭവനനിർമ്മാണ പദ്ധതി ഉണ്ടാകണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. അതുപോലെ തീരദേശവികസന കോർപ്പറേഷൻ നടത്തുന്ന പ്രവർത്തനങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ, മാർക്കറ്റുകളുടെ മോഡണൈസേഷൻ എന്നിവ മുന്നോട്ടുകൊണ്ടുപോകാൻ കഴിഞ്ഞിട്ടുണ്ട്. നിയന്ത്രിത വിലയ്ക്ക് മണ്ണെണ്ണ ലഭ്യമാക്കാനുള്ള 100 കോടി രൂപയുടെ ബഡ്ജറ്റ് സപ്പോർട്ടുണ്ട്. മത്സ്യഫെഡ് വഴി കൊടുക്കുമെന്നാണ് പറഞ്ഞിട്ടുള്ളത്. ബഡ്ജറ്റ് പാസ്സാക്കിക്കഴിഞ്ഞാലുടൻ അത് കാര്യക്ഷമമായി നടപ്പിലാക്കാൻ ഗവൺമെന്റിന് കഴിയണമെന്നാണ് എന്റെ അഭ്യർത്ഥന. അതുപോലെ, മത്സ്യമേഖലയുമായി ബന്ധപ്പെട്ട് വിദ്യാഭ്യാസ രംഗം കുറെയേറെ മുന്നോട്ടുപോകാനുണ്ട്. തീരദേശത്തുള്ള ഹെൽത്ത് സെന്ററുകളുടെ നിയന്ത്രണം ഹെൽത്ത് ഡിപ്പാർട്ടുമെന്റിനാണെങ്കിലും അവിടെയൊരു മോണിറ്ററിംഗ് സംവിധാനം ഉണ്ടാക്കാൻ ഡിപ്പാർട്ടുമെന്റിന് കഴിയണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. സംസ്ഥാനം ചർച്ച ചെയ്യപ്പെടുന്ന വിഷയങ്ങളിൽ പ്രധാനപ്പെട്ടതാണ് മദ്യം. മദ്യത്തിന്റെ ഉപയോഗം കുറച്ചുകൊണ്ടുവരികയെന്നുള്ളതാണ് ഈ സർക്കാരിന്റെ നയം. 'Say no to drinks, say no to drugs' അതാണ് ഈ ഗവൺമെന്റിന്റെ മുദ്രാവാക്യം. കഴിഞ്ഞ ഗവൺമെന്റിന് വിഭിന്നമായി മദ്യത്തിന്റെ ഉപയോഗം കുറച്ചുകൊണ്ടുവരാൻ, റേഡിയോയിൽ ശ്രീ. മമ്മൂട്ടിയുടെ സന്ദേശവുമുണ്ട്. മദ്യം കുറച്ചുകൊണ്ടുവരണമെങ്കിലും മദ്യനിരോധനം പരിപൂർണ്ണമായി നടപ്പിലാക്കാൻ കഴിയുമോ? കഴിയില്ലെന്ന വിശ്വാസക്കാരനാണ് ഞാൻ. കാരണം, മദ്യനിരോധനം സമ്പൂർണ്ണമാകണമെങ്കിൽ വിദേ

ശമദ്യം മാത്രം നിരോധിച്ചാൽ പോര. ചാരായം വേണ്ടന്നുവച്ചത് നല്ല കര്യമാണ്. അപ്പോഴും മദ്യപാനം കുറഞ്ഞില്ല. ഇനി വിദേശമദ്യം വേണ്ടന്നുവച്ചാൽപ്പോലും എങ്ങനെയാണ് സമ്പൂർണ്ണ മദ്യനിരോധനം വരുന്നത്. കള്ള് എവിടെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. 1077-ലെ അബ്കാരി ആക്ടിൽ കള്ള് ഉൾപ്പെടുത്തിയിരിക്കുന്നത് ലിക്കറിന്റെ കൂട്ടത്തിലാണ്. 1902-ൽ കൊച്ചി മഹാരാജാവാണ് ആക്ട് ഉണ്ടാക്കിയത്. അത് 1967-ൽ സംസ്ഥാനത്തൊട്ടാകെ വ്യാപിപ്പിച്ചു, പ്രസിഡന്റിന്റെ അസന്റും കിട്ടി. അതിൽ Toddy means, fermented or unfermented juice drawn from a Coconut, Palmyra, dates or any other kind of Palm tree. എന്നാണ് പറഞ്ഞിട്ടുള്ളത്. ലിക്കറിന്റെ ഡെഫനിഷൻ, Liquor includes spirits of wine, arrack, spirits, wine, toddy, bear and all liquid consisting of containing alcohol എന്നാണ്. ഈ സഭയിൽ ആരെങ്കിലും കള്ള്, വൈൻ എന്നിവ വേണ്ടന്ന് പറയുമോ; പറയില്ല. വൈൻ എന്നുപറയുന്നത് വലിയ സമൂഹത്തിന്റെ ആചാരത്തിൽപ്പെട്ട കാര്യമാണ്. വൈനിൽ 12 ശതമാനം വരെ ആൾക്കഹോളിക് കണ്ടൻസുണ്ട്. എന്നുമാത്രമല്ല, തീരദേശ സമൂഹത്തിൽ പ്രധാനപ്പെട്ട ചടങ്ങാണ് കല്ല്യാണത്തിന് ടോസ്റ്റ് പറയുകയെന്നുള്ളത്. അതിന്റെ പേര് പഹനോപചാര പ്രസംഗമെന്നാണ്. വരനും വധുവിനും എല്ലാ ആശംസങ്ങളും പറഞ്ഞുകൊണ്ട് വൈൻ കുടിച്ച്, For a prosperous, healthy and long married life എന്ന് പറയും. അതൊരു ആചാരമാണ്. ശ്രീ. ലൂഡി ലൂയിസിന്റെ സമൂഹത്തിൽ ഡാൻസിന്റെ കൂട്ടത്തിൽ ഷാംപെയിൻ പൊട്ടിക്കണം. അതും ആചാരമാണ്; മാറ്റാൻ കഴിയുമോ?

ശ്രീ. ലൂഡി ലൂയിസ് : ഇതുകേട്ടാൽ മുഴുവൻ ആഗ്ലോ ഇൻഡ്യൻസും മദ്യപാനികളാണെന്ന് തോന്നും. ഇതൊരു ആചാരമാണ്. മദ്യം തൊടാത്ത ആഗ്ലോ ഇൻഡ്യൻസും ഉണ്ടെന്ന കാര്യം അങ്ങേയ്ക്കറിയാമോ?

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, 1968–ൽ വിദ്യാർത്ഥിയായിരിക്കെ കോൺഗ്രസ്സ് മെമ്പർഷിപ്പ് എടുത്തപ്പോൾ രണ്ട് കാര്യങ്ങളാണ് ഞാൻ എഴുതി ഒപ്പിട്ടുകൊടുത്തത്. ഒന്ന്, ഖദർ വസ്ത്രം ധരിക്കണം, അന്നാണ് ഞാൻ ഒരു ഖദർ ഷർട്ടും മുണ്ടും വാങ്ങുന്നത്, അതുവരെ പാന്റും ഷർട്ടുമാണ് ധരിച്ചിരുന്നത്. രണ്ട്, മദ്യം കഴിക്കില്ല, അഭിമാനത്തോടുകൂടി പറയുന്നു, അന്നുതൊട്ട് ഇന്നുവരെ ഞാനത് പാലിച്ചിട്ടുണ്ട്, നാളെയത് പാലിക്കുകയും ചെയ്യും. പക്ഷെ ഇന്ന് മദ്യവിരുദ്ധമെന്ന് പറഞ്ഞുനടക്കുന്നവർക്ക് ചങ്കൂറ്റമുണ്ടോ ഇതു പറയാൻ, ഞാനതിലേയ്ക്ക് കടക്കുന്നില്ല. ഈ ലഹരിയെക്കുറിച്ചാണ് ചർച്ച. എന്താണ് ലഹരി; ലഹരിയെന്നുവച്ചാൽ മദ്യവും ഡ്രഗ്സും മാത്രമാണോ; ലഹരി പലതരമുണ്ട്. എന്താണ് നമ്മുടെ ശ്രീ. റ്റി. എൻ. പ്രതാപന് ലഹരി, എല്ലാ ദിവസവും വൈകിട്ട് ടെലിവിഷനിൽ പ്രത്യക്ഷപ്പെടണം, അത് അദ്ദേഹത്തിന്റെ ലഹരിയാണ്, ആസ്വാദ്യമാണ്. ശ്രീ. പി. സി. ജോർജിനാണെങ്കിൽ വിവാദ പ്രസ്താവനകൾ നടത്തണം, അത് അദ്ദേഹത്തിന്റെ ലഹരിയാണ്. മുഖ്യമന്ത്രിയുടെ ലഹരി ഒരുദിവസം ആയിരം ആളുകളെയെങ്കിലും കാണണം, അദ്ദേഹത്തിന്റെ ആനന്ദം അതാണ്. നമ്മുടെ മന്ത്രി ശ്രീ. കെ. ബാബുവിനാണെങ്കിൽ ശനിയാഴ്ചയും ഞായറാഴ്ചയും 50 കല്ല്യാണവീട്ടിലെങ്കിലും പോയില്ലെങ്കിൽ അദ്ദേഹത്തിനുറക്കം വരില്ല. അങ്ങനെ ഓരോർത്തർക്കും ഓരോ ലഹരിയാണ്. സിനിമ കാണുക, പുസ്തകം വായി

ക്കുക എന്നതെല്ലാം സ്പീക്കറായ അങ്ങയുടെ ലഹരിയാണ്. നമ്മുടെ ശ്രീ. ജി. സുധാകരന്റെ ലഹരിയെന്താണ്, അദ്ദേഹത്തിന്റെ പാണ്ഡിത്യം ഈ സഭയിൽ അവതരിപ്പിക്കുക. അപ്പോൾ ലഹരിയില്ലാത്ത ആരുമില്ല. അതുകൊണ്ട് ഈ ലഹരിയെന്നുപറയുമ്പോൾ മദ്യം മാത്രമല്ല, ലഹരിയെന്നുപറയുന്നത് ആനന്ദമാണ്. സംഗീതം ലഹരിയല്ലേ, ശ്രീമതി എം.എസ്. സുബ്ബലക്ഷ്മിയൊക്കെ ഗാനാലാപനത്തിലൂടെ ആനന്ദലഹരിയിൽ ആറാടുകയാണ്. അതുകൊണ്ട് ലഹരിവിരുദ്ധമെന്നുപറയുമ്പോൾ ഇതൊക്കെ മാറ്റാൻ സാധിക്കുമോ? അങ്ങനെയിരിക്കുമ്പോൾ ഞങ്ങളുടെ തീരദേശവാസികൾ അൽപ്പം ഭക്ഷണം കഴിക്കും, അതിന്റെകൂടെ കപ്പയും മീനുമുണ്ടാകും. ഇപ്പോൾ കള്ള് കിട്ടാത്തതുകൊണ്ട് സ്മോൾ അടിക്കും. ഒറ്റയടിക്ക് നിർത്താൻ പറ്റുമോ? അതുകൊണ്ട് ഘട്ടംഘട്ടമായി നിരോധനം കൊണ്ടുവരുമ്പോഴും നമ്മുടെ സാമൂഹിക യാഥാർത്ഥ്യങ്ങൾ നാം മറന്നുപോകരുത്. അതോടൊപ്പംതന്നെ ഇവിടത്തെ പ്രധാന പ്രശ്നം 418 ബാറുകൾ അടച്ചുപൂട്ടിയെന്നുള്ളതാണ്. 418 ബാറുകളിൽ ഗുണനിലവാരമില്ലായെന്നുള്ളത് ഏതെങ്കിലും കോമ്പീറ്റന്റ് അതോറിറ്റി പറഞ്ഞിട്ടുണ്ടോ, അത് പരിശോധിക്കണ്ടേ? ഇന്ന് പ്രവർത്തിക്കുന്നവയും പരിശോധിക്കണ്ടേ? അതുകൊണ്ട് എന്റെയൊരു അഭ്യർത്ഥന ഗവൺമെന്റ് ഇക്കാര്യത്തിലൊരു നിലപാട് എടുക്കണം, എടുത്തേ മതിയാകൂ. ഞങ്ങളുടെ പാർട്ടിക്കകത്ത് അഭിപ്രായ സ്വാതന്ത്ര്യമുണ്ട്. അതുകൊണ്ടാണ് ഞാനിത് പറയുന്നത്. അതുകൊണ്ടുതന്നെ 418 ബാറുകളുടെ കാര്യത്തിൽ ആ ബാറുകളെക്കുറിച്ചുള്ള പഠനം നടത്തണം. 418 ബാറുകൾ പൂട്ടിയതിനെ ഞാൻ അനുകൂലിക്കാം, പക്ഷെ, ആരെങ്കിലും തീരുമാനമെടുക്കണ്ടേ? അതുകൊണ്ട് ഇക്കാര്യത്തിൽ ഒരു വ്യക്തമായ നയമുണ്ടാക്കണമെന്നഭ്യർത്ഥിക്കുകയാണ്.

ഇവിടെ ഈ മത്സ്യരംഗത്തും അതുപോലെതന്നെ എക്സൈസ് വകുപ്പിന്റെ കാര്യത്തിലും ശ്രീ. കെ. ബാബു നടത്തുന്നത് ശ്രദ്ധേയമായ പ്രവർത്തനമാണ്. കേരളത്തിൽ ആദ്യമായിട്ടല്ലേ ഇത്രയേറെ മദ്യവിരുദ്ധ പ്രവർത്തനങ്ങൾക്കു വേണ്ടി പണം മുടക്കുന്നത്? കുട്ടികൾ അതിനുവേണ്ടി അണിനിരക്കുന്നു. അടുത്ത തലമുറയിലേയ്ക്കാണ് നമുക്ക് പോകേണ്ടത്. വിൽപ്പന കുറയ്ക്കണം, മദ്യാസക്തി കുറയ്ക്കണം. മദ്യം ഒഴിവാക്കുമ്പോൾ ഡ്രഗ്സിന്റെ ഉപയോഗം വർദ്ധിക്കുകയാണ്. കുട്ടികൾ ഡ്രഗ്സിലേയ്ക്ക് പോകുന്നു. വൈറ്റ്നർവരെ വാങ്ങികഴിക്കുന്ന കാലഘട്ടത്തിലേയ്ക്ക് പോകുന്നു. അതുകൊണ്ട് തീർച്ചയായിട്ടും മദ്യാസക്തി കുറയ്ക്കാനുള്ള ഒരു തീരുമാനത്തിലെത്തുമ്പോൾ സാമൂഹിക യാഥാർത്ഥ്യങ്ങളും നമ്മുടെ നിലവിലുള്ള പരിസ്ഥിതിയും കണക്കിലെടുത്തുവേണം മുന്നോട്ടുപോകാൻ എന്നുമാത്രം പറഞ്ഞുകൊള്ളുന്നു. മത്സ്യത്തൊഴിലാളി രംഗത്ത് ശ്രീ. കെ. ബാബുവിന്റേത് ഏറെ ശ്രദ്ധിക്കുന്ന ശബ്ദമായി മാറിയിട്ടുണ്ട്. എന്തുകൊണ്ടെന്നാൽ എന്നെയും ശ്രീ. റ്റി. എൻ. പ്രതാപനെയും പോലെ ഈ രംഗവുമായി അത്ര ബന്ധമുള്ള ആളല്ലെങ്കിലും മറ്റാർക്കും ചെയ്യാൻ കഴിയാത്ത ധാരാളം കാര്യങ്ങൾ ശ്രീ. കെ. ബാബു ചെയ്തിട്ടുണ്ട്. ഭവനനിർമ്മാണ രംഗത്ത് തീരദേശ വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ, ഭവനനിർമ്മാണത്തിനുവേണ്ടി നബാർഡ് ഇപ്പോൾ പുതിയ സ്കീമുണ്ടാക്കാൻ പോകുന്നു, അങ്ങനെ തീരദേശവാസികളുടെ ഒരു ഹരമായി മാറിയ ശ്രീ. കെ. ബാബു അവതരിപ്പിച്ച ധനാഭ്യർത്ഥനകളെയും ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച ധനാഭ്യർത്ഥനകളെയും ഞാൻ ശക്തിയായി പിന്താങ്ങുന്നു.

മി. സ്പീക്കർ: നന്ദി ശ്രീ. ഡൊമിനിക് പ്രസന്റേഷൻ, അങ്ങ് കൃത്യമായും അനുവദിക്കപ്പെട്ട സമയത്തിനുള്ളിൽത്തന്നെ പ്രസംഗം അവസാനിപ്പിച്ചു.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും, ഭക്ഷ്യം, എക്സൈസ്, മത്സ്യബന്ധനം, തുറമുഖങ്ങൾ എന്നീ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. ഇതിൽ ഭക്ഷ്യവകുപ്പുമായി ബന്ധപ്പെട്ട വിഷയങ്ങളാണ് ആദ്യമായി സൂചിപ്പിക്കാൻ ഞാനാഗ്രഹിക്കുന്നത്. കേരളീയരായ മഹാഭൂരിപക്ഷം ആളുകൾക്ക് ഭക്ഷ്യസുരക്ഷാ പദ്ധതി നടപ്പാക്കുന്നതിനെത്തുടർന്നുണ്ടാകാനിടയുള്ള സ്ഥിതിയെ സംബന്ധിച്ച് വലിയ ആശങ്കയിലാണ്. നമ്മുടെ കേരളത്തിൽ ഭക്ഷ്യസുരക്ഷാ പദ്ധതി നടപ്പാകുമ്പോൾ മഹാഭൂരിപക്ഷം കാർഡുടമകളും ഭക്ഷ്യധാന്യം ലഭിക്കാത്ത അവസ്ഥയിലാകുമെന്നതാണ് നമ്മുടെ മുന്നിലുള്ള സ്ഥിതി. സർക്കാരിന്റെ കണക്കനുസരിച്ച് 82 ലക്ഷത്തോളം കാർഡുടമകളുള്ള നമ്മുടെ സംസ്ഥാനത്ത് ഏതാണ്ട് 20 ലക്ഷം ആളുകളിലേയ്ക്ക് ഭക്ഷ്യധാന്യ വിതരണം ഒതുങ്ങാൻ പോകുന്നുവെന്നുള്ളതാണ് ഇതുമായി ബന്ധപ്പെട്ട് മനസ്സിലാക്കുന്ന കാര്യം. ഏതാണ്ട് 62 ലക്ഷത്തോളം വരുന്ന കാർഡുടമകൾ റേഷൻ സാധനങ്ങൾ ലഭ്യമല്ലാത്ത സാഹചര്യത്തിലേയ്ക്ക് മാറ്റിനിർത്തപ്പെടുന്ന സാഹചര്യമുണ്ടാകും. അതുണ്ടാക്കാൻപോകുന്ന വലിയ പ്രശ്നത്തെ സംബന്ധിച്ച് കേരളത്തിലെ ഭക്ഷ്യവകുപ്പ് എങ്ങനെയാണത് കൈകാര്യം ചെയ്യാൻ പോകുന്നതെന്നറിയാൻ വലിയ താൽപ്പര്യമുണ്ട്. ഏതാണ്ട് പതിനാല് ലക്ഷത്തോളം വരുന്ന ബി.പി.എൽ.

വിഭാഗത്തിൽപ്പെട്ടവരും തീർത്തും ദരിദ്രരായ അന്ത്യോദയ വിഭാഗത്തിൽപ്പെട്ട വരും വരുമാനം തീരെയില്ലാത്ത പ്രായം ചെന്നവരുൾപ്പെടെയുള്ള എല്ലാ പേരും ചേർന്നാലാണ് 20 ലക്ഷം ആളുകൾ വരുന്നത്. അന്നപൂർണ്ണ, അന്ത്യോദയ ഉൾപ്പെടെയുള്ള പദ്ധതികൾ നടപ്പിലാക്കിവരുമ്പോൾ 20 ലക്ഷം ആളുകളായി അത് ഒതുങ്ങും. കഴിഞ്ഞ സാമ്പത്തിക വർഷം കേരളത്തിൽ 14.72 ലക്ഷം ടൺ ഭക്ഷ്യധാന്യമായിരുന്നു കേന്ദ്ര വിഹിതമായി ലഭിച്ചുകൊണ്ടി രുന്നത് എന്നാണ് മനസ്സിലാക്കുന്നത്. നടപ്പുവർഷമത് 9.29 ലക്ഷം ടൺ ഭക്ഷ്യധാന്യമായി കുറയുകയാണുണ്ടായത്. ഭക്ഷ്യധാന്യത്തിൽ കേന്ദ്രവി ഹിതം കുറഞ്ഞുവരുമ്പോൾ സ്വാഭാവികമായും അത് ആവശ്യക്കാർക്ക് വിത രണം ചെയ്യാനില്ലാതെപോകുമെന്ന് എല്ലാവർക്കുമറിയാം. ബി.പി.എൽ. വിഭാ ഗത്തിൽപ്പെട്ടവർക്ക് 35 കിലോഗ്രാം അരിയും എ.പി.എൽ. വിഭാഗത്തിൽപ്പെട്ട വർക്ക് 8.90 രൂപയ്ക്ക് 35 കിലോഗ്രാം അരിയും, അങ്ങനെ വിവിധ വിഭാഗ ങ്ങൾക്കായി നിശ്ചയിക്കപ്പെട്ട അളവിൽ ഇവിടെ ഭക്ഷ്യധാന്യം വിതരണം ചെയ്യുന്നില്ലായെന്നുള്ളത് ഒരു വസ്തുതയാണ്. ഇതെല്ലാപേർക്കുമറിയാവുന്ന കാര്യങ്ങളാണ്. അതിന് ന്യായമായും സർക്കാരിന് പറയാനുള്ള കാര്യം കേന്ദ്രത്തിൽ നിന്നും ലഭിക്കുന്ന വിഹിതം വെട്ടികുറയ്ക്കുന്നു അതുകൊണ്ട് സാദ്ധ്യമാകുന്നില്ലായെന്നാണ്. കേന്ദ്ര ഗവൺമെന്റിൽ നിന്ന് അർഹമായ വിഹിതം കേരളത്തിന് ലഭ്യമാക്കുന്നതിനുവേണ്ടി ഗവൺമെന്റ് എന്താണ് ചെയ്യാനുദ്ദേശിക്കുന്നത്; ഗവൺമെന്റിന് ആ കാര്യത്തിൽ എന്തെങ്കിലും തര ത്തിലുള്ള ഇടപെടൽ നടത്താൻ സാധിക്കുമോ? കേന്ദ്രത്തിന് കൃത്യമായി കേരളത്തിന് ഭക്ഷ്യധാന്യങ്ങൾ നൽകാൻ ഉത്തരവാദിത്വവും ബാദ്ധ്യതയുമു ള്ളതാണെന്ന് നമുക്കെല്ലാപേർക്കുമറിയാം. ആ അരി കേന്ദ്രത്തിൽ നിന്ന്

ചോദിച്ചുവാങ്ങാനുള്ള നടപടി സ്വീകരിക്കണമെന്നാണ് പ്രധാനമായും ഇക്കാര്യത്തിൽ ചൂണ്ടിക്കാണിക്കാനുള്ളത്. ഭക്ഷ്യവകുപ്പുമായി ബന്ധപ്പെട്ട് സംസാരിക്കുമ്പോൾ മറ്റ് പ്രധാനപ്പെട്ട വിഷയം വിലകയറ്റം, മായം ചേർക്കൽ അങ്ങനെ തുടങ്ങി ഈ മേഖലയുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചിലപ്പോൾ ഭക്ഷ്യവകുപ്പിന് മാത്രമായിരിക്കില്ല, കൃഷിവകുപ്പിനും ആരോഗ്യവകുപ്പിനുമെല്ലാം സംയുക്തമായ ഉത്തരവാദിത്വം വരുന്ന വിഷയങ്ങളുൾപ്പെടെ ഇതിൽ കാണും. എന്നാൽ ഈ ബന്ധപ്പെട്ട വകുപ്പുകളെല്ലാം പരസ്പരധാരണയോടുകൂടി ആ രംഗത്തിപ്പോൾ നിലനിൽക്കുന്ന വിഷയങ്ങളിപ്പോൾ കൈകാര്യം ചെയ്യാൻ സന്നദ്ധമാകുമോയെന്നാണ് അറിയേണ്ട ഒരു പ്രധാനപ്പെട്ട കാര്യം. വിലകയറ്റത്തിന്റെ കാര്യമെടുത്താൽ നമ്മുടെ പൗൾട്രി കോർപ്പറേഷൻ അതുപോലെ മീറ്റ് പ്രോഡക്ടുമായി ബന്ധപ്പെട്ടുള്ള സ്ഥാപനങ്ങൾ, മിൽമ, ഹോർട്ടികോർപ്പ് ഇതെല്ലാം നമ്മുടെ ഗവൺമെന്റിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളാണ്. ഗവൺമെന്റ് നേരിട്ട് ഉത്തരവാദിത്വം വഹിക്കുന്ന ഈ സ്ഥാപനങ്ങളിൽ വിലക്കയറ്റത്തിന് വഴിവയ്ക്കുന്ന നടപടിയെന്താണ്? എങ്ങനെയാണ് പൗൾട്രി കോർപ്പറേഷൻ ഈ കഴിഞ്ഞ ഏതാനും മാസങ്ങൾക്കകത്ത് കഴിഞ്ഞ ഗവൺമെന്റുള്ളപ്പോൾ ഉള്ളതിൽ നിന്ന് വ്യത്യസ്തമായി ഒരു കിലോഗ്രാം കോഴിയിറച്ചിക്ക് 60 രൂപ വർദ്ധിപ്പിച്ചത്? മുട്ടയുടെ വില എത്രയധികം വർദ്ധിപ്പിക്കാനിടവരുത്തി. മീറ്റ് പ്രോഡക്ട്സിന് വില വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിച്ചതിൽ നമ്മുടെ പൊതുമേഖലാ സ്ഥാപനത്തിന്റെ ഉത്തരവാദിത്വമെന്താണ്? മിൽമ 10 രൂപ വില വർദ്ധിപ്പിച്ചു, സ്വാഭാവികമായും നമ്മുടെ ക്ഷീരകർഷകന്റെ സംരക്ഷണമാണ് അതിൽ പ്രധാനമെന്ന് പറയുന്നു. സ്വാഭാവികമായും തർക്കമില്ലാത്ത കാര്യമാണ്. അതിന്റെ ഭാഗമായി 10 രൂപ വർദ്ധിപ്പിച്ചു,

ഇനി 5 രൂപ വർദ്ധിപ്പിക്കാൻ പോകുന്നുവെന്നാണ് പറയുന്നത്. ഹോർട്ടി കോർപ്പ് പൊതുമേഖലാ സ്ഥാപനമായ ഒരു വലിയ സംരംഭമാണ്, പക്ഷെ, ഇവിടെ പച്ചക്കറിയുടെ വില നിയന്ത്രിക്കുന്നതിനും വില കുറച്ച് പച്ചക്കറികൾ ലഭ്യമാക്കുന്നതിനും മായം ചേർക്കുന്നതിനെ തടയുന്നതിനുമാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിൽ സംയുക്തമായി ഈപ്പറയുന്ന വകുപ്പുകൾക്ക് അല്ലെങ്കിൽ ബന്ധപ്പെട്ട മന്ത്രിമാർക്ക് ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ നിർവ്വഹിക്കുന്നില്ലായെന്നുറപ്പാണ്. സർക്കാർതന്നെ വില വർദ്ധിപ്പിച്ചതിന്റെ ഫലമായിട്ടാണ് പൊതുമാർക്കറ്റിൽ വിലകയറുന്നത്, ഹോട്ടലുകളിൽ ഭക്ഷ്യസാധനങ്ങളുടെ വിലക്കയറ്റത്തിനിടനൽകുന്നത്. അതുപോലെതന്നെ ഇതിന്റെ ഭാഗമായി സിവിൽ സപ്ലൈസ് കോർപ്പറേഷൻ പൊതുമാർക്കറ്റിൽ ഇടപ്പെട്ടുകൊണ്ട് സാധനങ്ങളുടെ വില പിടിച്ചുനിർത്തണം. മാർക്കറ്റ് ഇന്റർവെൻഷനാണ് പ്രധാനമായും സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഉത്തരവാദിത്വം. അതിവിടെ നിർവ്വഹിക്കപ്പെടുന്നില്ലെന്ന് എല്ലാവർക്കുമറിയാം. ഇവിടെ കഴിഞ്ഞകുറെക്കാലമായി ഈ സഭയിൽ അത് ചർച്ചചെയ്തുകൊണ്ടിരിക്കുകയാണ്. പൊതുമാർക്കറ്റിലുള്ള വിലയെക്കാൾ 20% വിലകുറച്ചുകൊടുക്കുമെന്നാണ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ പറയുന്നത്.

നേരെമറിച്ച് ഒരു നിശ്ചിതവിലയ്ക്ക് സിവിൽ സപ്ലൈസ് കോർപ്പറേഷൻ നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യുമെന്നും എല്ലാ കാലത്തും ആ വിലയിൽ മാറ്റമില്ലാതെ തുടരുമെന്നും അതുവഴി പൊതുമാർക്കറ്റിലെ വിലക്കയറ്റത്തെ നിയന്ത്രിക്കുമെന്നുമുള്ള സമീപനമാണ് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ കാഴ്ചപ്പാടും മുഖമുദ്രയും. 1950 – കളിൽ ശ്രീ. ഇ. ചന്ദ്രശേ

ഖരൻ നായർ കേരളത്തിലെ ഭക്ഷ്യവകുപ്പുമന്ത്രിയായിരുന്ന കാലത്ത് തുടക്കം കുറിച്ച മാവേലി സ്റ്റോറുകൾ, സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഉൾപ്പെടെ യുള്ളത് ഈ സംസ്ഥാനത്തുമാത്രമല്ല രാജ്യത്താകമാനം ഏറെ വാഴ്ത്തപ്പെട്ട ഒരു രംഗമാണെന്ന് എല്ലാപേർക്കും അറിയാവുന്ന കാര്യമാണ്. ആ രംഗത്ത് ഇപ്പോൾ മാർക്കറ്റിൽ ഇടപെടുന്നില്ലെന്നുമാത്രമല്ല, മാർക്കറ്റിൽ ക്രമാതീതമായി വില വർദ്ധിക്കാൻ സഹായകരമായ വിധത്തിൽ അവിടെ വർദ്ധിക്കുന്നത നുസരിച്ച് ഇവിടെ 20 ശതമാനം കുറച്ചുകൊടുക്കുമെന്നുപറഞ്ഞ് കൈകഴുകി കാഴ്ചക്കാരായി നോക്കിനിൽക്കുന്ന അവസ്ഥയാണ് നമ്മുടെ സംസ്ഥാനത്ത് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഇപ്പോൾ നിർവ്വഹിക്കുന്നത്. അതിനെ തിരെ ശക്തമായ ഒരു നിലപാട് സ്വീകരിക്കാൻ ഈ ഗവണ്മെന്റിന് കഴിയു ന്നില്ല. മായം ചേർക്കലുമായി ബന്ധപ്പെട്ട വിഷയങ്ങളെക്കുറിച്ച് പറയുകയാ ണെങ്കിൽ വിവിധങ്ങളായ മായങ്ങളുടെ പേരുകളൊന്നും ഇവിടെ പരാമർശിക്കുകയുണ്ടായില്ല. കന്നുകാലികളും പാലും പഴവർഗ്ഗങ്ങളുമൊക്ക ഇവിടെ അന്യസംസ്ഥാനങ്ങളിൽ നിന്നാണ് വരുന്നത്. ഈ വരുന്ന ഭക്ഷണസാധനങ്ങളിലെല്ലാം മായം ചേർക്കുന്നതിനെ തടയാനോ, അത് പരിശോധിക്കാനോ, പരിശോധിച്ച് കണ്ടെത്താനോ കഴിയാത്തവിധം അപകട കരമായ വിധത്തിൽ കേരളീയ സമൂഹം രോഗാതുരമായിക്കൊണ്ടിരിക്കുന്നു എന്നുള്ളതാണ് വസ്തുത. സുഡാൻ ചേർത്ത മുളകുപൊടിയാണ് മാർക്ക റ്റിൽ ഇപ്പോൾ വിറ്റഴിച്ചുകൊണ്ടിരിക്കുന്നത് എന്നാണ് മാധ്യമങ്ങളിൽനിന്നും മനസ്സിലാക്കുന്നത്. ക്യാൻസർ ഉൾപ്പെടെയുള്ള രോഗങ്ങളെ ക്ഷണിച്ചു വരുത്തുന്ന ഇത്തരം മായംചേർക്കലുകളെ തടയാൻ നമ്മുടെ ഗവണ്മെന്റു കൾക്ക് കഴിയുന്നില്ല. നമ്മുടെ മാർക്കറ്റിൽ ചായം പുരട്ടിയ അരി വിൽപന

നടത്തുന്നു. സിവിൽ സപ്ലൈസ് കോർപ്പറേഷൻ കൃഷിക്കാരിൽനിന്ന് സംഭരിക്കുന്ന നെല്ലിന്റെ വിലകൊടുക്കാത്തത് സംബന്ധിച്ച് വലിയ ചർച്ചയൊക്കെ ഇവിടെ നടന്നു. അങ്ങനെ സംഭരിക്കപ്പെട്ട നെല്ല് കുത്തി അരിയാക്കി വിൽക്കുമ്പോൾ ആ അരി കുത്തരിയാണെന്നുകരുതി വാങ്ങി ഉപയോഗിക്കുന്ന ആളുകൾ വലിയ ചതിയിൽപ്പെടുകയാണ്. അരി വാങ്ങി കഴുകി നോക്കിയാൽ ചുവന്ന ചായം പോകുമ്പോൾ അത് കുത്തരിയല്ലെന്നും വെള്ള അരിയിൽ ചായം തേച്ചതാണെന്നും മനസ്സിലാകും. ഇത്തരം അവസ്ഥ നമ്മുടെ മാർക്കറ്റിലുണ്ട്. ഇത് മറ്റൊരു വലിയ ഭീഷണിയായി നിലനിൽക്കുന്നു. ഏറ്റവും കൊടിയ വഞ്ചനയാണ് നമ്മുടെ മാർക്കറ്റിൽ നടന്നുകൊണ്ടിരിക്കുന്നത്. അത് പരിശോധിക്കാനും അതിന് കാരണക്കാരയവരെ കണ്ടെത്താനും അവർക്കെതിരെ നടപടി സ്വീകരിക്കാനും ഈ ഗവണ്മെന്റിന് കഴിയുന്നില്ല എന്നതാണ് വസ്തുത. മറ്റൊരു പ്രധാനപ്പെട്ട കാര്യം രജിസ്ട്രേഷനുമായി ബന്ധപ്പെട്ടുള്ളതാണ്. രജിസ്ട്രേഷൻ രംഗത്ത് വലിയ പരിഷ്കാരം നടപ്പാക്കാൻ പോകുന്നുവെന്നാണ് പറയുന്നത്. ആ പരിഷ്കാരത്തിന്റെ ഭാഗമായി ഒരാസൂത്രണവുമില്ലാതെയാണ് കമ്പ്യൂട്ടറൈസേഷൻ നടപ്പാക്കുന്നത്. സാങ്കേതിക വിദ്യയും ശാസ്ത്രവുമെല്ലാം പുരോഗമിച്ച് മുന്നോട്ടുവരുമ്പോൾ അതിന്റെ ഭാഗമായി വരാവുന്ന മാറ്റങ്ങൾ എല്ലാ രംഗങ്ങളിലും ഉണ്ടാകണം. ഓൺലൈൻ സംവിധാനം വിവിധങ്ങളായ രംഗങ്ങളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഇനിയും ഉണ്ടായേമതിയാകൂ എന്ന കാര്യത്തിൽ തർക്കമില്ല. പക്ഷെ അത് നടപ്പാക്കുമ്പോൾ അതിനെക്കുറിച്ച് ശാസ്ത്രീയമായ പഠനവും ബന്ധപ്പെട്ടവരുമായുള്ള കൂടിയാലോചനകളും വലിയൊരു വിഭാഗം ആളുകളെ മാറ്റി നിർത്തപ്പെടുമ്പോൾ അവരോട് നടത്തേണ്ട ചർച്ചകളും പരസ്പര ധാരണയോടുംകൂടി നടപ്പാക്കേണ്ട കാര്യങ്ങളുമെല്ലാം ആ രീതിയിൽ കാണാതെ

വളരെ പെട്ടെന്ന് വാങ്ങികൂട്ടിയ നിലവാരം കുറഞ്ഞ കമ്പ്യൂട്ടറുകളും സോഫ്റ്റ്‌വെയറുകളും ഉപയോഗമില്ലാതെ നശിക്കുന്നു. 100 കോടി രൂപയുടേ താണ് അങ്ങനെ വാങ്ങി ഉപയോഗിക്കാതെ കിടക്കുന്നതെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. കേരളത്തിലാകമാനം ഇത് ഒറ്റയടിക്ക് നടപ്പാക്കാൻ കഴിയുന്ന കാര്യമാണോ? അങ്ങനെ നടപ്പാക്കുന്നതിനുള്ള നീക്കത്തിനു പിന്നിൽ എന്ത് താൽപര്യമാണുള്ളത്. ഇത്തരം ഉപയോഗശൂന്യമായ കമ്പ്യൂട്ടറും സോഫ്റ്റ്‌വെയറും വാങ്ങാനും അതിന്റെ ഭാഗമായി ഖജനാവിലെ പണം മുടിക്കാനും അതുവഴി വെട്ടിപ്പ് നടത്താനുമുള്ള വിഭാഗങ്ങളുടെ അത്തരം താൽപര്യങ്ങളാണോ ഇതിന്റെ പിന്നിൽ പ്രവർത്തിക്കുന്നതെന്ന് പരിശോധിച്ചു നോക്കേണ്ടതായിട്ടുണ്ട്. ഈ സോഫ്റ്റ്‌വെയർ ഉപയോഗിച്ചുകൊണ്ട് അല്ലെങ്കിൽ ഈ ഓൺലൈൻ സംവിധാനം നടപ്പാക്കുമ്പോൾ വിദഗ്ദ്ധരായ ആളുകൾക്കുപോലും ചെയ്യാൻ കഴിയാതിരിക്കുന്ന കാര്യങ്ങൾ സാധാരണക്കാരായ ആളുകളെകൊണ്ട് ചെയ്യിക്കുന്നതിനുവേണ്ടിയാണ് തീരുമാനിക്കുന്നതെങ്കിൽ അത് നടപ്പാക്കാൻ വലിയ പ്രയാസമുണ്ടാകും. ബഹുമാനപ്പെട്ട മന്ത്രി കഴിഞ്ഞ ദിവസം ഇവിടെ ചോദിച്ച ചോദ്യത്തിന് നൽകിയ ഉത്തരത്തിൽ അതങ്ങനെ പെട്ടെന്ന് വ്യാപകമായി നടപ്പാക്കുന്നില്ല എന്നൊക്കെയാണ് പറഞ്ഞതെങ്കിലും ഈ വരുന്ന ജൂലൈ മാസത്തിൽതന്നെ അത് ആരംഭിക്കാൻ പോകുന്നുവെന്ന രീതിയിലാണ് പുറത്തുവന്നുകൊണ്ടിരിക്കുന്ന വാർത്തകളിൽനിന്ന് മനസ്സിലാകുന്നത്. അതുകൊണ്ട് രജിസ്ട്രേഷൻ രംഗവുമായി ബന്ധപ്പെട്ടുനിൽക്കുന്ന വലിയൊരു വിഭാഗം ആളുകളുടെ ആശങ്ക അവസാനിപ്പിക്കുന്നതിനുവേണ്ടി ആവശ്യമായ ആലോചനകളും ചർച്ചകളും നടത്താനും നിലവാരമില്ലാത്ത കമ്പ്യൂട്ടറുകൾ ഉപയോഗിച്ച് ധൃതിപിടിച്ച് നടപ്പാക്കാൻ

ഉദ്ദേശിക്കുന്ന കമ്പ്യൂട്ടറൈസേഷൻ ഉൾപ്പെടെയുള്ള കാര്യങ്ങളെക്കുറിച്ച് വീണ്ടുവിചാരം നടത്താനും ഈ സർക്കാർ തയ്യാറാകണം. മറ്റൊരു കാര്യം നമ്മുടെ എക്സൈസ് വകുപ്പുമായി ബന്ധപ്പെട്ടുള്ളതാണ്. ഇതുമായി ബന്ധപ്പെട്ട് ഒരുപാട് കാര്യങ്ങൾ പറയാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. ഇവിടെ എനിക്കുമുമ്പേ സംസാരിച്ച ശ്രീ. ഡൊമിനിക് പ്രസന്റേഷൻ ആ രംഗത്തുള്ള ചില വിഷയങ്ങൾ ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. ഒരു കാര്യം അദ്ദേഹം പറഞ്ഞില്ല. '418 ബാറുകൾ പൂട്ടിയിട്ടും മദ്യ ഉപഭോഗം കുറഞ്ഞില്ല – ശ്രീ. കെ. ബാബു. ' 'മന്ത്രി ശ്രീ. കെ. ബാബുവുമായി പരസ്യ സംവാദത്തി നില്ല – ശ്രീ. വി. എം. സുധീരൻ.' ഇത് ഇന്നത്തെ പത്രത്തിലെ വാർത്തയാണ്. എന്നുപറഞ്ഞാൽ കേരളത്തിലെ കോൺഗ്രസ് സംഘടനയ്ക്കകത്ത് മദ്യത്തെ സംബന്ധിച്ച് നിലനിൽക്കുന്ന വ്യത്യസ്തങ്ങളായ വീക്ഷണങ്ങളും അഭിപ്രായ ങ്ങളുമാണ് ഇവിടെ ചർച്ചചെയ്യപ്പെടുന്നത് എന്നാണ് ഈ പത്രവാർത്ത കണ്ടാൽ തോന്നുന്നത്. ഇവിടെ വിഷയം അതല്ലല്ലോ. ഇവിടെ മദ്യാസക്തി വർദ്ധിച്ചുവരുന്ന സാഹചര്യം യാതൊരു കാരണവശാലും വരാൻ പാടില്ല. മദ്യ നിരോധനത്തെക്കുറിച്ച് ആരും പറയുമെന്ന് എനിക്ക് തോന്നുന്നില്ല. മദ്യ വർജ്ജനമൊരു പ്രശ്നമല്ലേ; മദ്യവർജ്ജനമുണ്ടാക്കുന്നതിന് ബോധപൂർവ്വമായ പ്രവർത്തനങ്ങൾ നടത്തേണ്ടത് ആവശ്യമല്ലേ? മദ്യവർജ്ജനത്തിന് ആവശ്യ മായ ബോധവൽക്കരണങ്ങൾ സംഘടിപ്പിക്കുമ്പോൾ ഇവിടെ മദ്യത്തിന്റെ ഉപഭോഗം വർദ്ധിച്ചിരിക്കുന്നുവെന്ന രീതിയിൽ പ്രചരണം നടത്തുന്നതിന് യാതൊരു ന്യായീകരണവുമില്ലായെന്നാണ് എനിക്ക് തോന്നുന്നത്. 8 ശതമാന ത്തിലധികം ആൽക്കഹോൾ കണ്ടന്റുള്ള ലഹരിപദാർത്ഥങ്ങളെയാണ് ഏറ്റവും വലിയ ലഹരി പദാർത്ഥങ്ങളായി കണക്കാക്കുന്നത്. അങ്ങനെയുള്ള

ലഹരി കുറഞ്ഞവ കൂടുതൽ ഉൽപാദിപ്പിക്കാനും സാവധാനത്തിൽ ഒരു മദ്യ വിമുക്ത സംസ്ഥാനമാക്കി മാറ്റാനും ആവശ്യമായ വിധത്തിലേയ്ക്ക് കാര്യ ങ്ങൾ നീക്കുകയെന്നതാണ് ഗവണ്മെന്റിന്റെ കാഴ്ചപ്പാടെങ്കിൽ സ്വീകരി ക്കേണ്ടത് ഈ നിലപാടല്ല. 418 ബാറുകൾക്ക് ലൈസൻസ് കൊടുക്കണോ വേണ്ടയോ എന്നുള്ളതല്ല ഇവിടത്തെ വിഷയം. കേരളീയ സമൂഹത്തെ മദ്യാസക്തിയിൽനിന്ന് മോചിപ്പിക്കുക എന്ന ലക്ഷ്യംവച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് മുന്നോട്ടുകൊണ്ടുപോകേണ്ടതെന്നുകൂടി ഈ സന്ദർഭ ത്തിൽ ചൂണ്ടിക്കാണിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ ശക്തമായി എതിർക്കുന്നു.

ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി: സർ, ഞാൻ ഇന്നത്തെ ഈ ധനാ ഭ്യർത്ഥന ചർച്ചകളിൽ വരുന്ന വിവിധ വകുപ്പുകളുടെ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. അതോടൊപ്പം വിവിധ വകുപ്പുകളിൽ ബഹുമാനപ്പെട്ട മന്ത്രിമാരുടെ നേതൃത്വത്തിൽ നടക്കുന്ന നല്ല നടപടികളെ, ഭരണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ജനകീയമാക്കുന്നതിനും ജനാധിപത്യവൽക്കരിക്കു ന്നതിനും നടത്തപ്പെടുന്ന ക്രിയാത്മകമായ ശ്രമങ്ങളെ ശ്ലാഘിക്കാനും ഈ അവസരം ഞാൻ ഉപയോഗിക്കുകയാണ്. എക്സൈസ് വകുപ്പിൽ മദ്യത്തെ കേന്ദ്രീകരിച്ച് ചില കാര്യങ്ങൾ ഈ സഭയുടെ ശ്രദ്ധയിൽകൊണ്ടുവരാനും ഈ അവസരത്തിൽ ഉദ്ദേശിക്കുന്നു. സർക്കാർ വളരെ കാര്യക്ഷമമായിട്ടാണ് മദ്യവർജ്ജനത്തിന്റെ അജണ്ടയിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുന്നത്. ബഹു മാനപ്പെട്ട മുഖ്യമന്ത്രിയുടെയും വകുപ്പുമന്ത്രിയുടെയും തത്സംബന്ധമായുള്ള വീക്ഷണം വളരെ ക്രിയാത്മകമാണ്. കഴിഞ്ഞകാല സർക്കാരുകളോട്

താരതമ്യം ചെയ്യുമ്പോൾ സാധ്യമായ സാഹചര്യത്തിനകത്തുനിന്നുകൊണ്ട് വളരെ മെച്ചപ്പെട്ട നടപടികൾ ശ്രീ. കെ. ബാബുവിന്റെ നേതൃത്വത്തിൽ എക്സൈസ് വകുപ്പും സ്വീകരിക്കുന്നുവെന്നുള്ളത് ആശ്വാസകരമാണ്. ഇവിടെ വിതരണം ചെയ്തിട്ടുള്ള കടലാസിൽതന്നെ പറയുന്ന ഒരുകാര്യം വായന അർഹിക്കുന്നു. 'മദ്യാസക്തിക്കെതിരെയുള്ള ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതത്തിനു പുറമെ 40 ലക്ഷം രൂപ കൂടി പ്രഖ്യാപിച്ചിട്ടുണ്ട്. ഭരണ വകുപ്പ് ശുപാർശ ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത തുക ഉചിതമാർഗേണ അനുവദിക്കുന്ന താണ്. അതോടൊപ്പം സർക്കാർ ചെയ്തിട്ടുള്ള നടപടിയുടെ കാര്യത്തിൽ 2011-ലെ ബഡ്ജറ്റിൽ ലഹരിവിരുദ്ധ ബോധവത്ക്കരണ പ്രവർത്തനങ്ങൾക്ക് സർക്കാർ നീക്കിവച്ചത് 2 കോടി രൂപയാണ്. ലഹരിവിരുദ്ധ പ്രവർത്തന ങ്ങൾക്കായി ഇതുവരെ അനുവദിച്ചത് 6.67 കോടി രൂപയാണ്. ബിവറേജസ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ സാമൂഹ്യ സുരക്ഷാ പദ്ധതികൾ, ലഹരി വിരുദ്ധ ചികിത്സാ കേന്ദ്രങ്ങൾ എന്നിവയ്ക്ക് 3.5 കോടി രൂപയുടെ ധന സഹായം അനുവദിച്ചു.' ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. ഇതൊക്കെ സർക്കാരിന്റെ നടപടികളെന്ന നിലയ്ക്ക് ആശ്വസി ക്കാൻ നിവർത്തിയുണ്ട്, നല്ലകാര്യമാണ്.

പക്ഷേ സമൂഹം ഇന്ന് എങ്ങോട്ട് നീങ്ങുന്നു എന്നുള്ള കാര്യത്തിൽ കൂട്ടായ ചർച്ച ആവശ്യമാണ്. ഇതിനെ രാഷ്ട്രീയമായോ വിഭാഗീയമായോ കണേണ്ട കാര്യമില്ല. നമ്മൾ ഇന്ന് നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി സാമ്പത്തിക പ്രതിസന്ധിയോ സാമൂഹിക പ്രതിസന്ധിയോ വിദ്യാഭ്യാസപര

മായ പ്രതിസന്ധിയോ അല്ല. മാനവത്വ പ്രതിസന്ധി, ഹ്യൂമൻ ക്രൈസിസാണ്. ആ മാനവത്വ പ്രതിസന്ധി സൃഷ്ടിക്കുന്നതിൽ ഏറ്റവും വലിയ പങ്ക് വഹിക്കുന്ന വിഷയമാണ് മദ്യമെന്നുള്ളത് അവിതർക്കിതമായ കാര്യമാണ്. നമ്മുടെ നാട്ടിൽ നടക്കുന്ന ഒരുപാട് അധർമ്മങ്ങളുടെ, അക്രമത്തിന്റെ, അരാജകത്വത്തിന്റെ, അന്യായങ്ങളുടെ, മനുഷ്യന്റെ അന്തസ്സ് ഇടിച്ചുതാഴ്ത്തുന്ന, നമ്മുടെ സാമൂഹികക്രമത്തെ അവതാളത്തിലാക്കുന്ന, സ്വാസ്ഥ്യത്തെ ഭീഷണാത്മകമായ ഒരു സാഹചര്യത്തിലേയ്ക്ക് നയിക്കുന്ന വളരെ ആപത്ക്കരമായ സാഹചര്യം ഇവിടെ സംജാതമായിട്ടുണ്ട്. അത് സൃഷ്ടിക്കുന്നതിൽ മദ്യമെന്നവില്ലനുള്ള സ്ഥാനം ആരെങ്കിലും നിഷേധിക്കുമെന്നെനിക്ക് തോന്നുന്നില്ല. അതുകൊണ്ട് വളരെ കാര്യക്ഷമമായിട്ടുള്ള നടപടികൾ ഇനിയും ആവശ്യമാണ്. എല്ലാ രാഷ്ട്രീയ വിഭാഗങ്ങളിലും ഇതിന് അനുകൂലമായ അഭിപ്രായ സമന്വയമുണ്ടായി വരേണ്ടതുണ്ട്. വ്യക്തിയുടെയുള്ളിൽ വിഷാംശം വിതച്ച് മദ്യം അതിന്റെ കരാളതാണ്ഡവം കേരളക്കരയിൽ നടത്തുകയാണ്. കേരളീയ പ്രബുദ്ധതയെക്കുറിച്ച് ഇത്രയുംകാലം നമ്മൾ നടത്തിയ അവകാശവാദങ്ങളെല്ലാം അസംബന്ധമായി മാറുകയാണ്. മറ്റു സംസ്ഥാനങ്ങൾക്ക് കേരളം വഴികാട്ടിയെന്ന് നമ്മൾ വെറുതേ പറയാറുണ്ട്. പക്ഷെ അതൊക്കെ അസ്ഥാനത്താണ്. ഒന്നിലും വഴി കാണിക്കുന്നില്ല. കേരളം ഇന്ന് ഇന്ത്യയുടെ മദ്യ സംസ്ഥാനമാണ്. കേരളം ഇന്ന് ഇന്ത്യയുടെ മദ്യപ്രദേശായി മാറിക്കൊണ്ടിരിക്കുകയാണ്. ഇതുവളരെ ആപത്ക്കരമായ സാഹചര്യമാണ്. പഞ്ചാബായിരുന്നു ഒന്നാം സ്ഥാനത്ത്. പഞ്ചാബിനെ തട്ടിത്തകർത്തു. കേരളത്തിൽ ആളോഹരി പ്രതിശീർഷ മദ്യത്തിന്റെ ഉപഭോഗം 11 ലിറ്ററാണ്. പഞ്ചാബിനെ ആ സ്ഥാനത്തുനിന്ന് നീക്കി കേരളം മുന്നോട്ടുപോവുകയാണ്. പിന്നെയെങ്ങനെയാണ് കേരളീയ പ്രബുദ്ധത, കേരളം വഴികാണിച്ചു എന്നൊക്കെ പറയുക.

കേരളം ഇന്ത്യയുടെ ആത്മഹത്യാ മുനമ്പാണ്. അതിന്റെ ഹേതുകമായി നിൽക്കുന്നത് മദ്യമാണ്. അതുകൊണ്ട് മദ്യം ഉയർത്തുന്ന വെല്ലുവിളിയുടെ ഗൗരവം ചെറുതായി കാണാൻ സാധിക്കില്ല. മദ്യം ഇന്ന് ക്രിമിനലിസം വളർത്തുന്നു. പത്രം വായിക്കാൻ കഴിയാത്ത സാഹചര്യത്തിലാണ് നാം ഇന്ന് ജീവിക്കുന്നത്. ടെലിവിഷൻ ചാനലുകളിലും പത്രങ്ങളിലും വരുന്ന വാർത്ത സാധാരണരീതിയിലുള്ള ഒരു മനുഷ്യന്റെ ഹൃദയത്തിന് താങ്ങാൻ കഴിയാത്ത താണ്. കുഞ്ഞുങ്ങൾക്കെതിരായ അക്രമം, കുടുംബങ്ങളിലെ ഛിദ്രത, മാതാ പിതാക്കളെ മക്കൾ കൊല്ലുക, മക്കളെ മാതാപിതാക്കൾ കൊല്ലുക, അച്ഛനെ തല്ലിക്കൊല്ലിക്കുന്ന മദ്യം, അമ്മയെ തല്ലിക്കുന്ന മദ്യം. ക്രിമിനലിസത്തെ വ്യാപകമാക്കുന്നതിൽ മദ്യം വഹിച്ചുകൊണ്ടിരിക്കുന്ന പങ്ക് സർക്കാർ വളരെ ഗൗരവത്തോടെ എടുക്കണം. ഇപ്പോൾ എടുത്ത സ്റ്റെപ്പ് പോര. കൂടുതൽ കാര്യക്ഷമമായി മുന്നോട്ട് പോകണമെന്ന് പറയാൻ തന്നെയാണ് ഞാൻ ഇത്തരം കാര്യങ്ങൾ ഇവിടെ സൂചിപ്പിക്കുന്നത്. ലോകത്ത് പലയിടത്തും മദ്യ മുണ്ട്. സാംസ്കാരികമായ ചില വ്യത്യാസങ്ങളുണ്ട്. പാശ്ചാത്യരാജ്യങ്ങളിൽ മദ്യമുണ്ട്. പക്ഷെ അവിടെയൊന്നും മദ്യം കഴിച്ച് സാമൂഹികാന്തരീക്ഷത്തിന് ഇത്ര വലിയ വിഘാതം വരുന്നത് കാണാൻ സാധിക്കില്ല. അതിന്റെ കാരണ ങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. അവിടെയൊക്കെ ആളുകൾ കുടിക്കു കയേ ഉണ്ടാവുകയുള്ളൂ. ഇവിടെ ആളുകൾ അതിൽ ആറാടുകയാണ്. കുടി ച്ചാൽ വയറ്റിൽകിടക്കണമെന്ന് മലയാളത്തിലേ പഴമൊഴിയുള്ളൂ. എന്തു കൊണ്ടാണ് അങ്ങനെ വന്നത്. ഇവിടെ ചില സഹപ്രവർത്തകർ സൂചിപ്പിച്ച പോലെ പണ്ടുകാലത്ത് വിശേഷാവസരങ്ങളിൽ മാത്രമാണ് മദ്യം ഉപയോഗി ച്ചിരുന്നത്. മദ്യം പരസ്യമായി വിൽക്കുന്ന കാലം ചരിത്രത്തിലുണ്ടായിട്ടില്ല. മദ്യം പരസ്യമായി വിൽക്കുന്നതിന് സൗകര്യമുണ്ടാക്കുന്നതും അതിന്

ആളുകൾ ക്യൂ നിൽക്കുന്നതും പുതിയ പ്രവണതയാണ്. മദ്യത്തിന്റെ ലാഭത്തെക്കുറിച്ചും ലാഭവിഹിതത്തെക്കുറിച്ചും നമ്മൾ പറഞ്ഞുകൊണ്ടിരിക്കുന്നു. പക്ഷെ അതിന്റെ നഷ്ടത്തെക്കുറിച്ച് എന്താണ് കണക്കെടുക്കാത്തത്. എന്തുകൊണ്ടാണ് മാറിമാറി വരുന്ന സർക്കാർ മദ്യത്തിന്റെ നഷ്ടത്തിന്റെ കണക്കെടുക്കുമ്പോൾ ഉൾവലിയുന്നത്, മാളത്തിലേക്ക് വലിയുന്നത്. ആരോഗ്യത്തെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റിയിൽ ഞാൻ തന്നെ പല തവണ ഉന്നയിച്ച വിഷയമാണ് ഇത്. മദ്യം വരുത്തുന്ന നഷ്ടത്തിന്റെ കണക്കെടുത്താൽ ഒരാൾക്ക് 50 രൂപയെങ്കിലും........ കുഞ്ഞിന്റെ പഠിപ്പ് മുടക്കിയതും, ഭാര്യയുടെ കണ്ണീരും അമ്മയുടെ ഹൃദയസ്പന്ദനം, ജീവിത പങ്കാളിയുടെ രോദനം, മക്കളുടെ സ്വാസ്ഥ്യത്തിന്റെ വിനാശം, കരൾ രോഗം, ക്യാൻസർ, വൃക്ക രോഗം അതൊന്നും കണക്കെടുക്കണ്ട. മദ്യത്തിന്റെ കണക്കെടുക്കാൻ ആരും തയ്യാറല്ല. കാരണം അതിന്റെ കണക്കെടുത്താൽ മനോഹരമായ രമ്യഹർമ്മം തകരും. മദ്യത്തിന്റെ വരുമാനം കൊണ്ടാണ് രാജ്യഭരണം നടക്കുന്നതെന്ന് ഇവിടെ കെട്ടിപ്പൊക്കിയ കടലാസ് ഗോപുരമുണ്ട്. അത് കൃത്രിമമാണ്. അത് ചോദ്യം ചെയ്യപ്പെടേണ്ടതാണ്. ആരോഗ്യകരമായ സമൂഹത്തിന് അത് അനുവദിച്ചുകൊടുക്കാൻ കഴിയില്ല. അവിടെ മാറ്റം ആവശ്യമാണ്. ആത്മഹത്യക്ക് മദ്യം കാരണമാകുന്നുവെന്നല്ലേ നമ്മൾ പറയുന്നത്. മഹാത്മജി മദ്യപാനത്തെത്തന്നെ ആത്മഹത്യയെന്നാണ് വിളിച്ചത്. നഷ്ടത്തിന്റെ കണക്കെടുക്കുമ്പോൾ ഗാന്ധിജി പറഞ്ഞത് മദ്യ നികുതി പാപത്തിന്റെ കൂലിയാണെന്നാണ്. ഗാന്ധിജിയുടെ ചിത്രം വച്ചതുകൊണ്ടായില്ല. ഇടയ്ക്കൊക്കെ അർദ്ധനഗ്നനായ ഫക്കീറിനെ, രാഷ്ട്രപിതാവിനെ ഓർക്കണം. അദ്ദേഹം പറഞ്ഞുവച്ചിടത്തേയ്ക്ക് രാജ്യം മടങ്ങേണ്ടി വരും. രാജ്യം നേരിടുന്ന പ്രശ്നങ്ങൾ സാമ്പത്തികമല്ല, ബൗദ്ധികമല്ല. സാംസ്കാരികമായ

ധാർമ്മികമായ പ്രശ്നങ്ങളെ നമ്മൾ നേരിട്ടുകൊണ്ടിരിക്കുന്നു. മദ്യത്തിന് സൗകര്യം ചെയ്യണമെന്നല്ലേ പറയുന്നത്. ഗാന്ധിജി ചോദിച്ച ചോദ്യമുണ്ട്. വേശ്യാവൃത്തിക്കും സൗകര്യം ചെയ്യണ്ടേ. മദ്യപാനത്തിന് തൊഴിൽപരമായ കാര്യങ്ങൾ വേണമെന്ന് ആവശ്യപ്പെടുന്നവർ വേശ്യാവൃത്തി അനുവദിക്കാനും അത് നിലനിർത്താനും അതിനുള്ള സംവിധാനം ഒരുക്കാനും ആവശ്യപ്പെടില്ലേ എന്ന് മഹാത്മാഗാന്ധി ചോദിച്ചു. തീയിലും ആഴമേറിയ വെള്ളത്തിലേയ്ക്കും ഓടുന്നവനെ പിടിച്ചു നിർത്തുന്നപോലെ മദ്യപാനത്തെയും മദ്യപാനിയെയും പിടിച്ചു നിർത്തണമെന്ന് മഹാത്മജി ഉണർത്തി. തീയിൽ ചാടാൻ പോകുന്നവന് ഉദ്ബോധനം മാത്രം മതിയാകില്ല. അയാളെ പിടിച്ചുവയ്ക്കണം. ആഴമേറിയ ഗർത്തത്തിലേയ്ക്ക് അഗ്നികുണ്ഡത്തിലേയ്ക്ക് ചാടാൻ പോകുന്ന സഹോദരന് പ്രബോധനവും ഉദ്ബോധനവും മതിയാകില്ല, അവനെ പിടിച്ചു വയ്ക്കേണ്ടത് സർക്കാരാണ്. സർക്കാർ അതിനുള്ള ഇച്ഛാശക്തി കാട്ടണം. അതാണ് ശ്രീ.വി. എം. സുധീരന്റെ ശബ്ദം. ശ്രീ. ബാബു മുഴക്കുന്ന ശബ്ദവുമായി ഇതിന് വ്യത്യാസമുണ്ടെന്ന് എനിക്ക് തോന്നുന്നില്ല. രണ്ടും ഒരേ നയത്തിലേയ്ക്ക് വരികയാണ്. ഇല്ലെങ്കിൽ നാളെ വരും. വരണം. അതിലൊന്നും അഭിപ്രായവ്യത്യാസമില്ല. ഭരിക്കുന്ന മുന്നണിയെ സംബന്ധിച്ചിടത്തോളം സർക്കാരിന് ദിശാബോധം കൊടുക്കേണ്ട ബാധ്യതയുണ്ട്. അത് നിർവ്വഹിക്കുന്നുവെന്നേയുള്ളൂ. ഗാന്ധിജി പറഞ്ഞത് മദ്യവും മയക്കുമരുന്നും പിശാചിന്റെ രണ്ട് കരങ്ങളാണെന്നാണ്. 1926 ഏപ്രിൽ 22 ന് ഗാന്ധിജി എഴുതി "ബുദ്ധിശൂന്യതയിലും ലഹരിയിലും അടിമത്തത്തിലും അതുവഴി ദാരിദ്ര്യത്തിലും മനുഷ്യൻ ചെന്ന് പതിക്കുന്നത് ആ പിശാചിന്റെ കരങ്ങളുടെ അടിയേറ്റാണ്". സ്വാതന്ത്ര്യത്തിനുമുമ്പ് 1938 – ലാണ്

ഇന്ത്യയിൽ ആദ്യത്തെ ദേശീയ സർക്കാരുണ്ടാകുന്നത്. അതിന്റെ ഭരണഘടന യിൽപ്പോലും ഗാന്ധിജി മദ്യനിരോധനം എഴുതിവയ്പ്പിച്ചു. 1931 ജൂൺ 25 ന് യങ് ഇന്ത്യയിൽ ഗാന്ധിജി എഴുതിയത് 'ഭാരതത്തിന്റെ സർവ്വാധിപതിയായി ഒരു മണിക്കൂർ നേരത്തേയ്ക്കുപോലും നിയോഗിക്കപ്പെടുകയാണെങ്കിൽ ഞാൻ ആദ്യം ചെയ്യുന്ന കാര്യം ഒരു പ്രതിഫലവും കൊടുക്കാതെ രാജ്യത്തു ളള എല്ലാ മദ്യശാലകളും അടച്ചുപൂട്ടുക എന്നതായിരിക്കും'. ഇതൊക്കെ വെറും വാക്കുകളാണോ. ഇത് ഒരു മഹാത്മാവിന്റെ മൃദുവചനങ്ങൾ മാത്രമല്ല. രാജ്യത്തിന് ദിശാബോധം നൽകിയ വിമോചകന്റെ സ്വപ്നങ്ങളാണ്. ആ കാമനകളുടെ സാർത്ഥകമായ നിർവ്വഹണമാണ് രാജ്യത്ത് വരുന്ന സർക്കാരു കളുടെ മുഖ്യധർമ്മമെന്ന് ഞാൻ വിശ്വസിക്കുന്നു. അതിന് എന്ത് തടസ്സമു ണ്ടെങ്കിലും അത് നീക്കണം. ഞാൻ ശ്രീ. സുധീരന്റെ പ്രസ്താവനയെ മാത്ര മല്ല ഡി.വൈ.എഫ്.ഐ.യുടെ പ്രസ്താവനയെയും അഭിനന്ദിക്കുന്നു. ഡി. വൈ.എഫ്.ഐ. അടുത്തകാലത്ത് പ്രമേയം പാസ്സാക്കി. നല്ല കാര്യമാണ്. കഴിഞ്ഞ ദിവസം പത്രത്തിൽ വായിച്ചപ്പോൾ അഭിമാനം തോന്നി, ഒരു യുവജനസംഘടന മദ്യത്തിനെതിരായി ധീരമായി സംസാരിക്കുമ്പോൾ. ഞാൻ പറഞ്ഞില്ലേ ഇത് കക്ഷിരാഷ്ട്രീയത്തിന്റെ പ്രശ്നമല്ല. ഇത് മനുഷ്യന്റെ പ്രശ്നമാണ്. ഇത് മാനവരാശിയുടെ പ്രശ്നമാണ്. ഇത് മലയാളിയായ വീട്ടമ്മ യുടെ കണ്ണീരിന്റെ പ്രശ്നമാണ്. കേരളത്തിൽ കഴിഞ്ഞ ദിവസം ഒരു വീട്ടമ്മ മകനെ കൊന്നു. നാലംഗ കുടുംബമാണ്. മക്കളിൽ ഒരു പെൺകുട്ടി ബുദ്ധി പരമായും മാനസികമായും വളർച്ചയില്ലാത്ത കുട്ടിയാണ്. ആൺമക്കൾ രണ്ടാണ്. അമ്മ വിധവയാണ്. ഈ കുടുംബം പോറ്റേണ്ടത് രണ്ട് ആൺമക്കളാ ണ്. ഒരാൾ മദ്യത്തിനടിപ്പെട്ട് നാട് വിട്ടുപോയി. കുടുംബം പുലർത്തിയില്ല.

രണ്ടാമത്തെ ആൾ മദ്യപിച്ച് വന്ന് വീട്ടുകാരെ ഉപദ്രവിക്കും. അമ്മ ഒരു ദിവസം അവന്റെ നെഞ്ചുപിളർത്തി അവനെ കൊന്നു. ഒൻപതര മാസം ഗർഭാശയത്തിൽ കൊണ്ടുനടന്ന മാതാവ് മകനെ കൊന്നത്.....അമ്മ മകനെ യാണ് കൊന്നതെന്ന് ഞാൻ വിശ്വസിക്കുന്നില്ല. ആ അമ്മ കുത്തിയത് മദ്യ മെന്ന പിശാചിന്റെ നെഞ്ചത്താണ്. അത് മനസ്സിലാക്കാൻ പ്രബുദ്ധ സമൂഹ ത്തിന് സാധിക്കണം. അങ്ങനെയുള്ള അമ്മമാരെ സൃഷ്ടിക്കണോ? നിങ്ങൾ അമ്മമാരെ കൊലയാളികളാക്കണോ? ആ ചോദ്യമാണ് ഇന്നും ഉന്നയിക്കപ്പെ ടേണ്ടത്. ഒരച്ഛൻ മകനെ കൊന്നു. ഇത് കഴിഞ്ഞ ദിവസം ഉണ്ടായ വാർത്തയാ ണ്. മദ്യത്തിന്റെ പേക്കൂത്ത് അവൻ കാണിക്കുന്നത് അമ്മയുടെ നെഞ്ചത്താ ണ്. മദ്യപിച്ച് വന്ന് അമ്മയെ ഉപദ്രവിക്കുന്നത് കണ്ട് സഹികെട്ട അച്ഛൻ മകനെ കൊന്നു. ജ്ഞാനിയായ പ്രവാചകന്റെ ജ്ഞാനിയായ സഹചാരി അലിയോട് ഒരാൾ ചോദിച്ചു മദ്യമാണോ വ്യഭിചാരമാണോ മോഷണമാണോ ഏതാണ് ഏറ്റവും വലിയ തിന്മ. അലി പറഞ്ഞു മദ്യമാണെന്ന്. കാരണം മദ്യ പിച്ചവൻ മോഷ്ടിക്കും, വ്യഭിചരിക്കും, എന്തും ചെയ്യും. മദ്യപിച്ചവൻ കാറോ ടിച്ച് ആളെക്കൊല്ലും. കേരളത്തിലെ റോഡപകടങ്ങളെക്കുറിച്ച് ആരെങ്കിലും ഗൗരവത്തിൽ ചിന്തിച്ചിട്ടുണ്ടോ. കഴിഞ്ഞ ദിവസം എഞ്ചിനീയറിംഗ് കോളേ ജിലെ ബസ്സിടിച്ച് അമ്മയെയും കുഞ്ഞിനെയും ദാരുണമായി കൊന്നു. അമ്മയും കുഞ്ഞും കിടക്കുന്നതും അത് നോക്കി നിൽക്കുന്ന മറ്റൊരു കുട്ടി യുടെ ചിത്രവും പത്രത്തിൽ വന്നിരുന്നു. എത്ര ഹൃദയഭേദകമാണ്. അതിലേയ്ക്ക് നയിച്ചത് മദ്യപാനിയായ ഡ്രൈവറാണ്.

ഡൽഹിയിലെ പെൺകുട്ടിയെപ്പറ്റി വലിയ ചർച്ച നടന്നിരുന്നു. ഇന്ത്യാ രാജ്യത്ത് വലിയ രാഷ്ട്രീയ കോളിളക്കമുണ്ടായി. ജനം പ്രതിഷേധിച്ച് രാഷ്ട്രപതി പാർക്കുന്ന റെയ്സിന കുന്നിലേയ്ക്ക് ഇരച്ചുകയറി. മദ്യപിച്ചി ട്ടാണ് അത് ചെയ്തത്. ഇപ്പോൾ ഉത്തരേന്ത്യയിൽ രണ്ട് ദളിത് പെൺകുട്ടികൾ പ്രാഥമികകൃത്യം നിർവ്വഹിക്കാൻ പോയപ്പോൾ ബലാത്സംഗം ചെയ്ത് കൊന്ന് മാവിൻകൊമ്പത്ത് കെട്ടിത്തൂക്കി. മദ്യപാനികളാണ് അത് ചെയ്തത്. അതു കൊണ്ടാണ് ശ്രീബുദ്ധൻ പറഞ്ഞത് ഗർജ്ജിക്കുന്ന സിംഹത്തെ നേരിടാൻ നിങ്ങൾ പേടിക്കണ്ട, കാരണം അത് നിങ്ങളുടെ ധൈര്യത്തിന്റെ മാറ്റുരയ്ക്ക ലാണ്. വാളിനെയോ കൊലമരത്തിനെയോ നിങ്ങൾ ഭയക്കേണ്ട, അത് നിങ്ങ ളുടെ സേവനത്തിന്റെയും ത്യാഗത്തിന്റെയും മാറ്റുരയ്ക്കലാണ്. ഔന്നത്യ ത്തിന്റെ ഗിരിശൃംഗങ്ങളിലിരുന്ന് താഴ്ചയുടെ താഴ്വാരങ്ങളിലേയ്ക്ക് എടുത്തുചാടാൻ ഭയക്കേണ്ട, കാരണം ഒരു താപസജീവിതത്തിന്റെയും വ്യക്തിജീവിതത്തിന്റെയും ശ്രേഷ്ഠത വർദ്ധിപ്പിക്കലാണ്. ആളിക്കത്തുന്ന അഗ്നിക്കുണ്ഡത്തിൽനിന്ന് ഓടി രക്ഷപ്പെടാൻ ശ്രമിക്കേണ്ട, അത് നിങ്ങളുടെ ആത്മശുദ്ധിയുടെ ഉരകല്ലാണ്. എന്നാൽ മദ്യത്തിനെ നിങ്ങൾ ഭയപ്പെടണം, അത് എല്ലാ തിന്മകളുടെയും ഉരകല്ലാണ്. ബുദ്ധനെ മറക്കാൻ കഴിയില്ല. പഴയ ആചാര്യന്മാരുടെ വാക്കുകളിലേയ്ക്ക് പോകേണ്ടിവരും; ആത്മാന്വേഷ ണത്തിലേയ്ക്ക് പോകേണ്ടിവരും. പ്രവാചക തിരുമേനിയുടെ കാലത്ത് മദ്യം നിരോധിച്ചിട്ടും ഒരാൾ അണ്ണാക്കിൽ കൈയിട്ട് ഛർദ്ദിക്കുന്നത് കണ്ടുവെന്ന് ചരിത്രകാരൻ രേഖപ്പെടുത്തിയിരിക്കുകയാണ്. കരുതിക്കൂട്ടി ഛർദ്ദിക്കാൻ എന്തുപറ്റിയെന്ന് ആളുകൾ ചോദിച്ചപ്പോൾ മദ്യം നിരോധിക്കപ്പെട്ടിരിക്കുന്നു വെന്ന് അയാൾ പറഞ്ഞു. നിരോധിക്കപ്പെട്ട ഈ സാധനത്തിന്റെ ഒരു തുള്ളി പോലും എന്റെ വയറ്റിൽ കിടക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. നിരോധന

ത്തിന്റെ ഉത്തരവ് വരുന്നതിനുമുമ്പ് മദ്യപിച്ചതാണ്. ആ ഓരോ തുള്ളിയും ഛർദ്ദിച്ച് പുറത്തേയ്ക്ക് കളയാൻ ആഗ്രഹിക്കുകയാണ്. അത്ര വലിയൊരു തിന്മയാണിത്. ആ തിന്മയെ ഒരിക്കലും ലഘൂകരിച്ച് കാണാൻ കഴിയില്ല. കേരളത്തിൽ ബഹുമാനപ്പെട്ട മന്ത്രി കുറെ നടപടികൾ സ്വീകരിച്ചതിന്റെ ഫലമായി കുറെ നേട്ടങ്ങളുണ്ടായി. മദ്യത്തിന്റെ ഉപഭോഗം പത്തിനും പതിനേഴ് ശതമാനത്തിനുമിടയിൽ കുറഞ്ഞുവെന്ന് ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രി പറഞ്ഞു. 90% എക്സൈസ് തീരുവ കൂടിയതു കൊണ്ടാണ് വിറ്റുവരവ് വർദ്ധിച്ചതെന്ന് മന്ത്രി പറയുന്നത്. പക്ഷെ മദ്യാസക്തി കൂടുകയാണ്. പ്രതിശീർഷ മദ്യ ഉപഭോഗം 11 ലിറ്ററാണ്. 18% ആണ് കേരളത്തിൽ മദ്യപിക്കുന്നവർ, ഇത് ദേശീയ ശരാശരിയേക്കാൾ ഇരട്ടിയാണ്. പത്തുവർഷം കഴിഞ്ഞാൽ ഈ പോക്കുപോയാൽ നാലിരട്ടിയാകും. നമ്മുടെ മക്കളെപ്പറ്റി ചിന്തിക്കണം. വരും തലമുറ, അതാണല്ലോ വലുത്, എന്താകും അവരുടെ സ്ഥിതി? കേരളത്തിൽ പുസ്തകസഞ്ചി മദ്യത്തിന്റെ സഞ്ചിയായിക്കൊണ്ടിരിക്കുകയാണ്. കുഞ്ഞുങ്ങൾ പോയി മദ്യം വാങ്ങുകയാണ്. അപ്പോഴാണ് 18 വയസ്സായവർക്കേ മദ്യം കൊടുക്കാവൂ എന്നുള്ള ഉത്തരവ് വന്നത്. കുഞ്ഞുങ്ങൾ ക്യൂ നിന്ന് മദ്യം വാങ്ങുന്ന ഫോട്ടോ പത്രത്തിന്റെ ഒന്നാമത്തെ പേജിലാണ് വന്നത്. മദ്യത്തിന് ഒരു ചെറിയ നിയന്ത്രണം വരുമ്പോഴേക്കും എത്ര വലിയ ആശ്വാസമാണ് സമൂഹത്തിലുണ്ടാകുന്നത്. പതിമൂന്നാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിൽ എന്റെ സ്നേഹിതൻ ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ കൊടുത്ത നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1891 – (എ) നിലവാരമില്ലാത്ത ബാറുകൾ അടച്ചതിനുശേഷമുള്ള സാമൂഹ്യ അവസ്ഥയെ സംബന്ധിച്ച് വിശകലനം നടത്തിയിട്ടുണ്ടോ?

(ബി) മദ്യം ഉപയോഗിച്ചതുകൊണ്ടുണ്ടാകുന്ന സംഘട്ടനങ്ങൾ, റോഡപകട ങ്ങൾ, ഗാർഹിക പീഡനങ്ങൾ എന്നിവയിൽ കുറവ് വന്നിട്ടുണ്ടോ, എത്ര ശത മാനത്തിന്റെ കുറവുണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? എന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി ശ്രീ. രമേശ് ചെന്നിത്തലയുടെ മറുപടിയിൽ പറഞ്ഞിരിക്കുന്നത്, നിലവാരമില്ലാത്ത ബാറുകൾ അടച്ചതിനു ശേഷവും അടയ്ക്കുന്നതിനുമുമ്പുമുള്ള രണ്ട് മാസത്തെ കണക്കുകൾ താരതമ്യം ചെയ്തതിൽനിന്നും മദ്യം ഉപയോഗിച്ചതുകൊണ്ടുണ്ടാകുന്ന സംഘട്ടനങ്ങളിൽ 36% കുറവും ഗാർഹിക പീഡനങ്ങളിൽ 31% കുറവുമുണ്ടാ യിട്ടുള്ളതായി അറിയാൻ കഴിഞ്ഞിട്ടുണ്ടെന്നാണ്. ഈ നിയമസഭാ സമ്മേളന ത്തിലെ മറുപടിയാണ്. What a morale boosting reply? ഇത് പോരേ, സർക്കാ രിനും സമൂഹത്തിനും ഇതിനേക്കാൾ ധാർമ്മികമായ ആത്മശക്തിയെ വിടർത്തുന്ന എന്തുവേണം? എന്നിട്ടും നമ്മൾ കണ്ണുതുറക്കുന്നില്ലെങ്കിൽ ഇനി എന്നാണ് കണ്ണ് തുറക്കുക. വനിതകൾ മദ്യപിക്കുന്നു. സ്കൂൾ കുഞ്ഞു ങ്ങൾ...., 8 വയസ്സുകാരൻ ലിജിൻ എന്ന കുട്ടിയെ ഓർക്കുക. ഞാൻ ആ കുഞ്ഞിനെപ്പറ്റി ഒരു ലേഖനമെഴുതിയിരുന്നു. അച്ഛൻ കൊണ്ടുവന്ന വച്ച മദ്യം ടി.വി. സ്റ്റാൻഡിന്റെ ചുവട്ടിൽനിന്ന് എടുത്തുകുടിച്ച് അമിതമായിപ്പോയ പ്പോൾ അവശനായി ഛർദ്ദിച്ച് ഹോസ്പിറ്റലിൽ കുട്ടി മരിക്കുന്നു. കുഞ്ഞിനെ നഷ്ടപ്പെട്ടു. ദിവസങ്ങൾ കഴിഞ്ഞപ്പോൾ മാതൃഭൂമി പത്രത്തിലെ എന്റെ ലേഖനം വായിച്ചിട്ട് അമ്പിളി എന്ന ഒരു കുടുംബിനി വിളിച്ചിട്ട് പറഞ്ഞു, നിങ്ങൾ എഴുതിയ ആ ലേഖനത്തിൽ പറയുന്ന കുട്ടി എന്റെ അയൽപക്കത്തു ള്ളതാണ്, ആ കുട്ടിയുടെ അമ്മ ഇപ്പോഴും എഴുന്നേറ്റിട്ടില്ല. ഒരാഴ്ച കഴിഞ്ഞി ട്ടാണ് ഈ ഫോൺ കോൾ വരുന്നത്. ഞാൻ അത് വേദനയോടെ ഓർക്കു

ന്നു. അച്ഛൻ ആ ദുഃഖത്തിൽ ഉരുകിപ്പോയി. കേരളത്തിൽ കുടിക്കുന്നവരിൽ 8 വയസ്സുകാരുണ്ട്, തൃശ്ശൂരിലെ 6 വയസ്സുകാരൻ ആശുപത്രിയിലായി. കുടിക്കുന്നവരിൽ 22% മുഴുകുടിയന്മാരാണ്. 65-70% നുമിടയിൽ വല്ലപ്പോഴും കുടിക്കുന്നവരാണ്. മദ്യം തൊട്ടുനോക്കാത്ത ദൃഢചിത്തർ 8-10% നുമിടയിൽ മാത്രമാണ്. അലോപ്പതി മരുന്നുകൾ ലഹരിക്കായി ഉപയോഗിക്കുന്നതിനെക്കുറിച്ച് സൂക്ഷിക്കണമെന്ന വാർത്ത ഇന്നലെ പത്രത്തിൽ വന്നിട്ടുണ്ട്. ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. രമേശ് ചെന്നിത്തലയുടെ ഒരു പ്രസ്താവന കണ്ടപ്പോൾ വലിയ സന്തോഷം തോന്നി. ഇന്നത്തെ പത്രത്തിൽ ഞാൻ വായിച്ചു, ലഹരിക്കെതിരായി വേണ്ടിവന്നാൽ നിയമനടപടികളിലേയ്ക്ക് സർക്കാർ പോകുമെന്നാണ് അദ്ദേഹം പറഞ്ഞിട്ടുള്ളത്. ഇങ്ങനെ നമ്മളെല്ലാവരും ഒന്നിച്ചുനിന്ന് കൈകാര്യം ചെയ്യേണ്ടതായ വിഷയമാണ് നമ്മുടെ നാടിനെ സംബന്ധിച്ചിടത്തോളം ഈ മദ്യമെന്നുപറയുന്നത്. ലോകത്ത് മദ്യഉപഭോഗം കൊണ്ട് ആരും നന്നായിട്ടില്ല. സാംഖ്യോപനിഷത്തിൽ പഞ്ചമഹാഭാവങ്ങളിൽപ്പെട്ടതാണ് മദ്യപാനം. അഥർവ്വവേദത്തിൽ നികൃഷ്ടവൃത്തിയാണ്. എന്റെ സ്നേഹിതൻ ഇവിടെ വൈനിനെക്കുറിച്ചൊക്കെ സൂചിപ്പിച്ചു, അത് ചില അവസരങ്ങളിലുള്ളതാണ്. അത് അനിഷേധ്യമാണ്. ക്രൈസ്തവ സമൂഹത്തിൽ ചില സന്ദർഭങ്ങളിലുള്ളതാണ്. വൈൻ എന്നുപറഞ്ഞാലും ഇന്ന് ശുദ്ധമായ വൈനെവിടെ? വൈനിനെ യഥാർത്ഥത്തിൽ മദ്യത്തിലേയ്ക്ക് പരിഭാഷപ്പെടുത്താൻ കഴിയില്ല. അത് വേറൊരു വിഷയമാണ്. ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. യാദവവംശം മുടിഞ്ഞത് മദ്യപാനത്താലാണ്. ബുദ്ധമതത്തിലും ജൈനമതത്തിലും മദ്യപാനം മഹാതിന്മയാണ്. പഞ്ചദോഷങ്ങളുണ്ട്. കക്കായ്ക, കൊല്ലായ്ക, കാമത്താൽ തെറ്റായ്ക, കള്ളം

ചൊല്ലായ്ക, കുടിച്ചിടായ്ക ഇതാണ് പറഞ്ഞിട്ടുള്ളത്. ഈ രീതിയിൽ എല്ലാവരും......, കേരളത്തിൽ നിന്ന് മദ്യവിരുദ്ധ മനോഭാവത്തെപ്പറ്റി പറയുമ്പോൾ ശ്രീനാരായണഗുരുവിനെപ്പറ്റി ഓർക്കാതിരിക്കാൻ കഴിയില്ല. കുടിക്കരുത്, കൊടുക്കരുത്, വിളമ്പരുത്, ഉണ്ടാക്കരുത്, വിഷമാണ്. മദ്യവിരുദ്ധ മനോഭാവം ശ്രീ. വി. എം. സുധീരന്റെ ശബ്ദമായാലും ആരുടെ ശബ്ദമായാലും അത് കേരളത്തിന്റെ മന:സാക്ഷിയുടെ പ്രതിസ്വരമാണ്. അതിന്റെ കൂടെ കേരളീയ ജനതയുണ്ട്. ഈ നാടിന്റെ ധാർമ്മിക ബോധമുണ്ട്. അതിന് കരുത്തുപകരണം. നമ്മളൊന്നിച്ച് മുന്നോട്ടുപോകണം. രാഷ്ട്രീയ നിറം കൊടുക്കരുത്. ഭാവിതലമുറയെ രക്ഷിക്കണം. 'Our responsibility to child' എന്നത് ഒരു സ്കീമിന്റെ പേരാണ്. അത് നാളേയ്ക്കുള്ള അജണ്ടയായിരിക്കട്ടെ. നമുക്ക് നമ്മുടെ നാടിനെ ഈ തിന്മയിൽ നിന്ന് രക്ഷിക്കുന്നതിന് ഒറ്റക്കെട്ടായി നിൽക്കാൻ സാധിക്കട്ടെ. ഗവൺമെന്റ് ശക്തികൊടുക്കാൻ എല്ലാവരും ഇതിനെക്കുറിച്ച് ബോധവന്മാരാകുക, നിയമനിർമ്മാണങ്ങൾ വരട്ടെ, ഒറ്റയടിക്ക് എല്ലാം ഒഴിവാക്കാൻ കഴിഞ്ഞില്ലെങ്കിലും ക്രമേണ ഈ മദ്യപിശാചിനെ പിടിച്ചുകെട്ടുന്ന പ്രബുദ്ധതയിലേയ്ക്ക് കേരളീയ സമൂഹത്തിന് വളരാനും ഉയരാനും കഴിയട്ടെ എന്ന പ്രാർത്ഥനയോടെ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീമതി ജമീലാ പ്രകാശം: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. 2009-ൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ വളരെ പ്രതീക്ഷയോടുകൂടിയാണ് മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷനെ പ്രാബല്യത്തിൽ കൊണ്ടുവന്നത്. 2007 ഡിസംബർ വരെ ലോൺ എടുത്തിട്ടുള്ള മത്സ്യത്തൊഴിലാളികൾക്കാണ് ഈ കമ്മീഷൻ മുഖാന്തിരം ആശ്വാസം

എത്തിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. 2009 മുതൽ 2011 വരെ കമ്മീഷൻ കാര്യക്ഷമമായി പ്രവർത്തിക്കുകയായിരുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കമ്മീഷന്റെ പ്രവർത്തനങ്ങളെ അട്ടിമറിക്കുകയാണുണ്ടായത്. ഇടതുമുന്നണിയുടെ ഭരണകാലഘട്ടത്തിൽ മത്സ്യഫെഡിന്റെ കീഴിൽ മത്സ്യ സംഘങ്ങൾവഴി എടുത്തിരുന്ന മൊത്തത്തിലുള്ള 112 കോടി രൂപ എഴുതിത്തള്ളിയിട്ടുണ്ട്. ഹഡ്കോവഴി ഭവനനിർമ്മാണ ആവശ്യങ്ങൾക്കുവേണ്ടി എടുത്തിരുന്ന 11 കോടി രൂപയും എഴുതിത്തള്ളിയിട്ടുണ്ട്. മത്സ്യ സഹകരണ സംഘങ്ങളുടെ ഓൺ ഫണ്ടിൽനിന്നും മത്സ്യത്തൊഴിലാളികൾ എടുത്തിരുന്ന 18 കോടിരൂപയുടെ വായ്പ കൊടുത്തുതീർക്കുന്നതിന് 2010-ൽ എൽ.ഡി.എഫ്. സർക്കാർ പണം നൽകിയിരുന്നു. എന്നാൽ മത്സ്യഫെഡിലെ ജനകീയ ഭരണ സമിതിയെ യു.ഡി.എഫ്. സർക്കാർ ഇല്ലാതാക്കി അതിനുപകരം അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ നിയോഗിക്കുകയും ചെയ്തു. ഈ കമ്മിറ്റി രാഷ്ട്രീയം നോക്കി യു.ഡി.എഫ്. നേതൃത്വം നൽകുന്ന മത്സ്യത്തൊഴിലാളി സംഘങ്ങൾക്ക് മാത്രമായി ആതുക വീതിച്ചുനൽകുകയാണ് ചെയ്തത്. കഴിഞ്ഞ രണ്ടര വർഷക്കാലമായി അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയാണ് ഭരണം നടത്തുന്നത്. സഹകരണ നിയമം അനുസരിച്ച് ആറ് മാസത്തിനുള്ളിൽ തെരഞ്ഞെടുപ്പ് നടത്തേണ്ടതായിരുന്നു. എന്നാൽ അതൊന്നും ചെയ്യാതെ സഹകരണ നിയമം ഈ നാട്ടിൽ സർക്കാർ അട്ടിമറിച്ചുകൊണ്ടിരിക്കുകയാണ്. ഇന്നലത്തെ കേരള കൗമുദി പത്രത്തിൽ കടാശ്വാസ കമ്മീഷന്റെ നടപടി തീരുന്നതിനുമുമ്പ് ജപ്തിയുമായി ബാങ്കുകൾ വരുന്നുവെന്ന വളരെ വിഭ്രമജനകമായ വാർത്തയുണ്ട്. നിരവധി മത്സ്യത്തൊഴിലാളികൾക്ക് സഹകരണ ബാങ്കുകളിൽ നിന്ന് കഴിഞ്ഞ ദിവസം ജപ്തി നോട്ടീസ് ലഭിച്ചിരുന്നു. കടാശ്വാസ കമ്മീ

ഷനും ബാങ്കുകളുമായിട്ടുള്ള ധാരണപ്രകാരം ബാങ്കുകൾക്ക് നൽകേണ്ട പണം സർക്കാർ അനുവദിക്കാത്തതാണ് ജപ്തിനടപടികൾക്ക് കാരണം. കമ്മീഷന്റെ കണക്കനുസരിച്ച് ബാധ്യത തീർക്കാനായി 340 കോടി രൂപയെങ്കിലും വേണ്ടിവരും. നമ്മുടെ സർക്കാർ 10 കോടിരൂപയാണ് വച്ചിരുന്നത്. മത്സ്യ ത്തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ള 2,35,000 പേരിൽ നിന്നാണ് കമ്മീഷന് അപേക്ഷ കിട്ടിയത്. ഒരുവർഷംകൊണ്ട് ഒമ്പത് ജില്ലക ളിലെ അപേക്ഷകളുടെ പരിശോധന പൂർത്തിയാക്കി അർഹതയുള്ള 1,29,000 പേരെ കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. സഹകരണ ബാങ്കുകളിൽനിന്നുള്ള വായ്പയുടെ പലിശയും കൂട്ടുപലിശയും ബാങ്കുകൾ എഴുതിത്തള്ളുക, 75,000 രൂപ സർക്കാർ വഹിക്കുകയെന്നുള്ള ധാരണയാണ് അദാലത്തിൽ മുന്നോട്ട് വച്ചത്. പലിശ എഴുതിത്തള്ളുന്ന കാര്യം സർക്കാർ ബാങ്കുമായി ആലോചിച്ചില്ല. മറ്റേ കാര്യത്തിന് വലിയ പബ്ലിസിറ്റി കൊടുക്കുകയും ചെയ്തു. കടാശ്വാസത്തിന്റെ ആദ്യ ഗഡുവായ അമ്പത് കോടി രൂപ സർക്കാർ അനുവദിച്ചപ്പോൾ ഒരുവർഷത്തെ പലിശ മാത്രമേ ഇളവുചെയ്യാൻ സാധിക്കു വെന്ന നിലപാടിലേയ്ക്ക് സഹകരണ ബാങ്ക് മാറുകയും ചെയ്തു. അതോടെ തിരിച്ചടവ് നടപടികൾ തടസ്സപ്പെടുകയുംചെയ്തു. ലോകസഭാ തെരഞ്ഞെടു പ്പിന് തൊട്ടുമുമ്പ്, ലീഡ് ബാങ്കുകളുടെ യോഗം വിളിച്ചുകൂട്ടി ബാങ്കുകൾ മുഖാന്തിരം മത്സ്യത്തൊഴിലാളികൾ എടുത്തിരുന്ന വായ്പയുടെ പലിശയിളവ് സംബന്ധിച്ച് 75 ശതാമനം ബാങ്കുകൾ എഴുതിതള്ളണമെന്നും 25 ശതമാനം സർക്കാർ വഹിക്കാമെന്ന ധാരണ ഉണ്ടായിരുന്നുവെന്ന് പറയുന്നു. കൂടാതെ വായ്പ തുകയിൽ 75,000 രൂപ സർക്കാർ കൊടുക്കുമെന്ന് പറഞ്ഞിരുന്നു. പക്ഷേ മൂന്നരമാസം കഴിഞ്ഞിട്ടും ഇത് നടപ്പിലായിട്ടില്ല. അന്തിമതീരുമാനം

വരുന്നതുവരെ ജപ്തിനടപടികൾ നിറുത്തിവയ്ക്കണമെന്ന് സർക്കാർ ബാങ്കുകളോട് നിർദ്ദേശിച്ചിരുന്നു. സർക്കാരിന്റെ ഓഡിറ്റിംഗ് അടക്കമുള്ള നടപടിക്രമങ്ങൾ തീരാതെ സർക്കാരിൽനിന്ന് പണം അനുവദിച്ച് കിട്ടുകയില്ലായെന്നും അന്തിമതീരുമാനം വരുന്നതുവരെ ബാങ്കുകൾ ജപ്തിനടപടികളെല്ലാം ഒഴിവാക്കണമെന്നുമാണ് കമ്മീഷൻ ചെയർമാൻ ജസ്റ്റിസ് എം. ആർ. ഹരിഹരൻ നായർ പറഞ്ഞത്. മേൽ ഘടകങ്ങളിൽനിന്ന് എടുത്ത പണം തിരിച്ചടയ്ക്കേണ്ടി വരുന്നത് സഹകരണ ബാങ്കുകളെയും സംഘങ്ങളെയും വിഷമത്തിലാക്കിയിട്ടുണ്ടെന്നും അദ്ദേഹം പറയുന്നുണ്ട്. പണം കൊടുക്കുന്നതിനു മുമ്പ് ഓഡിറ്റിംഗ് വേണം. അത് ത്വരിതഗതിയിൽ ആക്കാനായി ഈ സർക്കാരിന് കഴിവില്ലേ; സർക്കാരിന് അതിനുള്ള അറിവില്ലേ; ഈ സർക്കാരിന് അതിനുള്ള മനസ്സില്ലേ? ഇക്കാര്യങ്ങളെല്ലാം നാട്ടുകാർക്ക് അറിഞ്ഞാൽ കൊള്ളാം. 2012–13–ൽ ബഡ്ജറ്റ് പ്രസംഗത്തിൽ പാരാ 84–ൽ സംയോജിത കടൽ സുരക്ഷാ പദ്ധതിക്ക് രണ്ടുകോടി രൂപ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിന് ഇതുവരെ ഭരണാനുമതി നൽകുകയോ ബഡ്ജറ്റിൽ പണം നീക്കിവയ്ക്കുകയോ ചെയ്തിട്ടില്ല. തുടർന്നുവന്ന ബഡ്ജറ്റിൽ ഇതുസംബന്ധിച്ച് മിണ്ടിയിട്ടുമില്ല. എൽ.ഡി.എഫ്. ആണെങ്കിൽ 2010–11–ൽ 9.2 കോടിരൂപയുടെ കേന്ദ്ര സഹായത്തോടുകൂടി Safety at Sea എന്ന പദ്ധതിക്ക് ഭരണാനുമതി ലഭിക്കുകയും കേന്ദ്ര ഗവൺമെന്റിൽനിന്ന് ഒരുകോടിരൂപ വാങ്ങിക്കുകയും ചെയ്തു. ഈ പദ്ധതി അനുസരിച്ച് മത്സ്യത്തൊഴിലാളികൾക്ക് എക്കോ സൗണ്ടർ, വി.എച്ച്.എഫ്., മറൈൻ റേഡിയോ, ജി.പി.എസ്., റേഡിയോ ബീക്കൺ തുടങ്ങിയ ഉപകരണങ്ങൾ നൽകേണ്ടിയിരുന്നതാണ്. ഈസർക്കാർ മൂന്ന് വർഷത്തിനിടയിൽ ഒരാൾക്കുപോലും ഇതൊന്നും കെടുത്തിട്ടില്ല. കെൽട്രോൺ വികസിപ്പിച്ചെടുത്ത

ഫിഷിംഗ് വെസ്സൽ ട്രാക്കിംഗ് യൂണിറ്റിന് 8,000 രൂപയാണ് വില. ഇത് എത്ര പേർക്ക് കൊടുത്തുവെന്ന് അറിഞ്ഞാൽ കൊള്ളാം. 2012–13-ലെ ബഡ്ജറ്റിലെ 85-ാമത്തെ പാരയിൽ ഫിഷ് മെയ്ഡ് എന്ന ബ്രാൻഡ് മാർക്കറ്റ് ചെയ്യാൻ വേണ്ടി 100 കിയോസ്ക്കുകൾ തുടങ്ങുമെന്ന് പറഞ്ഞിരുന്നു. ബഹുമാനപ്പെട്ട സ്പീക്കർ അദ്ധ്യക്ഷത വഹിക്കുകയും മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്ത ചടങ്ങ് മസ്ക്കറ്റ് ഹോട്ടലിൽ വച്ച് രണ്ടുവർഷം മുമ്പാണ് നടന്നത്. ഒറ്റ കിയോസ്ക്കുകൾപോലും തുടങ്ങിയിട്ടില്ല. പാര 86-ൽ, 95 ശതമാനം എൻ.എഫ്.ഡി.ബി. യുടെ സഹായത്തോടെ കോൾഡ് ചെയിൻ പദ്ധതി തുടങ്ങുമെന്ന് പറഞ്ഞിരുന്നു. പദ്ധതി പ്രഖ്യാപിച്ചു, മത്സ്യം കരയിൽ എത്തിയാൽ റെഫ്രിജറേറ്റ് ചെയ്ത് മരവിപ്പിച്ച അതേ കണ്ടീഷനിൽത്തന്നെ ഉപഭോക്താക്കളുടെ മുന്നിലെത്തിക്കുമെന്നായിരുന്നു. ഇപ്പോൾ അതില്ലാത്തതിനാൽ ഫോർമലിൻ, അമോണിയ, യൂറിയ തുടങ്ങിയ ആന്റി സബ്സറ്റൻസസെല്ലാം അതിനകത്ത് ഉപയോഗിച്ചുകൊണ്ടിരിക്കുകയാണ്. 2013–14-ലെ ബഡ്ജറ്റ് ഇതിലും വിചിത്രമാണ്. 70-ാമത്ത പാരയിൽ മറൈൻ ആംബുലൻസ് സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. ഇതുവരെയും ഞങ്ങളാരും കണ്ടിട്ടില്ല. വീണ്ടും കഴിഞ്ഞ ആഴ്ചയിൽ ഒന്നുകൂടി പ്രഖ്യപിച്ചിട്ടുണ്ട് മത്സ്യത്തൊഴിലാളികൾ അത് എപ്പോൾ കാണുമെന്നത് അറിഞ്ഞാൽ കൊള്ളാം. പാരാ 72-ൽ 10 ഫിഷ് പ്രോസസിംഗ് സെന്ററുകൾ തുടങ്ങാൻ പത്ത് കോടിരൂപ പ്രഖ്യാപിച്ചുവെങ്കിലും ഒന്നിനെങ്കിലും ഭരണാനുമതി കൊടുക്കുകയോ ആരംഭിക്കുകയോ ചെയ്തിട്ടുണ്ടോയെന്നുള്ള അറിഞ്ഞാൽ കൊള്ളാമെന്നുണ്ട്. പാരാ 73-ൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് തുടങ്ങിയ ജില്ലകളിൽ മൂന്ന് ഫിഷ് മാളുകൾ തുടങ്ങുമെന്ന് പറ

ഞ്ഞിട്ടുണ്ട്. അതിനായി പത്ത് കോടിരൂപ പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. പരിപൂർണ്ണമായി എയർ കണ്ടീഷൻ ചെയ്ത ഫിഷ് മാർക്കറ്റുകൾ തുടങ്ങുന്ന തിനുള്ള ഭരണാനുമതി കൊടുത്തിട്ടില്ലായെന്നാണ് അറിയാൻ കഴിഞ്ഞത്. പാരാ 71-ൽ ഐസ് ആന്റ് ഫ്രീസിംഗ് പ്ലാന്റിന് മൂന്ന് കോടി രൂപ പ്രഖ്യാപിച്ചി ട്ടുണ്ട്. 90 ശതമാനം എൻ.എഫ്.ഡി.ബി.യുടെ സബ്സിഡിയുമുണ്ട്. ഇതുവ രെയും ഭരണാനുമതി ലഭിച്ചിട്ടില്ല. ടോക്കൺ പ്രൊവിഷൻ ആയിരം രൂപയാണ് വച്ചിട്ടുള്ളത്. പാരാ 110-ൽ 250 മോഡൽ ഫിഷ് ഫാംസ് തുടങ്ങുന്നതിനു വേണ്ടി അമ്പത് ലക്ഷംരൂപ മാറ്റിവച്ചിട്ടുണ്ട്. ഒരെണ്ണംപോലും ഇതുവരെ തുട ങ്ങുകയോ എ.എസ്. കൊടുക്കുകയോ ചെയ്തിട്ടില്ല. ഇതിന്റെ ഫണ്ടും കണ്ടിട്ടില്ല. പാരാ 111-ൽ അടിമലത്തുറയിലുള്ള മത്സ്യഗ്രാമത്തിന് വളരെ ബുദ്ധിമുട്ടി ഭരണാനുമതി ലഭിച്ചിട്ടുണ്ട്. നാലേമുക്കാൽ കോടിരൂപയാണ് ആവ ശ്യമായി വരുന്നത്. ഇതിനായി ഒരുകോടിരൂപ മാണി സർ ബഡ്ജറ്റ് അവതരി പ്പിച്ചപ്പോൾത്തന്നെ പ്രഖ്യാപിച്ചിട്ടുള്ളതാണ്. അതിൽ 74 ലക്ഷംരൂപ ഞാൻ അവിടെച്ചെന്ന് കുത്തിയിരിപ്പ് സത്യാഗ്രഹം നടത്തിയപ്പോൾ അതിനുള്ള ഫണ്ട് മാർച്ച് മാസം അവസാനം അനുവദിച്ചു. അതിനുശേഷം ഒരു പണിയും തുടങ്ങിയിട്ടില്ല. വിഴിഞ്ഞത്ത് ഫിഷ് ഡ്രൈയിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനു വേണ്ടി അമ്പത് ലക്ഷംരൂപ അനുവദിച്ചിരുന്നുവെങ്കിലും അതിനുശേഷം ഒന്നും നടന്നതായി അറിയാൻ കഴിഞ്ഞിട്ടില്ല. മത്സ്യത്തൊഴിലാളികൾക്ക് മാസം അഞ്ചൂറ് രൂപവച്ച് ഓണത്തിനും ക്രിസ്തുമസിനും ഈസ്റ്ററിനും ക്ഷേമ നിധി പെൻഷൻ കൊടുത്തിരുന്നു. അത് ആദ്യമായി മുടങ്ങിയത് കഴിഞ്ഞ ഈസ്റ്ററിനാണ്. വിദ്യാർത്ഥികളുടെ സ്റ്റൈഫന്റും ലംപ്സം ഗ്രാന്റും കഴിഞ്ഞ അക്കാദമിക് വർഷത്തിൽ മാത്രമല്ല, 2012-13-ലും 2013-14-ലുമായി 13 കോടി

രൂപ കൊടുക്കാനുണ്ട്. ഓരോവർഷവും 15 കോടിരൂപ കൊടുക്കാൻ വേണം. 9 കോടിരൂപ മാത്രമേ വകയിരുത്തിയിട്ടുള്ളൂ. ആരുടെ കണ്ണിൽ മണ്ണിടാനാണിത്. കുട്ടികളെ ഹോസ്റ്റലിൽനിന്ന് പുറത്താക്കികൊണ്ടിരിക്കുകയാണ്. തുമ്പ സെന്റ് സേവ്യേഴ്സ് കോളേജിലെ ഹോസ്റ്റൽ സ്റ്റൈഫന്റ് കൊടുക്കാത്തതുകൊണ്ട് അടച്ചുപൂട്ടി, അവിടെ താമസിക്കുന്നത് ഭൂരിഭാഗം കുട്ടികളും മത്സ്യത്തൊഴിലാളികളുടെ മക്കളാണ്. മാത്രവുമല്ല, രണ്ട് വർഷംവരെയും സ്റ്റൈഫന്റ് കിട്ടാതെയാണ് സെന്റ് സേവ്യേഴ്സ് കോളേജ് മുന്നോട്ടുകൊണ്ടുപോയത്. സ്റ്റൈഫന്റ് കിട്ടാത്തതുകൊണ്ട് ആൾ സെയിന്റ്സ് കോളേജും അടച്ചുപൂട്ടലിന്റെ വക്കിലാണ്. സർക്കാർ നേരിട്ട് സ്റ്റൈഫന്റ് സ്ഥാപനത്തിന് കൊടുക്കുകയാണ് ചെയ്യുന്നത്. ഫീസ് കുടിശ്ശിക വരുത്തിയതുകൊണ്ട് പല കോളേജുകളിൽ നിന്നും ടി.സി.യും മാർക്ക് ലിസ്റ്റും കൊടുക്കുന്നില്ല. ഹഡ്കോയുടെ 150 കോടി രൂപയുടെ ഭവനപദ്ധതി, ഇവിടെ പലതവണ സർക്കാർ പ്രഖ്യാപിച്ചതാണ് അപേക്ഷ ക്ഷണിച്ചുവെങ്കിലും ഒന്നും സംഭവിച്ചില്ല. എല്ലാ കുടിശ്ശികയും കൊടുത്തുതീർത്തെങ്കിൽ മാത്രമേ ഇനി പുതിയ വായ്പ നൽകൂവെന്ന് ഹഡ്കോ പറഞ്ഞിരിക്കുകയാണ്. അക്കാര്യത്തെ പറ്റി കൂടുതൽ അറിഞ്ഞാൽ കൊള്ളാം. തീരദേശ വികസന കോർപ്പറേഷന്റെ വിവിധ പ്രോജക്ടുകളുടെ പുരോഗതി വളരെ ശുഷ്ക്കമായാണ് നടക്കുന്നത്. 10 ഫിഷറീസ് ടെക്നിക്കൽ ഹൈസ്ക്കൂളിന്റ ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് 13-ാം ഫിനാൻസ് കമ്മീഷന്റെ അവാർഡിൽപ്പെടുത്തി നാൽപ്പത് കോടിരൂപ എൽ.ഡി.എഫ്. സർക്കാർ വകയിരുത്തിയിരുന്നു. മൂന്നുവർഷം കഴിഞ്ഞിട്ടും ഒരുരൂപ പോലും ഇൻവെസ്റ്റ് ചെയ്തിട്ടില്ല. വലിയതുറയിലുള്ള സ്കൂളിന്റെ ദയനീയാവസ്ഥ അറിഞ്ഞ് ശ്രീ. സി. മമ്മൂട്ടി എം.എൽ.എ. ചെയർമാനായ ഞങ്ങളുടെ നിയമ

സഭാ കമ്മിറ്റി അവിടെ വിസിറ്റ് ചെയ്യുകയും ഉദ്യോഗസ്ഥരുമായി തെളിവെടുക്കുകയും ഒരുപാട് ഡിപ്പാർട്ടുമെന്റുകളെ ക്രോഡീകരിച്ച് അതിൽ കൊണ്ടുവരാൻ നോക്കിയതുമാണ്. പക്ഷേ വർക്ക് ടെൻഡർ ചെയ്തെങ്കിലും ഫിനാൻസ് മിനിസ്റ്ററിൽനിന്ന് ഒരുരൂപപോലും കിട്ടിയിട്ടില്ല. കഴിഞ്ഞവർഷം ഏതാണ്ട് ഇയിനത്തിൽ വകയിരുത്തിയ തുകയിൽനിന്ന് 20 കോടിരൂപ ലാപ്സായിട്ടുണ്ടെന്ന വിവരം അറിയാൻ സാധിച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളികളുടെ മത്സ്യബന്ധന ഉപകരണങ്ങൾക്ക് കേടുപാടുകൾ വരുമ്പോൾ സർക്കാർ ഒന്നും കൊടുക്കുന്നില്ല. ആർ.ഐ.ഡി.എഫ്.ൽ 150 കോടിരൂപയ്ക്ക് തീരദേശ വികസനത്തിന്റെ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് പ്രഖ്യാപനമായെങ്കിലും അതിൽ എത്രരൂപ ചെലവഴിച്ചുവെന്ന് ജനങ്ങൾക്ക് അറിഞ്ഞാൽ കൊള്ളാം. വിഴിഞ്ഞം മദർപോർട്ട് പദ്ധതി നടപ്പിലാക്കുന്നതിൽ ഉണ്ടായിട്ടുള്ള കാലതാമസംമൂലം ഓരോനിമിഷത്തിലും രാജ്യത്തിന്റെ താൽപ്പര്യങ്ങളും ജനകീയ താൽപ്പര്യങ്ങളും ബലികഴിപ്പിക്കപ്പെടുകയാണ് ചെയ്യുന്നത്. ആരൊക്കെയാണ് പദ്ധതിക്ക് അനുകൂലം ആരൊക്കെയാണ് പ്രതികൂലമെന്ന് മനസ്സിലാക്കാൻ കഴിയാത്ത രീതിയിൽ നിഗൂഢതകൾ നിറഞ്ഞുനിൽക്കുകയാണ്. കൊളംബോ, ദുബായ്, സിംഗപ്പൂർ തുടങ്ങിയ തുറമുഖങ്ങളെ കേന്ദ്രീകരിച്ചുകൊണ്ടുള്ള ലോബികൾ അവയുടെ ഏജന്റുമാർ പലരൂപത്തിൽ പദ്ധതിക്കെതിരെ പ്രവൃത്തിച്ചുകൊണ്ടിരിക്കുകയാണ്. ഇറ്റാലിയൻ നാവികർ മത്സ്യത്തൊഴിലാളികളെ കൊലപ്പെടുത്തിയപ്പോൾ ഇവർക്കെതിരെ ശക്തമായ നടപടികൾ എടുക്കാൻ കഴിവില്ലാതെ പോയ, നമ്മുടെ രാജ്യത്തിന്റെ അന്തസ്സും അഭിമാനവും ഇറ്റലിക്ക് പണയപ്പെടുത്തിയ ഒരു സർക്കാരാണ് ഇപ്പോൾ ഭരിക്കുന്നത്. കാലാവസ്ഥാ വ്യതിയാനം മത്സ്യസമ്പത്തിനെ പ്രതികൂലമായി ബാധിക്കുക

യാണ്. പാർശ്വവൽക്കരിക്കപ്പെട്ടിരുന്ന മത്സ്യത്തൊഴിലാളികളെ അന്യവൽക്കരണത്തിലേയ്ക്കും പുറംതള്ളലിലേയ്ക്കും നയിക്കുന്ന തീരദേശ നിയന്ത്രണ നിയമം വൻകിട കോർപ്പറേറ്റുകളുടെ താൽപ്പര്യം സംരക്ഷിക്കാൻ വേണ്ടി മാത്രമായി ഉണ്ടാക്കിയതാണ്. ഭക്ഷ്യപദാർത്ഥങ്ങളിലും പച്ചക്കറികളിലും പഴവർഗ്ഗങ്ങളിലും മായംചേർക്കപ്പെട്ട ഈ ഭക്ഷ്യവസ്തുക്കൾ നമ്മൾ ഭക്ഷിക്കേണ്ടി വരുമ്പോൾ ഓരോ നിയോജകമണ്ഡലത്തിലും ഫുഡ് സേഫ്റ്റി ഓഫീസുകൾ ഉണ്ടാക്കാമെന്ന് പറഞ്ഞിട്ടുണ്ടെങ്കിലും അവിടെ ഉദ്യോഗ്ഥന്മാരെ ആരെയും നിയമിക്കാത്തതുകൊണ്ട് ഈ ഓഫീസുകളൊക്കെ പ്രവർത്തനരഹിതമായിരിക്കുകയാണ്. ബാർ ഹോട്ടലുകളുടെ നിലവാരത്തെക്കുറിച്ച് സ്ഥാനത്തും അസ്ഥാനത്തും ചർച്ച നടക്കുകയാണ്. ബാർ അറ്റാച്ച്ഡ് അല്ലാത്ത സാധാരണ ഭക്ഷണശാലകളും ഹോട്ടലുകളും-ഇവയുടെ നിലവാരത്തെ സംബന്ധിച്ച് നമുക്ക് ചർച്ച ചെയ്യണ്ടേ? മദ്യപാനം സൃഷ്ടിക്കുന്ന ആഘാതങ്ങൾ കേരള ജനതയെ ആകെ ധാർമ്മികമായ തകർച്ചയിലേയ്ക്കും നാശത്തിലേയ്ക്കും നയിച്ചുകൊണ്ടിരിക്കുകയാണ് ശ്രീ. അബ്ദുസ്സമദ് സമദാനി എം.എൽ.എ. അതുസംബന്ധിച്ച് ധാരാളമായി പറഞ്ഞു. അതുകൊണ്ട് ഞാൻ ആ വിഷയത്തിലേയ്ക്ക് കടക്കുന്നില്ല. സമ്പൂർണ്ണ മദ്യനിരോധനം തന്നെയാണ് ഏകപോംവഴി. അത് ക്രമേണ കൊണ്ടുവരാമെന്ന് പറഞ്ഞിട്ട് കാര്യമില്ല. ഉടനെത്തന്നെ പ്രഖ്യാപിക്കാൻ, ഇന്നല്ല, ഇന്നലെമുതൽ പ്രഖ്യാപിക്കുവാൻ പറ്റുമെങ്കിൽ അത് പ്രഖ്യാപിച്ചുകൊണ്ട് അതിനെതിരെ നടപടികളെടുക്കണം. അത് പ്രഖ്യാപിക്കുകയാണെങ്കിൽ ഇവിടെ വ്യാജമദ്യം ഉത്പാദിപ്പിക്കപ്പെടുമെന്നും കച്ചവടവും ഉപയോഗവും ഇതെല്ലാം തടയാൻ കഴിയാതെവരുമെന്ന് പറയുകയാണെങ്കിൽ ഒരു സർക്കാരിന്റെ പിടിപ്പുകേടാണ് അതിലൂടെ വ്യക്തമാക്കുന്നത്. ഇനി രണ്ടു

വർഷത്തിന് താഴെയാണ് ഈ സർക്കാരിന്റെ കാലാവധിയുള്ളത്. ഈ സമയത്ത് വകുപ്പുമന്ത്രിയും സർക്കാരും ഒന്നടങ്കം ഇതിനെതിരെ ശക്തമായ നടപടികൾ എടുത്തുകൊണ്ട് സമ്പൂർണ്ണ മദ്യനിരോധനം ഈ സഭയുടെ ഈ സമ്മേളനം അവസാനിക്കുന്നതിനുമുമ്പ് പ്രഖ്യാപിക്കണം എന്നുകൂടി ആവശ്യപ്പെട്ടുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ചുരുക്കുന്നു. ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്.

<u>{io. ]n.- kn. tPmÀPv</u>: kÀ, Rm³ Cu [\m-`yÀ°-\-Isf A\p-Iq-en-¡p-I-bm-Wv. Rm³ H¶p-c-v sNdnb Imcy-§-fmWv ]d-bp-¶-Xv. tÌäv dn{UskÂ t^mdhpw I¬kyq-aÀ t^mdhpw þ CXnÂ PnÃm-X-e-h³ DÄs¸sS aq¶v AwK-§-fm-WpÅ-Xv. {]kn-Uânsâ i¼fw Hcp e£¯n ap¸-Xn-\m-bn-cw cq]¡vv apI-fn-em-Wv. _m¡n c-v AwK-§fpw CtX tbmKy-X-bp-Å-h-cm-Wv. ]t£ AhÀ¡v 27,000 cq] i¼-fhpw 5,000 cq] Sn.-F.-bp-am-Wv e`n¡p-¶Xv. C{XbpwsIm-v apt¶m-«p-t]m-Im³ AhÀ¡v Ign-bn-Ã. skj³ PUvPn-bpsS dm¦mWv AhÀ¡v sImSp-¯n-cn-¡p-¶-Xv. h¡o-e³am-cm-bn-«p-Å-hÀ¡v {]mIvSokn\v t]mIm³t]mepw Ign-bn-Ã. _lp-am-\-s¸« a{´n AXv {]tXyIw {i²n-¡Ww. B c-v AwK-§-sf-

¡qSn hgn-bm-[m-c-am-¡msX AhcpsS i¼fw {]kn-Uânsâ
i¼-f-¯n\v Xpeyw sImSp-¯n-sÃ-¦nepw A\p-Iq-e-ambn
sImSp-¡p-¶-Xm-bn-cn¡pw KpW-Icsa¶ A`n-{]mbw Rm³
tcJ-s¸-Sp-¯p-I-bm-Wv. AXp-t]mse aÕy-_-Ô\ taJ-
e-bnÂ, aÕys¯ ]nSn¨v Poh-t\m-sS Atam-Wn-bbpw
sIan-¡epw tNÀ¶ shÅ-¯n-en-Sp-I-bm-Wv. a{´n {io.
sI. _m_p {]tXyIw {i²n-t¡- Hcp Imcy-am-WnXv.
aÕy-s^-Un\pw AXnÂ\n¶v tamN-\-an-sÃ-¶mWv F\n¡v
ASp¯Ime¯v In«nb dnt¸mÀ«v. Atam-Wn-bbpw sIan-
¡epwtNÀ¶ shÅ-¯nÂ aÕy-§sf Poh-t\msS ]nSn-¨n-«mÂ
Ipd¨v Ign-bp-t¼mÄ Ah shÅwIpSn¨v NmIp-I-bm-Wv. B
aÕy§Ä N¯mepw 25 Znh-k-t¯¡v B aÕy-¯n\v Hcp Ipg-
¸-hpw hcn-Ã. Ah Agp-Ip¶Xp-an-Ã. B aÕyw Ign-¡p¶
a\p-jyÀ¡v Iym³kÀ, InUv\n tcmKw F¶nh ]nSn-¡psa¶p-
ÅXv kXy-am-Wv. tIc-f-¯nÂ hym]-I-amb tXmXnÂ
aÕy-ta-J-e-bnÂ \S-¡p¶ hr¯n-tISv CXm-Wv. _lp-am-
\-s¸« a{´n-amÀ A¡mcyw {i²n-¡p-¶Xv \Ã-XmWv.
c-v a{´n-amÀ tNÀ¶pÅ hIp¸mb-Xp-sIm--mWv Rm\nXv
]d-bp-¶-Xv. AXp-t]mse Xan-gv\m-«nÂ\n¶v t]m¯ns\
sIm-p-h-cp-¶p--v. A§s\ sIm-p-h-cp¶ t]m¯n\v Hcp

Ip¯n-hbv]v FSp-¡p-¶p--v. F´mWv Ip¯n-h-bv¡p-¶-sX¶v F\n¡v Adn-bn-Ã. B Ip¯n-h-bvt]m-Sp-IqSn t]m¯nsâ InUv\n \jvS-s¸-SpI-bm-Wv. tIc-f-¯nÂ sIm-p-h¶v AXn\v D¸p-shÅw IqSnsImSp-¡pw. InUv\n \jvS-s¸-«-Xn-\mÂ aq{Xw t]mIn-Ã. Hcm-gvN-sIm-v InUv\n-bpsS {]hÀ¯\w Xocp-I-bm-Wv. 50 Intem-`mcapÅ t]m¯v Hcm-gvN-sIm-v 75 Intem `mc-ap-ÅXmIpw. càhpw hmÀ¶pt]mIn-Ã. AXpw `£-W-ambn sImSp¯v a\p-jys\ sIm¶p-sIm--n-cn-¡p-I-bm-Wv. B \nebv¡v Cu c-v Imcy-¯nepw c-v a{´n-amÀ¡v {]tXy-I- {i²-bp--m-IWsa¶mWv Fsâ At]-£. tlm«-ep-I-fnsems¡ sdbvUv \S¯n ]nSn-¡p¶p F¶ henb hmÀ¯-I-fmWv ]{X-§fnÂ hcp-¶Xv. F¶mÂ ]ntä-Zn-hkhpw AtX coXn-bnÂ¯s¶ tlm«-ep-I-fn-sems¡ \S-¡p¶p F¶-XmWv Gähpw ZpxJI-c-amb kw`hw. B Imcy-¯nÂ hfsc hyà-amb ImgvN-¸m-tSm-Sp-IqSn IqSp-XÂ sdbvUp-IÄ kwL-Sn-¸n-¨p-sIm-v `£y-]-ZmÀ°-¯n-epÅ Cu hym]-I-amb ]cn-]mSn Ah-km-\n-¸n-¡m-\pÅ {iaw \S-¯-W-sa-¶mWv F\n¡v {][m-\ambpw ]d-bm-\p-Å-Xv. F{Xtbm kpµ-c-am-bn-«mWv \ap¡v B¸nÄ e`n-¡p-¶-Xv. B B¸nÄ

apgp-h³ sagp-Im-Wv. F´p-sIm-v AXv XS-bm³ Ign-bp-¶n-Ã. B B¸nÄ Ign-¨mÂ henb A]-I-S-amWp-mIp¶Xv. hnjw Xn¶p-X-s¶ tIc-f-¯nse a\p-jyÀ apgp-h³ Ns¯m-Sp-§m³ t]mIp-I-bm-Wv. F´p-sIm-v \ap¡v ià-amb \S-]Sn kzoI-cn-¡m³ Ign-bp-¶n-Ã F¶-Xn-s\-¸än hfsc Kuc-h-ambn Btem-Nn-¡-Wsa¶mWv F\n¡v ]d-bp-\p-Å-Xv. AXp-t]mse cPn-kvt{S-j³ hIp-¸n-s\-¸än Hcp sNdnb Imcyw Rm³ kqNn-¸n-¡p-¶p. Ft¸mgpw Btcm-]W hnt[-b-am-Ip¶ Hcp hIp-¸m-Wn-Xv. Hcp a{´nsb¶ \ne-bnÂ {io. A\q]v tP¡_v hfsc ià-amb \ne-]m-Sp-IÄ kzoI-cn¨v apt¶m-«p-t]m-Ip-¶p--v. AXns\ Rm³ A`n-\-µn-¡p-I-bm-Wv. A©Â k_v cPn-kv{SmÀ B^o-knÂ am{Xw 10 hÀj-¯n-\n-S-bnÂ Htc hyàn-bpsS t]cnÂ 302 B[m-c-§Ä \S-¯n-bn-«p--v. FÃmw hne Ipd-¨mWv ImWn-¨n-cn-¡p-¶-Xv. hnh-cm-h-Imi \nba {]Imcw Hcp ]{X-{]-hÀ¯-I\v e`n¨ hnh-cw Fs¶ ImWn-¨-t¸m-gmWv Rm\Xv I--Xv. AXv hfsc {i²n-¡-W-sa¶v A§sb Adn-bn-¡p-¶p. AXp-t]mse aÕy-ta-J-e-bpsS hnI-k-\-¯n\pw t£a-¯n-\p-ambn ]Ww hn\n-tbm-Kn-¡p-¶p-s--¦nepw _lp-am-\-s¸«

a{´n {io. sI. _m_p  hfsc \Ã hnP-b-amWv D-m-¡n-bn-«p-Å-Xv. A¡m-cy-¯nÂ Bcv XÀ¡w ]d-ªmepw B XÀ¡-¯n\v Rm³ X¿m-d-Ã.  CRZ (Coastal Regulation Zone)  ]cn[n \nÝ-bn-¨Xv aÕy-s¯m-gn-em-fn-Isf  CXnÂ¸cw A]-am-\n-¡m-\p-t-m?  IS-temc taJ-e-bnepw ImbÂ Xoc-¯p-apÅ ]mh-s¸« aÕys¯mgn-em-fn-IÄ¡v Gähpw henb A]-I-S-I-c-ambn amdn-bn-cn-¡p-¶-XmWv CRZ ]cn[n. A§s\X-s¶-bmWv IkvXqcn cwK³ dnt¸mÀ«pw. ae-tbm-c-ta-J-e-bn-epÅ IÀj-I-tcbpw ISÂþImbtemc taJ-e-bn-epÅ ]mh-s¸« aÕy-s¯m-gn-emfnItfbpw Pohn-¡m³ k½-Xn-¡n-Ã.  aq¶ptImSn ap¸-¯n-sbm¶pe£w P\-§-fpÅ tIc-f-¯nÂ AhÀ Fhn-sS-t¸mbn Xma-kn-¡pw;  Fhn-sS-A´n-bp-d-§pw. Hcp hn[-¯nepw Pohn-¡m³ k½-Xn-¡m¯ \nb-a-§-fp-ambn t]mIp-t¼mÄ AXn-s\-Xnsc ià-ambn {]Xn-I-cn-¡m-\pÅ _m²yX tIc-f-¯nse apgp-h³ cmjv{Sob {]hÀ¯-IÀ¡p-aps-¶p-X-s¶-bmWv  Fsâ A`n-{]m-bw.  \ap-¡Xv £an-¡m³ Ign-bp-¶-X-Ã.  AXn-s\Xnsc ià-amb \ne-]mSpIÄ kzoI-cn-¨p-sIm-v ]mh-s¸« aÕy-s¯m-gn-emfnIsf kwc-£n-¡m-\pÅ \S-]Sn kzoI-cn-¡-Ww.  aÕy-s¯m-gn-em-fn-I-fpsS `h\

\nÀ½m-W-¯nsâbpw Ah-cpsS BtcmKy {]iv\¯nsâbpw Imcy-¯nÂ IqSp-XÂ {][m\yw sImSp-t¡---Xm-bn-«p--v. aZy-¯n-te¡v IS-¡p-t¼mÄ Gähpw {][m-\-s¸«Xpw AXp-X-s¶-bm-Wv. Ahsc aZy-¯nÂ ap¡ns¡mÃp-I-bm-Wv. AXnÂ\n¶v IqSp-XÂ c£t\Sm³ Ign-bp¶ kml-Ncyw krjvSn-¡m³ Ign-bptam F¶Imcyhpw {i²n-t¡---Xm-bn-«p-s-¶mWv F\n¡v ]d-bm-\p-Å-Xv. k¼qÀ® aZy-\n-tcm-[\sa¶v ]d-bp-t¼mÄ I¿-Sn-¡m³ Cu k`-bv¡-I¯pw ]pd¯pw [mcmfw Bfp-Ifp-v. Ah-km\w ]dªv \nÀ¯p-t¼mÄ CXn\v hbm-þao-Unb Is--¯Wsa¶-XnÂ Ah-km-\n-¡p-¶p. aZyw F¶v Ah-km-\n-¸n-¡-W-sa¶v ]d-b-t-? hn¹h {]kw-K§Ä \S-¯p¶-Xp-sIm-v hfsc hn\-b-t¯m-Sp-IqSn Rm³ tNmZn-¡p¶p, \n§-fpsS a\xÊm£n A\p-k-cn-¨mtWm k`-bnÂt¸mepw kwkm-cn-¡p-¶-Xv? FÃm-hcpw aZyw \nÀ¯-em-¡-W-sa-¶mWv ]d-ª-Xv. aZyw \nÀ¯-em-¡-t«m-sb¶v tNmZn-¨mÂ DSs\ \nÀ¯em¡-s-¶v ]-d-bpw. ]ns¶ Ft¸m-gmWv \nÀ¯p-I; hkvXp-Xm-]-c-ambn Imcy-§Ä hni-I-e\w sN¿-t-; shdpsX hÀ¯-am\w ]d-ªn«v Imcy-ap-t-m; aZyw \nÀ¯em¡-W-sa¶v ]-d-ªmÂ F§s\ \nÀ¯pw? aZy-sa-¶p-]-d-bp¶Xv Hcp

ioe-a-tÃ.    Nmb-IpSn  P\-§-fpsS  Hcp  ioe-amWv,
ae-bm-fn-I-fpsS    kz`m-h-¯nsâ  {]tXy-I-X-bm-Wv.
Nmb-Ip-Sn-¨n-sÃ-¦nÂ   a\p-jy³   N¯p-t]m-Ip-tam;
ae-bm-fn-I-sfÃmw cmhnse Fgp-t¶Â¡p-t¼mÄ Nmb IpSn-
¡pw.   Ipäw ]d-ªn«v Imcy-an-Ã, AsXmcp ioe-am-Wv.
knK-däv hen¡p¶Xv Hcp ioe-am-Wv.    AXv \nÀ¯m³
km[n-¡pw.  AXp-t]mse aZyw ioe-ambn amdn-b-Xm-Wv.
aZyw  ioe-ambn  amdn-bn-cn-¡p¶  C¶s¯    Xe-ap-d-
bnepÅhsc    AXnÂ\n¶v  tamNn-¸n-¡msa¶v  Nn´n-¨n«v
Imcy-ap-t-m?   B ioew amäm³ Ign-bn-Ã.   tIc-f-
¯nse  ae-bmfnIsf  kw_-Ôn-¨n-S-t¯mfw   aZy-s¯-¸än
Hc-`n-{]m-b-ap--v.  ae-bm-fn-IÄ ]-v apXÂ aZy-]n-
¨n-cp-¶p.   ]t£ As¶ms¡ B aZy-¯n\v Hcp am\y-X-bp-
-m-bn-cp-¶p.   hfsc hyà-ambn \½p-sS- Imc-W-h³amÀ
]d-ªn-«p--v.  ]t£ B aZyioew amdn Ct¸mÄ  aZy-amWv
PohnXsa¶v h¶-tXm-Sp-Iq-Sn-bmWv   aZyw A]-I-S-¯n-
te¡v  h¶-Xv.     A¶v  aZy-]n¨v  lmÀ«v  Aäm¡v  ht¶m
]pgpIn  N¯tXm  Bb  Imc-W-h³a-sc-sbm¶pw  tIÄ¡m-\n-Ã.
A¶v  hfsc  hyà-ambn  ]d-ªn-cp-¶p  þ   ]I-e-cp-Xv  þ
]I-enXv IpSn-¡-cp-Xv,  ]e-c-cpXv þ  ]ecpw tNÀ¶v

IpSn-¡-cp-Xv, ]g-a-cpXv þ Cu Iq«-¯nÂ ]gw Ign-¡-cp-Xv, ]e-XcpXv þ ]eXpw Hcp-an¨v tNÀ¯v IpSn-¡-cpXv þ IÅpw Nmcm-bhpw {_m-nbpw FÃmw-IqSn Hcp-an¨v IpSn-¡-cp-Xv. ]I-e-cp-Xv, ]e-X-cp-Xv, ]g-a-cp-Xv, ]e-c-cpXv AtXm-sSm¸w ]d-bp¶Xv ]d-b-cpXv þ IpSn-¡p-¶Xv BtcmSpw ]d-b-cp-Xv. CXmWv Imc-W-h³amÀ¡v A¶p--m-bn-cp¶ A`n-{]m-bw.

ഡോ. എൻ. ജയരാജ്: സർ, അങ്ങ് ഇവിടെ സൂചിപ്പിച്ചത് മലയാളികളുടെ മദ്യപാനത്തിന്റെ പഞ്ചശീലതത്വത്തെക്കുറിച്ചാണെന്ന് തോന്നുന്നു. എന്റെ പിതാവ് ഒരുകാലത്ത് എക്സൈസ് വകുപ്പ് കൈകാര്യം ചെയ്ത ഒരാളാണ്. 1976–ൽ നിയമസഭയിലുണ്ടായിരുന്ന ശ്രീ. കെ. പി. രാജേന്ദ്രൻ അദ്ദേഹത്തിന്റെ നാട്ടിൽപ്പോയി കള്ള് മദ്യമല്ലായെന്നുപറഞ്ഞത് അന്ന് വലിയ വാർത്തയായി. പക്ഷെ, അങ്ങ് പറഞ്ഞത് ഒരു യാഥാർത്ഥ്യമാണ്. മദ്യപാനം പൂർണ്ണമായി കേരളത്തിൽ നിരോധിക്കാൻ കഴിയുമെന്നുള്ളത് നമുക്ക് വെറുതെ ആലങ്കാരികമായി പറയാമെന്നല്ലാതെ പ്രായോഗികമായ തലത്തിലേക്ക് കൊണ്ടുവരാൻ കഴിയുകയില്ല. നമ്മുടെ പൂർവ്വികന്മാരൊക്കെ ഇതൊക്കെ കഴിച്ചിട്ടുണ്ടായിരുന്നു. ചങ്ങമ്പുഴ കള്ളിനെക്കുറിച്ച് വളരെ മനോഹരമായ ഒരു കവിതയെഴുതിയിട്ടുണ്ട്. നിങ്ങൾ കേട്ടിട്ടുണ്ടോയെന്നറിയില്ല.

"വെള്ളം ചേർക്കാതെടുത്തോരമൃതിനുസമമാം നല്ലിളംകള്ള്
ചില്ലിൻഗ്ലാസ്സിൽ പകർന്ന് അതിരുചികരമാം മത്സ്യമാംസാദികൂട്ടി
ചെല്ലുന്തോറും ചെലുത്തി ചിരികളികൾ തമാശമൊത്തുംമേളിപ്പതേക്കാൾ

സ്വർലോകത്തിൽ ലഭിക്കുകയില്ലുപരിയൊരുസുഖം പോകവേദാന്തമേ"

ചങ്ങമ്പുഴയുടെ ഈ വരികളോട് യോജിക്കുന്നുണ്ടോയെന്നാണ് ഞാൻ ചോദിക്കുന്നത്.

ശ്രീ. പി. സി. ജോർജ്: സർ, ഡോ. ജയരാജ് ഈ കവിതയൊക്കെ ചൊല്ലിക്കൊടുത്ത് ഇതൊരു മദ്യാസക്തിക്കുള്ള പ്രചോദനമായി മാറും എന്നു പറയാതിരിക്കാൻ പറ്റില്ല. പക്ഷെ, കള്ളിനെ മദ്യമായി കാണേണ്ട. ഞാനൊന്നു ചോദിക്കട്ടെ. മലയാളികളുടെ ശീലം രാവിലെ ഒരു ചായകുടിക്കണമെന്നതാണ്. അതൊരു ശീലമാണ്. ആ ശീലം മാറ്റിയെടുക്കാൻ ചിലരൊക്കെ വിചാരിച്ചാൽ നടക്കും. മനുഷ്യശരീരമെന്നു പറയുന്നത്, പ്രതിരോധിക്കാനും സംരക്ഷിക്കാനും നമ്മൾ ബാധ്യസ്ഥരാണ്. പകൽ ശരീരം സംരക്ഷിക്കണമെന്ന് വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. ശരീരം രക്ഷിക്കണമെങ്കിൽ പിശാചും വിഷവും ചേർന്ന മദ്യത്തെ ഉപക്ഷേിക്കുകയാണ് നല്ലത്. മനുഷ്യശരീരത്തെ രക്ഷിക്കാൻ പിശാചും വിഷവും ചേർന്നുള്ള മദ്യത്തിൽ നിന്ന് മോചനം വേണം. ഇവിടത്തെ പ്രശ്നമതല്ല, 418 ബാറുകൾ പൂട്ടിയിട്ടു. വലിയ പ്രശ്നമായിരിക്കുകയാണ്. 323 ബാറുകൾ ഇവിടെയുണ്ട്. ആ 323 ബാറുകളുടെ............. ഹോട്ടലുകൾ മുഴുവൻ പൂട്ടണമെന്ന് പറയുമ്പോൾ ഞാനതിലേക്ക് വരാം, ഈ 323 ബാറുകളുടെ വരുമാനം എത്രയാണ് കൂടിയത്. ശ്രീ. കെ. ബാബു അടക്കമുള്ള മന്ത്രിമാർ ഇവിടെ പറഞ്ഞല്ലോ, 184% ബിവറേജസ് കോർപ്പറേഷന് വർദ്ധനവുണ്ട്. മദ്യാസക്തിയിൽനിന്ന് ആരു മാറി? 418 ബാറുകൾ പൂട്ടിയിട്ടും മദ്യാസക്തിയിൽനിന്ന് ആരെങ്കിലും മാറിയിട്ടുണ്ടോ? മദ്യം കൂടുകയാണ്, എന്തുകൊണ്ട്, ബാർ ഹോട്ടലിൽപ്പോയി കുടിച്ചിരുന്ന മദ്യം, അന്ന് 100 രൂപയ്ക്ക് 10 മില്ലിയാണെങ്കിൽ ഇപ്പോൾ 100

രൂപ കൊടുത്താൽ 25 മില്ലി കിട്ടും. മനുഷ്യൻ കുടിച്ച് ചാകുകയാണ്. മദ്യം വിഷമാണ്, മദ്യം നിർത്തണം. വളരെ വ്യക്തമായി പറയാൻ ഞാനാഗ്രഹിക്കുകയാണ്. മദ്യാസക്തി, ഈ ആസക്തിയിൽനിന്നും മനുഷ്യരെ രക്ഷിക്കണം. ഈ ശീലത്തിൽനിന്ന് മനുഷ്യരെ രക്ഷിക്കണം. ഇപ്പോൾ ഒരു സംഭവമുണ്ടല്ലോ, ഞാനും നിങ്ങളും നമ്മുടെ മക്കളും ഉൾപ്പെട്ട ഒരു സമൂഹമുണ്ടല്ലോ. ഈ സമൂഹത്തെ ഉപദേശിച്ച് നന്നാക്കാൻ നോക്കണ്ട. ഇതങ്ങു പോട്ടെ, എവിടെയെങ്കിലും പോയി തുലയട്ടെ എന്ന് തീരുമാനിച്ചാലും വേണ്ടില്ല. കുടിക്കുകയോ കുടിക്കാതിരിക്കുകയോ ചെയ്യട്ടെ. പക്ഷെ അടുത്ത തലമുറയെ രക്ഷിച്ചുകൊണ്ട് മലയാളിസമൂഹത്തിന് രക്ഷപ്പെടാൻ കഴിയുമോ? നമ്മൾ ആലോചിക്കണം, അതിനെന്താ ചെയ്യേണ്ടത്? എൽ.കെ. ജി.യിൽ തുടങ്ങണം. ഇവിടെ പ്രസംഗിച്ചതുകൊണ്ട് മാത്രമായില്ല. എൽ.കെ. ജി.യിലും യു.കെ.ജി.യിലും തുടങ്ങണം. അവിടം മുതൽ കുഞ്ഞുങ്ങളെ പടിപടിയായി മദ്യത്തിന്റെ ദൂഷ്യവശങ്ങൾ, അതിന്റെ അപകടകരമായ വശങ്ങൾ, കുടുംബപശ്ചാത്തലത്തിലുണ്ടാകുന്ന പ്രശ്നങ്ങൾ ഇതൊക്കെ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തണം. അങ്ങനെ ഒരു തലമുറ വളർന്നുവരുമ്പോൾ കേരളം മദ്യത്തിൽനിന്ന് രക്ഷപ്പെടും. അല്ലാതെ രക്ഷപ്പെടുമെന്ന് പറഞ്ഞ് നമ്മൾ ഓടി നടന്നിട്ട് കാര്യമില്ലായെന്നുതന്നെയാണ് എന്റെ അഭിപ്രായം. അതുകൊണ്ട്.................

<u>ശ്രീ. വി. എസ്. സുനിൽ കുമാർ:</u> സർ, അവസാനം പറഞ്ഞ പുതിയ തലമുറയെ മദ്യപാനശീലത്തിൽ നിന്ന് മാറ്റുന്നതിനുവേണ്ടി ഇത് എൽ.കെ.ജി. മുതൽ സിലബസിന്റെയും കരിക്കുലത്തിന്റെയും ഭാഗമാക്കി മാറ്റിക്കൊണ്ടുള്ള ഒരു ശക്തമായ ഇടപെടൽ നടത്തണമെന്നുപറഞ്ഞ അങ്ങയുടെ നിർദ്ദേശം

സ്വാഗതാർഹമാണ്. അതിന് 418 ബാറുകൾ അടച്ചുകൊണ്ട് മദ്യപാനത്തിനെതിരായിട്ടുള്ള പോരാട്ടം അവസാനിച്ചുവെന്ന് തെറ്റിദ്ധരിക്കുന്ന ഈ ഗവൺമെന്റ് നയത്തോട് യോജിക്കുന്നുണ്ടോ? അങ്ങ് പറയുന്നപോലെ സർക്കാർ മദ്യപാനത്തിനെതിരായി നീങ്ങാനുദ്ദേശിക്കുന്നുണ്ടെങ്കിൽ അടിസ്ഥാനപരമായി ന്യൂ ജനറേഷനെ ഇതിൽനിന്ന് മാറ്റുന്നതിനുവേണ്ടി, മദ്യപാനശീലം ഒഴിവാക്കുന്നതിനുവേണ്ടി, എൽ.കെ.ജി. മുതൽ സിലബസിന്റെയും കരിക്കുലത്തിന്റെയും ഭാഗമാക്കി മാറ്റാൻ സർക്കാരിനോട് ചീഫ് വിപ്പ് എന്നുള്ള നിലയിൽ അങ്ങ് പറയുമോ?

ശ്രീ. പി. സി. ജോർജ്: സർ, ഇതിന് എന്തിനാ സുനിൽ കുമാറേ ഒരു ചീഫ് വിപ്പ്..... നമ്മൾ എം.എൽ.എ.മാരെല്ലാംകൂടി തീരുമാനിച്ചാൽ പോരെ. സ്ഥാനത്തിന്റെ അപ്പുറത്ത് മനുഷ്യതത്വത്തിന്റെ പ്രശ്നമാണിത്. എൽ.കെ.ജി., യു.കെ.ജി. ക്ലാസ്സുകളിൽ കുഞ്ഞുങ്ങൾക്ക് മദ്യപാനത്തിന്റെ ദൂഷ്യവശങ്ങൾ മനസ്സിലാക്കത്തക്കരീതിയിലുള്ള പാഠ്യപദ്ധതിയുൾപ്പെടുത്തിക്കൊണ്ടുള്ള ശ്രമം നടത്തിയാൽ ആ കുഞ്ഞുങ്ങൾ 14–15 വയസ്സാകുമ്പോഴെങ്കിലും മദ്യത്തിൽനിന്ന് മോചനമുള്ള ഒരു സമൂഹം കേരളത്തിലുണ്ടാകും. ഇവിടെ മദ്യത്തിനെതിരെ 418 ബാറുകൾ പൂട്ടണമെന്ന് പറഞ്ഞ് നടക്കുക. പൂട്ടണമെന്നുപറയുന്നവരോട് ഒറ്റയ്ക്ക് ചോദിച്ചാൽ പറയും, അവിടെ ഒരു പത്തിരുപത് കോടിരൂപ കടത്തിലാണ്, അത് കൊടുത്താൽ കുഴപ്പമില്ലാന്ന് പറയും. പിന്നെയെങ്ങനെ നന്നാകും? എവിടെയെങ്കിലും ഒരു തീരുമാനം വേണം. 323 ബാറുകൾക്കല്ലേ ഇത്ര പ്രാധാന്യം. ബഹുമാനപ്പെട്ട ബാബു മന്ത്രിയോട് പറയുന്നു, ആ 323 ബാറുകളും യാതൊരുവിധ മാന്യതയുമില്ലാതെ പ്രവർത്തിക്കുന്നു. ഒരു നിയമത്തിനും ബാധകമല്ലാതെ പ്രവർത്തിക്കുന്ന ബാർ

ഹോട്ടലുകളുണ്ട്. അത് അടച്ചുപൂട്ടാനുള്ള നടപടി എന്തുകൊണ്ട് സ്വീകരിക്കാൻ കഴിയുന്നില്ല? അത് അടച്ചുപൂട്ടട്ടെ, ബിവറേജസ് കോർപ്പറേഷന്റെ ഔട്ട്ലെറ്റുകൾ രാജ്യം മുഴുവനും ഇല്ലേ, ഞാൻ എത്ര പ്രാവശ്യം ആവശ്യപ്പെടുന്നു? സംസ്ഥാന ഹൈവേയിലും നാഷണൽ ഹൈവേയിലുള്ള ബിവറേജസ് കോർപ്പറേഷന്റെ മുഴുവൻ ഔട്ട്ലെറ്റുകളും പൂട്ടട്ടെ, അത്രയും കുറവുണ്ടാകും. ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ പറയാനാഗ്രഹിക്കുന്ന പ്രധാനപ്പെട്ട കാര്യം, ഈ ചാരായമോ ബ്രാൻഡിയോ മദ്യമല്ല. ബഹുമാനപ്പെട്ട ശ്രീ.എ. കെ. ആന്റണി വളരെ തന്റേടത്തോടെ ചാരായം നിരോധിച്ചു നമ്മൾ എല്ലാം സപ്പോർട്ട് ചെയ്തതാണ്. മദ്യപാനം കുറഞ്ഞോ കൂടിയോ, അന്ന് 275 കോടി രൂപ ഖജനാവിൽ വന്നെങ്കിൽ ഇന്ന് ഖജനാവിൽ പതിനായിരം കോടി രൂപയായി. ശ്രീ. എ. കെ. ആന്റണി നോക്കിയിട്ട് മദ്യപാനം ഇല്ലാതായോ? മദ്യപാനത്തിനെതിരായിട്ടുള്ള ബോധവൽക്കരണപരിപാടികളുമായി മുന്നോട്ട് പോകണം. ഇതിലും അപകടകരമായ കാണുന്ന ഒരു കാര്യം ഞാൻ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഇപ്പോൾ മയക്കുമരുന്ന്, നിങ്ങളിൽ എത്രപേർക്ക് അറിയാമെന്നറിയില്ല. ഇപ്പോൾ സ്റ്റിക്കർ ഇറങ്ങിയിട്ടുണ്ട്. സ്റ്റിക്കർ നാക്കിൽ ഒട്ടിച്ചാൽ മതി. ഇത് പെൺകുട്ടികളുടെ ഇടയിലാണ് വ്യാപകമായിരിക്കുന്നത്. സ്വന്തം പിതാവിന്റെ പരാതി പോലീസ് സ്റ്റേഷനിൽ ചെന്നപ്പോഴാണ് നമ്മൾപോലും അറിയുന്നതെന്നോർക്കണം. അ സ്റ്റിക്കർ ഒരു കുഞ്ഞിന്റെ നാക്കിൽ തൊട്ടാൽ ആ കുഞ്ഞ് സെക്സ് മാനിയേക്കാവുകയാണ്. പെൺകുഞ്ഞുങ്ങളെ നശിപ്പിക്കുകയാണ്. ഒരു പിതാവിന്റെ പരാതി പോലീസ് സ്റ്റേഷനിൽ എത്തിയിട്ടുണ്ട്. അപ്പോഴാണ് ഇത് പുറത്തായത്. അല്ലാതെ എങ്ങനെ കണ്ടെത്താൻ കഴിയും? അപ്പോൾ മദ്യവും മയക്കുമ

രുന്നും ഈ രാജ്യത്തെ വലിയ അപകടകരമായ നിലയിലേക്ക് കൊണ്ടുപോകുകയാണ്. അതിൽനിന്ന് മോചനമുണ്ടാക്കാനുള്ള മാർഗ്ഗം സ്വീകരിക്കാമെന്നതിനെപ്പറ്റി വളരെ ശക്തമായി ആലോചന നടത്തണമെന്നാണ് എന്റെ അഭിപ്രായം. ഞാൻ ചോദിക്കട്ടെ, ഇവിടത്തെ എല്ലാ രാഷ്ട്രീയ കക്ഷിനേതാക്കൻമാരെയും മന്ത്രി ബാബുവിന് വിളിക്കാൻ പാടില്ലേ; കെ.പി.സി.സി. പ്രസിഡന്റ് സുധീരനുൾപ്പെടെ എല്ലാ കക്ഷിനേതാക്കന്മാരെയും വിളിക്കണം. മദ്യത്തിനെതിരെ പ്രസംഗിക്കുന്ന നമ്മുടെ മതമേലദ്ധ്യക്ഷന്മാർ മുസ്ലീം, ഹിന്ദു, ക്രിസ്ത്യൻ നേതാക്കന്മാരെയെല്ലാം വിളിക്കണം. എങ്ങനെ മദ്യം നിർത്താൻ കഴിയുമെന്ന് അവിടെ വച്ചൊരു തീരുമാനമെടുക്കണം. ബ്രിട്ടീഷുകാരൻ അല്ലെങ്കിൽ ഇംഗ്ലണ്ടിലുള്ളവൻ, ഇറ്റലിയിലുള്ളവർ അവരും മദ്യം ഉപയോഗിക്കാറുണ്ട്. അവർ ഉപയോഗിക്കുന്നത് വൈനാണ്. അവർ വൈൻ ഉപയോഗിക്കുമ്പോൾ അതിനകത്ത് ആൽക്കഹോൾ കണ്ടന്റ്സ് എന്നുപറയുന്നത് 7% അല്ലെങ്കിൽ 8% ആണ്. ഇവിടെ നമ്മൾ ഉപയോഗിക്കുമ്പോൾ 42% ആണ്. എന്തുകൊണ്ട് ആൽക്കഹോൾ കണ്ടന്റ്സ് കുറയ്ക്കാൻ പാടില്ല. അങ്ങനെ കുറച്ചാലെങ്കിലും മനുഷ്യശരീരത്തിൽനിന്ന് ആൽക്കഹോൾ ഒഴിവാക്കിക്കൊണ്ടുപോകാൻ കഴിയില്ലേ, മനുഷ്യൻ മരിക്കാതിരിക്കാനുള്ള സാഹചര്യം സൃഷ്ടിക്കാൻ കഴിയില്ലേ? അത് ഗവൺമെന്റ് വിചാരിച്ചാൽ നടക്കുമല്ലോ. അതുകൊണ്ട് ഉടനെതന്നെ ഒരു തീരുമാനം വേണം. രണ്ടുമാസം കൊണ്ട് എവിടെ ചെന്നാലും ഈ 418 ബാറുകളുടെ കാര്യമേ കേൾക്കാനുള്ളൂ വേറെ ഒരു കാര്യവും ഈ രാജ്യത്തില്ലേ. ഞാൻ റേഷനരിയെക്കുറിച്ച് ഒരു വാക്ക് പറയാം. ഇവിടെ സ്ഥിരമായി പ്രതിപക്ഷത്തിന്റെ ആരോപണം അരി വില കൂടി, റേഷനരി മോശം എന്നാണ്. ഞാൻ കഴിഞ്ഞ ദിവസം 5 റേഷൻകടക

ളിൽ കയറി. എല്ലാ കടകളിലെയും അരിയെടുത്ത് ഞാൻ പരിശോധിച്ചു. സത്യത്തിൽ നമ്മുടെ വീട്ടിൽ വാങ്ങുന്ന ഏറ്റവും വിലകൂടിയ അരിയെക്കാൾ നല്ല അരിയാണ് റേഷൻകടയിൽ കിട്ടുന്നത്. നമ്മുടെ ആളുകൾ പോകുകയില്ല. നമ്മുടെ ഒരു സ്വഭാവം ഞാൻ പറഞ്ഞതാണ്. അതുകൊണ്ട് മദ്യത്തിനെതിരെ യുള്ള...........കഴുകി നോക്കി പൊന്നുമോനേ നീ ഒന്നു ചെന്ന് നോക്ക്, ബഹു മാനപ്പെട്ട എം.എൽ.എ. ഒന്നുപോയി നോക്ക്, നല്ല അരിയാണ് റേഷൻകട യിൽ ഒന്ന് മേടിച്ച് തിന്ന്, പിന്നെ വേറെ ഒരു അരിയും വാങ്ങാൻ പോകില്ല. ഞാനാ പറയുന്നത്. ആ ഉപദേശം സ്വീകരിച്ചോ ഗുണം കിട്ടും. ഞാൻ റേഷൻകടയിൽത്തന്നെയാണ് പോയി നോക്കിയത്. എനിക്ക് കളവുപറയുന്ന ഏർപ്പാടില്ല. ഞാൻ പറഞ്ഞുവന്നത് 418 ബാറുകൾ എന്നുള്ള പ്രശ്നം പരിഹ രിക്കണം. ആര് എന്തു പറഞ്ഞാലും........... ഇതു മുഴുവനും പൂട്ടുന്നതിന് ഞാൻ അനുകൂലിക്കുന്നയാളാണ്. ഞാൻ നല്ലവണ്ണം മദ്യം ഉപയോഗിച്ചിരുന്ന യാളാണ്. ഞാൻ പഠിക്കുന്ന കാലത്ത് വെള്ളമടിക്കുമായിരുന്നു. എന്താ ഒളി ച്ചുവയ്ക്കുന്നത്, വലിയ വിപ്ലവമൊന്നും പറയാൻ ഞാനില്ല. അത് തെറ്റാ ണെന്ന് തോന്നിയപ്പോൾ നിർത്തി എല്ലാവർക്കും കഴിയുമോ, 100 സിഗററ്റു വലിച്ചിരുന്ന ഞാൻ ഒറ്റ ദിവസംകൊണ്ട് വാശിയിൽ നിർത്തി. ഞാൻ വലി ക്കാറില്ല. അതുപോലെ എല്ലാവർക്കും കഴിയണമെന്നില്ല. അതുകൊണ്ട് മനു ഷ്യൻ ദുർബലനാണ്. ആ മനുഷ്യന്റെ ദൗർബല്യം മുതലാക്കിക്കൊണ്ട് മദ്യ വ്യാപാരികൾ വ്യാപരിക്കാനുള്ള അവസരം കൊടുക്കാൻ പാടില്ല. അതു കൊണ്ട് ഈ 418 ബാറുകളുടെയും 323 ബാറുകളുടെയും കാര്യങ്ങൾ സുഗമ മായി ഇവിടത്തെ എല്ലാ രാഷ്ട്രീയകക്ഷികളുമായി തീരമാനിച്ച് ചർച്ച ചെയ്ത്

ഉടൻ ശക്തമായ ഒരു തീരുമാനമുണ്ടാക്കണം എന്നുകൂടി അഭ്യർത്ഥിച്ചു കൊണ്ട് ഈ ഡിമാന്റുകളെ ഞാൻ അനുകൂലിക്കുന്നു.

ശ്രീ. എ. റ്റി. ജോർജ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ജനങ്ങൾക്ക് സഹായഹസ്തവുമായി നിന്നുകൊണ്ട് ഭക്ഷ്യം, എക്സൈസ്, മത്സ്യബന്ധനം, തുറമുഖം എന്നീ മേഖലകളിലൂടെ സംസ്ഥാനത്തിന്റെ സമ്പദ്ഘടനയ്ക്കും ജനങ്ങളുടെ ക്ഷേമത്തിനും നവോന്മേഷം പകർന്നുകൊണ്ട് മുന്നോട്ട് ഗമിക്കുന്ന വകുപ്പുമന്ത്രിമാരെ ഞാൻ അഭിനന്ദിക്കുന്നു. മത്സ്യബന്ധന മേഖല ആകർഷകമാക്കാൻ നിരവധി പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്. മത്സ്യബന്ധന തുറമുഖങ്ങൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ട് നിരവധി പ്രവൃത്തികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നത് മത്സ്യബന്ധനം ഉപജീവന മാർഗ്ഗമായി സ്വീകരിക്കുന്ന ലക്ഷോപലക്ഷം ജനങ്ങൾക്ക് ഏറെ ആശ്വാസമാണ് നൽകുന്നത്. ചേറ്റുവ, തലായി, ചെറുവത്തൂർ തുടങ്ങിയ മത്സ്യബന്ധന തുറമുഖങ്ങളുടെ പ്രവർത്തനം ഈ സാമ്പത്തിക വർഷംപൂർത്തീകരിക്കാൻ ലക്ഷ്യം വച്ചു കൊണ്ട് മുമ്പോട്ടുപോകുന്ന ഗവൺമെന്റിനെ ഞാൻ അഭിനന്ദിക്കുന്നു. ദ്രുതഗതിയിലുള്ള പ്രവൃത്തികളാണ് ഇപ്പോൾ നടന്നുവരുന്നത്. നബാർഡിന്റെയും കേന്ദ്രഗവൺമെന്റിന്റെയും ദേശീയ മത്സ്യ വികസന ബോർഡിന്റെയും ധനസഹായത്തോടെ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ പൂർത്തിയാകുന്നതോടെ നമ്മുടെ മത്സ്യബന്ധന മേഖലയുടെ മുഖച്ഛായതന്നെ മാറ്റിയെടുക്കാൻ സാധിക്കും. മത്സ്യബന്ധന തുറമുഖങ്ങളുടെ മാത്രമല്ല മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രത്തിന്റേയും തീരദേശ മേഖലയിലെ റോഡുകളുടേയും നിലവാരം ഉയർത്തുന്നതിന് ദീർഘമായ വീക്ഷണത്തോടു

കൂടിയുള്ള പ്രവർത്തനങ്ങളാണ് ഇപ്പോൾ നടത്തിവരുന്നത്. മാതൃകാ മത്സ്യഗ്രാമം പദ്ധതി, സംയോജിത മത്സ്യഗ്രാമം പദ്ധതി, മത്സ്യ സമൃദ്ധി പദ്ധതി എന്നിവ ആരംഭിക്കാനായതും അത് നടപ്പിലാക്കിക്കൊണ്ടു പോകുന്നതും ഏറ്റവും നല്ല പദ്ധതികളായി നമുക്ക് കാണാൻ സാധിക്കും. മത്സ്യ സമൃദ്ധി പദ്ധതിയിലൂടെ ഉൾനാടൻ മീൻവളർത്തലിന് സാധ്യതകളേറെ യുള്ള കേരളത്തിൽ മത്സ്യസമൃദ്ധി വൻവിജയമാകുമെന്നുള്ള കാര്യത്തിൽ തർക്കമില്ല. 3 വർഷം കൊണ്ട്, പ്രതിവർഷം 2.50 ലക്ഷം ടൺ മത്സ്യോത്പാദനം എന്ന ലക്ഷ്യത്തോടെ മത്സ്യ സമൃദ്ധി പദ്ധതി നടപ്പിലാക്കുന്ന പ്രിയപ്പെട്ട മന്ത്രിയെ ഞാൻ അഭിനന്ദിക്കുന്നു. നമ്മുടെ വിദേശ നാണയ സമ്പാദ്യത്തിന്റെ 25 ശതമാനവും മത്സ്യമേഖലയിൽ നിന്നാണ് ലഭിക്കുന്നത്. രാജ്യത്തിന് വിദേശനാണ്യം നേടിത്തരുന്ന മത്സ്യത്തൊഴിലാളി കളെ സംരക്ഷിക്കേണ്ട ചുമതല നമ്മൾ ഏറ്റെടുക്കേണ്ടതുണ്ട്. ആഴക്കടലിൽ കാറ്റിനേയും കോളിനേയും അതിജീവിച്ച് ജീവൻ പണയപ്പെടുത്തി മത്സ്യസമ്പത്തുമായി തിരിച്ചെത്തുന്ന തൊഴിലാളി പലപ്പോഴും ഇടത്തട്ടുകാരുടേയും ഇടനിലക്കാരുടേയും ചൂഷണത്തിന് വിധേയമാകുന്നു. മത്സ്യം കൂടുതൽ കിട്ടിയാൽ വിലയിടിവും കുറച്ച് കിട്ടിയാൽ മതിയായ വിലയും കിട്ടാറില്ല. രണ്ട് സന്ദർഭത്തിലും തൊഴിലാളിക്ക് നഷ്ടമാണ് സംഭവിക്കുന്നത്. ഇടനിലക്കാരും കച്ചവടക്കാരും ലാഭം കൊയ്യുകയും വിദേശ നാണ്യം നേടിത്തരുന്ന തൊഴിലാളി ഒന്നും ലഭിക്കാത്ത അവസ്ഥയിലേയ്ക്ക് നീങ്ങുകയുമാണ്. കയറ്റുമതിക്കാർക്ക് ഗവൺമെന്റ് ഇൻസെന്റീവ് നൽകുന്നു. എന്നാൽ പാവപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ മാത്രമാണ് സബ്സിഡിയായി നൽകുന്നത്. അതുകൊണ്ട്

മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണയും മീൻപിടിക്കുന്ന ഉപകരണങ്ങളും സൗജന്യമായി, ഇൻസെന്റീവായി നൽകണമെന്ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. അതോടൊപ്പം സമുദ്രോത്പാദന കയറ്റുമതിയിൽ 2013–2014 സാമ്പത്തിക വർഷത്തിൽ നമുക്ക് റിക്കോർഡ് വർദ്ധനവാണ് ഉണ്ടായത്. അതായത് 50 ലക്ഷം യു.എസ്. ഡോളറിന്റെ കയറ്റുമതി കൈവരിക്കാൻ നമുക്ക് സാധിച്ചു. കൂടാതെ നിരവധി നിർമ്മാണ പ്രവർത്തനങ്ങൾക്ക് രൂപരേഖ തയ്യാറാക്കിക്കൊണ്ടുള്ള പദ്ധതികൾ ഗവൺമെന്റ് ആവിഷ്ക്കരിച്ചതിൽ സന്തോഷമുണ്ട്. വലിയതുറ മത്സ്യബന്ധന തുറമുഖം നിർമ്മിക്കുന്നതിനുള്ള പദ്ധതിയും പൂന്തുറ ഫിഷിംഗ് ഫാം നിർമ്മാണം തുടങ്ങിയവയുടെ സാധ്യതാപഠനവും ആരംഭിച്ചുകഴിഞ്ഞു. എത്രയും വേഗം പദ്ധതികൾ യാഥാർത്ഥ്യത്തിലെത്തിക്കുവാനുള്ള നടപടികൾ സ്വീകരിക്കണമെന്നുകൂടി ഞാൻ അഭ്യർത്ഥിക്കുന്നു. പൂർത്തീകരിച്ച മത്സ്യബന്ധന തുറമുഖങ്ങൾ യൂറോപ്യൻ യൂണിയൻ സ്റ്റാന്റേർഡിലേയ്ക്ക് ഉയർത്തുന്നതുവഴി നല്ല ഗുണനിലവാരമുള്ള മത്സ്യം കയറ്റുമതി ചെയ്യുവാൻ നമുക്ക് സാധിക്കുകയും അതോടൊപ്പം മത്സ്യബന്ധന തുറമുഖങ്ങളിൽനിന്ന് 474 ലക്ഷം രൂപയുടെ അധിക റവന്യൂ വരുമാനം കണ്ടെത്താനും സാധിച്ചുവെന്നത് സന്തോഷകരമായ കാര്യമാണ്. അതു പോലെ വിഴിഞ്ഞം തുറമുഖ പദ്ധതിയെക്കുറിച്ച് പറയുകയാണെങ്കിൽ ഈ ജില്ലയിലെ എം.എൽ.എ. എന്ന നിലയിൽ ഈ സർക്കാർ ഏറ്റെടുക്കുന്ന നടപടികളിൽ ഞാൻ അതീവസന്തുഷ്ടനാണ്. വിഴിഞ്ഞം തുറമുഖത്തിന്റെ ട്രാൻസിസ്റ്റർ ഷെഡ് പൂർത്തീകരിക്കാൻ കഴിഞ്ഞത് വലിയ അഭിമാനത്തോടെ ഓർക്കുവാൻ സാധിക്കും. പദ്ധതിക്ക് ആവശ്യമായ 90 ശതമാനം ഭൂമിയും

ഏറ്റെടുക്കാൻ സാധിച്ചത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടേയും ഫിഷറീസ് വകുപ്പുമന്ത്രിയുടേയും പ്രത്യേകമായ താല്പര്യത്തിന്റെയടിസ്ഥാനത്തിലാണ്. അതുപോലെ പദ്ധതിക്ക് ആവശ്യമായ പാരിസ്ഥിതികാനുമതി ലഭ്യമാക്കുവാനും നമുക്ക് സാധിച്ചു. പദ്ധതി പ്രദേശത്ത് കുടിവെള്ളമെത്തിക്കാനും കുടിവെള്ള വിതരണ പദ്ധതി പൂർത്തിയാക്കാനും നമുക്ക് സാധിച്ചിട്ടുണ്ട്. പദ്ധതിക്കാവശ്യമായ വൈവിധ്യത്തിന് ആവശ്യത്തിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞുവെന്ന് നമുക്ക് അഭിമാനത്തോടുകൂടി ഓർക്കുവാൻ കഴിയും. അതുപോലെ പദ്ധതി പ്രദേശത്തേയ്ക്കുള്ള റോഡുകളുടെ നിർമ്മാണം നേമം-ബാലരാമപുരം, വിഴിഞ്ഞം റെയിൽവേ ലൈനിന്റെ നിർമ്മാണം, ഭൂമിയേറ്റെടുക്കൽ നടപടി, പുനരധിവാസ പ്രവർത്തനം തുടങ്ങിയവയ്ക്കെല്ലാം അടിയന്തര പ്രാധാന്യത്തോടുകൂടി നടപടികൾ ഏറ്റെടുക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. എന്റെ പ്രിയപ്പെട്ട സുഹൃത്തുക്കൾ നേരത്തേ സൂചിപ്പിച്ചതുപോലെ മദ്യാസക്തി നമ്മുടെ സമൂഹത്തിന് ഇന്നൊരു തീരാനഷ്ടമായി മാറിയിരിക്കുന്നു. മദ്യപാനം അനേകം കുടുംബങ്ങളെ നശിപ്പിക്കുന്ന തരത്തിലേയ്ക്ക് മാറിക്കൊണ്ടിരിക്കുന്നു. മദ്യവും മയക്കുമരുന്നും യുവതലമുറയെ കാർന്ന് തിന്നുകൊണ്ടിരിക്കുന്നു. അതിനൊരവസാനമുണ്ടാക്കാനുള്ള നടപടി സർക്കാർ ഏറ്റെടുക്കുന്നതിൽ നമുക്ക് അഭിമാനിക്കാം. മദ്യവിമുക്തകേരളം ലക്ഷ്യമാക്കി മദ്യാസക്തി കുറയ്ക്കുവാനുള്ള പദ്ധതികളുമായി മുമ്പോട്ട് പോകുമ്പോൾ കോൺഗ്രസ് പ്രവർത്തകരെന്നുള്ള രീതിയിൽ കെ.പി.സി.സി. പ്രസിഡന്റും മുഖ്യമന്ത്രിയും എക്സൈസ് വകുപ്പുമന്ത്രിയും മദ്യവിമുക്തകേരളം ഉണ്ടാക്കിയെടുക്കുവാൻ നടത്തുന്ന പ്രവർത്തനങ്ങൾ വളരെ അഭിമാനത്തോടുകൂടി നോക്കിക്കാണുവാൻ

ഞങ്ങൾക്ക് കഴിയുന്നു എന്നുള്ളതിൽ അഭിമാനമുണ്ട്. നമ്മുടെ ബഡ്ജറ്റിൽ ബോധവത്ക്കരണ പ്രവർത്തനങ്ങൾക്കാവശ്യമായ തുക നീക്കി വയ്ക്കാനും പുതിയ മദ്യഷോപ്പുകൾ അനുവദിക്കാതിരിക്കുവാനുമുള്ള നടപടികൾ സ്വീകരിച്ചതുമൊക്കെ മദ്യവിമുക്ത കേരളം സാക്ഷാത്ക്കരിക്കാൻ നമുക്ക് കഴിയുമെന്നതിന് തെളിവാണ്. പൊതുവിതരണ രംഗം അനുഭവസമ്പന്നരായ മന്ത്രിമാർ കൈകാര്യം ചെയ്തിരുന്ന വകുപ്പാണ്. ഇപ്പോൾ ശ്രീ. അനൂപ് ജേക്കബ് തന്റെ ചെറിയ കാലയളവിൽത്തന്നെ വളരെ സുദീർഘമായ രീതിയിൽ ഈ വകുപ്പിനെ കൊണ്ടുപോകുന്നു എന്നുള്ളത് വളരെ അഭിമാനകരമാണ്. കഴിഞ്ഞ കാലഘട്ടത്തിൽനിന്ന് വ്യത്യസ്തമായി 37872 ബി.പി.എൽ. കാർഡുകൾ ഉൾപ്പെടെ 548506 പുതിയ റേഷൻ കാർഡുകൾ വിതരണം ചെയ്യാൻ സാധിച്ചിട്ടുണ്ട്. അത് എം.എൽ.എ.-മാർക്ക് വളരെയധികം അഭിമാനം തോന്നുന്ന കാര്യമാണ്. ദിവസവും രാവിലെ നമ്മുടെ പ്രദേശത്തെ റേഷൻകാർഡില്ലാത്ത ആളുകൾ എം.എൽ.എ.-മാരെ സമീപിക്കുമ്പോൾ ഒരു കത്ത് എഴുതിക്കൊടുത്താൽ 24 മണിക്കൂറിനകം റേഷൻ കാർഡ് കിട്ടുന്ന ഒരവസ്ഥയാണ് ഇപ്പോഴുള്ളത്. കഴിഞ്ഞ കാലഘട്ടത്തിൽ സ്വന്തമായൊരു റേഷൻ കാർഡില്ലാതെ ഓടിനടന്ന ഇത്തരം ആൾക്കാർക്ക് സ്വന്തമായൊരു റേഷൻ കാർഡ് കിട്ടുന്നത് വളരെ ആശ്വാസകരമായ പ്രവൃത്തിയായതുകൊണ്ട് 548506 പുതിയ റേഷൻ കാർഡുകൾ നൽകിയ പ്രിയപ്പെട്ട സിവിൽ സപ്ലൈസ് വകുപ്പുമന്ത്രിയെ ഞാൻ അഭിനന്ദിക്കുന്നു. തിരുവനന്തപുരം ജില്ലയിലെ എം.എൽ.എ. എന്ന നിലയിൽ ഈ ജില്ലയിൽ അനധികൃതമായി സൂക്ഷിച്ചിരുന്ന ഏദേശം 5000 ബി.പി.എൽ. കാർഡുടമകളുടെ കയ്യിൽ നിന്ന് കാർഡ് പിടിച്ചെടുക്കുകയും ആ കാർഡി

ലൂടെ ഗവൺമെന്റിനുണ്ടായ നഷ്ടം രൂപയായിത്തന്നെ തിരിച്ചുപിടിച്ചുകൊണ്ട് 5000-ത്തിലധികം പാവപ്പെട്ടവർക്ക് ബി.പി.എൽ. കാർഡ് നൽകുന്നതിനുള്ള നടപടികളുമായി മുന്നോട്ടുപോകുന്നതിൽ അഭിമാനം തോന്നുന്നു. തിരുവനന്തപുരം ജില്ലയിലെ ഏകദേശം 5000 വികലാംഗർ, മാരകരോഗികൾ, വിധവകൾ തുടങ്ങിയ കുടുംബത്തിലെ അംഗങ്ങൾക്ക് ഈ മാസം 11-ാം തീയതി 5000 ബി.പി.എൽ. കാർഡ് കൊടുക്കുന്നു എന്നത് സന്തോഷകരമായ കാര്യമാണ്. ആ പ്രവൃത്തിക്ക് നേതൃത്വം കൊടുത്ത തിരുവനന്തപുരം ജില്ലാ കളക്ടറെ ഞാൻ പ്രത്യേകം അഭിനന്ദിക്കുന്നു. അദ്ദേഹം നേതൃത്വം കൊടുക്കുക മാത്രമല്ല അനധികൃതമായി സൂക്ഷിച്ചിരുന്ന ബി.പി.എൽ. കാർഡുടമകളെ കണ്ടുപിടിക്കുകയും അവരുടെപേരിൽ ശിക്ഷണ നടപടികൾ സ്വീകരിക്കുകയും അത് ക്യാൻസൽ ചെയ്തുകൊണ്ട് പുതിയ എ.പി.എൽ. കാർഡ് കൊടുക്കുവാനുള്ള നടപടികളുമായി മുമ്പോട്ടുപോയി എന്നത് വളരെ ആശ്വാസകരമായ ഒരു കാര്യമാണ് എന്നതിൽ തർക്കമില്ല. ഇത്തരത്തിൽ ജനോപകാരപ്രദമായ പരിപാടികളുമായി മുമ്പോട്ടുപോകുന്ന നമ്മുടെ പ്രിയപ്പെട്ട മന്ത്രിമാരെ ഒന്നുകൂടി അഭിനന്ദിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ പിൻതാങ്ങിക്കൊണ്ട് നിർത്തുന്നു.

ശ്രീ. ആർ. രാജേഷ്: സർ, ഈ ധനാഭ്യർത്ഥനകളെ പൂർണ്ണമായും എതിർക്കുകയാണ്. ഇന്നത്തെ വകുപ്പുകൾ ചോറും മീനും മദ്യവുമാണ്. ചോറും മീനും കൊടുക്കാതിരിക്കുകയും മദ്യം കുടിപ്പിച്ച് കൊല്ലുകയും മദ്യത്തിന്മേൽ ആശങ്ക ഉണ്ടാക്കുകയും ചെയ്യുന്ന സർക്കാരിന്റെ ഈ ധനാഭ്യർത്ഥനകളെ ഞാൻ പൂർണ്ണമായും എതിർക്കുന്നു. രാജ്യമാകെ

വിലക്കയറ്റം നേരിടുകയാണ്. കേരളം നേരിടുന്ന അതിരൂക്ഷമായ വിലക്കയറ്റം നേരിടാൻ യാതൊരു നടപടിയും സ്വീകരിക്കാത്ത ഒരു ഗവൺമെന്റായി ഈ സർക്കാർ മാറിയിരിക്കുന്നു. വിലക്കയറ്റം കൊണ്ട് ജനജീവിതം അങ്ങേയറ്റം ദുസ്സഹമായി മാറിയിരിക്കുകയാണ്. സാധാരണക്കാരന്റെ അന്നം മുട്ടിക്കുന്ന സർക്കാരായി ഈ സർക്കാർ മാറിയിരിക്കുകയാണ്. പൊതുവിപണിയിൽ ഇടപെടുകയെന്നതാണ് വിലക്കയറ്റം നിയന്ത്രിക്കാൻ സർക്കാർ ചെയ്യേണ്ടത്. പൊതുവിപണിയിൽ ക്രിയാത്മകമായ നിലയിൽ ഇടപെടാത്ത ഒരു സർക്കാരായി ഈ സർക്കാർ മാറിയിരിക്കുകയാണ്. ഇന്നലെ ഇന്ത്യയുടെ പ്രധാനമന്ത്രി സാക്ഷിയായി അന്തരീക്ഷത്തിലേയ്ക്ക് പറന്നുയർന്ന റോക്കറ്റിനെക്കാൾ വേഗത്തിലാണ് അവശ്യസാധനങ്ങളുടെ വില കുതിച്ചുയരുന്നത്. അതിനെക്കാൾ വേഗത്തിലാണ് കേന്ദ്ര ഗവൺമെന്റ് പെട്രോളിന്റെയും ഡീസലിന്റെയും പാചക വാതകത്തിന്റെയും വില കൂട്ടിയത്. ഇവിടെ അതിനേക്കാൾ വേഗത്തിൽ അവശ്യസാധനങ്ങളുടെ വില കൂടുകയാണ്. വില നിയന്ത്രിക്കുന്നതിൽ ഇത്രയേറെ നിഷ്ക്രിയമായിരിക്കുന്ന ഒരു സർക്കാർ കേരളത്തിൽ ഇതിനുമുൻപ് ഉണ്ടായിട്ടില്ല. ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ ഭരിക്കുമ്പോൾ, കേന്ദ്ര സർക്കാരിന്റെ ഏജൻസിയായ ലേബർ ബ്യൂറോയുടെ കണക്കനുസരിച്ച് തുടർച്ചയായ മൂന്നുവർഷക്കാലം വിലക്കയറ്റം പിടിച്ചുനിർത്തുന്നതിൽ ക്രിയാത്മകമായ നടപടികൾ സ്വീകരിച്ചതിൽ കേരളം ഇന്ത്യയിൽ മൂന്നാം സ്ഥാനത്തായിരുന്നു. ഈ ഗവൺമെന്റിന്റെ ഭരണത്തിന്റെ ഭാഗമായി ലേബർ ബ്യൂറോയുടെ കണക്കനുസരിച്ച് മൂന്നാം സ്ഥാനത്തുണ്ടായിരുന്ന കേരളം പതിനാലാം സ്ഥാനത്തേയ്ക്ക് മാറി. പതിനൊന്ന് സ്ഥാനങ്ങൾ പിന്നോട്ട് കൊണ്ടുപോയിയെന്നുള്ളതാണ് ശ്രീ. ഉമ്മൻ ചാണ്ടി സർക്കാരിന്റെ നേട്ടം. ഉപ്പുതൊട്ട് കർപ്പൂരം വരെയുള്ള

മുഴുവൻ സാധനങ്ങളുടേയും വില കൂടി. ഈ വിലക്കയറ്റം പിടിച്ചു നിർത്താൻ പൊതുകമ്പോളത്തിൽ ഇടപെടേണ്ട ഒരു സ്ഥാപനമാണ് സപ്ലൈകോ. എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് സപ്ലൈകോയിൽ ഉണ്ടായിരുന്ന ചില സാധനങ്ങളുടെ വില ചെറുതായി സൂചിപ്പിക്കുകയാണ്. പുഴുക്കലരിയുടെ വില 12.70 ആയിരുന്നത് ഇപ്പോൾ 21 രൂപയും, പച്ചരിയുടെ വില 12.70 ആയിരുന്നത് ഇപ്പോൾ 21 രൂപയും, മട്ടയരിയുടെ വില 16 ആയിരുന്നത് ഇപ്പോൾ 21 രൂപയും, പഞ്ചസാരയുടെ വില 25 ആയിരുന്നത് ഇപ്പോൾ 26 രൂപയും, ചെറുപയർ 28 ആയിരുന്നത് ഇപ്പോൾ 55 രൂപയുമായിരിക്കുന്നു. എല്ലാത്തിന്റെയും വില സൂചിപ്പിക്കുന്നില്ല. മാർക്കറ്റിൽ ഉഴുന്ന് പിളർന്നത് സപ്ലൈകോ കൊടുക്കുന്നില്ല. പീസ് പരിപ്പ് സപ്ലൈകോ കൊടുത്തുകൊണ്ടിരുന്നതാണ്, ഇപ്പോൾ കൊടുക്കുന്നില്ല. ജീരകവും ഉലുവയും കടുകും അടക്കമുള്ള അവശ്യസാധനങ്ങളൊന്നും സപ്ലൈകോ മാർക്കറ്റിലൂടെ വിതരണം ചെയ്യുന്നില്ല. പൊതുവിപണിയിൽ വിലകയറുമ്പോൾ ഇടപെടേണ്ട സപ്ലൈകോ പോലുള്ള സ്ഥാപനങ്ങളെ ഈ ഗവൺമെന്റ് നോക്കുകുത്തികളാക്കി മാറ്റിയിരിക്കുന്നു. എൽ.ഡി.എഫ്.-ന്റെ ഭരണകാലത്ത് അങ്ങനെയായിരുന്നില്ല. പൊതുവിതരണം ശക്തിപ്പെടുത്താൻ സപ്ലൈകോ, കൺസ്യൂമർഫെഡ്, ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ. അടക്കമുള്ള സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുകയും അവയെ സംരക്ഷിക്കുകയും ചെയ്യുന്ന നിലപാടാണ് എൽ.ഡി.എഫ്. ഗവൺമെന്റ് സ്വീകരിച്ചത്. യു.ഡി.എഫ് ഗവൺമെന്റ് സപ്ലൈകോ, കൺസ്യൂമർഫെഡ്, ഹോർട്ടികോർപ്പ്, വി.എഫ്. പി.സി.കെ. അടക്കമുള്ള സ്ഥാപനങ്ങളെ നോക്കുകുത്തികളാക്കി മാറ്റുന്നു. നന്മ സ്റ്റോറുകൾ ആരംഭിക്കുമെന്ന് മന്ത്രി പ്രഖ്യാപിച്ചു. ആരംഭിക്കുകയും ചെയ്തു. അതിനകത്ത് സുതാര്യതയുണ്ടോ? എന്റെ മണ്ഡലത്തിൽ,

കോൺഗ്രസ് ഭരിക്കുന്ന പഞ്ചായത്തിലെ ഒരു വാർഡിൽ ആറും ഏഴും നന്മ സ്റ്റോറുകൾ ആരംഭിച്ചയാളുകൾ നോക്കുകുത്തികളായി ഇരിക്കുകയാണ്. എന്നാൽ സമീപ പഞ്ചായത്തിൽ നന്മ സ്റ്റോറുകൾ ഇല്ല. അവിടെ വിവേചനം കാണിക്കുകയാണ്. നന്മ സ്റ്റോറുകളും മാവേലി സ്റ്റോറുകളും പേരിന് ആരംഭിച്ചതിനപ്പുറത്തേയ്ക്ക് അവിടേയ്ക്ക് സാധനങ്ങൾ എത്തിക്കാൻ ഈ ഗവൺമെന്റ് തയ്യാറാകുന്നില്ല. എൽ.ഡി.എഫ്.–ന്റെ ഭരണകാലത്ത് പതിമൂന്ന് സാധനങ്ങൾ സബ്സിഡി നിരക്കിൽ ഈ സ്ഥാപനങ്ങളിലേയ്ക്ക് കൊടുത്തിരുന്നു. ഇത് വിതരണം ചെയ്യാത്ത ഒരു സർക്കാരായി യു.ഡി.എഫ്. മാറിയിരിക്കുകയാണ്. ഉത്സവ കാലത്താണ് നമ്മുടെ നാട്ടിൽ ആളുകൾ ഏറ്റവും കൂടുതൽ കമ്പോളത്തിലേയ്ക്ക് വരുന്നത്. ആ സമയത്ത് വില പിടിച്ചുനിർത്താൻ ഇവിടത്തെ സ്വകാര്യ കുത്തകകൾ വല്ലാതെ വില വർദ്ധിപ്പിക്കുമ്പോൾ ആ വില പിടിച്ചുനിർത്താൻ ഗവൺമെന്റ് മാർക്കറ്റിൽ ഇടപെട്ടിരുന്നത് ഉത്സവകാലത്താണ്. കഴിഞ്ഞ ഒരു വർഷക്കാലമായി ഏതെങ്കിലും വിശേഷ അവസരങ്ങളിൽ ആളുകൾ കൂടുതൽ കമ്പോളത്തിലേയ്ക്ക് വരുന്ന സമയത്ത് മാർക്കറ്റിൽ ഇടപെടാൻ ഈ ഗവൺമെന്റ് തയ്യാറാകുന്നില്ല. കമ്പോളത്തിലേയ്ക്ക് കൂടുതൽ ആളുകൾ വരുമ്പോൾ സ്വകാര്യ കുത്തകകൾക്ക് പണം സമ്പാദിക്കാനായി മാർക്കറ്റിനോട് മുഖം തിരിച്ചു നിൽക്കുന്ന ഒരു സമീപനമാണ് ഈ ഗവൺമെന്റ് സ്വീകരിക്കുന്നത്. റേഷൻ കടകളിൽ അരിയും ഗോതമ്പുമില്ല. ഇവിടെ ബഹുമാനപ്പെട്ട ചീഫ് വിപ്പ് സൂചിപ്പിച്ചു, അഞ്ച് റേഷൻ കടകളിൽ പോയി പരിശോധിച്ചപ്പോൾ നല്ല ചുമന്ന അരി. ശരിയാണ് അതിൽ വ്യത്യസ്ത അഭിപ്രായമൊന്നുമില്ല. ചുമന്ന അരി കഴുകിനോക്കിയാലാണ് പ്രശ്നം. റെഡ് ഓക്സൈഡ് പോലുള്ള മായം ചേർത്ത അരി റേഷൻ കടകളിലേയ്ക്ക് വരു

ന്നുണ്ട്. അത് പരിശോധിക്കാൻ ഗവൺമെന്റ് തയ്യാറാകുന്നില്ല. എഫ്.സി.ഐ.-ലേയ്ക്ക് പണം കൊടുക്കാൻ ഗവൺമെന്റ് തയ്യാറാകുന്നില്ല. എഫ്.സി.ഐ.-ലേയ്ക്ക് പണം കൊടുത്താൽ മാത്രമേ റേഷൻ കടകളിലേയ്ക്ക് അരിയും ഗോതമ്പും അടക്കമുള്ള സാധനങ്ങൾ വരികയുള്ളൂ. ക്രിയാത്മകമായി ഈ മേഖലയിൽ ഇടപെടാൻ സർക്കാർ തയ്യാറാകുന്നില്ല. സപ്ലൈകോയിൽ കരാറുകാരുമായി ഉദ്യോഗസ്ഥർ ഒത്തുകളിക്കുകയാണ്. ഉദ്യോഗസ്ഥരുടെ കൊള്ള ഇതിന്റെ പിന്നിലുണ്ട്. മെയ് മാസം 28-ന് മലയാള മനോരമയിൽ- 'സപ്ലൈകോയുടെ ടെണ്ടറിൽ വീണ്ടും ഉയർന്ന വില, ചില ഉദ്യോഗസ്ഥർ നിരീക്ഷണത്തിൽ'. ഈ നിരീക്ഷണത്തിൽ എത് ഉദ്യോഗസ്ഥരാണ്? മലയാള മനോരമയിലാണ് പറഞ്ഞത്, ദേശാഭിമാനിയിലോ ജനയുഗത്തിലോ അല്ല. ഇരുപത്തിമൂന്നിന സാധനങ്ങൾ മാർക്കറ്റിലേയ്ക്ക് ലഭ്യമാക്കേണ്ട സ്ഥാപന ങ്ങളാണ് സപ്ലൈകോ. അവിടെ ചില കരാറുകാരുടെ പണം ഉദ്യോഗസ്ഥർ തടഞ്ഞുവച്ചിരിക്കുകയാണ്. ആരുടെ പണമാണ് തടഞ്ഞുവച്ചിരിക്കുന്നതെന്ന് മന്ത്രി വ്യക്തമാക്കണം. കുറഞ്ഞ നിരക്കിൽ ക്വാട്ട് ചെയ്തിട്ടുള്ള പൊതു കമ്പോളത്തിനെക്കാൾ കുറഞ്ഞ വിലയ്ക്കാണ് സപ്ലൈകോയിൽ സാധനങ്ങൾ വിതരണം ചെയ്യേണ്ടത്. പൊതുകമ്പോളത്തേക്കാൾ കുറഞ്ഞ നിരക്കിൽ സപ്ലൈകോയിൽ സാധനങ്ങളുടെ വില ക്വാട്ട് ചെയ്യുന്ന കരാറുകാർക്ക് ഈ ഗവൺമെന്റ് പണം അനുവദിക്കുന്നില്ല. പൊതുകമ്പോളത്തേക്കാൾ ഉയർന്ന വില ക്വാട്ട് ചെയ്യുന്ന കരാറുകാർക്ക് ഈ ഗവൺമെന്റ് ആവശ്യമായ സഹായം ചെയ്തു കൊടുക്കുന്നു. കൂടിയ നിലയ്ക്ക് ക്വാട്ട് ചെയ്യുന്ന ആളുകൾക്ക് പണം കൊടുക്കുന്നു. കുറഞ്ഞ നിലയ്ക്ക് ക്വാട്ട് ചെയ്യുന്ന ആളുകൾക്ക് പണം കൊടുക്കുന്നില്ല. കുറഞ്ഞ നിലയിൽ ക്വാട്ട് ചെയ്യുന്ന ആളുകൾ വീണ്ടും

ടെണ്ടറിലേയ്ക്ക് വരാനുള്ള സാഹചര്യമുണ്ടാകും. കൂടിയ നിലയ്ക്ക് ക്വോട്ടുചെയ്ത കരാറുകാരനുമായി സപ്ലൈകോയിലെ ഉദ്യോഗസ്ഥർ നെഗോഷിയേറ്റ് ചെയ്യുകയാണ്. രണ്ടും മൂന്നും തവണ നെഗോസിയേഷൻ നടത്തി ഉയർന്ന വില ക്വാട്ടുചെയ്യുകയും നാമമാത്രമായ തുക കുറച്ചു കൊടുത്തുകൊണ്ട് വലിയ അഴിമതി ഇതിന്റെ ഭാഗമായി നടക്കുകയാണ്. 2001 മുതൽ 2006 വരെയുള്ള യു.ഡി.എഫ്.-ന്റെ ഭരണകാലത്ത്, 2004-ൽ സപ്ലൈകോ ഉയർന്ന വില ക്വാട്ട് ചെയ്തത് സംബന്ധിച്ച സി.ബി.ഐ. പോലുള്ള ഏജൻസികളുടെ അന്വേഷണം നടന്നത് നമുക്ക് ഓർമ്മയുണ്ടാകും. അതിന്റെ പിന്നിൽ ക്രമക്കേടുകളുണ്ട്. എൽ.ഡി.എഫ്. ഗവൺമെന്റ് വന്നതോടുകൂടി ഉയർന്ന നിരക്ക് ക്വാട്ട് ചെയ്യുന്നത് അവസാനിപ്പിച്ചു. ഉയർന്ന നിരക്കിൽ ക്വാട്ട് ചെയ്താൽ അത് കൊടുക്കാതെ റീ-ടെണ്ടർ ചെയ്യുന്ന സമീപനം സ്വീകരിച്ചു. ഈ ഗവൺമെന്റ് എന്തുകൊണ്ട് റീ-ടെണ്ടർ ചെയ്യുന്നില്ല? ഉയർന്ന വില കൊടുക്കുന്ന കരാറുകാർക്ക് ഇതിന്റെ മുഴുവൻ കുത്തകയും നൽകുകയാണ്. എൽ.ഡി.എഫ്.-ന്റെ കാലത്ത് അങ്ങനെയായി രുന്നില്ല. റീ-ടെണ്ടർ ചെയ്തു. അതല്ലെങ്കിൽ സപ്ലൈകോ ഉദ്യോഗസ്ഥരെ സംഭരണ കേന്ദ്രങ്ങളിലേയ്ക്ക് പറഞ്ഞയച്ച് അവിടെ നിന്നും ധാന്യങ്ങൾ വാങ്ങി കേരളത്തിലേയ്ക്ക് കൊണ്ടുവരുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു. ഇത് രണ്ടും എൽ.ഡി.എഫ്.-ന്റെ കാലത്ത് അവസാനിപ്പിച്ചു. അതുകൊണ്ടാണ് നമുക്ക് പതിമൂന്നിന സാധനങ്ങൾ മാർക്കറ്റിലേയ്ക്ക് കൊടുക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടായത്. ഹോട്ടലിലെ സാധനങ്ങളുടെ വില കുതിച്ചുയരുകയാണ്. അതിനെ പ്രതിരോധിക്കാനാണ് എൽ.ഡി.എഫ്.-ന്റെ കാലത്ത് 160 മാവേലി സ്റ്റോറുകൾ ആരംഭിച്ചത്.

മാവേലി സ്റ്റോറുകളിലൂടെ സാധനങ്ങൾ വില കുറച്ച് കൊടുക്കണം. വില കുറച്ചുകൊടുത്താൽ പതിമൂന്നിന സാധനങ്ങൾ മാവേലി സ്റ്റോർ വഴി വിതരണം ചെയ്യും. ഇപ്പോൾ എത്ര മാവേലി സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്? എൽ.ഡി.എഫ്. കാലത്ത് ആരംഭിച്ച 160 മാവേലി സ്റ്റോറുകളിൽ ഒരു മാവേലി സ്റ്റോർ മാത്രമാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. ബാക്കി 159 മാവേലി സ്റ്റോറുകളും നിങ്ങളുടെ കാലത്ത് അടച്ചുപൂട്ടിയിരിക്കുന്നു. മാവേലി ഹോട്ടലുകളുടെ ബോർഡ് മാറ്റി. ഇപ്പോൾ വെറും ഹോട്ടലായി മാറ്റിയിരിക്കുന്നു. 160 മാവേലി ഹോട്ടലുകളിൽ ഒരു മാവേലി ഹോട്ടൽ മാത്രമാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്, കാരണം സപ്ലൈകോ വഴി മാവേലി ഹോട്ടലിലേയ്ക്ക് പതിമൂന്നിന സാധനങ്ങൾ സർക്കാർ നൽകുന്നില്ല. കുറഞ്ഞ വിലയ്ക്ക് മാർക്കറ്റിൽ ഇടപെടാൻ മാവേലി ഹോട്ടലുകൾക്ക് കഴിയുന്നില്ല. മാവേലി ഹോട്ടലുകളെ ദുർബ്ബലമാക്കി ഹോട്ടലുകളിൽ വില ക്രമാതീതമായി വർദ്ധിക്കുന്നതിനാവശ്യമായ നടപടി ഈ ഗവൺമെന്റ് സ്വീകരിക്കുകയാണ്. മാവേലി ഹോട്ടലുകൾക്ക് പകരമായി തൃപ്തി ഹോട്ടൽ ആരംഭിക്കുമെന്നത് 2013–14 –ലെ മാണി സാറിന്റെ ബഡ്ജറ്റ് പ്രസംഗത്തിലെ പ്രഖ്യാപനമായിരുന്നു. മാണി സാർ കറങ്ങിയാണ് പ്രസംഗിച്ചത്. ഞങ്ങൾ ഇതാ മാവേലി ഹോട്ടലുകൾക്കുപകരം തൃപ്തി ഹോട്ടൽ കൊണ്ടുവരാൻ പോകുന്നുവെന്ന് മാണി സാർ പറഞ്ഞപ്പോൾ അപ്പുറത്തിരിക്കുന്ന എല്ലാ ആളുകളും കയ്യടിച്ചു.

‘കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നതും ഭക്ഷ്യ പൊതുവിതരണ വകുപ്പിൽ നടപ്പാക്കാതെ പോയതുമായ ഏതെങ്കിലും പദ്ധതിയുണ്ടോ; വിശദമാക്കുമോ?’ എന്ന് ശ്രീ. എളമരം കരീമിന്റെ 1185–ാം നമ്പർ

ചോദ്യത്തിന് 'ഉണ്ട്, തൃപ്തി ന്യായവില ഭക്ഷണശാലകൾ ആരംഭിക്കാൻ കഴിഞ്ഞില്ല' എന്നതായിരുന്നു മന്ത്രി പറഞ്ഞ മറുപടി. 2013-14-ലെ ബഡ്ജറ്റ് പ്രസംഗത്തിലെ 13-ാം പേജിലെ 26-ാമത്തെ പാരഗ്രാഫിൽ പറയുന്നത് 'സാധാരണക്കാരായ ആളുകൾക്ക്, പ്രത്യേകിച്ച് തൊഴിലാളി വിഭാഗങ്ങൾക്ക് കുറഞ്ഞ ചെലവിൽ ഭക്ഷണം ഉറപ്പുവരുത്തുകയെന്നുള്ളത് പ്രധാനപ്പെട്ട ഒരു ആവശ്യമാണ്. അതിനുവേണ്ടി ന്യായവിലയ്ക്ക് ഭക്ഷണം നൽകുന്ന ഹോട്ടലുകൾ ഉണ്ടാകേണ്ടി വരുന്നു. ഈ ലക്ഷ്യപ്രാപ്തിക്കായി 20 രൂപ നിരക്കിൽ എല്ലാവർക്കും ഭക്ഷണം നൽകുന്ന തൃപ്തി ഭക്ഷണശാലകൾ എല്ലാ താലൂക്ക് ആസ്ഥാനങ്ങളിലും ആരംഭിക്കുന്നതാണ്'. മാണിസാറിന്റെ മണ്ഡലമായ പാലായിലും ശ്രീ. അനൂപ് ജേക്കബിന്റെ മണ്ഡലമായ പിറവത്തും തൃപ്തി ഹോട്ടൽ ആരംഭിക്കാൻ നിങ്ങളുടെ ഗവൺമെന്റിന്റെ കാലത്ത് കഴിഞ്ഞിട്ടുണ്ടോ? ഒരു സ്ഥലത്തുപോലും ആരംഭിച്ചിട്ടില്ല. സർക്കാർ ബഡ്ജറ്റ് പ്രഖ്യാപിച്ചപ്പോൾ അപ്പുറത്ത് നിന്ന് വലിയ കയ്യടിയായിരുന്നു. ഞങ്ങൾ മാവേലി ഹോട്ടലിനു പകരമായി തൃപ്തി ഹോട്ടൽ കൊണ്ടുവരും. എന്നാൽ ഒരെണ്ണം പോലും അനുവദിച്ചില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കെട്ടിടം ഏറ്റെടുത്ത് നൽകുന്നില്ല എന്നായിരിക്കും മന്ത്രി മറുപടി പറയുന്നത്. എന്നാൽ ഗവൺമെന്റ് ഒരു ഓർഡർ പുറപ്പെടുവിച്ചിട്ടുണ്ട്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വാടകയില്ലാതെ കെട്ടിടം നൽകിയാൽ തൃപ്തി ഹോട്ടൽ ആരംഭിക്കാം. എത്ര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വാടകയില്ലാതെ ഹോട്ടലുകൾ തുടങ്ങാനാവശ്യമായ കെട്ടിടം കൊടുക്കാൻ കഴിയും. നിങ്ങൾ പ്രഖ്യാപിച്ച തൃപ്തി ഹോട്ടൽ

ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. സംഭരിച്ച നെല്ലിന്റെ വില അടിയന്തരമായി നൽകണം. 298 കോടി രൂപയാണ് ഈ സർക്കാർ കൊടുക്കാനുള്ളത്. 'സംഭരിച്ച നെല്ലിന്റെ വില എത്രയാണ് കർഷകന് കൊടുക്കാനുള്ളത്' എന്ന ശ്രീ. മാത്യു. റ്റി. തോമസിന്റെ 2886-ാം നമ്പർ ചോദ്യത്തിന് അങ്ങ് നൽകിയ മറുപടിയാണ് '298.19 കോടി രൂപ സർക്കാർ കൊടുക്കാനുണ്ട്.' - നെല്ല് സംഭരണം കുടിശ്ശിക 400 കോടി - സംഭരിക്കുന്ന നെല്ലിന്റെ വില പിറ്റേന്ന് തന്നെ കർഷകർക്ക് നൽകുമെന്നും നെല്ല് കിലോയ്ക്ക് 20 രൂപ നൽകുമെന്നും മുഖ്യമന്ത്രി പറഞ്ഞതായി മംഗളം ദിനപത്രം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നെല്ല് വിലവർദ്ധനവ് പകുതിയിലേറെ കർഷകർക്കും ഗുണം കിട്ടിയിട്ടില്ല. 2013-14-ലെ ബഡ്ജറ്റ് പ്രസംഗത്തിലെ പേജ് 11-ലെ 21-ാമത്തെ പാരഗ്രാഫിൽ "കഴിഞ്ഞ വർഷം ഞങ്ങൾക്ക് നെല്ലിന്റെ വില കൊടുക്കാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ട് നെല്ലിന്റെ വില അടുത്ത വർഷം മുതൽ അപ്പോൾ തന്നെ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുന്നതാണ്" എന്നാണ് മാണിസാർ പറഞ്ഞിട്ടുള്ളത്. അടുത്ത വർഷം മുതൽ കൊയ്ത്ത് സീസൺ ആരംഭിക്കുമ്പോൾ നെല്ല് സംഭരണത്തിന് ആവശ്യമായ തുക അതാത് ജില്ലാ സഹകരണ ബാങ്കുകൾ രൂപീകരിക്കുന്ന റിവോൾവിംഗ് ഫണ്ടിലേയ്ക്ക് കൊടുക്കും. ആ റിവോൾവിംഗ് ഫണ്ടിൽ നിന്നും എടുത്ത് അപ്പോൾ തന്നെ നെല്ലിന്റെ വില കൊടുക്കാനാവശ്യമായ സമീപനം സ്വീകരിക്കും. കുട്ടനാട്, വയനാട്, പാലക്കാട് എന്നിവിടങ്ങളിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ അരി മില്ലുകൾ ആരംഭിക്കും. നിങ്ങളുടെ ബഡ്ജറ്റിൽ പറഞ്ഞ, നിങ്ങൾ കയ്യടിച്ച,

ഒരു വലിയ പ്രഖ്യാപനമല്ലേ നിങ്ങൾ കഴിഞ്ഞ ഒരു വർഷക്കാലം. അപ്പോൾ തന്നെ നെല്ലിന്റെ വിലകൊടുക്കാൻ ആവശ്യമായ നടപടി സ്വീകരിച്ചോ; സംഭരിച്ച നെല്ലിന്റെ വില നിങ്ങൾ അപ്പോൾ കൊടുത്തോ; നിങ്ങൾ റിവോൾവിംഗ് ഫണ്ടിലേയ്ക്ക് പണമിട്ടോ; നിങ്ങൾ പ്രഖ്യാപിച്ച മൂന്ന് അരിമില്ല് എവിടെയെങ്കിലും ആരംഭിച്ചോ; എന്റെ മണ്ഡലത്തിൽ അരിമില്ലുണ്ട്. അരി മില്ല് ആരംഭിക്കാനുള്ള നടപടി സ്വീകരിച്ചുവെന്ന് പറഞ്ഞു വരുന്നു. പക്ഷേ സ്ഥലം തരാൻ തയ്യാറല്ലെന്ന് പറഞ്ഞു മാറ്റി വച്ചിരിക്കുകയാണ്. ഞങ്ങൾ സ്ഥലം കൊടുക്കാൻ തയ്യാറാണ്. എന്തുകൊണ്ട് അരിമില്ല് ആരംഭിക്കാൻ തയ്യാറാകുന്നില്ല. അരിമില്ല് ആരംഭിക്കുക എന്നത് സർക്കാരിന്റെ നയമല്ല, പ്രഖ്യാപനം മാത്രമാണ്. ഈ സർക്കാർ നെല്ലിന്റെ താങ്ങുവില കൊടുക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞങ്ങൾ മാത്രമല്ലല്ലോ പ്രസംഗിച്ചത്. ആദരണീയനായ മുൻ സ്പീക്കർ, കോൺഗ്രസ്സിന്റെ മുൻ നേതാവ്, ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ ഈ നിയമസഭാ സമ്മേളനകാലത്ത് ഈ സർക്കാരിനുമുമ്പാകെ നെല്ലിന്റെ താങ്ങുവില നൽകണമെന്നാവശ്യപ്പെട്ട് ഒരു സബ്മിഷൻ കൊണ്ടുവന്നില്ലേ; കർഷകർക്കാവശ്യമായ നെല്ലിന്റെ സംഭരണ വില അടിയന്തരമായി കൊടുക്കണം. അടിസ്ഥാന ജീവിതപ്രശ്നങ്ങളിലേയ്ക്ക് ഈ ഗവൺമെന്റ് ഇറങ്ങുന്നില്ല.

<u>ശ്രീ. റ്റി. വി. രാജേഷ്</u>: സർ, കഴിഞ്ഞദിവസം സപ്ലൈകോ-യുടെ അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തികയുടെ നിയമനം ഇഴഞ്ഞുനീങ്ങുന്നതു മായി ബന്ധപ്പെട്ട് ഒരു സബ്മിഷൻ ഉന്നയിച്ചിരുന്നു. ബഹുമാന്യനായ മന്ത്രി പറഞ്ഞ കാര്യം നിയമനത്തിന് തടസമില്ലെന്നുള്ളതാണ്. ഇത് മാധ്യമം പത്രം റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. നിയമസഭയിൽ നിയമനത്തിന് തടസമില്ലെന്ന് പറയുന്നു. എന്നാൽ കോടതിയിൽ കൊടുത്ത സത്യവാങ്മൂലത്തിൽ

ഗവൺമെന്റ് ഇക്കാര്യം മരവിപ്പിച്ചിരിക്കുകയാണ് എന്നാണ് പറയുന്നത്. ഇക്കാര്യത്തിൽ മന്ത്രി നിലപാട് മാറ്റാൻ തയ്യാറുണ്ടോ; എന്താണ് അങ്ങയുടെ അഭിപ്രായം?

ശ്രീ. ആർ. രാജേഷ്: സർ, ഭക്ഷ്യ സുരക്ഷാബിൽ അനുസരിച്ച് ഉല്പാദനം വർദ്ധിപ്പിക്കണമെന്ന് മന്ത്രിമാർ വാചാലരായിട്ട് കാര്യമില്ല. കൃഷി ചെയ്യുന്ന, പാവപ്പെട്ടവരെ ഊട്ടുന്ന കൃഷിക്കാർക്ക് നെല്ലിന്റെ സംഭരണ വില അപ്പോൾ തന്നെ കൊടുക്കാനുള്ള നടപടി സ്വീകരിക്കണം. അങ്ങ് ജൂൺ 19-ന് അവതരിപ്പിച്ച സബ്മിഷനിൽ ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞത്, അസിസ്റ്റന്റ് സെയിൽസ്മാൻ നിയമനത്തിന് ഒരു നിയമന നിരോധനവുമില്ല. ആവശ്യമായ നിയമനങ്ങൾ നടക്കുന്നുണ്ട്. പക്ഷേ 2014 ഫെബ്രുവരിയിൽ ഇവിടത്തെ സർക്കാർ ഹൈക്കോടതിയിൽ കൊടുത്ത അഫിഡവിറ്റിൽ പറയുന്നത് ഇവിടെ നിയമന നിരോധനമുണ്ടെന്നാണ്. കേരളത്തിൽ മൂന്ന് വർഷമായി അസിസ്റ്റന്റ് സെയിൽസ്മാൻ നിയമനത്തിന് പി.എസ്.സി. പരീക്ഷ എഴുതി റാങ്ക് ലിസ്റ്റ് കാത്തിരിക്കുന്ന അഭ്യസ്തവിദ്യരായ ചെറുപ്പക്കാരെ ഉദ്ദേശിച്ചുകൊണ്ട്, നിങ്ങൾ ഔട്ട്ലെറ്റുകളിലേയ്ക്ക് കരാറടിസ്ഥാനത്തിൽ വൻ തുകവാങ്ങി, കരാറടിസ്ഥാനത്തിൽ ആളുകളെ നിയമിക്കുന്നത് ഒരു ചെറുപ്പക്കാരനായ ഭക്ഷ്യമന്ത്രിക്ക് ചേരുന്നതല്ല. ഈ നിലപാട് തിരുത്തണം. അഭ്യസ്തവിദ്യരായ ചെറുപ്പക്കാരെ നിയമിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. മദ്യം നിരോധിക്കണം, അതിൽനിന്നുണ്ടാകുന്ന നഷ്ടത്തെക്കുറിച്ച് ഓർത്ത് വാചാലരാകേണ്ട സമൂഹമല്ല. ശ്രീ. പി. സി. ജോർജും ശ്രീ. ഡൊമിനിക് പ്രസന്റേഷനും മദ്യം നിരോധിക്കണമെന്ന് പറയുന്നെങ്കിലും മദ്യത്തിന്റെ മാഹാത്മ്യത്തെക്കുറിച്ചാണ് പറഞ്ഞത്. മദ്യം നിരോധിക്കണം.

നമ്മുടെ പാർട്ടി ഇക്കാര്യത്തിൽ കർശനമായ നിലപാട് സ്വീകരിച്ചിട്ടുണ്ട്. ഞങ്ങൾ ഒരു പ്ലീനം നടത്തിയതിന്റെ ഭാഗമായി തീരുമാനിച്ച പ്രധാനപ്പെട്ട വിഷയം, നമ്മുടെ പാർട്ടിക്കകത്ത് ഇത്തരം ജീർണ്ണതകൾ ആർക്കെങ്കിലുമുണ്ടെങ്കിൽ അത് തിരുത്താവശ്യമായ സ്വയംതിരുത്തൽ സംവിധാനം ഞങ്ങളുടെ പാർട്ടിക്കകത്ത് നടത്തുകയെന്ന ഒരു സംഘടനാപരമായ ഉത്തരവാദിത്തം ഏറ്റെടുത്ത കേരളത്തിലെ ഏക പാർട്ടി സി.പി.ഐ.(എം) ആണ്. അല്ലാതെ തെരുവിൽ പ്രസംഗിക്കുകയും റാലി നടത്തുകയും യോഗം നടത്തുകയും മാത്രമല്ല അത്തരം സംഘടനാപരമായ പ്രശ്നങ്ങളുണ്ടെങ്കിൽ പൊതുസമൂഹത്തെ ബാധിക്കുന്ന വ്യക്തിപരമായ അശുദ്ധിയുണ്ടെങ്കിൽ അത് തിരുത്താനാവശ്യമായ നിലപാട് സ്വീകരിക്കണം. 100 ശതമാനം പൂർണ്ണമായി എന്ന നിലപാട് ഞങ്ങൾക്കില്ല. പക്ഷേ 100 ശതമാനത്തിലേയ്ക്ക് എത്തുന്ന നല്ല സംഘടനാ പ്രവർത്തനം ഏറ്റെടുത്തു നടത്തുന്ന ഒരു പാർട്ടിയാണ് ഞങ്ങളുടേത്. ഞങ്ങളുടെ പ്രസ്ഥാനം ആൾക്കഹോളിനെതിരെയും ഡ്രഗ്സിനെതിരെയും അതിശക്തമായ സമരത്തിലാണ്. ബഹുമാനപ്പെട്ട മന്ത്രി കെ. ബാബുവിന്റെ കണക്കുകൾ പറയുന്നത്, ബിവറേജസ് കോർപ്പറേഷന്റെ 418 ബാറുകൾ പൂട്ടിയതോടുകൂടി മദ്യം ഉപയോഗം കുറഞ്ഞില്ല എന്നാണ്. മറിച്ച് അതിന്റെ ഉപയോഗവും വരുമാനവും കൂടുകയാണ് ചെയ്തത്. കേരളത്തിലെ എക്സൈസ് വകുപ്പ് പൊട്ടക്കുളത്തിലെ തവളയാണ്. മദ്യത്തേക്കാൾ ഭീകരമായ ലഹരിയുടെ ലോകമുണ്ട്. എന്തുകൊണ്ട് ലാഡാ – യെ കുറിച്ച് എക്സൈസ് വകുപ്പ് ആലോചിക്കുന്നില്ല. *Lazer the caser, diethyl amide.* അതാണ് ഇന്നത്തെ പുതിയ തലമുറ. ബഹുമാനപ്പെട്ട ചീഫ് വിപ്പ് പറഞ്ഞതുപോലെ പതിക്കുന്ന സ്റ്റിക്കറിൽ നിന്ന് മനുഷ്യന്റെ ശരീരത്തിനകത്തേയ്ക്ക്

പോകുന്നത് ലാഡയാണ്. എക്സൈസ്കാരൻ കലം തല്ലിപ്പൊളിക്കുകയും, സ്പിരിറ്റ് വേട്ട നടത്തുകയും ചെയ്യുന്ന പഴയകാലത്താണ് നമ്മൾ ഇപ്പോഴും. നമ്മുടെ പുതിയ തലമുറയുടെ ലഹരി ഉപയോഗം വല്ലാതെ കൂടിയിരിക്കുന്നു. ഇന്ത്യ നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ 15 വയസിനും 18 വയസിനുമിടയിലുള്ള 74 ശതമാനം കുട്ടികളും ലഹരിയുടെ അടിമകളായിരിക്കുകയാണ്. ആൾക്കഹോളിൽ നിക്കോട്ടിൻ ഉപയോഗിക്കുന്ന തിന്റെ ഫലമായി മദ്യം ഉപയോഗിക്കുന്ന ആളുകളുടെ ശരീരത്തിനകത്ത് ഒരു ഉത്തേജനം മാത്രമാണ് നടക്കുന്നത്. ആൽക്കഹോൾ ഓക്സിഡൈസ് ചെയ്ത് ആൽഡിഹൈഡ് ആയി ഇല്ലെങ്കിൽ ആസിഡായി മാറുന്ന പ്രവർത്തനം മാത്രമാണ് ഇത്. ശരീരത്തിനകത്തെ താപനില വർദ്ധിപ്പിക്കുന്ന ഒരു തെർമ്മൽ റിയാക്ഷൻ മാത്രമാണ് ആൾക്കഹോൾ ഉപയോഗിക്കുന്നവ രുടെ ശരീരത്തിൽ നടക്കുന്നത്. പക്ഷേ ഡ്രഗ്സ് അങ്ങനെയല്ല. ആൾക്കഹോളിനേക്കാൾ അപകടകരമാണ്. ദൂരവ്യാപകമായ നിലയിൽ സെറിബ്രൽ ത്രോംബോസിസും സെറിബ്രൽ ഹെമറേജും അടക്കമുള്ള അതി ഭീകരമായ രോഗത്തിലേയ്ക്ക് കേരളത്തിലെ കുട്ടികളെ കൊണ്ടുപോകും. ഡ്രഗ്സ് ഉപയോഗിക്കുമ്പോൾ ഒരു മനുഷ്യന്റെ ഹൃദയത്തിനകത്തുള്ള നെർവ്സ് വല്ലാതെ വികസിക്കുകയും ചുരുങ്ങുകയും ചെയ്യുന്ന ഒരു പ്രതിഭാ സമാണ് മനുഷ്യശരീരത്തിൽ നടക്കുന്നത്. അതുകൊണ്ട് ഡ്രഗ്സിന്റെ ഉപയോഗമാണ് നമ്മുടെ നാട് നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. സ്പിരിറ്റ് വേട്ട നടത്തുന്ന, കലം തല്ലിപ്പൊട്ടിക്കുന്ന പഴയ ഒരു എക്സൈസ് വകുപ്പാണ് ഇന്നും കേരളം ഭരിക്കുന്നത്. ഡ്രഗ്സിന്റെ പുതിയ ലോകത്തിലേയ്ക്കുള്ള ഒരു പരിഷ്ക്കാരവും നടത്താത്ത ഈ എക്സൈസ്

വകുപ്പിന്റെ പൊതുവിതരണ സമ്പ്രദായത്തെ ദുർബ്ബലപ്പെടത്തുന്ന ഭക്ഷ്യ വകുപ്പിന്റെ ധനാഭ്യർത്ഥനകളെ പരിപൂർണ്ണമായി എതിർത്തുകൊണ്ട് എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. റ്റി. എൻ. പ്രതാപൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. പ്രത്യേകിച്ചും വർത്തമാനകാലത്ത് ഏറ്റവും കൂടുതൽ ചർച്ചചെയ്യപ്പെടുന്ന, കേരളത്തിൽ വർദ്ധിച്ചുവരുന്ന മദ്യാസക്തിയെക്കുറിച്ച് ബഹുമാനപ്പെട്ട എം.പി. അബ്ദുസമദ് സമദാനി അദ്ദേഹത്തിന്റെ പ്രസംഗത്തിൽ കേരളം മദ്യപ്രദേശ് ആയി മാറുന്നുവെന്ന വേവലാതികൂടി പങ്കുവയ്ക്കുകയുണ്ടായി. ശ്രീ. ആർ. രാജേഷും അതിന്റെ തുടർച്ചയായി തന്നെയാണ് അക്കാര്യം ഈ സഭയിൽ ഷെയർ ചെയ്തത്. ഈ സഭയിൽ ഇന്ന് പ്രസംഗിച്ച എല്ലാവരുടെയും പ്രസംഗത്തിൽ പ്രധാനമായും വന്നിട്ടുള്ളത് കേരളത്തിലെ അമിതമായ മദ്യ ഉപയോഗത്തിനെതിരായ ഒരു സമീപനത്തെക്കുറിച്ചാണ്. ബഹുമാന്യനായ എം.പി. അബ്ദുസമദ് സമദാനി ഹൃദയസ്പർശിയായി ആ വിഷയം ഇവിടെ അവതരിപ്പിച്ചു. ഞാൻ അദ്ദേഹത്തെ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. ഈ ഗവൺമെന്റ് ഇക്കാര്യത്തിൽ എടുത്ത നടപടികൾ ബഹുമാന്യനായ മുഖ്യമന്ത്രിയും എക്സൈസ് വകുപ്പുമന്ത്രിയും മദ്യത്തിന്റെ ഉപയോഗം കുറച്ചുകൊണ്ടുവരുന്നതിനുവേണ്ടി യു.ഡി.എഫ്.-ന്റെ പ്രകടനപത്രികയിൽ പ്രഖ്യാപിച്ച ഘട്ടംഘട്ടമായുള്ള മദ്യഉപയോഗം കുറച്ചുകൊണ്ടുവരിക എന്ന ലക്ഷ്യത്തെ മുൻനിർത്തിക്കൊണ്ടുള്ള നടപടികളാണ് സ്വീകരിച്ചത്. ആദ്യം ബിവറേജസ് കോർപ്പറേഷന്റെ പുതിയ ഔട്ട്ലെറ്റുകളൊന്നും അനുവദിക്കില്ല എന്നും 2014-2015-ഓടുകൂടി ഫൈവ് സ്റ്റാർ ഹോട്ടലുകൾ അല്ലാതെ ഒരിടത്തും ബാറുകൾ അനുവദിക്കില്ല എന്നും

തീരുമാനിച്ചു. കഴിഞ്ഞ ഗവൺമെന്റിന്റേയും ഈ ഗവൺമെന്റിന്റേയും കാലയളവ് എടുത്തുനോക്കിയാൽ മദ്യഷാപ്പുകൾ കുറച്ചുകൊണ്ടുവരാൻ വേണ്ടി എത്രമാത്രം ധീരമായ നിലപാടാണ് ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായ ഈ ഗവൺമെന്റ് സ്വീകരിച്ചത് എന്ന് നമുക്ക് കാണാൻ സാധിക്കും. അതുമാത്രമല്ല മദ്യപാനത്തിനെതിരായ ക്യാമ്പെയിൻ, അതിനുവേണ്ടി നീക്കിവെച്ച പണം, ആ ക്യാമ്പെയിൻ ഏറ്റവും കൂടുതൽ ശക്തമാക്കിയത് ശ്രീ. കെ. ബാബുവിന്റെ നേതൃത്വത്തിൽ ഉള്ള എക്സൈസ് വകുപ്പാണ് എന്ന കാര്യം പ്രത്യേകം ഈ സന്ദർഭത്തിൽ എടുത്തുപറയുകയാണ്. അതുപോലെതന്നെ ബഹുമാന്യനായ മുഖ്യമന്ത്രി എറണാകുളത്ത് എം.ഇ.എസ്.–ന്റെ ഒരു സമ്മേളനത്തിൽ അസന്നിഗ്ദ്ധമായി പ്രഖ്യാപിക്കുകയുണ്ടായി, മദ്യത്തിൽ നിന്നുള്ള വരുമാനം വേണ്ടെന്ന് വയ്ക്കാൻ ഈ ഗവൺമെന്റിന് മടിയില്ല എന്ന്. അതാണ് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ മദ്യത്തോടുള്ള രാഷ്ട്രീയമായ പ്രഖ്യാപിതനയം. മഹാത്മാഗാന്ധി ഞങ്ങളെ പഠിപ്പിച്ചത് അതാണ്. അതുതന്നെയാണ് ബഹുമാന്യനായ എം.പി. അബ്ദുസമദ് സമദാനി ഗാന്ധിയെ ചൂണ്ടിക്കാണിച്ചുകൊണ്ട് ഇവിടെ പറഞ്ഞത്. മദ്യത്തിൽ നിന്നുള്ള വരുമാനം വേണ്ടെന്ന് വയ്ക്കാൻ ഈ ഗവൺമെന്റിന് ഒട്ടും മടിയില്ലെന്ന് ശ്രീ. ഉമ്മൻ ചാണ്ടി പ്രഖ്യാപിച്ചതും അതുതന്നെയാണ്. മാത്രമല്ല മദ്യപാനത്തിൽ നിന്നുള്ള വരുമാനത്തെക്കാൾ എത്രയോ മടങ്ങാണ് അതുമൂലമുണ്ടാകുന്ന ദുരന്തങ്ങൾമൂലം ചെലവഴിക്കപ്പെടുന്നത് എന്നുകൂടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുകയുണ്ടായി. ഇതാണ് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ, യു.ഡി.എഫ്.–ന്റെ മദ്യവുമായി ബന്ധപ്പെട്ടകാര്യത്തിലുള്ള യഥാർത്ഥ കാഴ്ചപ്പാട്. ഒരുപക്ഷേ ഗവൺമെന്റിന് ബോധപൂർവ്വമല്ലാതെ തന്നെ ഒരവസരം കിട്ടിയതാണ്. സുപ്രീംകോടതിയിൽ ഉണ്ടായ ഒരു കേസ്സിന്റെയടിസ്ഥാനത്തിൽ ഇതിനുമുമ്പ് സി. ആന്റ് എ.ജി. നൽകിയ ഒരു

റിപ്പോർട്ടിന്റെ കൂടി അടിസ്ഥാനത്തിൽ കേരളത്തിലെ 418 ബാറുകൾ അടച്ചു പൂട്ടാനുള്ള ഒരു ഭാഗ്യം ബഹുമാന്യനായ എക്സൈസ് വകുപ്പുമന്ത്രി കെ. ബാബുവിന് കിട്ടി, ഈ ഗവൺമെന്റിന് കിട്ടി. അത് കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ യു.ഡി.എഫ്-ന് കേരളത്തിൽ 12 സീറ്റുകൾ ലഭിക്കുന്നതിനും ഭൂരിപക്ഷം പലസ്ഥലങ്ങളിലും ഉണ്ടാകുന്നതിനും പല സോഷ്യൽ സെക്ടറുകളിൽ നിന്ന് യു.ഡി.എഫ്-ന് അതിശക്തമായ പിന്തുണ ലഭിക്കാനും ഈ 418 ബാറുകൾ അടച്ചുപൂട്ടി എന്നത് ഒരു കാരണമാണ് എന്ന് ഈ സന്ദർഭത്തിൽ എടുത്തുപറയാതിരിക്കാൻ നിവൃത്തിയില്ല. കേരളത്തിലെ 418 ബാറുകൾ അടഞ്ഞുകിടന്നതുകൊണ്ട് എന്തു കുഴപ്പമാണ് ഉണ്ടായിട്ടുള്ളത്? ബാറുകളിൽ പോയിരുന്ന് മദ്യപിക്കുന്നവർക്കുണ്ടാകുന്ന പ്രയാസവും ബാറുടമകൾക്ക് ഉണ്ടാകുന്ന സാമ്പത്തിക നഷ്ടവുമാണ് ആകെ ഉണ്ടായ കുഴപ്പം. ഇതൊന്നും നയപരമായ ഒരു തിരുത്തലിനും പ്രേരിപ്പിക്കേണ്ട കാര്യങ്ങളല്ല എന്ന് എല്ലാവർക്കുമറിയാം. ഇതോടൊപ്പം തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികളുണ്ട്. അവരുടെ കാര്യം തീർച്ചയായും പരിഗണിക്കപ്പെടേണ്ടതാണ്. ബാറുകൾ പൂട്ടിയതുമൂലം കേരളത്തിലെ ലക്ഷക്കണക്കിന് ജനങ്ങൾക്കും പതിനായിരക്കണക്കിന് കുടുംബങ്ങൾക്കും ഉണ്ടായിട്ടുള്ള സമാധാനം ഇവിടെ പ്രസക്തമാണ്. ഈ സന്ദർഭത്തിൽ ബാറുകൾ കൂട്ടത്തോടെ അടച്ചതിനുശേഷം അപകടങ്ങളും അടിപിടിയും വലിയതോതിൽ കുറഞ്ഞിട്ടുണ്ടെന്ന് പോലീസിന്റെ കണക്കുകൾ തെളിയിക്കുകയാണ്. ഈ സഭയിൽ 16-06-2014-ന് ശ്രീ. വി.എം. ഉമ്മർ മാസ്റ്ററുടെ ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രിയായ ശ്രീ. രമേശ് ചെന്നിത്തല നൽകിയ മറുപടി ശ്രീ. എം.പി. അബ്ദുസമദ്

സമദാനി ഇവിടെ ഉദ്ധരിക്കുകയുണ്ടായി. നിലവാരമില്ലാത്ത ബാറുകൾ അടച്ച തിനുശേഷവും അടയ്ക്കുന്നതിന് മുമ്പുമുള്ള 2 മാസത്തെ കണക്കുകൾ താര തമ്യം ചെയ്തതിൽ നിന്നും മദ്യം ഉപയോഗിച്ചതുകൊണ്ടുണ്ടാകുന്ന സംഘട്ടന ങ്ങളിൽ 36 ശതമാനം കുറവും ഗാർഹിക പീഡനങ്ങളിൽ 31 ശതമാനം കുറവും ഉണ്ടായിട്ടുള്ളതായി ബഹുമാന്യനായ ആഭ്യന്തരവകുപ്പുമന്ത്രി തന്നെയാണ് ഈ സഭയിൽ പ്രഖ്യാപിച്ചത്. 2013 ഏപ്രിൽ മാസത്തിൽ മദ്യ പിച്ച് വാഹനമോടിച്ച കേസുകൾ 21,154 ആണ്. 2014 ഏപ്രിലിൽ 18,944 ആയി കുറഞ്ഞു. 2013 മെയ് മാസത്തിൽ മദ്യപിച്ച് വാഹനമോടിച്ചവരുടെ എണ്ണം 23,421 ആണ്. 2014 മെയ് മാസത്തിൽ 19,875 ആയി കുറഞ്ഞു. ഐ.പി.സി. 302, 324, 307, 308 വകുപ്പ് ഉൾപ്പെടെയുള്ള കൊലപാതകം, സംഘട്ടനം ഉൾപ്പെടെയുള്ള കേസുകൾ 2013 ഏപ്രിൽ മാസത്തിൽ 2257 എണ്ണമായിരുന്നു. ഇത് 2014 ഏപ്രിൽ മാസത്തിൽ 2055 കേസുകളായി കുറ ഞ്ഞു. ഇത് 2013 മെയ് മാസത്തിൽ 2207 കേസുകളുണ്ടായിരുന്നത് 2014 മെയ് മാസത്തിൽ 1993 കേസുകളായി കുറഞ്ഞു. ഇത് ആഭ്യന്തര വകു പ്പിന്റെ കണക്കാണ്. വാഹനാപകടങ്ങളുടെ കണക്ക് നോക്കിയാൽ 2013 ഏപ്രിലിൽ 3113 വാഹനാപകട കേസുകളുണ്ടായി. 2014 ഏപ്രിലിൽ 2837 കേസുകൾ മാത്രമാണ് ഉണ്ടായിട്ടുള്ളത്. ഇതുതന്നെ 2013 മെയ് മാസത്തിൽ 3231 കേസുകളുണ്ടായി. 2014 മെയ് മാസത്തിൽ 3181 കേസുകളായി മാറി. ഗാർഹിക പീഡനത്തെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ മറുപടി

നൽകിയതുകൊണ്ട് ആവർത്തിക്കുന്നില്ല. മദ്യത്തിന്റെ ഉപയോഗം കൂടി എന്ന് പറഞ്ഞു. ഞാൻ ബിവറേജ് കോർപ്പറേഷന്റെ www.asbc.kerala.gov.in എന്ന വെബ്സൈറ്റിൽ നിന്നും ഒരു കണക്കെടുത്തു. അതിന്റെ റിപ്പോർട്ട് എന്റെ കയ്യിലുണ്ട്. 2013 മാർച്ചിൽ ബിവറേജ് കോർപ്പറേഷൻ വിറ്റത് 20,63,632 കെയ്സ് മദ്യമാണ്. 2014 മാർച്ചിൽ ബിവറേജ് കോർപ്പറേഷൻ വിറ്റത് 20,72,250 കെയ്സാണ്. ബാറുകൾ പൂട്ടിയതിനുശേഷം 2014-ൽ ബിവറേജ് കോർപ്പറേഷൻ വിറ്റത് 19,65,024 കെയ്സുകളാണ്. എന്നാൽ 2013 ഏപ്രിലിൽ ബിവറേജ് കോർപ്പറേഷൻ വിറ്റത് 20,38,072 കെയ്സാണ്. 73,048 കെയ്സ് മദ്യം ഈ ഏപ്രിൽ മാസത്തിൽ മാത്രം കുറച്ചു വിൽപ്പന നടത്തിയെന്നും ബിവറേജ് കോർപ്പറേഷന്റെ വെബ്സൈറ്റിലെ കണക്കാണ്. ഞാൻ ബിവറേജ് കോർപ്പറേഷന്റെ വെബ്സൈറ്റിൽ നിന്നും എടുത്തതാണ്. 2013 മെയ്മാസത്തിൽ 22,10,410 കെയ്സ് മദ്യം ബിവറേജ് കോർപ്പറേഷൻ വിറ്റു. 2014 മെയ് മാസത്തിൽ 21,31,740 കെയ്സ് മദ്യമാണ് വിറ്റത്. 78,670 കെയ്സ് മദ്യം കുറവ് വിറ്റു. ഇത് ബിവറേജ് കോർപ്പറേഷന്റെ ഔദ്യോഗിക മായ കണക്കാണ്. ഇപ്പോൾ നമുക്ക് റവന്യൂ കൂടി. ശരിയാണ് എങ്ങനെയാണ് റവന്യൂ കൂടിയത്? 418 ബാറുകൾ പൂട്ടിയപ്പോൾ തുറന്നുകിടക്കുന്ന പല ബാറുകളിലും കച്ചവടം കൂടി. ഒപ്പം ബിവറേജ് കോർപ്പറേഷനിലും കച്ചവടം കൂടി. കെയ്സ് കണക്കല്ല. പല ബാറുകളിലും മുമ്പ് വിറ്റിരുന്നത് ബിവറേജ് കോർപ്പറേഷന്റെ ഗോഡൗണിൽ നിന്നെടുത്ത ഫസ്റ്റ് ക്വാളിറ്റി മദ്യമാണെന്ന് അറിയുന്ന ആരും പറയാനിടയില്ല. അവർ വിറ്റിരുന്ന മദ്യം മുഴുവൻ അതാ

ണെന്ന് ആരെങ്കിലും പറയുമോ; പറയുകയില്ല. അതുകൊണ്ട് അതിലുണ്ടായ അന്തരം സ്വാഭാവികമായും ഈ രംഗത്തുണ്ടായിട്ടുണ്ട്.

അതുകൊണ്ട് അടഞ്ഞുകിടക്കുന്ന 418 ബാറുകൾ തുറക്കാൻ പാടില്ല. ഇത് കെ.പി.സി.സി. പ്രസിഡന്റ് ശ്രീ. വി. എം. സുധീരന്റേയോ കെ.പി.സി.സി. യുടേയോ അല്ലെങ്കിൽ ഈ രാജ്യത്തെ രാഷ്ട്രീയ പാർട്ടികളുടെമാത്രം അഭിപ്രായമോ അല്ല. കേരളത്തിലെ പൊതുസമൂഹത്തിന്റെ വികാരമാണ്. ഒരവസരം കിട്ടിയാൽ ഇനിയും അവശേഷിക്കുന്ന, തുറന്നുകിടക്കുന്ന ബാറുകളിൽ ഗുണമേന്മയില്ലാത്ത ബാറുകൾ കൂടി അടച്ചുപൂട്ടാനുള്ള നടപടി സ്വീകരിക്കണം. അതോടൊപ്പംതന്നെ ബിവറേജ് കോർപ്പറേഷന്റെ ഔട്ട്ലെറ്റുകൾ ഘട്ടം ഘട്ടമായി കുറച്ചുകൊണ്ടുവരണം. നേരത്തെ ഇവിടെ ശ്രീ. പി. സി. ജോർജ് പറഞ്ഞതുപോലെ, തിരക്കുപിടിച്ച എൻ.എച്ച്. പോലുള്ള സ്ഥലങ്ങളിലെ ഔട്ട്ലെറ്റുകൾകൂടി കുറച്ചുകൊണ്ടുവരാൻ നടപടി സ്വീകരിക്കുകയാണ് വേണ്ടത്. ഈ കാര്യത്തിൽ ഒരു കാരണവശാലും വിട്ടുവീഴ്ച പാടില്ല. ഇൻഡ്യൻ നാഷണൽ കോൺഗ്രസിന് ഒരു പ്രഖ്യാപിത മദ്യനയം ഉണ്ട്. ബഹുമാനപ്പെട്ട ഡൊമിനിക് പ്രസന്റേഷൻ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പറഞ്ഞു, ഒരു കോൺഗ്രസ്സുകാരൻ മെമ്പർഷിപ്പ് എടുക്കുമ്പോൾ രണ്ട് കാര്യങ്ങൾ അസ്സൈൻ ചെയ്യുമെന്ന്. ഒന്ന്, ഖാദി വസ്ത്രം ധരിക്കും, അതിനെ പ്രോത്സാഹിപ്പിക്കും. രണ്ട്, മദ്യവർജ്ജനത്തിനുവേണ്ടി നിലകൊള്ളും. അങ്ങനെയാണ് ഞങ്ങളൊക്കെ കോൺഗ്രസ്സിൽ മെമ്പർഷിപ്പ് എടുത്തത്. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ പറഞ്ഞത് പൂർണ്ണമായും സത്യമാണ്. അതുകൊണ്ട് ഈ കാര്യത്തിൽ സ്വാഭാവികമായും ഒരു യഥാർത്ഥ കോൺഗ്രസ്സുകാരന്റെ, കോൺഗ്രസ്സ് ലീഡർഷിപ്പിന് എടുക്കാവുന്ന തീരുമാനം തന്നെയാണ് ബഹുമാ

നപ്പെട്ട മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള ഈ ഗവൺമെന്റ് എടുത്തത് എന്ന കാര്യം കൂടി ഈ സന്ദർഭത്തിൽ പറയാൻ ആഗ്രഹിക്കുകയാണ്. ബഹുമാനപ്പെട്ട എം. പി. അബ്ദുസ്സമദ് സമദാനി, ഈ വിശുദ്ധ റമദാൻ മാസത്തിൽ അങ്ങ് നടത്തിയ ഒരു പുണ്യപ്രസംഗത്തിന് പരിപൂർണ്ണമായ പിന്തുണ പ്രഖ്യാപിച്ചുകൊണ്ട് ഞാൻ ആ വിഷയം നിർത്തുന്നു.

ഞാൻ ബഹുമാനപ്പെട്ട ഫിഷറീസ് മന്ത്രിയേയും ഗവൺമെന്റിനേയും അഭിനന്ദിക്കുകയാണ്. ശ്രീ. കെ. ബാബുവിന്റെ നേതൃത്വത്തിൽ ഈ ഗവൺമെന്റ് ഫിഷറീസ് മേഖലയിൽ ചെയ്യുന്ന കാര്യങ്ങൾ ഒരു കാലഘട്ടത്തിലും ഇല്ലാത്ത വലിയ നേട്ടങ്ങളാണ്. ഈ ഗവൺമെന്റ് മുൻവർഷങ്ങളേക്കാൾ ഫിഷറീസ് സെക്ടറിൽ 12 ശതമാനം തുക അലോക്കേഷൻ വാങ്ങി ചെലവഴിച്ചു. ഇവിടെ പല കാര്യങ്ങളും പരാമർശിച്ചതിൽ, ബഹുമാനപ്പെട്ട മുൻ ഫിഷറീസ് വകുപ്പുമന്ത്രി എസ്. ശർമ്മ അവിടെ ഇരിക്കുന്നുണ്ട്. ആ കാലത്ത് ഒരു വീടിന് 50,000/- രൂപയാണ് കൊടുത്തിരുന്നത്. ഇപ്പോൾ രണ്ട് ലക്ഷം രൂപ ഒരു വീടിന് കൊടുക്കുന്ന സാഹചര്യം ഉണ്ടായി. അത് ഇൻഡ്യയിൽ ആദ്യമായിട്ടാണ്, ഒരു സ്റ്റേറ്റിലും ഫിഷറീസ് സെക്ടറിൽ ഒരു വീടിന് രണ്ട് ലക്ഷം രൂപ കൊടുക്കാനുള്ള തീരുമാനം ഉണ്ടായിട്ടില്ല. വളരെ പ്രധാനപ്പെട്ട ഒരു കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെയും ഈ സഭയുടെയും ശ്രദ്ധയിൽക്കൊണ്ടുവരാൻ ആഗ്രഹിക്കുകയാണ്. മത്സ്യത്തൊഴിലാളികളുടെ കുട്ടികളുടെ ലംപ്സംഗ്രാന്റ് 20 കോടി രൂപയോളം ഇപ്പോഴും കുടിശ്ശികയാണ്. ഞാൻ ഈ സഭയിൽ സബ്മിഷൻ കൊണ്ടുവന്നിരുന്നു. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ ഉൾപ്പെടെ ഞങ്ങളെല്ലാവരും കൂടി മുഖ്യമന്ത്രിയേയും ധനകാര്യ മന്ത്രിയേയും കണ്ട് ഈ കാര്യം ഉന്നയിച്ചു. ഇപ്പോഴും അതിനുവേണ്ടിയുള്ള

പണം റിലീസ് ചെയ്തുകൊടുത്തിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രി, അങ്ങ് മത്സ്യ ത്തൊഴിലാളികളുടെ കുട്ടികളുടെ ലംപ്സംഗ്രാന്റ് തുക നിർബന്ധമായും കൊടുക്കണം. നേരത്തെ ഇവിടെ ശ്രീമതി ജമീലാ പ്രകാശം പറഞ്ഞത് സത്യ മാണ്. കോളേജ് ഹോസ്റ്റലിൽ നിന്ന് കുട്ടികളെ പുറത്താക്കിക്കൊണ്ടിരിക്കുക യാണ്. ആ പൈസ കൊടുക്കാൻ വേണ്ടിയുള്ള നടപടി അടിയന്തരമായി ഉണ്ടാകണം. വളരെ പ്രധാനപ്പെട്ട മറ്റൊരു കാര്യം, നമ്മുടെ ഈ നിയമസഭ പാസ്സാക്കിയ ഒരു നിയമം ഉണ്ട്. 2007-ൽ ഐകകണ്ഠേന നിയമസഭ പാസ്സാ ക്കിയതാണ് കേരള മത്സ്യത്തൊഴിലാളികളുടേയും അനുബന്ധതൊഴിലാ ളികളുടേയും ക്ഷേമനിധി സെസ്സ് നിയമം. ഈ സെസ്സ് നിയമത്തിൽ പറഞ്ഞി ട്ടുള്ളതുപോലെ കിട്ടുന്ന ഒരു ശതമാനം പണത്തിലൂടെയാണ് മത്സ്യത്തൊഴി ലാളി ക്ഷേമനിധിയിലേയ്ക്ക് പണം ഉണ്ടാകുക. ശ്രീ. എസ്. ശർമ്മ ഫിഷ റീസ് മന്ത്രിയായിരിക്കുമ്പോഴാണ് ആ നിയമം കൊണ്ടുവന്നത്. അന്നത്തെ പ്രതിപക്ഷ നേതാവായിരുന്ന ശ്രീ. ഉമ്മൻ ചാണ്ടി പ്രത്യേക താൽപ്പര്യമെടുത്ത് ആ നിയമം ഈ നിയമസഭയിൽ ഐകകണ്ഠേന പാസ്സാക്കി. ഞങ്ങളൊക്കെ ചർച്ചയിൽ സജീവമായി പങ്കെടുത്തതാണ്. ഞങ്ങൾ അതിന്റെ സെലക്ട് കമ്മിറ്റി അംഗങ്ങളുമായിരുന്നു. ആ നിയമം പാസ്സാക്കിയിട്ട് ഇന്നുവരെ സെസ്സ് പിരിക്കാൻ പറ്റിയിട്ടില്ല. വലിയ കയറ്റുമതിക്കാരും ഐസ് കമ്പനിക്കാരുമാണ് ഇതിനുവേണ്ടിയുള്ള ഒരു ശതമാനം പണം തരേണ്ടത്. ഇതുമായി ബന്ധപ്പെട്ട് അവർ സുപ്രീം കോടതിയിൽ പോയി. സുപ്രീം കോടതി ആ കേസ് ഹൈക്കോടതിയിലേയ്ക്ക് തിരിച്ചുവിട്ടു. ഹൈക്കോടതിയിൽ കേസ് വന്നു. ഈ കേസ് കഴിഞ്ഞപ്രാവിശ്യം ഗവൺമെന്റ് വാദിക്കുമ്പോൾ ഗവൺമെന്റിന് എതിരായി അന്ന് വന്നിരുന്നത് ദണ്ഡപാണി അസോസിയേറ്റ്സ് ആണ്.

കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഈ കേസ് വരുമ്പോൾ ദണ്ഡപാണി അസോസിയേറ്റ്സ് ആണ് മുതലാളിമാർക്കുവേണ്ടി, വലിയ കയറ്റുമതി ക്കാർക്കുവേണ്ടി ഈ കേസ് വാദിച്ചത്. ഇപ്പോൾ ഈ കേസിൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഹാജരാകുന്ന എ.ജി. ശ്രീ. കെ. പി. ദണ്ഡ പാണി ആണെന്ന് ഞാൻ പറയാതെതന്നെ അറിയാമല്ലോ? സങ്കടകരമായ കാര്യം, ഈ കേസിൽ അന്ന് മുതലാളിമാർക്കുവേണ്ടി ഹാജരായ ദണ്ഡ പാണി അസോസിയേറ്റ്സ്, ഇപ്പോൾ ഗവൺമെന്റിനുവേണ്ടി ശ്രീ. ദണ്ഡ പാണി വരികയും മുതലാളിമാർക്കുവേണ്ടി വരുന്നത് ദണ്ഡപാണിയുടെ കുടുംബത്തിലെ അംഗവുമാണ്. ഈ കേസിൽ വാദം കഴിഞ്ഞിട്ടും കേസ് വിധി പറയാതെ മാറ്റിവെച്ചിരിക്കുകയാണ്. ബഹുമാനപ്പെട്ട അങ്ങും മന്ത്രിയും ഈ കാര്യത്തിൽ ഇടപെട്ടിട്ടുള്ളതാണ്. ഈ പാവപ്പെട്ട മത്സ്യത്തൊഴിലാളി കൾക്ക് കിട്ടേണ്ട...........

<u>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ:</u> സർ, ഞാൻ പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നു. ഇത് ഒരു അഴിമതി ആരോപണമാണ്. കാരണം, മുതലാളി മാർക്കുവേണ്ടി വാദിച്ച ദണ്ഡപാണിയെ എ.ജി. ആക്കി നിയമിച്ചതിൽ സർക്കാർ അഴിമതി നടത്തിയെന്ന് പറയുകയാണ്. അത് ഓർഡറിലാണോ?

<u>മി. ചെയർമാൻ:</u> അങ്ങനെ പറഞ്ഞിട്ടില്ല. ശ്രീ. റ്റി. എൻ. പ്രതാപൻ വിശദീകരിക്കും.

<u>ശ്രീ. റ്റി. എൻ. പ്രതാപൻ:</u> സർ, ഞാൻ ആ പറഞ്ഞതിന്റെ സ്പിരിറ്റ് ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർക്ക് ഉൾക്കൊള്ളാൻ സാദ്ധ്യതയില്ല. ശ്രീ. എസ്. ശർമ്മയ്ക്ക് അതിന്റെ സ്പിരിറ്റ് അറിയാം. മാസ്റ്റർക്ക് അത് മനസ്സിലാവാൻ സാദ്ധ്യത കുറച്ച് കുറവാണ്, അത് മനസ്സിലാവില്ല. അതെന്താണെന്ന് ശ്രീ. എസ്. ശർമ്മയ്ക്ക് അറിയാം. ഈ കേസ് വാദം കേട്ട് വിധി പറയാൻ ഇരിക്കു

കയാണ്. അത് അനന്തമായി നീട്ടിക്കൊണ്ടുപോകുകയാണ്. കോടിക്കണക്കിന് രൂപയാണ് പാവപ്പെട്ട ദരിദ്രരായ മത്സ്യത്തൊഴിലാളികൾക്ക് കിട്ടേണ്ടത്. അവർക്ക് മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും കൊടുക്കുന്ന ആനുകൂല്യം എന്നുപറയുന്നത്, 300/- രൂപ, 500/- രൂപ, 1,000/- രൂപ, 1,500/- രൂപ - പരിഷ്കൃത സമൂഹത്തിനുപോലും അപമാനകരമായ രീതിയിൽ....... പാവപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് കൊടുക്കാൻ പൈസയില്ല. കോടിക്കണക്കിന് രൂപ വരുമാനമുള്ള ചെമ്മീൻ കയറ്റുമതിക്കാരായ വൻകിട മുതലാളിമാർ ശതകോടീശ്വരന്മാരാണ്. ബഹുമാനപ്പെട്ട മന്ത്രിയോടും, അപ്പുറത്തുള്ള ശ്രീ. എസ്. ശർമ്മ ഉൾപ്പെടെയുള്ള ആളുകളോടുമുള്ള ഒരഭ്യർത്ഥന, ദയവു ചെയ്ത് ഏതെങ്കിലും രീതിയിൽ ഔട്ട് ഓഫ് കോർട്ടിൽ വെച്ച് സെറ്റിൽചെയ്താലും വിരോധമില്ല, എങ്ങനെയെങ്കിലും ഈ കേസ് തീർത്ത് പാവപ്പെട്ട ആളുകൾക്കുള്ള ഈ പൈസ ക്ഷേമനിധിയിൽ കിട്ടാൻ നടപടി ഉണ്ടാകണം. 2007-ൽ നിയമസഭ പാസ്സാക്കിയ ഒരു നിയമത്തിന്റെ അടിസ്ഥാനത്തിലാണത്. ഒരു പ്രധാനപ്പെട്ട കാര്യം കൂടി, ഈ നിയമസഭയിൽ ഇതുപോലെതന്നെ അന്നത്തെ ഭരണകക്ഷികൊണ്ടുവന്ന മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ നിയമത്തെ ഞങ്ങളെല്ലാവരും പിന്തുണച്ചു. എല്ലാ പിന്തുണയും നൽകി. 30-06-2013-ന് മുമ്പായി മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷനിൽ 129221 പേർ രജിസ്റ്റർ ചെയ്തു. മുതൽ ഇനത്തിൽ പരമാവധി 75,000/- രൂപ ക്രമത്തിൽ ആറ് റിപ്പോർട്ടുകളിലായി 66,363 കടങ്ങളിൽ ആശ്വാസത്തിന് അർഹത കണ്ടെത്തി ഗവൺമെന്റിലേയ്ക്ക് ശുപാർശ ചെയ്തു. 2010-ൽ 253.59 കോടി രൂപ എൽ.ഡി.എഫ്. സർക്കാർ ഭരണാനുമതി നൽകിയെങ്കിലും ഒരു പൈസയും അന്ന് നൽകിയില്ല. ബഹുമാനപ്പെട്ട എസ്. ശർമ്മ, അങ്ങ്

വലിയ താൽപ്പര്യമെടുത്ത് പൈസ വകയിരുത്തി. ഒരു പൈസയും അന്ന് അനുവദിച്ചില്ല. അതിനുശേഷം എൽ.ഡി.എഫ്. ഗവൺമെന്റ് പോകുന്നതിന് മുമ്പ് 01–03–2011–ൽ 100 കോടി രൂപ അനുവദിച്ചു. ഇത് 2013–2014–ലെ ഉപധനാഭ്യർത്ഥന പ്രകാരം 20 കോടി രൂപ വകയിരുത്തി, 02–12–2013–ൽ 8.86 കോടി രൂപയും 07–02–2014–ൽ 10.64 കോടി രൂപയും അനുവദിച്ചു. ആകെ 19.49 കോടി രൂപ മാത്രമേ നൽകിയിട്ടുള്ളൂ. ഇനിയും 130 കോടി രൂപയെങ്കിലും നൽകിയാൽ മാത്രമേ നിലവിൽ പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ അവാർഡ് ചെയ്ത കടങ്ങൾ എഴുതിത്തള്ളാൻ പറ്റുകയുള്ളൂ. ഇതിനുവേണ്ടി എത്ര നാളായി ഓഫീസുകളിൽ കയറിയിറങ്ങുന്നു. ബഹുമാനപ്പെട്ട ധനകാര്യ മന്ത്രി ഇവിടെയില്ല, എനിക്കറിയാം മുഖ്യമന്ത്രി ഈ കാര്യത്തിൽ വളരെ താൽപ്പര്യമെടുത്തിട്ടുണ്ട്. അദ്ദേഹം നിരവധി തവണ ഈ കാര്യം നിയമസഭയ്ക്ക് അകത്തും പുറത്തും പറഞ്ഞിട്ടുണ്ട്. ശ്രീ. ഡൊമിനിക് പ്രസന്റേഷനും ഞാനും ഉൾപ്പെടെയുള്ള ആളുകൾ ആവശ്യപ്പെട്ടപ്പോഴൊക്കെ വളരെ പോസിറ്റീവായ സ്റ്റാന്റെടുത്ത ആളാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉമ്മൻചാണ്ടിയും ഫിഷറീസ് മന്ത്രി ശ്രീ. കെ. ബാബുവും. ബഹുമാന്യനായ ധനകാര്യമന്ത്രി ഇവിടെയില്ല. അദ്ദേഹത്തിന്റെ ഓഫീസിലെ ആരെങ്കിലും ഈ ചർച്ച കേൾക്കുന്നുണ്ടാകുമെന്ന് വിശ്വസിക്കുന്നു. ദയവുചെയ്ത് ഈ കടാശ്വാസ കമ്മീഷന് കൊടുക്കാമെന്ന് ഗവൺമെന്റ് മുമ്പ് പറഞ്ഞതും ഇപ്പോൾ ഈ ബഡ്ജറ്റിൽ പ്രഖ്യാപിച്ചതും ബാക്കിയുള്ളതുമായ 130 കോടിരൂപ........... വൈസ് ചെയർമാൻ ഇവിടെ ഇരിക്കുന്നുണ്ട്. ഈ പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ പണം കൊടുക്കണമെന്ന് പ്രിയപ്പെട്ട പി. സി. ജോർജ്, അങ്ങ് മാണിസാറിനോട് പറയണമെന്ന് അഭ്യർത്ഥിക്കുന്നു. ഈ കാര്യത്തിൽ തീർച്ചയായും

ഒരു അനുകൂലമായ തീരുമാനമുണ്ടാകണമെന്ന് പറയണം. ഞാൻ ബഹുമാനപ്പെട്ട മന്ത്രി കെ. ബാബുവിനെ അനുമോദിക്കുകയാണ്. 'തണൽ' എന്നൊരു പദ്ധതി ഇൻഡ്യയിൽ ആദ്യമായാണ് ഉണ്ടാക്കിയത്. ഈ തണൽ, അസംഘടിത തൊഴിലാളികൾക്ക് വേണ്ടി തൊഴിൽ വകുപ്പ് കൊണ്ടുവന്ന ഒരു പദ്ധതിയായിരുന്നു. ആ പദ്ധതി മത്സ്യമേഖലയിലെ ക്ഷേമനിധി ബോർഡുവഴി ഒരാൾക്ക് ഒരു മാസം 1,350/- രൂപ വീതം 229000 മത്സ്യത്തൊഴിലാളികൾക്ക് നൽകാൻ ഉദ്ദേശിച്ചുള്ളതാണ്. 2013-2014-ൽ 116000 മത്സ്യത്തൊഴിലാളികൾക്ക് 30 കോടി രൂപ കൊടുത്തു. ഇനി 110000 പേർക്ക് കൊടുക്കാൻ പോകുകയാണ്. ഏറ്റവും നല്ല ഒരു പദ്ധതിയാണ് തണൽ പദ്ധതി. ബഹുമാനപ്പെട്ട മന്ത്രി 1,350/- രൂപ ഈ മത്സ്യത്തൊഴിലാളികൾക്ക് പൈസയായി കൊടുക്കുകയാണ്. ആ പൈസ കിട്ടിപ്പോയാൽ പെട്ടെന്ന് ചെലവായിപ്പോകും. ഓരോ മത്സ്യഗ്രാമങ്ങളിലും ഈ പണമുപയോഗിച്ചുകൊണ്ട് ഒരു തണൽ ഗ്രാമം ഉണ്ടാക്കി ഈ പണം വ്യക്തിഗതമായി പോകുന്നതിനുപകരം ഒരു പൊതു പ്രയോജനത്തിനുവേണ്ടി ഉപയോഗിക്കണം. അങ്ങനെയായാൽ ഏകദേശം 100 കോടി രൂപയിലധികമാകുകയില്ല. അത് നമുക്ക് പ്രയോജനമുണ്ടാകുകയും ചെയ്യും.

അതുപോലെ മത്സ്യത്തൊഴിലാളികളുടെ മണ്ണെണ്ണയെ സംബന്ധിച്ചുള്ളത് വളരെ പ്രധാനപ്പെട്ടൊരു കാര്യമാണ്. ഈ ഗവൺമെന്റിനെ അനുമോദിക്കുകയാണ്. ഞാൻ ഈ നിയമസഭയിൽ ഫിഷറീസിനെ സംബന്ധിക്കുന്ന ബഡ്ജറ്റ് ചർച്ചയിൽ പതിമൂന്നാമത്തെ തവണയാണ് പ്രസംഗിക്കുന്നത്. പതിമൂന്ന് തവണയും മത്സ്യത്തൊഴിലാളികളുടെ ഏറ്റവും പ്രധാന കാര്യമായി പറ

യുന്നത് മണ്ണെണ്ണ എന്ന വിഷയമാണ്. പാവപ്പെട്ട മത്സ്യത്തൊഴിലാളിക്ക് കട ലിൽ പോകുന്നതിന് മണ്ണെണ്ണ വലിയൊരു ആവശ്യമാണ്. കരിഞ്ചന്തയിൽ നിന്നും വലിയ തുക കൊടുത്താണ് മണ്ണെണ്ണ വാങ്ങുന്നത്. ലീഡർ കെ. കരു ണാകരൻ കേരളത്തിലെ മുഖ്യമന്ത്രിയായിരിക്കുമ്പോഴാണ് കേന്ദ്രം കൃഷി ആവശ്യത്തിന് സംസ്ഥാനത്തിന് കൊടുക്കുന്ന മണ്ണെണ്ണ മത്സ്യത്തൊഴിലാളി കൾക്ക് പെർമിറ്റ് വഴി കൊടുക്കുന്ന സംവിധാനം കൊണ്ടുവന്നത്. ലീഡർ കെ. കരുണാകരനെ പ്രത്യേകം സ്മരിക്കുകയാണ്. അതിനുശേഷം ആദ്യമായി ട്ടാണ് ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായ ഈ ഗവൺമെന്റ് ശ്രീ. കെ. ബാബുവിന്റെ നേതൃത്വത്തിൽ മത്സ്യത്തൊഴിലാളികളുടെ മണ്ണെണ്ണയ്ക്കു വേണ്ടി 100 കോടി രൂപ അനുവദിച്ചത്. ഈ ചർച്ചകഴിഞ്ഞ് ഈ ബഡ്ജറ്റ് പാസ്സായിക്കഴിഞ്ഞാൽ, സുതാര്യമായി മത്സ്യത്തൊഴിലാളി ഗ്രാമങ്ങളിലൂടെ അക്കാര്യം അടിയന്തരമായി നിർവ്വഹിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. മണ്ണെണ്ണയ്ക്ക് 100 കോടി രൂപ അനുവദിച്ച ഗവൺമെന്റിനേയും പ്രത്യേകിച്ച് മുഖ്യമന്ത്രിയേയും മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രിയേയും ധനകാര്യ വകുപ്പുമന്ത്രിയേയും ഈ സന്ദർഭത്തിൽ പ്രത്യേകം അനുമോദിക്കുകയാണ്.

മി. ചെയർമാൻ: അങ്ങ് ചുരുക്കണം.

ശ്രീ. റ്റി. എൻ. പ്രതാപൻ: സർ. അതുപോലെ ഈ തീരമേഖലയിൽ ഏറ്റവും നന്നായി സ്ത്രീകൾക്കുവേണ്ടി പ്രവർത്തിക്കുന്ന പ്രസ്ഥാനമാണ് ടഅഎ. ടഅഎ-ന് കൂടുതൽ പണം കൊടുത്ത് അതിലൂടെ തൊഴിൽരഹിത രായ മത്സ്യത്തൊഴിലാളി മേഖലയിലെ സ്ത്രീകൾക്ക് കൂടുതൽ അവസരം ഉണ്ടാക്കി കൊടുക്കാൻ സാധിക്കും. ഇവിടെ ചൂണ്ടിക്കാണിക്കാറുള്ളതു

പോലെ ആദിവാസി സമൂഹത്തേക്കാൾ ദയനീയമാണ് മത്സ്യത്തൊഴിലാളി മേഖലയിലെ ഇന്നത്തെ സാഹചര്യം. താമസിക്കാൻ വാസയോഗ്യമായ വീടില്ലാത്തവർക്ക് ഈ ഗവൺമെന്റ് വീടിനുവേണ്ടി 2 ലക്ഷം രൂപ വീതം അനുവദിച്ചു. പ്രാഥമിക ആവശ്യത്തിനുവേണ്ടിയുള്ള സൗകര്യമില്ല, കുടിവെള്ളം യാഥാർത്ഥ്യം അല്ലായിരുന്നു. അവിടേയ്ക്ക് 63 പുതിയ കുടിവെള്ള പദ്ധതികൾ ശ്രീ. കെ. ബാബു കൊണ്ടുവരികയുണ്ടായി. തീരപ്രദേശത്തെ റോഡുകൾ ദയനീയമാണ്. കേരളത്തിന്റെ ചരിത്രത്തിൽ ഏറ്റവും കൂടുതൽ......

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്..

ശ്രീ. റ്റി. എൻ. പ്രതാപൻ: സർ ഈ ഗവൺമെന്റിന്റെ കാലത്താണ് ഏറ്റവും കൂടുതൽ റോഡുകൾ തീരമേഖലയിൽ കൊണ്ടുവന്നത്. അടിസ്ഥാന സൗകര്യ വികസനത്തിന് വേണ്ടി വലിയ പിന്തുണയാണ് ബഹുമാന്യനായ ഫിഷറീസ് വകുപ്പുമന്ത്രി കെ. ബാബുവിന്റെ നേതൃത്വത്തിൽ ഈ ഗവൺമെന്റ് നൽകുന്നത്. കടാശ്വാസ കമ്മീഷന്റെ കാര്യത്തിലും, അതുപോലെ സെസ്സ് പിരിച്ചെടുക്കാനുള്ള വിഷയത്തിലും മത്സ്യത്തൊഴിലാളി കുട്ടികളുടെ ലംപ്സംഗ്രാന്റ് കൊടുക്കാനുള്ള കാര്യത്തിലും നടപടി സ്വീകരിക്കണം. അതുപോലെതന്നെ അവർക്ക് കൊടുക്കാനുള്ള 3 മാസത്തെ പെൻഷൻ കുടിശ്ശിക ഓണത്തിന് മുമ്പായി നിർബന്ധമായും കൊടുത്തുതീർക്കണം. ഒരു വാക്കു കൂടി പറഞ്ഞുകൊണ്ട് ഞാൻ കൺക്ലൂഡ് ചെയ്യുകയാണ്. അടിസ്ഥാന സൗകര്യങ്ങളെല്ലാം നൽകുന്നുണ്ടെങ്കിലും മദ്യപാനത്തിന്റെയും മദ്യാസക്തിയുടെയും വലിയ വ്യാപനമുള്ളത് ഈ ആദിവാസി മേഖലയിലും തീരദേശ മേഖലയിലുമാണ്. തീരപ്രദേശത്തെ പാവപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് നാം വീട്, കക്കുസ്, റോഡ്, ഫിഷ്ലാന്റിംഗ് സെന്റർ, □തണൽ□ പദ്ധതി

എന്നിവയെല്ലാം നൽകുന്നുണ്ട്. ഇതെല്ലാം ചെയ്താലും... ഫിഷറീസ് വകുപ്പും എക്സൈസ് വകുപ്പും ഒരു മന്ത്രിയുടെ കയ്യിൽ തന്നെ കിട്ടിയത് മത്സ്യത്തൊഴിലാളി മേഖലയെ മദ്യ വിമുക്തമാക്കുന്നതിനുള്ള അവസരമായി ഉപയോഗിക്കാവുന്നതാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട ഫിഷറീസ് മന്ത്രി, അങ്ങയുടെ കയ്യിൽ എക്സൈസ് വകുപ്പുകൂടിയുണ്ട്. ഈ 418 ബാറുകൾ തുറക്കാൻ പാടില്ലെന്ന് മാത്രമല്ല അവശേഷിക്കുന്ന, തുറന്നു പ്രവർത്തിക്കുന്ന ബാറുകളിലെ ഗുണമേൻമയില്ലാത്തവ കൂടി അടച്ചു പൂട്ടണം, അതുപോലെ ബിവറേജസ് കോർപ്പറേഷന്റെ എണ്ണം മെല്ലെമെല്ലെ കുറച്ചുകൊണ്ടു വരണം. ഇൻഡ്യൻ നാഷണൽ കോൺഗ്രസിന്റെ നയം ശ്രീ. എ. കെ. ആന്റണി ചൂണ്ടിക്കാണിച്ചതുപോലെ, ശ്രീ. വി. എം. സുധീരൻ നേതൃത്വം കൊടുക്കുന്നപോലെ, ശ്രീ. ഉമ്മൻ ചാണ്ടി പ്രഖ്യാപിച്ചതുപോലെ... മദ്യത്തിൽ നിന്നുള്ള വരുമാനം വേണ്ടെന്നു വയ്ക്കാൻ മടിയില്ല ഈ ഗവൺമെന്റിന് എന്ന ശ്രീ. ഉമ്മൻ ചാണ്ടിയുടെ പ്രഖ്യാപനം യാഥാർത്ഥ്യമാകാൻ.... ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി ഇവിടെയില്ല, അദ്ദേഹത്തെ അനുമോദിക്കുകയാണ്.

<u>മി. ചെയർമാൻ</u>: പ്ലീസ് കൺക്ലൂഡ്....

<u>ശ്രീ. റ്റി. എൻ. പ്രതാപൻ</u>: സർ. മദ്യത്തിനെതിരായും ലഹരി വസ്തുക്കൾക്കെതിരായും അദ്ദേഹം സേഫ് ക്യാംപസ് ക്ലീൻ ക്യാമ്പസ് ആരംഭിച്ചു. അങ്ങ് മുൻ കെ. പി. സി. സി. പ്രസിഡന്റ് കൂടിയാണ്. കോൺഗ്രസിന്റെ ദേശീയ സമിതി അംഗമാണ്. ഒരുപക്ഷേ ഏറ്റവും ചെറിയ പ്രായത്തിൽ ഇൻഡ്യൻ നാഷണൽ കോൺഗ്രസിന്റെ അഖിലേന്ത്യാ നേതൃത്വത്തിൽ വന്ന.... അതുകൊണ്ട് ശ്രീ. രമേശ് ചെന്നിത്തലയും, ശ്രീ. വി. എം. സുധീരനും, ശ്രീ. ഉമ്മൻ ചാണ്ടിയും ഉള്ള കേരളത്തിലെ കോൺഗ്രസ് ഘട്ടംഘട്ടമായി കേരള

ത്തിൽ മദ്യത്തിന്റെ ഉപയോഗം കുറച്ചുകൊണ്ടുവരുന്നതിനുവേണ്ടി ധീരമായ തീരുമാനമെടുക്കും. ആ തീരുമാനത്തിന് ശ്രീ. കെ. ബാബുവിന് പൂർണ്ണമായ പിന്തുണ പ്രഖ്യാപിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു.

ശ്രീ. സാജു പോൾ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ ശക്തമായി എതിർക്കുകയാണ്. നല്ലൊരു കോൺഗ്രസ്സുകാരന്റെ മകനായി ഒരു ക്രിസ്ത്യൻ കുടുംബത്തിൽ ജനിച്ച ആളാണ് ഞാൻ. ഞങ്ങളുടെ ഇടവക പള്ളിയിലെ വികാരിയച്ചൻ എന്റെ ചെറുപ്പത്തിൽ നടത്തിയൊരു പ്രസംഗം, അദ്ദേഹം പറഞ്ഞു, കർത്താവായ യേശുക്രിസ്തു സ്വർഗ്ഗത്തിൽ നിന്നു ഭൂമിയിലേയ്ക്കു വന്നു, പാപത്തിൽ നിന്നു നന്മയിലേയ്ക്കു മോചിപ്പിച്ചു, ഈ കുരിശുവരയ്ക്കുന്നതിന്റെ അർത്ഥമതാണ്. അതുകൊണ്ട് ഇടതുപക്ഷം പാപമാണ്, അവർക്ക് വോട്ടു ചെയ്യരുതെന്ന് അദ്ദേഹം പറഞ്ഞു. അത് രൂഢമൂലമായി മനസ്സിൽ പതിഞ്ഞ ഒരുപാട് ക്രിസ്ത്യാനികൾ ഇടതുപക്ഷക്കാരെയും കമ്മ്യൂണിസ്റ്റുകാരെയും വിമർശിച്ചു നടന്നിട്ടുണ്ട്. പക്ഷേ ഇന്നലെ അഭിവന്ദ്യനായ മാർപാപ്പയുടെ ഒരു പ്രസ്താവന കണ്ടപ്പോൾ എനിക്ക് വലിയ സന്തോഷം തോന്നി. കമ്മ്യൂണിസ്റ്റുകാർ ക്രിസ്ത്യാനികളോട് ഏറ്റവും അടുത്തവരാണെന്നാണ് ഫ്രാൻസിസ് മാർപാപ്പയുടെ പ്രഖ്യാപനം. പാവപ്പെട്ടവരുടെ പതാകവാഹകരാണ് കമ്മ്യൂണിസ്റ്റുകാർ. ദരിദ്രരുടെ രക്ഷകരെന്ന സഭയുടെ പതാക കമ്മ്യൂണിസ്റ്റുകാർ തട്ടിയെടുത്തു. ഫ്രാൻസിസ് മാർപാപ്പയുടെ വാക്കുകൾ കേൾക്കൂ. അന്ധമായ കമ്മ്യൂണിസ്റ്റ് വിരോധം ഇനിയെങ്കിലും ഉപേക്ഷിക്കൂ എന്ന്... ചെയറിനോടല്ല, ഈ സഭയിലേയും പുറത്തുമുള്ള കമ്മ്യൂണിസ്റ്റ് വിരോധികളോട് അഭ്യർത്ഥിക്കുകയും ചെയ്ത്  ഈ പ്രസ്താവന നടത്തിയ

തിന് അഭിവന്ദ്യനായ മാർപാപ്പ തിരുമേനിക്ക് എല്ലാവിധ ഭാവുകങ്ങളും ആശംസകളും ഞാൻ അർപ്പിക്കുന്നു.

മി. ചെയർമാൻ: മാർപാപ്പ ഇത് പറഞ്ഞത് തന്നെയാണോ?

ശ്രീ. സാജു പോൾ: സർ, മലയാള മനോരമ പത്രത്തിലുണ്ട്.

ശ്രീ. എ. കെ. ബാലൻ: സർ, മാർപാപ്പയുടെ ഈ സന്ദേശം ഉൾക്കൊണ്ടുകൊണ്ടാണ് 1980-ൽ ശ്രീ. എ. കെ. ആന്റണി നമ്മുടെ കൂടെ വന്നിട്ട് ഗവൺമെന്റിൽ ഇരുന്നതെന്ന് താങ്കൾക്ക് ഓർമ്മയില്ലേ?

മി. ചെയർമാൻ: ഫ്രാൻസിസ് മാർപാപ്പ അന്ന് ഇല്ലായിരുന്നു.

ശ്രീ. സാജു പോൾ: സർ, എ. കെ. ആൻണി ആ സന്ദേശം ഉൾക്കൊണ്ടു തന്നെയാണ്... പക്ഷേ അദ്ദേഹം മാർപാപ്പയും അച്ചൻമാരും പറയുന്നത് എത്ര മാത്രം അനുസരിക്കുമെന്നുള്ളത് വേറെ കാര്യമാണ്. അങ്ങയെപ്പോലെ ഒരാൾ ഇത് സംശയം പ്രകടിപ്പിച്ചപ്പോൾ തോമശ്ലീഹ പണ്ടു ചെയ്തത് ഇപ്പോൾ അങ്ങും തുടർന്നു എന്നുമാത്രമേ എനിക്ക് പറയാനുള്ളു.

മി. ചെയർമാൻ: നാളെ സെന്റ്തോമസ് ഡെ ആണ്.

ശ്രീ. സാജു പോൾ: സർ, സെന്റ്തോമസ് ഡെയിലേയ്ക്ക് ഞാൻ വരികയായിരുന്നു.

ശ്രീ. പി. സി. ജോർജ്: സർ, കൂനൻകുരിശ് സത്യം മുതലുള്ള പ്രശ്നമാണിത്. ഏതായാലും ശ്രീ. സാജുപോൾ ഞങ്ങളുടെ മാർപാപ്പയെ അംഗീകരിച്ചു വരുന്നു എന്നു കാണുന്നതിൽ സന്തോഷമുണ്ട്. വളരെ നല്ല കാര്യമാണ്.

ശ്രീ. സാജു പോൾ: സർ, ശ്രീ. പി. സി. ജോർജിനെ കുറിച്ച് മാർപാപ്പ ശരിക്ക് അറിഞ്ഞാൽ അദ്ദേഹത്തെ മാർപാപ്പ പണ്ടേ സഭയിൽനിന്ന് പുറത്താക്കിയേനെ. ശരിക്കുമുള്ള കയ്യിലിരിപ്പ് അദ്ദേഹം അറിഞ്ഞിട്ടില്ല. ഇവിടെ

ഏറ്റവും രൂക്ഷമായ വിലക്കയറ്റം; സർക്കാർ ഖജനാവിൽ നിന്ന് കൊടുത്തു തീർക്കേണ്ട കാശൊന്നും കൊടുക്കുന്നില്ല; ഇതൊക്കെ ഞാൻ കഴിഞ്ഞ ദിവസം വിസ്തരിച്ചു പറഞ്ഞതാണ്. ആ സാഹചര്യത്തിലും ഈ ഗവൺമെന്റ് വന്നതിനുശേഷം 60 കോടി രൂപയാണ് പബ്ലിക് റിലേഷൻസ് ഡിപ്പാർട്ടുമെന്റു വഴി പരസ്യത്തിനായി ചെലവഴിച്ചിട്ടുള്ളത്. ഇപ്പോൾ വീണ്ടും മിഷൻ 676-ലേയ്ക്ക് വന്നിരിക്കുകയാണ്. ആദ്യം ഇവിടെ വലിയ കോലാഹല ത്തോടു കൂടി മിഷൻ-2030 പറഞ്ഞു; പിന്നെ 100 ദിന പദ്ധതി പറഞ്ഞു; 'അതിവേഗം ബഹുദൂരം' പറഞ്ഞു; 'വികസനം കരുതൽ' പറഞ്ഞു; ഇപ്പോൾ മിഷൻ-676; അതിന്റെ പൊള്ളത്തരം കഴിഞ്ഞ ദിവസം ഞാൻ പറഞ്ഞതാണ്. ഈ ആളുകൾ തന്നെയാണ് മാനവീയത്തെ എതിർത്തത്. അതിന്റെ വിശദാംശ ങ്ങളിലേയ്ക്ക് ഞാൻ പോകുന്നില്ല. 60 കോടി രൂപയുടെ പരസ്യം നടത്തിയ പ്പോൾ ചികിത്സാ സഹായവും മറ്റ് ആനുകൂല്യങ്ങളൊക്കെയായിട്ട് 300 കോടി രൂപ ധനസഹായം നൽകി. അപ്പോൾ 100 കോടി രൂപയ്ക്ക് 20 കോടി രൂപ യുടെ പരസ്യമാണ് നൽകിയത്. 100 കോടി രുപയുടെ ധനസഹായം കൊടു ത്തു; 20 കോടി രൂപയുടെ പരസ്യം കൊടുത്തു – അഞ്ചിലൊന്ന് പരസ്യമാണ്. പേനെടുക്കുന്നതിന് മൂട്ട കൂലി എന്നല്ലേ ഇതിന് പറയാൻ പറ്റുകയൊള്ളു; ഇതാണ് ഈ സർക്കാർ ചെയ്തുകൊണ്ടിരിക്കുന്നത്? ഞാൻ ഭക്ഷ്യവകുപ്പു മായി ബന്ധപ്പെട്ടുകൊണ്ട് തുടങ്ങാം. ഇവിടെ നെല്ല് സംഭരണത്തിന്റെ കുടി ശ്ശിക വളരെ ഭീമമാണല്ലോ; ഈ കാര്യത്തിൽ സംഭരണത്തിൽ ക്രമക്കേട്, പ്രോസസിംഗിന്റെ പ്രശ്നങ്ങൾ, നൽകുന്ന നെല്ലിന്റെ അരി തിരികെ കിട്ടുന്നി

ല്ലെന്നുള്ള പരാതി, മില്ലുകാർക്ക് ഇത് മുതലാകുന്നില്ലെന്നുള്ള പ്രശ്നം, കേരള മാകെ നെൽകൃഷി നടക്കുന്നില്ല. കുട്ടനാടും, പാലക്കാടും, തൃശ്ശൂരും മാത്ര മാണ് ഇപ്പോൾ സംഭരണം. യഥാർത്ഥ കർഷകന് ഈ താങ്ങുവിലയ്ക്ക് തുല്യ മായ സമ്പത്തിക സഹായം പ്രൊഡക്ഷൻ ഇൻസെന്റീവായി കൊടുക്കാൻ, ഒരു വർഷമെങ്കിലും പരീക്ഷണാടിസ്ഥാനത്തിൽ കൊടുക്കാൻ ഈ സർക്കാർ കർഷക സംഘടനകളും മറ്റ് രാഷ്ട്രീയ പാർട്ടികളുമെല്ലാമായി ആലോചിച്ചു കൊണ്ട്, വിദഗ്ധൻമാരുമായി പര്യാലോചിച്ചു കൊണ്ട് തയ്യാറാകുമോ എന്നു ള്ളതാണ് എനിക്ക് ഒന്നാമത് ചോദിക്കാനുള്ളത്. മറ്റൊന്ന്, എന്റെ ജില്ലക്കാ രനും അടുത്ത സുഹൃത്തുകൂടിയായ ബഹുമാന്യനായ ശ്രീ. അനൂപ് ജേക്കബ് കൈകാര്യം ചെയ്യുന്ന രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റ്. ഇവമൃശമേയഹല ടീരശലശേലെ അരേ എടുക്കുക. ഇവിടുത്തെ ഏറ്റവും വലിയ തട്ടിപ്പുകൾ, ആൾദൈവങ്ങൾ മുതൽ ഇവിടെ പൗരസമിതികൾ, ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബുകൾ, ചാരിറ്റബിൾ സൊസൈറ്റികൾ, പാടശേഖര സമിതി കൾ ഇവയെല്ലാം 1955–ലെ ഠവല ഠൃമ്ലിരീൃലഇീരവശി ഘശലേൃമ്യൃ, ടരശലിശേളശര മിറ ഇവമൃശമേയഹല ടീരശലശേലെ ഞലഴശൃേമശേീി അരേ പ്രകാരമാണ് രജിസ്റ്റർ ചെയ്യുന്നത്. മലബാറിൽ മദ്രാസ് ആക്ട് ആണ്. ആ ഏകീകൃത നിയമമുണ്ടാക്കാൻ ഇപ്പോഴും ശ്രമം നടത്തിയിട്ടില്ല. ഞാന തിന്റെ ഒരു പ്രൈവറ്റ് ബിൽ ഇവിടെ കൊണ്ടുവന്നതാണ്. അതുപോലെ വീടു വയ്ക്കാൻ സ്ഥലമില്ലാത്തവർക്ക് രജിസ്ട്രേഷൻ ഫീസിൽ ഇളവ് നൽകുക, ഞാൻ അതിനും ഒരു പ്രൈവറ്റ് ബിൽ ഇവിടെ കൊണ്ടുവന്നതാണ്. അതു പോലെ രജിസ്ട്രാർ ഓഫീസിലെ രേഖകളുംമറ്റും ആധുനികവൽക്കരിക്കാൻ... കുറെ കാര്യങ്ങൾ ചെയ്തിട്ടുണ്ട്. ബഹുമാന്യനായ എസ്. ശർമ്മ മന്ത്രിയായി

രുന്നപ്പോൾ തുടങ്ങിവച്ച കുറെ കാര്യങ്ങൾ ആ ഡിപ്പാർട്ടുമെന്റിലുണ്ട്. പക്ഷേ ഇപ്പോഴും വില്ലേജോഫീസിലെയും സബ് രജിസ്ട്രാർ ഓഫീസിലെയും രേഖ കൾ തമ്മിൽ വലിയ അന്തരമാണ്. ഇതെല്ലാം ക്രമീകരിക്കാൻ റവന്യൂ വകുപ്പു മായി ആലോചിച്ച് ചെയ്യണമെന്നാണ് എനിക്ക് പറയുവാനുള്ളത്. ഭക്ഷ്യ വസ്തുക്കളെക്കുറിച്ച് ബഹുമാന്യനായ ചീഫ് വിപ്പ് ഉൾപ്പെടെയുള്ളവർ ഇവിടെ പറഞ്ഞു. പഴം, പച്ചക്കറി, പാൽ, മുട്ട, മത്സ്യം, തേങ്ങ, മാങ്ങ, ഇറച്ചി എല്ലാറ്റിലും വിഷമാണ്. തമിഴ്നാട്ടിലൊക്കെ തെങ്ങിന്റെ തടിയിലൊരു ഗുളിക വയ്ക്കുകയാണെന്നാണ് പറയുന്നത്. മാവ് പൂക്കുമ്പോൾ തന്നെ എൻഡോ സൾഫാനടിക്കുന്നതിന്റെ ഫലമായി നമ്മൾ കഴിക്കുന്ന മാങ്ങ മുഴുവൻ വിഷ മാണെന്നാണ് പറയുന്നത്. അതുപോലെ മാങ്ങ പഴുപ്പിക്കുന്ന കാര്യവും ഇവിടെ പറഞ്ഞു. മുമ്പ് കരിഞ്ചന്തയും, പൂഴ്ത്തിവയ്പ്പും, മായവുമാണ് ഭക്ഷ്യ വകുപ്പിന് നേരിടേണ്ടി വന്നിരുന്നതെങ്കിൽ ഇന്ന് നേരിടേണ്ടത് മാരകമായ വിഷത്തെയാണ്. മലയാള മനോരമയിൽ വന്ന പരമ്പരയിൽത്തന്നെ പറയു ന്നു, കഞ്ഞിയിൽ നിന്ന് പിസ്സയിലേയ്ക്ക് മാറി, ചമ്മന്തിയിൽ നിന്ന് സോസി ലേയ്ക്ക് മാറി. ഇവിടെ ഷവർമ്മയും പിസ്സയും അതുപോലെ ഷാർജ മിൽക്ക് ഷേയ്ക്കും, ബർഗ്ഗറും ഒക്കെ കഴിക്കുന്ന ഒരു തലമുറയാക്കി നമ്മുടെ സമൂ ഹത്തെ മാറ്റിക്കൊണ്ടിരിക്കുകയാണ്. ഫോർമാലിൻ ഇട്ട ഐസിൽ സൂക്ഷി ക്കുന്ന മത്സ്യം, സുനാമി ഇറച്ചി, നമ്മൾ കേട്ടു കേൾവിയുണ്ടോ; നമ്മളൊക്കെ ഏതെങ്കിലും വിവാഹ വീട്ടിലൊക്കെ ചെന്നാൽ ഒരു പഴമോ, അര ഗ്ലാസ് പായ സമോ, ഒരു കട്ലറ്റോ കഴിച്ചിട്ട് പോരും. ഈ സുനാമി ഇറച്ചി ചേർത്തും കോഴിയുടെ കാലരച്ചുമാണ് കട്ലറ്റുണ്ടാക്കുന്നതെന്ന് കേട്ടതിൽ പിന്നെ ഞാൻ കട്ലറ്റ് കഴിച്ചിട്ടില്ല. അതുപോലെ പായസം ഏറ്റവും കൂടുതൽ അലൂമിനിയം പാത്രങ്ങളിലാണ് ഉണ്ടാക്കുന്നത്. രണ്ട് രണ്ടര മണിക്കൂർ നേരംകൊണ്ട് പായ

സത്തിൽ നമ്മളെല്ലാം അടപ്രഥമനും അതുപോലെ പാലടയും ഗോതമ്പും അല്ലെങ്കിൽ നമ്മുടെ അമ്പലപ്പുഴ പാൽപ്പായസവും എല്ലാം കേരളത്തിന്റെ പ്രസിദ്ധി നേടിയ പാചകക്കൂട്ടുകളാണ്. അതിൽ ഈ അലൂമിനിയമൊക്കെ ചേരുന്നു. അതുകൊണ്ട് ക്യാൻസർ, കിഡ്നി സംബന്ധമായ രോഗങ്ങൾ, ത്വക്ക് രോഗങ്ങൾ ഇതെല്ലാം വർദ്ധിച്ചു വരികയാണ്. ഞാനൊരിക്കൽ ദുബായിൽ പോയപ്പോൾ അവിടുത്തെ ഒരു ബേക്കറി സന്ദർശിച്ചു. അവിടെ ഒരു ഇലയട ഉണ്ടാക്കിക്കൊടുക്കണമെങ്കിൽ ഉപയോഗിക്കുന്ന ഇലപോലും അവിടുത്തെ ആരോഗ്യ വകുപ്പ് അധികൃതർ പരിശോധിക്കും. പക്ഷേ ഇവിടെ ഭക്ഷ്യവസ്തുക്കൾ ഉണ്ടാക്കുന്നതിനും വിൽക്കുന്നതിനും ഒരു പ്രശ്നവുമില്ല. ആർക്കുവേണമെങ്കിലും ചെയ്യാം. അതുകൊണ്ട് കേരളത്തിലെ ഓരോ ജില്ലയിലേയും കാറ്ററിംഗുകാർക്കും ഹോട്ടലുകാർക്കും അതുപോലെ മുഴുവൻ ഭക്ഷണശാലകൾക്കും ഒരു നമ്പർ കൊടുത്തുകൊണ്ട് അവിടെ നൽകുന്ന ഭക്ഷ്യവസ്തുക്കളിൽ തകരാർ ഉണ്ടെങ്കിൽ അത് കൃത്യമായി സർക്കാരിനെ അറിയിക്കാൻ, ബന്ധപ്പെട്ടവരെ ബോധ്യപ്പെടുത്താൻ, ഗുണനിലവാരം ഉറപ്പാക്കുന്നതിന് അത്തരത്തിലൊരു ലൈസൻസിംഗ് സമ്പ്രദായം സാർവ്വത്രികമായി, സർവ്വതല സ്പർശിയായി, പഴുതുകളടച്ചുകൊണ്ട് നടപ്പാക്കാൻ ഗവൺമെന്റ് തയ്യാറാകണം.

ഫുഡ് ഇൻസ്പെകടർ, ഡ്രഗ് ഇൻസ്പെക്ടർ, ഹെൽത്ത് ഇൻസ്പെക്ടർ, സബ് ഇൻസ്പെക്ടർ, എക്സൈസ് ഇൻസ്പെക്ടർ എന്നിങ്ങനെ നമുക്ക് നിരവധി ഇൻസ്പെക്ടർമാരുണ്ട്, എന്തെങ്കിലും ഇൻസ്പെക്ഷൻ നടക്കുന്നുണ്ടോ? ഇവരുടെ ഇൻസ്പെക്ഷൻകൊണ്ട് സമൂഹത്തിൽ ഒരു ഇൻഫ്ളൂവൻസും ചെലുത്തുവാൻ പറ്റുന്നില്ല. ഇൻസ്പെക്ഷൻ മൂലമുള്ള

കെടുതികൾ മാത്രമാണ് ജനങ്ങൾക്ക് ബാക്കിയായിട്ടുള്ളത്. വിലക്കയറ്റത്തിന്റെ കാര്യം ഞാൻ പറയുന്നില്ല. അതു പറയണമെങ്കിൽ ഒരുപാട് സമയം വേണം. സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സമ്പ്രദായം ഞാൻ ജനിക്കുന്നതിനുമുൻപ് 1964–ൽ ഇവിടെ പ്രാവർത്തികമാക്കിയതാണ്. 12 കിലോ അരിയും 3 കിലോ ഗോതമ്പും എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് സഖാവ് സി. ദിവാകരൻ മന്ത്രിയായിരുന്നപ്പോൾ കൊടുത്തെങ്കിൽ, ഇന്ന് റേഷൻ കടകളിൽ കിട്ടിയിട്ടുള്ള സർക്കുലർ പ്രകാരം 6 കിലോ അരിയും 1 കിലോ ഗോതമ്പും മാത്രമാണ് കൊടുക്കാൻ പറഞ്ഞിട്ടുള്ളത്, ബഹുമാനപ്പെട്ട മന്ത്രി അന്വേഷിച്ചുനോക്കിയാൽ അറിയാവുന്നതാണ്. എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ വ്യാജമദ്യത്തിനും ലഹരി പദാർത്ഥത്തിനുമെതിരെ നിയോജക മണ്ഡലാടിസ്ഥാനത്തിൽ യോഗം, ജില്ലാതലങ്ങളിൽ യോഗം എന്നിവ നടത്തുന്നുവെങ്കിലും എന്തെങ്കിലും ചലനമുണ്ടാക്കാൻ കഴിയുന്നുണ്ടോ? ഞങ്ങളുടെ താലൂക്ക് വികസന സമതികളിലൊക്കെ ഉദ്യോഗസ്ഥർ കൃത്യമായി ഹാജരാകുന്നുണ്ട്. ഇവിടെ പലരും സൂചിപ്പിച്ചതുപോലെ, വൈറ്റ്നർപോലും ചെറുപ്പക്കാരും സ്കൂൾ കുട്ടികളും ലഹരി പദാർത്ഥമായി ഉപയോഗിക്കുന്ന ഈ കാലഘട്ടത്തിൽ, വ്യാജമദ്യത്തിനും ലഹരി പദാർത്ഥങ്ങൾക്കുമെതിരെ ചെറു ചലനമെങ്കിലും സൃഷ്ടിക്കുവാൻ എക്സൈസ് വകുപ്പിലെ ഉദ്യോഗസ്ഥൻമാർക്ക് കഴിഞ്ഞിട്ടുണ്ടോ; അവർക്ക് ജനപ്രതിനിധികളുമായി ബന്ധമുണ്ടോ; ജനങ്ങളുമായി ബന്ധമുണ്ടോ? അത്തരത്തിലുള്ള യാതൊരു സഹകരണവും ഇന്ന് കാണുവാൻ കഴിയുന്നില്ല. ബിവറേജസ് ഷോപ്പുകൾക്കുമുന്നിൽ ഇങ്ങനെ ആളുകളെ ക്യൂ നിർത്തുന്നതിൽ എന്താണ് അർത്ഥമുള്ളത്? ബഹുമാന്യനായ കെ.പി.സി.സി. പ്രസിഡന്റ് ശ്രീ. വി.എം. സുധീരനോ, അല്ലെങ്കിൽ മദ്യത്തിനെ

തിരെ ഏറ്റവും നല്ല നിലയിൽ പ്രവർത്തിക്കുന്ന അഭിവന്ദ്യ സൂസപാക്യം പിതാവോ, കള്ളുകുടിച്ച് റോഡിൽ കിടക്കുന്ന പാവപ്പെട്ട ഇൻഡ്യൻ പൗരനോ, ഇവരിൽ ആര് വോട്ടുചെയ്താലും, ഏത് രാഷ്ട്രീയ പാർട്ടിക്കു കുത്തിയാലും, സ്വതന്ത്രന് കുത്തിയാലും, നോട്ടക്ക് കുത്തിയാലും ഒരു തവണയേ തെളിയൂ. ഇവരെ മുഴുവൻ ജയിൽ പുള്ളികളെപ്പോലെ ക്യൂ നിർത്തുന്നത് ഒരു പരിഷ്കൃത സമൂഹത്തിന് ചേർന്നതാണോ? എന്റെ നാട്ടിലൂടെയാണ് ആലുവ–മൂന്നാർ റോഡ് പോകുന്നത്. ആ റോഡിലൂടെ ഏതെങ്കിലും വിദേശി കോതമംഗലം വഴി മൂന്നാറിലേക്ക് പോകുമ്പോൾ അദ്ദേഹത്തിന് മദ്യം വാങ്ങിക്കൊണ്ടുപോകണമെങ്കിൽ ബിവറേജസിന്റെ ഏതെങ്കിലും ഔട്ട്ലെറ്റിൽ നിന്ന് വാങ്ങാൻ കഴിയുമോ? നമുക്ക് 2500 രൂപ ഗ്രാമിനു വിലയുള്ള സ്വർണ്ണവും അയ്യായിരമോ, പതിനായിരമോ വിലയുള്ള സാരിയും ഇഷ്ടംപോലെ തിരഞ്ഞെടുത്ത് വാങ്ങാൻ അവകാശമുണ്ട്. എന്നാൽ ഒരു പാവപ്പെട്ട മദ്യപാനി വൈകുന്നേരം പണി കഴിഞ്ഞ് വീട്ടിലേക്കുപോകുമ്പോൾ 100 രൂപയുടെ ഒരു പൈന്റ് വാങ്ങണമെങ്കിൽ ജയിൽപുള്ളിയെപ്പോലെ മഴയും വെയിലും കൊണ്ട് ക്യൂ നിൽക്കണമെന്ന് പറയുന്നതിൽ എന്ത് ന്യായമാണുള്ളത്? ചീഫ് വിപ്പ് ഇതുവരെ ഇതൊന്നും കണ്ടിട്ടില്ലേ; അദ്ദേഹത്തിന് ഇവരുടെ വോട്ട് വേണ്ടേ; വെറുതെ ഇവിടെ വന്ന് പറഞ്ഞാൽ മതിയോ? അതിനെപ്പറ്റി ഗൗരവമായി ചിന്തിക്കണം. മാന്യൻമാരായ ആളുകൾക്കിടയിലും മദ്യം കഴിക്കുന്നവർ ഉണ്ടാകില്ലേ; ഐ.എ.എസ്./ഐ.പി.എസ്. ഉദ്യോഗസ്ഥർ, പത്രലേഖകർ, സ്വന്തംനിലയിൽ കഴിക്കാത്തവരായ ശ്രീ. റ്റി.എൻ. പ്രതാപനെപ്പോലുള്ളവർക്ക് ആർക്കെങ്കിലും ഗിഫ്റ്റായി കൊടുക്കണമെന്നുണ്ടെങ്കിൽ മാന്യമായി മദ്യം വാങ്ങാൻ കഴിയേണ്ടേ; ശ്രീ. പ്രതാപനെപ്പോലുള്ള ഒരാൾക്ക് ബിവറേ

ജസിനുമുന്നിൽ ക്യൂ നിൽക്കുവാൻ പറ്റുമോ; ആദർശത്തിന്റെ ആൾ രൂപമായി ഈ സഭയിൽ അവതരിച്ച് സ്വയം ഉരുകി മെഴുകുതിരിപോലെ വെളിച്ചം പകരാൻ തയ്യാറെടുത്തുനിൽക്കുന്ന അദ്ദേഹത്തിന് അതിന് കഴിയുമോ? അദ്ദേഹത്തിന് ഒരിക്കലും അങ്ങനെ നിൽക്കുവാൻ പറ്റുകയില്ല. മയക്കുമരുന്നുകൾ വ്യാപകമാണ്. ചാരായം നിരോധിച്ചപ്പോൾ നാട്ടിൽ എനിക്കറിയാവുന്ന ഒരാൾ, എന്റെ നാട്ടിലെ ഒരു പാവപ്പെട്ട കൂലിപ്പണിക്കാരൻ, ഞങ്ങളദ്ദേഹത്തെ □ചിരിയളിയൻ□ എന്നാണ് വിളിക്കുന്നത്. വി. കെ. കുട്ടപ്പൻ വെള്ളാർമാലി എന്നാണ് ശരിക്കുള്ള പേര്, അദ്ദേഹം ചെയ്തത് എന്താണെന്ന് അറിയാമോ; അനാസിൻ സോഡയിൽ പൊടിച്ചുചേർത്ത് കഴിച്ചു. അത്രക്കുള്ള ലഹരി മതി, അതിൽനിന്ന് കിട്ടുന്ന സുഖം മതി എന്നുപോലും ആളുകൾ ചിന്തിക്കുന്ന കാലഘട്ടത്തിലാണ് നമ്മൾ നിൽക്കുന്നതെന്ന് ഓർക്കണം. 76 ശതമാനം മദ്യമാണ് സർക്കാർ വിൽക്കുന്നത്, ബാറുകളിലൂടെ വിൽക്കുന്നത് 24 ശതമാനം

ശ്രീ. രാജു എബ്രഹാം: സർ, ബിവറേജസ് കോർപ്പറേഷന്റെ മുൻപിൽ ക്യൂ നിൽക്കുന്നതിൽ 60 ശതമാനം ആളുകളും മദ്യപാനികളല്ല. പല മാന്യൻമാർക്കുവേണ്ടിയും കുപ്പി വാങ്ങാൻ വരുന്ന തൊഴിലാളികളാണവർ എന്ന കാര്യം അങ്ങേക്ക് അറിയുമോ?

ശ്രീ. സാജു പോൾ: സർ, ബിവറേജസിൽനിന്ന് 76 ശതമാനം മദ്യം വാങ്ങുന്ന പാവപ്പെട്ട ആളുകൾ എവിടെപ്പോയിരുന്ന് കുടിക്കണം; കലുങ്കിലിരുന്നോ കാറിനകത്തിരുന്നോ കുടിക്കുവാൻ പോലീസ് സമ്മതിക്കുകയില്ല, വീട്ടിലിരുന്ന് കുടിക്കുവാൻ ഭാര്യയും മക്കളും സമ്മതിക്കുകയില്ല. ഇവർ ഇത് എവിടെപ്പോയിരുന്ന് കുടിക്കണം; ആകാശത്ത് പോയി കഴിക്കണമോ; അതോ

മരത്തിൽ കയറി ഇരുന്ന് കഴിക്കണമോ? ന്യായമായ ഒരു ചോദ്യമാണ് ഞാൻ ചോദിക്കുന്നത്. ഇതിനെന്തങ്കിലും ഒരു യുക്തിവേണ്ടേ? ഇത് ചില ആളുകൾ പകൽ അത്തർ വിൽക്കുകയും രാത്രി മൂത്രപ്പുരയിൽ കിടക്കുകയും ചെയ്യുന്ന തുപോലെയാണ്. ഇവിടെവന്ന് ആദർശം പ്രസംഗിച്ചതുകൊണ്ട് വല്ല കാര്യവു മുണ്ടോ? ഡൽഹിയിലും മറ്റും ഉച്ചയ്ക്കാണ് മദ്യഷാപ്പുകൾ തുറക്കുന്നത്. ഇവിടെ ഏഴു മണിക്ക് തുറന്നുകൊണ്ടിരിക്കുന്നത് ഒറ്റയടിക്ക് പന്ത്രണ്ട് മണി ക്കാക്കരുത്, ഏഴരയാക്കണം. അല്ലെങ്കിൽ ഇവർ വേറെ എവിടെയെങ്കിലും പോയി മദ്യം വാങ്ങിക്കും. ഏഴരമണിക്ക് തുറക്കുകയാണെങ്കിൽ അര മണി ക്കൂർ ക്ഷമിക്കുവാൻ അവർക്ക് സാധിക്കും. മദ്യപാനികൾ നല്ല മനസ്സുള്ള ആളുകളാണ്, അരമണിക്കൂർ കഴിഞ്ഞാലും ഈ പൈസ സർക്കാരിന് കൊടുക്കാമെന്ന് അവർ സ്വാഭാവികമായും തീരുമാനിക്കും. പുകവലി നിയന്ത്രിച്ചു കൊണ്ടുവന്നതുപോലെ നമുക്ക് മദ്യപാനവും നിയന്ത്രിക്കുവാൻ കഴിയണം. ബഹുമാന്യനായ എ. കെ. ആന്റണി ചാരായം നിരോധിച്ചത് നല്ല കാര്യമാണ്. എന്നാൽ അദ്ദേഹം ഇൻഡ്യയുടെ പ്രതിരോധവകുപ്പ് മന്ത്രിയായി രുന്നപ്പോൾ പ്രതിരോധവകുപ്പിൽ മദ്യം കൊടുക്കുന്നത് നിർത്തലാക്കാതിരു ന്നത് എന്തുകൊണ്ടാണ്; ന്യായമായ ഒരു ചോദ്യമല്ലേ? ഇൻഡ്യയുടെ പ്രധാ നമന്ത്രി കഴിഞ്ഞാൽ രണ്ടാം സ്ഥാനത്ത് ഇരുന്ന ആളാണ് അദ്ദേഹം, പട്ടാള ക്കാരെ ഇങ്ങനെ കുടിയൻമാരാക്കണമായിരുന്നോ; പട്ടാളക്കാർ മരിച്ചാൽ അവരുടെ ഭാര്യയ്ക്ക്, മക്കൾക്ക്, ആശ്രിതർക്ക്, അവകാശികൾക്ക് എല്ലാ പേർക്കും കൊടുക്കുകയാണ്, എന്താണ് അതിനെപ്പറ്റി പറയാത്തത്? അതിനെ പ്പറ്റി പറഞ്ഞാൽ എക്സ് സർവ്വീസ്മെൻ–ന്റെ അടുത്ത സമ്മേളനത്തിൽ വിളിച്ച് ഈ ആളുകളെ അവർ തൊലിയുരിച്ചുവിടും, അത് കൃത്യമായിട്ട് അറിയാം. ഇപ്പോൾ പോലീസിനും കാന്റീൻ തുടങ്ങുവാൻ പോകുകയാണ്.

ഒരെണ്ണം നിലവിൽ വന്നു. അപ്പോൾ അവർക്കും മദ്യം കൊടുക്കണമെന്ന് പറയും. 30 രൂപയുടെ മദ്യം 300 രൂപയ്ക്കാണ് കൊടുക്കുന്നത്. വരുമാനത്തി നനുസരിച്ച് ആളുകൾക്ക് പെർമിറ്റ് കൊടുക്കുകയാണെങ്കിൽ വിലകുറഞ്ഞ നിലവാരമില്ലാത്ത മദ്യം വിൽക്കുന്ന പരിപാടിയിൽനിന്ന് ഒഴിവാകും. മദ്യ പാനം ആഹാരത്തിന്റെ ഭാഗമായിട്ട് കണ്ടാൽ കുഴപ്പമില്ല. വിദേശത്തൊക്കെ ആളുകൾ കഴിക്കുന്നത് റം വിത്ത് കോള, ബ്രാൻഡി വിത്ത് സോഡാ, വിസ്കി വിത്ത് ഐസ് എന്നിങ്ങനെയാണ്. എനിക്ക് തണുപ്പ് പറ്റാത്തതുകൊണ്ടാണ് ഞാൻ മദ്യപാനം തുടങ്ങാത്തത്. കാരണം വിസ്കിയേക്കാൾ കുറഞ്ഞത് എം.എൽ.എ.മാർക്ക് കുടിക്കുവാൻ പറ്റുമോ; നമ്മുടെ നിലവാരം കാത്തു സൂക്ഷിക്കേണ്ടേ? ഞാൻ മദ്യം കഴിക്കുന്ന ആളല്ല. മദ്യത്തെ സോമരസമായി ട്ടാണ് പുരാണങ്ങളിൽപോലും പറഞ്ഞിട്ടുള്ളത്. രാവിലെതന്നെ മദ്യപാനം തുടങ്ങുന്നവരെ കണ്ടെത്തി എക്സൈസ് വകുപ്പും, ആരോഗ്യവകുപ്പും സാമൂ ഹ്യനീതി വകുപ്പുമൊക്കെ ചേർന്ന് മദ്യപാനം നിറുത്തുന്നവർക്ക് പ്രോൽസാ ഹനം നൽകണം. അവർക്ക് പെൻഷൻ അനുവദിക്കണം. മദ്യപാനം നിറുത്തി യെന്ന് തെളിയുന്ന ആളുകൾക്ക് ഒരു വർഷം 10,000 രൂപയെങ്കിലും സഹായമായി നൽകണം. ഇവിടെ സഖാവ് ആർ. രാജേഷ് പറഞ്ഞു, മദ്യപി ക്കുന്നവരെ പാർട്ടിയുടെ ഉത്തരവാദപ്പെട്ട സ്ഥാനങ്ങളിൽ വയ്ക്കാത്ത ഇൻഡ്യ യിലെ പ്രധാനപ്പെട്ട രാഷ്ട്രീയപാർട്ടികളിലൊന്ന് കമ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇൻഡ്യാ (മാർക്സിസ്റ്റ്) ആണ് എന്ന്. ഭരണഘടനയിൽ അതിന് വ്യവസ്ഥ യുണ്ട്, അമിതമായി മദ്യപിച്ചു നടക്കുന്നവരെ ഒഴിവാക്കാൻ ഞങ്ങൾക്ക് പ്രാപ്തിയുണ്ട്, അതാണ് പാർട്ടിയുടെ ശക്തി. ഇവിടെ ചില ആളുകൾ ഇൻഡ്യൻ പ്രണയ കഥയിലെ ഫഹദ് ഫാസിൽ അവതരിപ്പിച്ച കഥാപാത്ര

ത്തെപ്പോലെയാണ്, എസ്. കെ. പൊറ്റക്കാടിന്റെ ഒരു ദേശത്തിന്റെ കഥയിലെ കുഞ്ഞാപ്പുവിനെപ്പോലെയാണ്. ഇവിടെ പല പ്രസംഗങ്ങളും നടത്തി, 9,000 മുതൽ 10,000 കോടി രൂപയോളം എക്സൈസ് വകുപ്പിൽനിന്ന് സർക്കാരിന് കിട്ടുന്നുണ്ട്. നമ്മുടെ സംസ്ഥാനത്തിന്റെ ആകെ ചെലവ്, പ്ലാനും, നോൺപ്ലാനും കൂടി 50,000 കോടി രൂപയേ വരുന്നുള്ളൂ. അതിന്റെ അഞ്ചി ലൊന്ന് ലഭിക്കുന്ന ഇവിടത്തെ എക്സൈസ് വകുപ്പിന്റെ വരുമാനത്തിൽ നിന്ന് തങ്ങളുടെ മണ്ഡലത്തിൽ ഒരു വികസനപ്രവർത്തനവും നടത്തേണ്ടതി ല്ലെന്ന് ഈ നോമ്പു നോക്കുന്ന ആളുകൾ പറയാത്തതെന്താണ്? ഗാന്ധിജി മദ്യത്തിനെതിരായി പറഞ്ഞ കാര്യം ബഹുമാന്യനായ സമദാനി സാഹിബ് ഉൾപ്പെടെയുള്ളവർ ഇവിടെ പറഞ്ഞു. എന്തുകൊണ്ട് ഗാന്ധിജി പറഞ്ഞ മറ്റു കാര്യങ്ങൾ നടപ്പിലാക്കുന്നില്ല; മത്സ്യ-മാംസാദികൾ കഴിക്കാൻ, അഹിംസാ സിദ്ധാന്തത്തിന്റെ പ്രവാചകനായ ഗാന്ധിജി പറഞ്ഞിട്ടുണ്ടോ; ഈ നോമ്പ് കാലംമുതൽ ഇനിയങ്ങോട്ട് മത്സ്യ, മാംസാദികൾ കഴിക്കില്ല എന്ന് ദൃഢ നിശ്ചയമെടുക്കാമോ? വിവാഹത്തെക്കുറിച്ച് മഹാത്മാഗാന്ധി പറഞ്ഞിട്ടുണ്ട്. ഗാന്ധി സാഹിത്യ സർവ്വസ്വത്തിന്റെ ഏഴു വാല്യങ്ങളിൽ ബ്രഹ്മചര്യം എന്നു പറയുന്ന അദ്ധ്യായത്തിൽ ഗാന്ധിജി പറഞ്ഞിരിക്കുന്നത് സന്താനോൽപ്പാദന ത്തിനുവേണ്ടിമാത്രമേ ഭാര്യാഭർത്താക്കൻമാരായി ജീവിക്കുവാൻ പാടുള്ളൂ, അല്ലാത്ത സമയത്ത് സഹോദരീ-സഹോദരൻമാരെപ്പോലെ കഴിയണം. അല്ലെ ങ്കിൽ കർമ്മമണ്ഡലത്തിൽനിന്ന് ശ്രദ്ധവ്യതിചലിക്കും എന്നാണ് ഗാന്ധിജി പറ ഞ്ഞിട്ടുള്ളത്. ചീഫ് വിപ്പായാലും മുഖചൈതന്യം നഷ്ടപ്പെടും. ഗാന്ധിജി പറഞ്ഞത് നടപ്പിലാക്കാൻ തയ്യാറുണ്ടോ? കാലടി ഗോപിയുടെ പാഷാണം വർക്കിയെന്ന കഥാപാത്രത്തെപ്പോലെ ഹിന്ദുക്കളുടെ വീട്ടിൽ ചെല്ലുമ്പോൾ ശബരിമല ശാസ്താവിന്റെ പടം, ക്രിസ്ത്യാനികളുടെ വീട്ടിൽ ചെല്ലുമ്പോൾ

ഗീവർഗീസ് പുണ്യാളന്റെ പടം......, ഉന്നതജീവിതവും ലളിതചിന്തയും വച്ചു പുലർത്തുന്ന ആളുകൾ ദയവായി സ്വന്തതാൽപ്പര്യത്തിനായി ഗാന്ധിജിയെ ദുരുപയോഗപ്പെടുത്തരുതെന്നാണ് എനിക്ക് പറയാനുള്ളത്. എരിവും പുളിയും കൂട്ടാത്ത, വയ്ക്കോൽ കട്ടിലിൽ കിടന്നിരുന്ന, ഒറ്റമുണ്ടും മേൽമുണ്ടുമായി നടന്നിരുന്ന ഗാന്ധിജിയെ അറിയാൻ, ഗാന്ധിജിയുടെ അത്മ കഥയായ □എന്റെ സത്യാന്വേഷണ പരീക്ഷണങ്ങൾ□ വായിക്കട്ടെ, അല്ലെ ങ്കിൽ ജയപ്രകാശ് നാരായണന്റെ □എന്റെ വിചാരധാര□ വായിക്കട്ടെ. നെഹ്റുവിന്റെ ഇൻഡ്യയെ കണ്ടെത്തൽ, ഒരച്ഛൻ മകൾക്കയച്ച കത്തുകൾ, ഗാന്ധി സാഹിത്യ സർവ്വസ്വം, ലാറികോളിൻസും ഡൊമിനിക് ലാപ്പിയറും ചേർന്ന് എഴുതിയ ഫ്രീഡം അറ്റ് മിഡ്നൈറ്റ് – ഗാന്ധിജിയെക്കുറിച്ചറിയാൻ ഏറ്റവും മഹത്തായ പുസ്തകം, ഇതൊക്കെ അവർ വായിക്കട്ടെ എന്നാണ് എനിക്ക് പറയുവാനുള്ളത്.

ഇനി മറ്റൊരു പ്രധാനപ്പെട്ട വിഷയത്തിലേയ്ക്ക് വരികയാണ്. ഇന്നലെ ജൂൺ 30–ാം തീയതിയായിരുന്നു. നാളെകഴിഞ്ഞാൽ സെന്റ് തോമസ് ഡേ ആണെന്നുപറഞ്ഞതുപോലെ തന്നെ ജൂൺ 30 എന്നത് ഭരണ പ്രതിപക്ഷ കക്ഷികളിൽപ്പെട്ട ടെക്കികളായ, ഹൈടെക്കുകളായ എല്ലാ എം.എൽ.എ.മാരും ഓർത്തിരിക്കേണ്ട പ്രധാനപ്പെട്ടൊരു ദിവസമായിരുന്നു. ജൂൺ 30 എന്നത് സോഷ്യൽ മീഡിയ ദിനമായിരുന്നു. ബ്രിട്ടീഷ് അമേരിക്കൻ ന്യൂസ് വെബ്സൈറ്റായ മാഷബിൾ 2000–മാണ്ടിൽ തുടങ്ങിവച്ച ഈ ടെക് സോഷ്യൽ ഡിജിറ്റൽ ലോകത്തെ അറിവുകൾ എല്ലാവർക്കുമായി പങ്കുവ യ്ക്കുക എന്നതാണ് ഇക്കൊല്ലത്തെ അവരുടെ സന്ദേശം. ഇവിടെ ബഹുമാന്യ

നായ ആഭ്യന്തരവകുപ്പുമന്ത്രി ശ്രീ. രമേശ് ചെന്നിത്തല കഴിഞ്ഞദിവസം പറ ഞ്ഞൊരുകാര്യം കേട്ടപ്പോഴാണ് എനിക്ക് സമാധാനമായത്. കാരണം, വാട്ട്സ് ആപ്പിലൊക്കെ വരുന്ന പല സന്ദേശങ്ങളും ഞാൻ പലർക്കും ഫോർവേഡ് ചെയ്തു കൊടുക്കാറുണ്ട്. ഇതിനെതിരെ ഭാവിയിൽ എന്തെങ്കിലും കേസ് ഉണ്ടാകുമോയെന്ന് പേടിച്ചിരുന്നപ്പോൾ, ഒരു കുഴപ്പവുമില്ല, അതൊക്കെ ആവിഷ്ക്കാര സ്വാതന്ത്ര്യമാണെന്നും കലാകാരന്മാരെ അംഗീകരിക്കുന്ന ഗവൺമെന്റാണ് ഇതെന്നുമാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. സോഷ്യൽ മീഡിയ ദിനമായ ജൂൺ 30–ന്റെയും ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പുമന്ത്രി പറഞ്ഞ ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെയും അടിസ്ഥാനത്തിൽ ശ്രീ കോടി യേരി ബാലകൃഷ്ണൻ ഉൾപ്പെടെയുള്ള അംഗങ്ങൾ പത്രങ്ങളിൽനിന്ന് പലതും ഉദ്ധരിച്ച് പ്രസംഗിക്കാറുണ്ട്. പത്രങ്ങളിൽ നിന്നുള്ള ഉദ്ധരണികൾ പോലെ തന്നെ ഇന്റർനെറ്റിൽ, ഫേസ്ബുക്കിലും വാട്ട്സ് ആപ്പിലും വരുന്ന പല പ്രധാന കാര്യങ്ങളും അറിഞ്ഞിരിക്കണമെന്നും അങ്ങനെയുള്ള അറിവു കൾ എല്ലാവർക്കുമായി പങ്കുവയ്ക്കണമെന്നതുമാണ് സോഷ്യൽ മീഡിയ ദിന ത്തിന്റെ സന്ദേശമെന്നുള്ളതുകൊണ്ട് അടുത്ത കാലത്ത് വന്ന പ്രധാനപ്പെട്ട ചില സന്ദേശങ്ങൾ വായിക്കാം. ഞങ്ങളുടെ പാർട്ടി നേതാക്കന്മാരെക്കുറിച്ചും എൽ.ഡി.എഫി.നെപ്പറ്റിയുമൊക്കെ വന്നിട്ടുണ്ട്. പക്ഷെ, അത് പറയേണ്ട ബാദ്ധ്യത എനിക്കില്ലല്ലോ. ബഹുമാനപ്പെട്ട എ.കെ. ആന്റണിയുടെ പടം കൊടു ത്തിട്ട് വാട്ട്സപ്പിൽ വന്നൊരു സന്ദേശം, □അത്ഭുതരോഗശാന്തി സംഭവിച്ചിരി ക്കുന്നു, കഴിഞ്ഞ പത്ത് വർഷമായി സംസാരശേഷി നഷ്ടപ്പെട്ട ആൾക്ക് സംസാരശേഷി തിരിച്ചുകിട്ടി□ എന്നാണ് പറയുന്നത്. അത്ഭുതരോഗശാന്തി. എങ്ങനെയുണ്ട്? □ഒരു മണിക്കൂർ ലോഡ് ഷെഡ്ഡിംഗ് അനുവദിച്ചതിന് ശ്രീ. ആര്യാടൻ മുഹമ്മദിനും മുഖ്യമന്ത്രിക്കും അഭിവാദ്യങ്ങൾ, തീവണ്ടി യാത്രാനി

രക്ക് വർദ്ധന ഏറ്റവുമധികം ബാധിക്കുക ട്രെയിൻ യാത്രക്കാരെയായിരിക്കുമെന്ന് രാഹുൽ ഗാന്ധി, മോദി വികസന നായകനെന്ന് ശശി തരൂർ□ – അതിന്റെ അടിയിൽ കൊടുത്തിട്ടുള്ള കുറിപ്പ് □ലേലുഅല്ലു, ലേലുഅല്ലു സുനന്ദാകേസ് പൊക്കരുത്, പ്ലീസ്..., കമിംഗ്സൂൺ – സ്റ്റാച്യൂ ഓഫ് ലിബർട്ടി കേരള□– ഒരു മാന്യ മഹതിയുടെ പടം കൊടുത്തിരിക്കുകയാണ്, ഈ സഭയിലെ ഒരംഗത്തെ കാണിച്ചിട്ട് വാട്ട്സ് ആപ്പിൽ വന്നൊരു സന്ദേശം, □അന്ന് നിങ്ങൾ എന്നെ കോൺഗ്രസ്സാക്കി, ഇന്ന് കോൺഗ്രസ്സ് എന്നെ പെണ്ണുപിടിയനാക്കി□ എന്നാണ്, പേര് ഞാൻ പറയുന്നില്ല. ബ്ലൗസിനുപുറത്ത് ഒരു വാളുമായി പോകുന്ന ഒരു ചേച്ചിയുടെ പടം കൊടുത്തിട്ടിട്ട് □നിലമ്പൂർ കോൺഗ്രസ് ഓഫീസിലെ പുതിയ അടിച്ചുതളിക്കാരി ജാനു□ എന്നാണ് കൊടുത്തിരിക്കുന്നത്. □കേരള മുഖ്യമന്ത്രി വന്നിട്ടുണ്ടെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദിയോട് ഒരാൾ പറയുമ്പോൾ, മോദി പറയുകയാണ് കയറ്റി വിടേണ്ട, കാശ് കടം ചോദിക്കാനാണ് വന്നിരിക്കുന്നത്, എല്ലാമാസവും പെട്രോളിന്റെ വില വർദ്ധിപ്പിച്ചാൽ ജനം സഹിക്കില്ലെന്ന് രമേശ് ചെന്നിത്തല, അതിന്റെ അടിക്കുറിപ്പ് □ഇത്രയും കാലം വായിൽ പഴമായിരുന്നോ□, □ഈ സന്തോഷം പങ്കുവയ്ക്കാൻ ഒരു കല്യാണംകൂടി കഴിച്ചാലോയെന്ന് ശശി തരൂർ□, ശ്രീ. എ.കെ. ആന്റണിയെ കുറേ പട്ടാളക്കാർ ചേർന്ന് എടുത്തു കൊണ്ടുപോകുന്ന പടം കൊടുത്തിട്ട് □ഡൽഹിയിൽ നിന്നൊരു പാർസൽ വരുന്നുണ്ട്, കോൺഗ്രസ്സുകാർ എത്രയും പെട്ടെന്ന് എയർപോർട്ടിൽ എത്തുക□, രാഹുൽ ഗാന്ധിയുടെ പടം കൊടുത്തിട്ട്, □ഇതിപ്പോൾ എന്താ ഉണ്ടായത്; എന്തിനാണ് ആളുകൾ പടക്കം പൊട്ടിച്ചത്; ഇന്ന് വിഷുവാണോ?□ എന്ന് ചോദിച്ച് വേറൊരു പടം, □മുല്ലപ്പെരിയാറിന്മേലുള്ള സുപ്രീം കോടതി വിധി പഠിച്ചതിനുശേഷം തീരുമാനമെടുക്കുമെന്ന് ഉമ്മൻ ചാണ്ടി□ –

അദ്ദേഹം വായിക്കുന്നത് ബോബനും മോളിയും; വേറൊരു മാന്യ മഹതിയുടെ പടം കൊടുത്തിട്ട്, □അരക്കെട്ടിനോട് കാണിച്ച പകുതി സ്നേഹമെങ്കിലും ഈ സർക്കാർ അണക്കെട്ടിനോട് കാണിച്ചിരുന്നെങ്കിൽ□ എന്നാണ് അടിക്കുറിപ്പ്. ഇതൊക്കെയാണ് ഈ വാട്ട്സ് ആപ്പും ഫേസ് ബുക്കും അടക്കമുള്ള മാധ്യമങ്ങളിൽ വന്നുകൊണ്ടിരിക്കുന്നത്. ഇതെല്ലാം ഭരണകക്ഷിയിൽപ്പെട്ട ആളുകൾ നോക്കുകയും അതൊക്കെ പഠിച്ചതിനുശേഷം ഇവിടെ വന്ന് ഈ മുഖസ്തുതിയുടെ കെട്ടഴിച്ച് വിടുകയും ചെയ്യണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ശക്തിയുക്തം വീണ്ടും എതിർത്തുകൊണ്ട് അഭിവന്ദ്യ മാർപ്പാപ്പ തിരുമേനിക്ക് വീണ്ടും വീണ്ടും അഭിനന്ദനങ്ങൾ നേർന്നുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ ഞാൻ ഈ ധനാഭ്യർത്ഥനകളെ അതിശക്തമായി അനുകൂലിക്കുകയാണ്. ദൈവത്തിന്റെ സ്വന്തം നാട് എന്നറിയപ്പെടുന്ന കേരളം മദ്യപാനികളുടെ സ്വന്തം നാടായി മാറുന്നതിലുള്ള ഉത്കണ്ഠയും വിഷമവുമാണ് ഇവിടെ സംസാരിച്ച എല്ലാ അംഗങ്ങളും പ്രകടിപ്പിച്ചത്. കൂടുതൽ ആളുകളെ മദ്യപാനികളാക്കി സംസ്ഥാനത്തിന് ഏറ്റവും കൂടുതൽ വരുമാനമുണ്ടാക്കുന്ന വകുപ്പ് എന്ന രീതിയിലാണ് മുമ്പ് എക്സൈസ് വകുപ്പ് അറിയപ്പെട്ടിരുന്നത്. എന്നാലിപ്പോൾ എക്സൈസ് വകുപ്പിന്റെ നിലപാട് മാറിയെന്നുമാത്രമല്ല, ഈ ഗവൺമെന്റ് വന്നതിനുശേഷം മദ്യനയംതന്നെ മാറിയിരിക്കുന്നു. ഇവിടത്തെ ജനങ്ങളുടെ ജീവന് വില കൽപ്പിക്കുന്നൊരു ഗവൺമെന്റാണ് ഇപ്പോൾ ഈ സംസ്ഥാനം ഭരിച്ചുകൊണ്ടിരിക്കുന്നതെന്ന് തെളിയിക്കുന്ന മദ്യനയവുമായിട്ടാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്.

ഈ ഗവൺമെന്റിന്റെ മദ്യനയത്തെ കേരളത്തിലെ മുഴുവൻ ജനങ്ങളും പരക്കെ സ്വാഗതം ചെയ്യുകയാണ്. 418 ബാറുകൾ അടച്ചുപൂട്ടിക്കൊണ്ട് മദ്യ ലോബിയുടെ എതിർപ്പുകൾ അവഗണിച്ചുമുന്നോട്ടുപോകുന്ന ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രിയെ അഭിനന്ദിക്കാൻ ഈ സന്ദർഭം ഞാൻ ഉപയോഗപ്പെടുത്തുകയാണ്. നമ്മുടെ രാജ്യം നേരിടുന്ന ഏറ്റവും ഗുരുതര മായ സാമൂഹിക, ആരോഗ്യ പ്രശ്നമാണ് വർദ്ധിച്ചുവരുന്ന മദ്യാസക്തി. നിർമ്മാണ പ്രക്രിയയിൽ ഭാഗമാകേണ്ട യുവജനങ്ങളിൽ നല്ലൊരു ഭാഗവും മദ്യത്തിനും മയക്കുമരുന്നിനും അടിമപ്പെട്ട് ലക്ഷ്യബോധം നഷ്ടപ്പെട്ട അവ സ്ഥയിലേയ്ക്ക് നീങ്ങുകയാണ്. മദ്യത്തിന്റെ ഉൽപ്പാദനവും വിതരണവും ലഭ്യതയും വൻതോതിൽ വർദ്ധിക്കുകയും മദ്യപാനികളോടുള്ള സമൂഹ ത്തിന്റെ മനോഭാവത്തിൽ മാറ്റം വരികയും ചെയ്തതോടുകൂടി മദ്യാസക്തി ഏറ്റവും വലിയ സാമൂഹ്യ വിപത്തായി മാറിക്കൊണ്ടിരിക്കുകയാണ്. ഇന്ത്യ യിൽ 20% പേർ മദ്യപിക്കുന്നവരാണെങ്കിൽ കേരളവും ഒട്ടും പുറകിലല്ല, ഇവിടെ 16 ശതമാനം ആളുകൾ മദ്യപാനികളാണ്. കഴിഞ്ഞ പത്ത് വർഷത്തി നകം കൗമാരപ്രായക്കാരിലെ മദ്യ ഉപയോഗം 100 ശതമാനം വർദ്ധിച്ചിട്ടുണ്ട്. ഈ സമൂഹത്തിൽ വളർന്നുവരുന്ന മദ്യസംസ്കാരം കേരളത്തിലെ സാമൂഹ്യ വ്യവസ്ഥിതിക്ക് കൽപ്പിക്കുന്ന ആഘാതം വളരെ വലുതാണ്. കുടുംബ സാമൂഹ്യ ബന്ധങ്ങളുടെ തകർച്ച, രോഗങ്ങൾ, കടബാദ്ധ്യതകൾ, കുറ്റകൃത്യ ങ്ങൾ, വാഹനാപകടങ്ങൾ, ഗാർഹിക പീഡനങ്ങൾ, വിവാഹമോചനം, ആത്മഹത്യ, ലൈംഗികാതിക്രമങ്ങൾ, തൊഴിൽ പ്രശ്നങ്ങൾ തുടങ്ങി മദ്യാസക്തി സമൂഹത്തിൽ വരുത്തിവയ്ക്കുന്ന പ്രത്യാഘാതങ്ങളെക്കുറിച്ച് ഹൃദയസ്പൃക്കായ രീതിയിൽ ബഹുമാനപ്പെട്ട അബ്ദുസ്സമദ് സമദാനി

സാഹിബ് ഇവിടെ സംസാരിക്കുകയുണ്ടായി. ഓരോ മാസവും ഒന്നാം തീയതി പോലീസ് സ്റ്റേഷനുകളിലെ കേസിന്റെ കണക്കെടുത്ത് പരിശോധിച്ചാൽ ഏറ്റവും കൂടുതൽ കേസ് രജിസ്റ്റർ ചെയ്യപ്പെടുന്നത് മദ്യപാനത്തിലൂടെയാണെന്ന് മനസ്സിലാക്കാൻ സാധിക്കും. എല്ലാമാസവും ഒന്നാം തീയതി പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം വളരെ കുറവായിരിക്കും. അന്നേദിവസം മദ്യശാലകൾ അടച്ചിടുകയാണ് പതിവ്. മദ്യശാലകൾ അടച്ചിടുന്നതുകൊണ്ട് കേസുകളുടെ എണ്ണം കുറയുന്നുവെന്ന് പറഞ്ഞാൽ കുറ്റകൃത്യങ്ങൾക്ക് ഏറെ പ്രചോദനമേകുന്നത് മദ്യപാനമാണ് എന്നതിന് ചെറിയൊരു ഉദാഹരണം മാത്രമാണ്. മദ്യാസക്തിക്കെതിരെ ജനങ്ങളെ സ്വാധീനിക്കുന്ന പ്രചരണ പരിപാടികൾ സർക്കാർ ആവിഷ്ക്കരിച്ച് വരുന്നുവെന്നത് ഏറെ ആശ്വാസകരമാണ്. കുറേക്കൂടി ഫലപ്രദമായ ഇടപെടലുകൾ ഈ രംഗത്ത് നടത്താൻ കഴിയണം. മദ്യപാനത്തിനെതിരെ കൂടുതൽ ആകർഷകമായ പ്രചരണ പരിപാടികൾക്ക് രൂപം നൽകേണ്ടതുണ്ട്.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ മദ്യപാനത്തിനെതിരായിട്ടുള്ള വളരെ ശക്തമായ വാദഗതികൾ കൊണ്ടുവരികയാണ്. മദ്യം കഴിക്കുന്നതിൽ യാതൊരു കുഴപ്പവുമില്ലെന്നുള്ള രീതിയിലാണ് ശ്രീ. സാജുപോൾ പ്രസംഗിച്ചുനിർത്തിയത്. ഉത്തരവാദിത്തപ്പെട്ട പാർട്ടി മെമ്പർമാർ മദ്യപിക്കാൻ പാടില്ലെന്നുള്ള നിയമം സി.പി.ഐ.(എം)-ന്റെ ഭരണഘടനയിൽ എഴുതിച്ചേർത്തത് മദ്യം ഇത്ര വിശുദ്ധമായ സാധനമാണെന്ന് അവർക്ക് അറിയാത്തതുകൊണ്ടാണോ എന്ന കാര്യം ബഹുമാനപ്പെട്ട അംഗത്തിനറിയാമോ?

ശ്രീ. പി. ഉബൈദുള്ള: ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ച കാര്യം വളരെ പ്രസക്തമാണ്. ആ വിഷയത്തിലേയ്ക്ക് ഞാൻ വരാം. ഈ

സഭയിൽ നേരത്തെ സംസാരിച്ച പലരും സമ്പൂർണ്ണ മദ്യനിരോധനത്തെ സ്വാഗതം ചെയ്യുകയുണ്ടായി. പ്രതിപക്ഷ ബെഞ്ചിൽനിന്ന് ഭിന്ന സ്വരങ്ങളാണു ണ്ടായത്. യുവനേതാവ് ശ്രീ. ആർ. രാജേഷ് സംസാരിച്ചപ്പോൾ പറഞ്ഞത്, സി.പി.ഐ.(എം)-ന്റെ രാഷ്ട്രീയ നിലപാട് എന്നുപറയുന്നത് സമ്പൂർണ്ണ മദ്യനിരോധനമാണെന്നാണ്. എന്നാൽ തണുപ്പ് പിടിക്കാത്തതുകൊണ്ടും ക്യൂ നിന്ന് കുടിക്കാൻ പറ്റാത്തതുകൊണ്ടുമാണ് കുടിക്കാത്തതെന്നും, ഇരുന്നുകുടി ക്കാനുള്ള സൗകര്യം ഉണ്ടാക്കിക്കൊടുക്കണമെന്നുമാണ് ശ്രീ. സാജുപോൾ പറയുന്നത്. അപ്പോൾ ഏതാണ് സി.പി.ഐ.(എം)-ന്റെ നിലപാടെന്ന് അവർതന്നെ വ്യക്തമാക്കട്ടെ; ഏതായാലും ഇവിടെ സംസാരിച്ച എല്ലാവരും അവരവരുടെ പാർട്ടി നിലപാടുകളെക്കുറിച്ച് പറഞ്ഞു. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ നിലപാടിനെപ്പറ്റി ശ്രീ. റ്റി. എൻ. പ്രതാപൻ പറഞ്ഞു, ജനാ ദളിന്റെ നിലപാടിനെപ്പറ്റി ശ്രീമതി ജമീലാ പ്രകാശം പറഞ്ഞു, ഡി.വൈ.എഫ്. ഐ.യുടെ നിലപാടാണോ സി.പി.ഐ.(എം)-ന്റെ നിലപാടാണോയെന്ന് അറിയില്ല ശ്രീ. ആർ. രാജേഷും പറഞ്ഞത് സമ്പൂർണ്ണ മദ്യനിരോധനത്തിന് അനുകൂലമാണെന്നാണ്. ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗ് വളരെ നേരത്തെതന്നെ ശക്തമായി ഈ നിലപാട് സ്വീകരിച്ച പാർട്ടിയാണ്. പിന്നെ ആർക്കാണ് എതിർപ്പ്; എല്ലാ പാർട്ടികളും സമ്പൂർണ്ണ മദ്യനിരോധനം വേണമെന്ന് ആവശ്യപ്പെടുമ്പോൾ എന്തിനാണ് ബഹുമാനപ്പെട്ട മന്ത്രി അതിന് മടിച്ചുനിൽക്കുന്നത്? ജീവിതത്തിൽ ഒരു നിമിഷംപോലും ലഹരി രുചിച്ചു നോക്കാത്ത ബഹുമാനപ്പെട്ട മന്ത്രി, അദ്ദേഹത്തിന്റെ കാലത്തുതന്നെ ഈ സമ്പൂർണ്ണ മദ്യനിരോധനം നടപ്പിലാക്കാൻ മുന്നോട്ടുവരുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. അതുതന്നെയാണ് എനിക്ക് അപേക്ഷിക്കാനുള്ളതും.

കേരളത്തിൽ മദ്യ ഉപഭോക്താക്കളുടെ കുറഞ്ഞ പ്രായപരിധി 1980–കളിൽ 19 വയസ്സായിരുന്നുവെങ്കിൽ ഇപ്പോൾ 13 വയസ്സിൽ എത്തിനിൽക്കുന്നുവെന്നത് ആശങ്കയുണർത്തുന്ന കാര്യമാണ്. ഭാവി തലമുറ മദ്യത്തിന്റെയും മയക്കു മരുന്നിന്റെയും ആസക്തിയിലേയ്ക്ക് വഴുതിവീഴുന്നത് തടയാൻ ഏറ്റവും കൂടുതൽ ശ്രദ്ധചെലുത്തേണ്ടത് നമ്മുടെ സ്കൂളുകൾ കേന്ദ്രീകരിച്ചാണ്.

യു.പി. സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾവരെ മദ്യം ഉപയോഗിക്കു ന്നുവെന്ന വേദനാജനകമായ വാർത്തകളാണ് ഇന്ന് പത്രങ്ങളിൽ വന്നുകൊ ണ്ടിരിക്കുന്നത്. യു.പി. സ്കൂളുകളിലും ഹൈസ്കൂളുകളിലും ഹയർ സെക്ക ണ്ടറി സ്കൂളുകളിലും പഠിക്കുന്ന കുട്ടികൾ മദ്യം ഉപയോഗിക്കുന്നു, അങ്ങനെ അവർ ലൈംഗിക അരാജകത്വത്തിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുന്നു എന്ന വേദനാജനകമായ വാർത്തകളാണ് പത്ര കോളങ്ങളിൽ വരുന്ന ലേഖന പരമ്പരകളിലൂടെ വായിക്കാൻ കഴിയുന്നത്. ഇങ്ങനെ മദ്യം വരുത്തി വയ്ക്കുന്ന ദൂരവ്യാപകമായ വിപത്തിൽനിന്നും വളരുന്ന തലമുറയെ മോചിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾക്ക് ഈ ഗവൺമെന്റ് ആരംഭം കുറിച്ചു വെന്നത് ഏറെ സ്വാഗതാർഹമായ കാര്യമാണ്. അതിന്റെ ഏറ്റവും വലിയ തെളിവാണ് ആഭ്യന്തര വകുപ്പും വിദ്യാഭ്യാസ വകുപ്പും എക്സൈസ് വകുപ്പും ഒന്നിച്ചുചേർന്ന് വിദ്യാലയങ്ങളിൽ നടപ്പാക്കുന്ന □ക്ലീൻ ക്യാമ്പസ്, സേഫ് ക്യാമ്പസ്□ എന്ന പദ്ധതി. ഈ പദ്ധതിക്ക് മുൻകൈയെടുത്ത ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയെ അഭിനന്ദിക്കാൻകൂടി ഞാൻ ഈ സന്ദർഭം ഉപയോഗപ്പെടുത്തുകയാണ്. ഇതുമായി ബന്ധപ്പെട്ട് കൂടുതൽ ആകർഷക മായ രീതിയിലുള്ള പ്രചാരണ പരിപാടികൾക്ക് രൂപംനൽകണം. ഇതിന്റെ

ബ്രാൻഡ് അംബാസഡറായി പത്മശ്രീ മമ്മൂട്ടിയെ നിയോഗിച്ചു എന്നത്, ഇവിടെ എടുത്തുപറയേണ്ടതായ കാര്യമാണ്. ഇത് വളരെ ഉചിതമായ നടപടിയാണ് എന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല. മദ്യം വരുത്തി വയ്ക്കുന്ന ദൂരവ്യാപകമായ വിപത്തിനെ സംബന്ധിച്ച് വിശദമായി പ്രതിപാദിക്കുന്ന ഡോക്യുമെന്ററി നിർമ്മിച്ച് വിദ്യാലയങ്ങളിലും യുവജന സന്നദ്ധസംഘടനകളുടെ ഓഫീസുകളിലുമെല്ലാം പ്രദർശിപ്പിക്കണം. ഇന്ന് ഓരോ ചെറിയ ഗ്രാമത്തിലും നാലും അഞ്ചും കുട്ടികൾ ചേർന്ന് രൂപംകൊടുക്കുന്ന നിരവധി ക്ലബ്ബുകളുണ്ട്. ആ ക്ലബ്ബുകളെല്ലാം മദ്യപാനത്തിന്റെ കേന്ദ്രങ്ങളാണെന്ന് പറയാൻ സാധിക്കില്ലെങ്കിലും അവയിൽ ചിലതെങ്കിലും മദ്യപിക്കുന്നതിനുവേണ്ടി മാത്രമുണ്ടാക്കുന്ന ക്ലബ്ബുകളാണ്. അത്തരം യുവജന സംഘടനകളുടെ ഓഫീസുകളിൽവരെ മദ്യത്തിന്റെ വിപത്തിനെക്കുറിച്ച് അവരെ ബോധ്യപ്പെടുത്തുന്ന രീതിയിലുള്ള ഡോക്യുമെന്ററികൾ നിർമ്മിച്ച് പ്രദർശിപ്പിക്കുന്നതിനുള്ള ഒരു സംവിധാനമുണ്ടാക്കാൻ നമുക്ക് കഴിയേണ്ടതായിട്ടുണ്ട്. ബ്ലേഡ് മാഫിയകളെ പിടിച്ചുകെട്ടുന്നതിനുവേണ്ടി ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി 'ഓപ്പറേഷൻ കുബേര' ഓപ്പറേറ്റ് ചെയ്തതുപോലെ മദ്യമാഫിയകളെ നിയന്ത്രിക്കാനായി 'ഓപ്പറേഷൻ അബ്കാരി'ക്കുകൂടി രൂപം നൽകണമെന്നാണ് എനിക്ക് ഇവിടെ പറയാനുള്ളത്. അങ്ങനെ നമ്മുടെ സംസ്ഥാനത്തെ മദ്യവിമുക്ത കേരളമാക്കി 'ദൈവത്തിന്റെ സ്വന്തം നാട്' തന്നെയാക്കി നിലനിർത്താൻ ഈ സർക്കാർ മുന്നോട്ടുവരുമെന്നുതന്നെയാണ് ഞാൻ പ്രതീക്ഷിക്കുന്നത്. മദ്യത്തിന്റെ മറ്റ് വശങ്ങളിലേയ്ക്കൊന്നും കടന്നു ചെല്ലാൻ ഞാൻ ആഗ്രഹിക്കുന്നില്ല. മദ്യം ഒഴിച്ചുകൂടാനാകാത്ത ഒരു ഘടകമായി ഇന്ന് മാറിക്കൊണ്ടിരിക്കുന്നു. ആർക്കെങ്കിലും ഒരു കുഞ്ഞ് ജനിച്ചാൽ

അതിന്റെ സന്തോഷം പങ്കിടാനായി മദ്യം വേണം. കുടുംബത്തിൽ ആരെങ്കിലും മരിച്ചാൽ ആ ദുഃഖമകറ്റുന്നതിനുവേണ്ടിയും മദ്യം വേണമെന്നാണ് നിലപാട്. എല്ലാ മാസവും ഡിസംബർ 31ന് ഏറ്റവും കൂടുതൽ മദ്യം വിറ്റഴിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. ന്യൂ ഇയറിനെ വരവേൽക്കുന്നത് മദ്യത്തിലൂടെയാണ്. വിവാഹത്തലേന്ന് മദ്യം വിളമ്പൽ ഒരു ഫാഷനായി മാറിക്കഴിഞ്ഞിട്ടുണ്ട്. തെരഞ്ഞെടുപ്പിൽ ജയിച്ചാലും തോറ്റാലും മദ്യം. ജയിച്ചാൽ വിജയം ആഘോഷിക്കുന്നതിന് മദ്യം വേണം, തോറ്റാൽ മനസ്സിന്റെ പ്രയാസമകറ്റുന്നതിനും മദ്യം വേണം. ഈ സാഹചര്യത്തിൽ, കേരളത്തെ മദ്യവിപത്തിൽനിന്ന് മോചിപ്പിക്കുന്നതിനുവേണ്ടി സമ്പൂർണ്ണ മദ്യനിരോധനം നടപ്പാക്കണമെന്ന് ഇവിടെ ഉയർന്നുവന്നിട്ടുള്ള ആശയം നടപ്പാക്കുന്നതിനായി ഈ ഗവൺമെന്റ് മുന്നോട്ടുവരണമെന്നാണ് എനിക്ക് പറയാനുള്ളത്. ഭക്ഷ്യവിതരണ രംഗവുമായി ബന്ധപ്പെട്ട കാര്യമാണ് അടുത്തത്. ഇവിടെ പലരും വിലക്കയറ്റത്തെക്കുറിച്ചൊക്കെ പറഞ്ഞു. □വിലക്കയറ്റമെന്നു പറഞ്ഞാൽ അത് ഒരു ആഗോള പ്രതിഭാസമാണെ□ന്നാണ് യശഃശരീരനായ മുൻ മുഖ്യമന്ത്രി, സഖാവ് ഇ.കെ. നായനാർ ഒരിക്കൽ പറഞ്ഞത്. അങ്ങനെ വിലക്കയറ്റം ആഗോളപ്രതിഭാസമാണെന്നുപറഞ്ഞ് കയ്യുംകെട്ടി നോക്കിനിൽക്കുന്ന സമീപനം ഈ ഗവൺമെന്റ് സ്വീകരിക്കുന്നില്ല. വിലക്കയറ്റം പിടിച്ചുനിർത്താനാവശ്യമായ ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്ന ഗവൺമെന്റാണ് ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റ്. ഗവൺമെന്റിന്റെ ശക്തമായ ഇടപെടലിലൂടെ വിലക്കയറ്റം പിടിച്ചുനിർത്തുന്നതിന് നമുക്ക് സാധിച്ചിട്ടുണ്ട്. ഇടക്കാലത്ത് റേഷൻ കടകൾ ആർക്കും വേണ്ടാത്ത സ്ഥിതിയായിരുന്നു. റേഷൻ കടകളിലേയ്ക്ക് ആരും തിരിഞ്ഞുനോക്കുകപോലും ചെയ്തിരുന്നില്ല. ഇന്ന് റേഷൻ കടകൾ സജീവമായി, അവിടേയ്ക്ക്

ആളുകൾ പോകാൻ തുടങ്ങി. കേരളത്തിലെ റേഷൻ കാർഡ് ഉടമകളുടെ എണ്ണം 20112012–ൽ 78 ലക്ഷമായിരുന്നെങ്കിൽ 20122013–ൽ അത് 81 ലക്ഷമായി ഉയർന്നിട്ടുണ്ട്. യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ റേഷൻ കാർഡിനുവേണ്ടിയുള്ള ലക്ഷക്കണക്കിന് അപേക്ഷകൾ കെട്ടിക്കിട ക്കുകയായിരുന്നു. അന്ന് റേഷൻ കാർഡിനുള്ള അപേക്ഷ കൊടുത്താൽപ്പോലും റേഷൻ കാർഡ് അന്വേഷിച്ച് ആരും പോകുകയില്ലായി രുന്നു. കാരണം, റേഷൻ കാർഡ് കിട്ടിയാലും കാര്യമില്ല, റേഷൻ കടകളിൽ ചെന്നാലും ഒരു സാധനവും വാങ്ങാനില്ല. റേഷൻകട തന്നെ ആവശ്യമില്ലാ ത്തതുകൊണ്ട് അപേക്ഷകൾ നൽകിയാലും അന്വേഷിക്കാൻപോലും ആരും തയ്യാറായിരുന്നില്ല. ഈ ഗവൺമെന്റ് വന്നപ്പോൾ കെട്ടിക്കിടന്നിരുന്ന ലക്ഷ ക്കണക്കിന് റേഷൻ കാർഡുകളുടെ അപേക്ഷകളിൽ തീർപ്പ് കൽപ്പിച്ചു. റേഷൻ കാർഡിന് അപേക്ഷ കൊടുത്താൽ അന്നുതന്നെ കൊടുക്കുന്ന തീരുമാനമെടുത്ത ഗവൺമെന്റാണ് ഈ ഗവൺമെന്റ്. അതിന് നേതൃത്വം കൊടുക്കുന്ന ബഹുമാനപ്പെട്ട സിവിൽ സപ്ലൈസ് വകുപ്പുമന്ത്രി ശ്രീ. അനൂപ് ജേക്കബിനെ അഭിനന്ദിക്കാൻ ഞാൻ ഈ സന്ദർഭം ഉപയോഗപ്പെടുത്തുകയാ ണ്. ബി.പി.എൽ.ലിസ്റ്റിൽ അനർഹരായ ധാരാളം ആളുകൾ കടന്നുകൂടിയിട്ടു ണ്ട്. അനർഹരായ ആളുകളെ ബി.പി.എൽ. ലിസ്റ്റിൽനിന്ന് ഒഴിവാക്കി അർഹരായ മുഴുവൻ ആളുകളേയും ഉൾപ്പെടുത്തി ബി.പി.എൽ. ലിസ്റ്റ് കുറ്റമറ്റതാക്കിത്തീർക്കുന്നതിനുള്ള നടപടിയുമായി മുന്നോട്ടുവന്ന ഒരു ഗവൺമെന്റാണിത്. നമ്മുടെ സമൂഹത്തിൽ കഷ്ടതയനുഭവിക്കുന്ന നിരവധി ആളുകളുണ്ട്. ക്യാൻസർ രോഗികളുടെ എണ്ണവും ഡയാലിസിസിന് വിധേയരായിക്കൊണ്ടിരിക്കുന്ന വൃക്കരോഗികളുടെ എണ്ണവും പെരുകി വരികയാണ്. മാനസികവും ശാരീരികവുമായി വൈകല്യമുള്ളവർ,

വിധവകൾ, ഓട്ടിസം ബാധിച്ച ആളുകൾ, പരസഹായമില്ലാതെ ജീവിക്കാൻ കഴിയാത്ത ആളുകൾ തുടങ്ങി പരിഗണനയർഹിക്കുന്ന മുഴുവൻ ആളുകളെയും നിലവിലുള്ള മാനദണ്ഡങ്ങൾക്ക് പുറമെ ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടുത്താൻ മുന്നോട്ടുവന്ന, ഇത്തരത്തിൽ അവശതയനുഭവിക്കുന്നവരെ കണ്ടറിഞ്ഞ് അവർക്കനുകൂലമായ സമീപനം സ്വീകരിക്കുന്ന ഒരു ഗവൺമെന്റാണ് യു.ഡി.എഫ്. ഗവൺമെന്റ്. ബി.പി.എൽ. ലിസ്റ്റ് കുറ്റമറ്റതാക്കാൻ മുൻഗവൺമെന്റിന് കഴിഞ്ഞിരുന്നില്ല. ബി.പി.എൽ. ലിസ്റ്റ് ഇനിയും കുറ്റമറ്റതാക്കേണ്ടതുണ്ട്. അനർഹരായ ആളുകൾ ആരെങ്കിലുമുണ്ടെങ്കിൽ അവരെ ഒഴിവാക്കി അർഹരായ മുഴുവൻ ആളുകളെയും ഉൾപ്പെടുത്തണം. അതുപോലെ, റേഷൻ കാർഡുകളെ സംബന്ധിച്ച് പലപ്പോഴും പരാതി നിലനിൽക്കുന്നുണ്ട്. റേഷൻ കടകളിലൂടെ അലോട്ട് ചെയ്യുന്ന ഭക്ഷ്യധാന്യങ്ങൾ വഴിമാറിപ്പോകുന്നുവെന്ന പരാതി പലപ്പോഴും കേൾക്കാറുണ്ട്. ഈ അടുത്ത കാലത്തായി അങ്ങനെ പരാതി ഉയർന്നപ്പോൾ റേഷൻ സാധനങ്ങൾ പൂഴ്ത്തി വച്ച ആളുകളുടെ കടകളിൽ പോയി റെയ്ഡ് നടത്തി അവരെ പിടികൂടുന്നതിന് ബഹുമാനപ്പെട്ട മന്ത്രിതന്നെ നേരിട്ടിറങ്ങിയതിനെക്കുറിച്ച് ഇവിടെ പറയാതിരിക്കാൻ നിവൃത്തിയില്ല. എന്നാൽപ്പോലും റേഷൻ കടകളിലൂടെ വിതരണം ചെയ്യാനായി അലോട്ട് ചെയ്യുന്ന ഭക്ഷ്യധാന്യങ്ങൾ യഥാർത്ഥ കാർഡ് ഉടമകൾക്കുതന്നെ ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്താനുള്ള സംവിധാനമുണ്ടാക്കേണ്ടതുണ്ട്. എത്ര കാർഡുടമകൾ ഓരോ റേഷൻ കടകളിൽ നിന്നും സ്ഥിരമായി റേഷൻ വാങ്ങുന്നുവെന്നുള്ള പരിശോധന നടത്തണം. ഇതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളും ഉദ്യോഗസ്ഥന്മാരുമടങ്ങുന്ന ഒരു സമിതിക്ക് രൂപം നൽകണം. റേഷൻ സാധനങ്ങൾ അർഹരായവരുടെ കൈകളിൽ എത്തുന്നില്ലെന്നുള്ള പരാതി പരിഹരിക്കാൻ ഒരുപരിധി

വരെ ഇതുകൊണ്ട് സാധ്യമാകും. പൊതുവിതരണ രംഗത്ത് ഈ സർക്കാരിന്റെ ഇടപെടൽ ഫലപ്രദമാകുന്നു എന്നതിന്റെ ഏറ്റവും വലിയ തെളിവ് മാവേലി സ്റ്റോറിന് മുന്നിലുള്ള നീണ്ട ക്യൂവാണ്. മുമ്പ് മാവേലി സ്റ്റോറുകളിലേയ്ക്ക് ആരും തിരിഞ്ഞുനോക്കുകപോലുമില്ലായിരുന്നു. അവിടെച്ചെന്ന് ഒരു സാധനം അന്വേഷിച്ചാൽ 'ഇല്ല' എന്ന മറുപടിയായിരുന്നു കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് ഉണ്ടായിരുന്നതെങ്കിൽ യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് മാവേലി സ്റ്റോറുകളിൽ നീണ്ട ക്യൂവാണ്. ബിവറേജസ് കോർപ്പറേഷന്റെ മുമ്പിലുള്ള ക്യൂ കുറയുകയും മാവേലി സ്റ്റോറിന്റെ മുമ്പിലുള്ള ക്യൂ വർദ്ധിക്കുകയും ചെയ്തിരിക്കുന്നുവെന്നതാണ് ഇന്നത്തെ അവസ്ഥ. മാവേലി സ്റ്റോറുകളിൽ വരുന്ന ഭക്ഷ്യസാധനങ്ങൾ ചൂടപ്പംപോലെ വിറ്റുതീരുന്ന അവസ്ഥയാണ് ഇന്നുള്ളത്. ഈ ഗവൺമെന്റ് വന്നതിനുശേഷം പുതിയ നിരവധി മാവേലി സ്റ്റോറുകൾ ആരംഭിച്ചിട്ടുണ്ട്. ഇനിയും മാവേലി സ്റ്റോറുകൾ ആരംഭിക്കണം. മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിനാവശ്യമായ കെട്ടിട സൗകര്യമുൾപ്പെടെയുള്ള എല്ലാ ഭൗതിക സൗകര്യങ്ങളും ഒരുക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാണ്. അങ്ങനെ തയ്യാറായി മുന്നോട്ടുവരുമ്പോൾ എണ്ണം നോക്കാതെ മാവേലി സ്റ്റോറുകൾ അനുവദിക്കുന്നതിനായി ഗവൺമെന്റ് തീരുമാനമെടുക്കണം. ഒന്നോരണ്ടോ മാവേലി സ്റ്റോറുകൾ ഒരു പഞ്ചായത്തിലുണ്ടായതുകൊണ്ട് എല്ലാവർക്കും പ്രയോജനം ലഭിക്കുകയില്ല. എല്ലാവർക്കും പ്രയോജനം ലഭിക്കുന്ന തരത്തിൽ കൂടുതൽ മാവേലി സ്റ്റോറുകൾ വേണം. ഒപ്പം ഒരു നിയോജക മണ്ഡലത്തിൽ ഒരു സഞ്ചരിക്കുന്ന മാവേലി സ്റ്റോർ വീതമെങ്കിലും ആരംഭിക്കുന്നതിനുള്ള നടപടിയെടുക്കണം. എന്നാൽ മാത്രമേ

കൂടുതൽ ആളുകൾക്ക് ഇതിന്റെ പ്രയോജനം ലഭ്യമാകുകയുള്ളൂ. വേണ്ടത്ര ഉദ്യോഗസ്ഥന്മാർ ഇല്ല എന്ന കാരണമാണ് ഇപ്പോൾ അനുവദിച്ചിട്ടുള്ള മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിന് തടസ്സമായി പറയുന്നത്. ഈ ഗവൺമെന്റ് വന്നതിനുശേഷം എല്ലാ വകുപ്പുകളിലും ആവശ്യമായ പോസ്റ്റ് ക്രിയേറ്റ് ചെയ്ത് നിയമനം നടത്തിയിട്ടുണ്ട്. എന്നാൽ സിവിൽ സപ്ലൈസ് വകുപ്പിൽ മാത്രം ആവശ്യമായ സ്റ്റാഫ് ഇല്ല എന്ന പേരിൽ അനുവദിക്കപ്പെട്ടിട്ടുള്ള മാവേലി സ്റ്റോറുകൾ ആരംഭിക്കാതിരിക്കുന്നത് ഒട്ടും ശരിയല്ല. അതു കൊണ്ട് സിവിൽ സപ്ലൈസ് വകുപ്പിൽ ആവശ്യമായ സ്റ്റാഫിനെ നിയമിച്ച്, അനുവദിച്ചിട്ടുള്ള മാവേലി സ്റ്റോറുകൾ എത്രയും പെട്ടെന്ന് ആരംഭിക്കുന്നതിനുള്ള നടപടിയെടുക്കണം. ആ കൂട്ടത്തിൽ എന്റെ നിയോജക മണ്ഡലത്തിലെ മോറയൂർ, പാപ്പിനിപ്പാറ എന്നീ സ്ഥലങ്ങളിലെ മാവേലി സ്റ്റോറുകൾകൂടി ഉടൻ പ്രവർത്തനം ആരംഭിക്കുന്നതിൽ ശ്രദ്ധിക്കണമെന്ന കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ഈ സന്ദർഭം ഉപയോഗിക്കുകയാണ്. ഈ ഗവൺമെന്റ് നടപ്പാക്കിക്കൊണ്ടിരിക്കുന്ന ജനക്ഷേമകരമായ പദ്ധതികൾ, അത് ഏത് രംഗമെടുത്ത് പരിശോധിച്ചാലും കാണാവുന്നതാണ്. മത്സ്യത്തൊഴിലാളികൾക്ക് ധാരാളം ആനുകൂല്യങ്ങൾ നൽകിയിട്ടുള്ള ഗവൺമെന്റാണിത്. കടലിൽ ജീവിക്കുകയും ഒരിറ്റു ജലത്തിനുവേണ്ടി കേഴുകയും ചെയ്യുന്നവരാണ് ഇന്നും കടലോരങ്ങളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികൾ. അവർക്ക് ശുദ്ധജലമെത്തിക്കുന്നതിനുവേണ്ടിയുള്ള ബൃഹത്തായ പദ്ധതികൾക്ക് രൂപംനൽകാൻ മാറിമാറി വന്ന ഗവൺമെന്റുകൾക്ക് കഴിഞ്ഞിട്ടില്ല. അതുപോലെ കയറിക്കിടക്കാൻ ഒരു കൂരയില്ലാത്ത നിരവധി മത്സ്യത്തൊഴിലാളികൾ നമ്മുടെ നാട്ടിലുണ്ട്. അവർക്ക് വീട് നിർമ്മിക്കുന്നതിനും ശുദ്ധജലമെത്തിക്കുന്നതിനുമാവശ്യമായ

പദ്ധതികൾക്കുംകൂടി ബഹുമാനപ്പെട്ട മന്ത്രി രൂപംനൽകണമെന്ന് ഈ സന്ദർഭത്തിൽ ഞാൻ ആവശ്യപ്പെടുകയാണ്. ഇനിയും ധാരാളം വകുപ്പുകളെക്കുറിച്ച്, സ്റ്റാമ്പ് ആന്റ് രജിസ്ട്രേഷൻ കാര്യങ്ങളെക്കുറിച്ചൊക്കെ പറയാനുണ്ടെങ്കിലും സമയമില്ലാത്തതുകൊണ്ട് ഞാൻ ചുരുക്കുകയാണ്. ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി അനുകൂലിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. വി. ശശി: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ ശക്തമായി എതിർക്കുകയാണ്. മദ്യവും മത്സ്യവും ഒരുമിച്ച് കൈകാര്യം ചെയ്യുന്ന നമ്മുടെ മന്ത്രി മത്സ്യമേഖലയെ പ്രതികൂലമായി ബാധിക്കുന്ന കാര്യങ്ങളാണ് ചെയ്തുകൊണ്ടിരിക്കുന്നത്. നമ്മുടെ സാമൂഹ്യ അന്തരീക്ഷത്തിൽ മദ്യവകുപ്പ് സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന വിഷലിപ്തമായ ലഹരിയിലാണ് നമ്മുടെ പ്രിയപ്പെട്ട മത്സ്യമന്ത്രി. അതുകൊണ്ടാണ് ഏറെ ശ്രദ്ധയും പരിപാലനവും ആവശ്യമായ മത്സ്യവകുപ്പിന് അത് നൽകാൻ നമ്മുടെ മന്ത്രിക്ക് കഴിയാത്തത്. അത് മനസ്സിലാക്കാൻ തീരദേശത്തിലൂടെ ഒരു ഓട്ടപ്രദക്ഷിണം നടത്തിയാൽ മതിയാകും. മാത്രമല്ല, ഒന്നിന് പുറകെ ഒന്നായി വരുന്ന പത്രവാർത്തകൾ ശ്രദ്ധിച്ചാലും മത്സ്യമേഖലയുടെ ദുരന്തങ്ങൾ നമുക്ക് മനസിലാക്കുവാൻ കഴിയും. ദുരിതപൂർണ്ണമാണ് നമ്മുടെ മത്സ്യമേഖല. മത്സ്യത്തൊഴിലാളികളുടെ ജീവിതവും വളരെയേറെ ശ്രദ്ധയാകർഷിക്കേണ്ട ഒന്നാണ്. പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് നൽകുന്ന ശ്രദ്ധയും പരിഗണനയും അർഹിക്കുന്ന ഒരു വിഭാഗമാണ് കേരളത്തിലെ പത്തുലക്ഷത്തോളം വരുന്ന മത്സ്യത്തൊഴിലാളികൾ. കടലും കടൽവിഭവങ്ങളുമാണ് ഇവർക്ക് ആശ്രയം. അത് സംരക്ഷിച്ച് നിലനിർത്തിക്കൊടുക്കേണ്ട ഉത്തരവാദിത്വം സംസ്ഥാനത്തിനുണ്ട്. അത് സംസ്ഥാനത്തി

ന്റെ പ്രധാനപ്പെട്ട ഉത്തരവാദിത്വവുമാണ്. 1952–ലെ മത്സ്യവിഭവ സംരക്ഷണ നിയമം ലക്ഷ്യമാക്കുന്നതും അതാണ്. 1988 മുതൽ ഈ നിയമം നടപ്പാക്കുന്നു വെങ്കിലും കാര്യക്ഷമമായി അത് പ്രയോഗത്തിൽ കൊണ്ടുവരുന്നില്ല എന്നുള്ള താണ് യാഥാർത്ഥ്യം. ട്രോളിംഗ് നിരോധനം കൊണ്ടുമാത്രം മത്സ്യവിഭവങ്ങൾ സംരക്ഷിക്കാനാവില്ല. സമർത്ഥമായി മത്സ്യംലഭിക്കുന്ന നാടായിരുന്നു നമ്മുടെ കേരളം. എന്നാൽ ഇന്ന് മത്സ്യമേഖലയുടെ പൊതുസ്ഥിതി നൽകുന്നത് മത്സ്യ സമ്പത്ത് ശോഷണത്തിന്റെ പ്രത്യക്ഷ സൂചനകങ്ങളാണ്. ഇക്കഴിഞ്ഞ ദിവസ ങ്ങളിൽ പത്രങ്ങളിൽവന്ന നിരവധി വാർത്തകൾ ഇതിന് സാക്ഷ്യംവഹിക്കു ന്നു–വളം നിർമ്മാണത്തിന് മത്സ്യക്കുഞ്ഞുങ്ങൾ, വരുന്നു മത്സ്യമില്ലാത്ത കാലം, കാലാവസ്ഥാ വ്യതിയാനം, മലയാളികളുടെ ഇഷ്ടമത്സ്യങ്ങൾ അറബി ക്കടൽ വിടുന്നു, മത്തിയുടെ ലഭ്യത കുറഞ്ഞുവരുന്നു, വിദഗ്ദ്ധ സമിതിയുടെ ശുപാർശ, ട്രോളിംഗ് നിരോധനം 60 ദിവസമാക്കണമെന്ന്, കപ്പൽ, വള്ളങ്ങൾ മീൻ അരിച്ച് കോരുന്നു...... ഇന്ന് മത്സ്യവിഭവങ്ങളുടെ ലഭ്യത വളരെ കുറഞ്ഞു വരുന്നു എന്നുള്ളതാണ് യാഥാർത്ഥ്യം. ഇത് വളരെ ഗൗരവത്തോടുകൂടി കാണേണ്ട വിഷയമാണ്. വികസനപ്രവർത്തന രംഗങ്ങൾ താളംതെറ്റിയ രീതി യിലാണ് ഇന്ന് നടക്കുന്നത്. മത്സ്യബന്ധന തുറമുഖങ്ങൾ, പാലങ്ങൾ, ഫിഷ് ലാന്റിംഗ് സെന്ററുകൾ, കുടിവെള്ള പ്രോജക്ടുകൾ, തീരദേശ റോഡുകൾ, അടിസ്ഥാനസൗകര്യ വികസനവുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ എന്നി വയെല്ലാം ദിശതെറ്റി നീങ്ങുകയാണ്. ഇതിനായി നീക്കിവയ്ക്കുന്ന തുക പൂർണ്ണമായും ചെലവഴിക്കുന്നില്ല. തുക ലാപ്സാക്കുന്നു. വിവിധ ഏജൻസിക ളുടെ അക്കൗണ്ടുകളിലേയ്ക്ക് മാറ്റിനിക്ഷേപിച്ച് ചെലവാക്കിയെന്ന് കാണി ക്കുന്ന രീതിയാണ് ബഡ്ജറ്റ് ഡോക്യുമെന്റുകളും അവലോകന റിപ്പോർട്ടു

കളും പരിശോധിച്ചാൽ കാണാൻ കഴിയുന്നത്. ഇതിന് ധാരാളം ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കുവാൻ സാധിക്കും. നബാർഡിന്റെ ആർ.ഐ.ഡി.എഫ്. സ്കീം പ്രകാരം മത്സ്യതുറമുഖങ്ങളുടെ വികസനം, തീരദേശ അടിസ്ഥാന സൗകര്യം എന്നിവയ്ക്കായി 2012–13–ൽ 11 കോടിരൂപ ബഡ്ജറ്റിൽ നീക്കിവച്ചു. ഒരു പൈസപോലും ചെലവഴിച്ചില്ല. 2013–14–ൽ 8 കോടിരൂപ നീക്കിവച്ചു. ഒരു പൈസപോലും ചെലവഴിച്ചില്ല. നടപ്പു സാമ്പത്തിവർഷം 5,30,00,000 രൂപ നീക്കിവച്ചിട്ടുണ്ടെങ്കിലും എത്ര കോടിരൂപ ചെലവഴിക്കുമെന്ന് നാം കണ്ടറിയേണ്ടതുണ്ട്. മത്സ്യബന്ധനത്തിനുള്ള വായ്പാ സഹായം, ഒരു എൻ.സി.ഡി.സി. സ്കീമാണ്. മത്സ്യഫെഡിന്റെ അംഗങ്ങളായ പ്രാഥമിക സഹകരണ സംഘങ്ങളിലെ മത്സ്യത്തൊഴിലാളികൾക്ക് വായ്പാ സൗകര്യം, മത്സ്യത്തൊഴിലാളികളെ കടബാധ്യതയിൽനിന്നും ഇടനിലക്കാരിൽനിന്നും രക്ഷിക്കാൻ 2013–14 –ൽ 18 കോടിരൂപ ബഡ്ജറ്റിൽ വകകൊള്ളിച്ചുവെങ്കിലും ഒരു പൈസപോലും ലഭ്യമാക്കിയില്ല. അതുപോലെ 2014–15–ലും 18 കോടിരൂപ എൻ.സി.ഡി.സി.–യിൽനിന്നും ലഭ്യമാക്കുമെന്നാണ് ബഡ്ജറ്റിൽ സൂചിപ്പിച്ചിട്ടുള്ളത്. ഇതുവരെ ഒരു നടപടിയും ഈ വിഷയത്തിൽ സ്വീകരിച്ചിട്ടില്ല. അതുപോലെ കേരള ഫിഷറീസ് ആന്റ് ഓഷ്യൻ സയൻസ് സർവ്വകലാശാല 2010–ൽ സ്ഥാപിതമായി. 2011 മുതൽ 2013 വരെ 37 കോടിരൂപയും നടപ്പുവർഷം 27 കോടിരൂപയും ബഡ്ജറ്റിൽ നീക്കിവച്ചു. ഇതുവരെ യൂണിവേഴ്സിറ്റി കാര്യക്ഷമമായി പ്രവർത്തിച്ച് തുടങ്ങിയിട്ടില്ല. 13–ാം ധനകാര്യ കമ്മീഷൻ മാതൃകാ മത്സ്യഗ്രാമങ്ങളുടെ സൃഷ്ടി, മാതൃകാ മത്സ്യഗ്രാമങ്ങളിൽ വികസനവും മത്സ്യവിപണന കേന്ദ്രങ്ങൾ സ്ഥാപിക്കലും എന്നിവയ്ക്കായി 50 കോടിരൂപവീതം ഓരോ

വർഷവും നീക്കിവച്ചു. ആദ്യത്തെവർഷം 50 കോടിരൂപ. രണ്ടാമത്തെവർഷം 50 കോടിരൂപയിൽ 49 കോടിരൂപ ചെലവഴിച്ചു. മൂന്നാമത്തെവർഷം 50 കോടി രൂപയിൽ 30 കോടിരൂപമാത്രം ചെലവഴിച്ചു. 150 കോടിരൂപയിൽ 12 കോടി രൂപ ഇനിയും റിലീസ് ചെയ്യാനുണ്ട്. എന്നാൽ കടലോരങ്ങളിൽ ഒരു പരിപാടിയും ഇതുവരെ സമഗ്ര മത്സ്യഗ്രാമ വികസനവുമായി ബന്ധപ്പെട്ട് പൂർണ്ണമായി നടപ്പാക്കിയിട്ടില്ലായെന്ന് കാണാവുന്നതാണ്. മത്സ്യത്തൊഴിലാളികൾക്കുവേണ്ടി നടപ്പാക്കിവന്ന ക്ഷേമപ്രവർത്തനങ്ങൾ...... പുതുതായി ഒരു ക്ഷേമപ്രവർത്തന പരിപാടികളും ഈ സർക്കാർ ആരംഭിച്ചിട്ടില്ല. മുമ്പ് നടപ്പാക്കിവന്നിരുന്ന പല പദ്ധതികളും താറുമാറാക്കിയെന്നുള്ളതാണ് വസ്തുത. കേരള കർഷകത്തൊഴിലാളി കടാശ്വാസ കമ്മീഷനെക്കുറിച്ച് ഇവിടെ പലരും സൂചിപ്പിച്ചു. കടാശ്വാസ കമ്മീഷനുമായി ബന്ധപ്പെട്ട് മുൻസർക്കാർ 150 കോടി രൂപ റിലീസ് ചെയ്തത് പ്രയോജനപ്പെടുത്തി തൊഴിലാളികളുടെ ആധാരങ്ങൾ പ്രാഥമിക സഹകരണ സംഘങ്ങളിൽനിന്നും എടുത്തുകൊടുക്കുവാൻ ഇനിയും ഈ സർക്കാർ ഒരു നടപടിയും സ്വീകരിച്ചിട്ടില്ലായെന്നുള്ളതാണ് വസ്തുത. നടപ്പുവർഷത്തെ ബഡ്ജറ്റിൽ ഇതിനായി നീക്കിവച്ചിരിക്കുന്നത് ഒരുകോടിരൂപ മാത്രമാണ്. 150 കോടിരൂപ നൽകണമെന്ന് സബ്ജക്ട് കമ്മിറ്റി ശുപാർശ ചെയ്തിരിക്കുന്നു. എന്നാൽ ഇവിടെ സർക്കുലേറ്റ് ചെയ്ത നോട്ടിൽ ആ തുക ലഭ്യമാക്കാമെന്ന് സൂചിപ്പിച്ചിട്ടില്ല. ഭൂരഹിത-ഭവനരഹിത മത്സ്യത്തൊഴിലാളികളായി 13000 പേർ നമ്മുടെ സംസ്ഥാനത്തുള്ളതായിട്ടാണ് ഹൈദ്രാബാദിലെ എൻ.ആർ.ഐ.ഡി. (നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ്) മൂന്നുവർഷങ്ങൾക്കുമുമ്പ് കണ്ടെത്തി സർക്കാരിന് ശുപാർശ ചെയ്തത്. ഇപ്പോൾ സർക്കാർ 300 തൊഴിലാളികൾക്ക് 20 കോടി രൂപയുടെ

പദ്ധതിയാണ് വിഭാവന ചെയ്യുന്നത്. 13000 കുടുംബങ്ങൾ ഭൂരഹിത–ഭവനരഹിതരായി നിലവിലുള്ളപ്പോൾ വെറും 300 കുടുംബങ്ങൾക്ക് 20 കോടി രൂപയുടെ പദ്ധതിയാണ് സർക്കാർ വിഭാവന ചെയ്യുന്നത്. എന്റെ നിയോജക മണ്ഡലത്തിൽ താഴംപള്ളി, പൂത്തിറ, അഞ്ചുതെങ്ങ് പ്രദേശങ്ങളിൽ തിങ്ങിപ്പാർക്കുന്ന മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനുള്ള ഒരു സമഗ്രമായ പദ്ധതിക്ക് രൂപം നൽകണം. പെരുമാതുറ–താഴംപള്ളി പാലം പൂർത്തിയാകുമ്പോഴുണ്ടാകുന്ന വർദ്ധിച്ച ഗതാഗതം കണക്കിലെടുത്ത് ഈ തൊഴിലാളികളെ പുനരധിവസിപ്പിക്കേണ്ട അനിവാര്യമായ ഒരു സാഹചര്യം നിലനിൽക്കുന്നുണ്ട്. ദീർഘവീക്ഷണത്തോടെ അതിനുള്ള പദ്ധതിക്ക് രൂപം കൊടുക്കണമെന്നുകൂടി ഞാൻ ഈ സന്ദർഭത്തിൽ സൂചിപ്പിക്കുകയാണ്. ഈ ഗവൺമെന്റ് നടപ്പാക്കിവരുന്ന ഭവനനിർമ്മാണ പ്രവർത്തനങ്ങൾ വേണ്ട വിധത്തിൽ തൊഴിലാളികൾക്ക് പ്രയോജനം ചെയ്യുന്നില്ലായെന്നുള്ളതാണ് വസ്തുത. ഈ നടപ്പുവർഷത്തിൽ ഇതിനായി നീക്കിവച്ചിട്ടുള്ളത് കേന്ദ്ര സഹായമുൾപ്പെടെ 12 കോടിരൂപയാണ്. ഏതാണ്ട് 22 കോടിയോളം രൂപ ഉണ്ടായിരുന്നാൽ മാത്രമേ സർക്കാർ ലക്ഷ്യമിടുന്ന 800 പേർക്കുകൂടി ധനസഹായം നൽകാൻ കഴിയുകയുള്ളൂ. മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ വിപണനം വ്യാപകമാക്കാൻ കഴിഞ്ഞവർഷം സർക്കാർ ഒരു പദ്ധതി പ്രഖ്യാപിച്ചിരുന്നു. ഫിഷ് മേയ്ഡ് ബ്രാന്റിൽ 100 കിയോസ്ക്കുകൾ സ്ഥാപിക്കുമെന്നായിരുന്നു സർക്കാരിന്റെ പ്രഖ്യാപനം. പക്ഷേ ഒന്നുപോലും തുടങ്ങിയില്ലായെന്നുള്ളതാണ് യാഥാർത്ഥ്യം. 10 ഫിഷറീസ് ട്രെയിനിംഗ് സ്കൂളുകളുടെ അവസ്ഥ ഇവിടെ പല മെമ്പർമാരും ചൂണ്ടിക്കാണിച്ചു. ഗ്രാന്റ് ഹെഡിലും ക്യാപിറ്റൽ ഹെഡിലുമായി കഴിഞ്ഞ മൂന്നുവർഷം ഇതിനായി വകകൊള്ളിച്ചിരി

ക്കുന്ന തുക പരിശോധിച്ചാൽ അതിന്റെ 50 ശതമാനംപോലും ചെലവാക്കിയി ട്ടില്ലായെന്ന് കാണാൻ സാധിക്കും. അതുപോലെതന്നെ സമ്പാദ്യ സമാശ്വാസ പദ്ധതിയും പഞ്ഞമാസത്തിൽ സഹായം നൽകുന്ന പദ്ധതിയും ഇവിടെ പല മെമ്പർമാരും സൂചിപ്പിച്ചു. ഇതുമായി ബന്ധപ്പെട്ട് നൽകുന്ന തുക ബാങ്കുവഴി യാണ് ഇപ്പോൾ നൽകുന്നത്. നൽകുന്ന തുകയുടെ 30 ശതമാനംപോലും സഹായം ബന്ധപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് കിട്ടാത്ത സാഹചര്യം നില വിലുണ്ട്. പലകാരണങ്ങൾ ചൂണ്ടിക്കാണിച്ചാണിത് നിഷേധിക്കുന്നത്. ഇതും സർക്കാർ പരിശോധിക്കേണ്ടതാണ്. കടൽക്ഷോഭവുമായി ബന്ധപ്പെട്ട് മത്സ്യ ത്തൊഴിലാളി മേഖലയിൽ സൗജന്യമായി റേഷൻ നൽകുന്നതാണെന്ന് ബഹു മാനപ്പെട്ട മന്ത്രി സൂചിപ്പിക്കുകയുണ്ടായി. സൗജന്യ റേഷൻ ലഭിക്കണമെങ്കിൽ റേഷൻ കടകൾ സൗജന്യ റേഷന് അർഹരായിട്ടുള്ള മത്സ്യത്തൊഴിലാളിക ളുടെ ലിസ്റ്റ് തയ്യാറാക്കി കൊടുക്കണം. അതിന് റേഷൻ കടക്കാർ തയ്യാറാകു ന്നില്ല.

കഴിഞ്ഞ വർഷം ഈ രീതിയിൽ നൽകിയ അരിയുടെ വില റേഷൻകട കൾക്ക് ഇനിയും ലഭിച്ചിട്ടില്ല. അതുകൊണ്ടാണ് ഈ ലിസ്റ്റ് തയ്യാറാക്കിക്കൊ ടുക്കാത്തതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. പെൻഷന്റെ കാര്യത്തിൽ ഭീമ മായ കുടിശ്ശിക നിലനിൽക്കുന്നുണ്ടെങ്കിലും ഇതിനാവശ്യമായ ഫണ്ടിനെക്കു റിച്ച് ബഡ്ജറ്റിൽ സൂചിപ്പിച്ചിട്ടില്ല. ശ്രീ. ടി. എൻ. പ്രതാപൻ എം.എൽ.എ. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയെ അഭിനന്ദിച്ചുകൊണ്ട് പറഞ്ഞത് 12 ശതമാനം വിഹിതം നടപ്പുവർഷത്തെ ബഡ്ജറ്റിൽ കൂട്ടിയെന്നാണ്. ഈ വർഷം അനുവദിച്ച മൊത്തം പ്ലാനിന്റെ എത്രശതമാനം മത്സ്യവികസന

ത്തിനുവേണ്ടി നീക്കിവച്ചിട്ടുണ്ടെന്നാണ് നോക്കേണ്ടത്. കഴിഞ്ഞവർഷം കൂട്ടിയതിനെക്കാളും സ്വാഭാവികമായും ഇപ്രാവശ്യം കൂടും. കഴിഞ്ഞ വർഷത്തെ ബഡ്ജറ്റ് തുകയല്ല ഈവർഷം വരുന്നത്. പക്ഷേ, ഈവർഷം നിലനിർത്തിയിരിക്കുന്ന മൊത്തം തുകയിൽ മത്സ്യവികസനത്തിന് എത്രശതമാനം നീക്കിവച്ചിരിക്കുന്നു എന്നു പരിശോധിച്ചാൽ അത് കഴിഞ്ഞ വർഷത്തെക്കാൾ കുറവാണെന്നാണ് എനിക്ക് അദ്ദേഹത്തോട് സൂചിപ്പിക്കുവാനുള്ളത്. ബഹുമാനപ്പെട്ട മന്ത്രിക്ക് അഭിനന്ദനം അർഹിക്കുന്ന ഒരുകാര്യവും അതിൽ പ്രതിഫലിച്ചിട്ടില്ല എന്നുകൂടി സൂചിപ്പിച്ചുകൊണ്ട് ഞാൻ ഈ ധനകാര്യ ബില്ലുകളെ ഒരിക്കൽകൂടി എതിർത്തുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u> : സർ, ഇവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. മദ്യത്തെ സംബന്ധിച്ചും മദ്യനിരോധനത്തെ സംബന്ധിച്ചും വളരെ ഗൗരവമേറിയ ചർച്ചകൾക്ക് വിധേയമായ ഒരു ഡിമാന്റ് ഡിസ്ക്കഷനായിരുന്നു ഇവിടെ നടന്നത്. ഇൻഡ്യൻ നാഷണൽ കോൺഗ്രസ് എന്ന ഞങ്ങളുടെ പ്രസ്ഥാനത്തെ സംബന്ധിച്ചിടത്തോളം 1920 മുതൽതന്നെ എ.ഐ.സി.സി. അംഗീകരിച്ച മദ്യനിരോധനം കോൺഗ്രസ്സിന്റെ നിർമ്മാണ പരിപാടിയിലെ ഒരു പ്രധാനപ്പെട്ട ഇനമാണ്. ഗാന്ധിജി മദ്യനിരോധനത്തെക്കുറിച്ച് പറഞ്ഞിട്ടുള്ളത്, ഇൻഡ്യയുടെ മുഴുവൻ ഏകാധിപതിയായി ഒരു മണിക്കൂർ നേരത്തേയ്ക്ക് ഞാൻ നിയമിക്കപ്പെട്ടെങ്കിൽ ഞാൻ ചെയ്യുന്ന ഒന്നാമത്തെ കാര്യം പ്രതിഫലം കൊടുക്കാതെ എല്ലാ മദ്യഷാപ്പുകളും അടച്ചിടുകയും ഗുജറാത്തിൽ എനിക്ക് അറിയാവുന്ന എല്ലാ പനമരങ്ങളും നശിപ്പിക്കുകയും ചെയ്യുമെന്നാണ്. മദ്യനികുതി ഉപേക്ഷിക്കേണ്ട വരുമാനമാണെന്നാണ്

അദ്ദേഹം പറഞ്ഞത്. അത് നിലനിൽക്കുന്ന കാലത്തോളം അതിനെ ഒരു പ്രത്യേക നശ്വമായി സൂക്ഷിക്കുകയും മദ്യപാന ദോഷത്തെ ഉച്ചാടനം ചെയ്യു ന്നതിനായി മാത്രം വിനിയോഗിക്കുകയും ചെയ്യണം. എന്നാൽ ഇന്ന് അതി ൽനിന്നുള്ള വരുമാനം നമ്മുടെ കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസത്തിനായി വിനി യോഗിക്കപ്പെടുന്നു. ഈ വരുമാനം നിന്നുപോയാൽ കുഞ്ഞുങ്ങളുടെ വിദ്യാ ഭ്യാസം ചെയ്യാൻ സാധിക്കുകയില്ല എന്ന് നമ്മൾ വിശ്വസിക്കുന്നു. ഈ ദോഷം പടർന്നുപ്പിടിക്കുന്നത് നമ്മുടെ രാജ്യത്തിനാകെ ആപത്താണ്. നിയമ നിർമ്മാണത്തിന് കാലം നന്നേ വൈകിപ്പോയെന്ന് ഗാന്ധിജി പറഞ്ഞിട്ടുണ്ടെ ങ്കിൽ, അത്തരം നിയമനിർമ്മാണങ്ങൾ ഗൗരവമാർന്ന രൂപത്തിൽ വരികയും ഘട്ടംഘട്ടമായി ഈ സമൂഹത്തെ ബാധിക്കുന്ന ക്യാൻസറായി മാറിയിരിക്കു ന്ന മദ്യമെന്ന വിപത്തിനെ, ലഹരി എന്ന വിപത്തിനെ...... ലഹരിയെന്ന് പറ യുമ്പോൾ ഭൗതികമായ ലഹരികൾക്കൊപ്പം പ്രധാനമായിട്ടുള്ള മദ്യം, മയക്കു മരുന്നുകൾ പോലെയുള്ള ലഹരികളെ നിയന്ത്രിക്കാനുള്ള നടപടികൾ കൂടു തൽ ആർജ്ജവത്തോടുകൂടി നടപ്പിലാക്കണം. വളരെ ആത്മാർത്ഥമായി സംസ്ഥാനത്ത് മദ്യനിരോധന പ്രവർത്തനങ്ങൾ നടത്തുന്നതിന് മുൻകൈ എടുക്കുന്ന ആളാണ് നമ്മുടെ ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രി. ദൗർഭാഗ്യവശാൽ അദ്ദേഹത്തെ വല്ലാതെ തെറ്റിദ്ധരിക്കപ്പെടുന്നു എന്നുള്ള തിൽ അദ്ദേഹത്തെ വളരെ അടുത്തുനിന്ന് മനസ്സിലാക്കുന്ന ഒരാളെന്ന നില യിലും പൊതുപ്രവർത്തകനെന്ന നിലയിലും സങ്കടമുണ്ട്. കാരണം ഇവിടെ വിവാദങ്ങൾക്കെല്ലാം മുമ്പുതന്നെ സംസ്ഥാനത്ത് മദ്യനയം നടപ്പിലാക്കിയിരു ന്നു. ശ്രീ. ഉമ്മൻ ചാണ്ടി സർക്കാരിന്റെ മദ്യനയം എക്സൈസ് വകുപ്പുമ ന്ത്രിയും അദ്ദേഹത്തിന്റെ ടീമിന്റെയും നേതൃത്വത്തിൽ നടപ്പിലാക്കിയപ്പോൾ ഒന്നാമതായി ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്കുവേണ്ടി ബഡ്ജറ്റിൽ കാര്യ

മായ വിഹിതം ഉൾപ്പെടുത്തി. ആദ്യം രണ്ടുകോടിരൂപ അനുവദിച്ചു. ഇപ്പോൾ ഏതാണ്ട് ഏഴ് കോടിരൂപയോളം ചെലവാക്കിക്കഴിഞ്ഞു. പുതിയ മദ്യഷാപ്പുകൾ തുടങ്ങാനുള്ള അനുവാദം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായിരുന്നു. എൽ.ഡി.എഫ്. ഗവൺമെന്റത് തിരിച്ചുകൊടുത്തു. ഈ ഗവൺമെന്റിന്റെ മദ്യനയത്തിന്റെ ഭാഗമായി ആ അധികാരം തിരിച്ചുകൊടുത്തു. അതുപോലെ സ്കൂൾ പാഠ്യപദ്ധതിയിൽ ലഹരിവിരുദ്ധ പാഠങ്ങൾ ഉൾപ്പെടുത്തുവാനായി അദ്ധ്യാപകർക്ക് കൈപുസ്തകങ്ങൾ വിതരണം ചെയ്തു. ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ നടത്തുവാനും ഏകോപിപ്പിക്കുവാനും വേണ്ടി ഇതുവരെ ഇല്ലാതിരുന്ന ഒരു ജോയിന്റ് എക്സൈസ് കമ്മീഷണറുടെ തസ്തിക സൃഷ്ടിച്ചു. മദ്യം വാങ്ങുന്നതിനുള്ള കുറഞ്ഞ പ്രായം 18 ആയിരുന്നത് 21 ആക്കുകയും ചെയ്തു. ബാറുകളുടെ പ്രവർത്തനസമയം മൂന്നുമണിക്കൂറായി വെട്ടിക്കുറക്കുകയും ത്രീ സ്റ്റാർ, ഫോർ സ്റ്റാർ ബാറുകളെ ഒഴിവാക്കി ബാർ ലൈസൻസ് ഫൈവ് സ്റ്റാറിനുമാത്രം കൊടുക്കാനുള്ള തീരുമാനമെടുത്തു. ഇതെല്ലാം മദ്യനയത്തിന്റെ ഭാഗമായിട്ടാണ്. പ്രശ്നം വന്നത് 418 ബാറുകൾക്കുമാത്രമാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് റെഗുലറൈസ് ചെയ്തതിന്റെ പേരിലുണ്ടായ ഒരു സാങ്കേതിക പ്രശ്നമാണിത്. ഫോർ സ്റ്റാർ ബാറുകൾക്ക് ലൈസൻസ് ലഭിക്കാത്തവർ കോടതിയിൽ കേസ്സിന് പോയപ്പോൾ ഈ ഇഷ്യൂ വീണ്ടുംവന്നു. ഈ കാര്യത്തിൽ ഗവൺമെന്റിന് ഇച്ഛാശക്തിയും അത് പരിഹരിക്കാനുള്ള നേതൃത്വവുമുണ്ട്. ഗവൺമെന്റിനും പാർട്ടിക്കും മുന്നണിക്കും അത് പരിഹരിക്കാൻ കഴിയുമെന്നാണ് എനിക്ക് പറയാനുള്ളത്. അത് വൈകാതെ പരിഹരിക്കുമെന്നുമാണ് പ്രായോഗികമായും ഭരണപരമായും സംഘടനാപരമായും മുന്നണിക്കകത്ത് നിന്നുമുള്ള തീരുമാ

നം. ഇച്ഛാശക്തിയോടുകൂടി രാജ്യത്തെ പ്രശ്നങ്ങളെ മറിക്കടക്കുന്ന ഒരു സർക്കാരിന് ഇതുവളരെ നിസ്സാരമായി ചെയ്യാൻ കഴിയുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. അങ്ങനെതന്നെ ഉണ്ടാവുകയും ചെയ്യും. മയക്കുമരുന്നുകൾ ഉപയോഗിക്കുന്നതിനെതിരെയുള്ള ബോധവത്ക്കരണത്തെക്കുറിച്ച് ഇവിടെ എല്ലാവരും സൂചിപ്പിച്ചു. ഈ പ്രശ്നം സ്കൂളുകളിലേക്ക് വരികയാണ്. മോഹൻലാൽ അഭിനയിച്ച 'സ്പിരിറ്റ്' എന്ന രഞ്ജിത്തിന്റെ സിനിമയെ വിനോദനികുതിയിൽനിന്ന് ഒഴിവാക്കണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ ഒരു സബ്മിഷൻ അവതരിപ്പിച്ചു. നിങ്ങളെന്തിനാണ് ആ സിനിമയ്ക്കുവേണ്ടി സബ്മിഷൻ ഉന്നയിച്ചതെന്ന് ഒരാൾ എന്നോട് ചോദിച്ചു. മദ്യത്തിനെതിരായിട്ടുള്ള ഒരു സിനിമയായതുകൊണ്ടാണെന്ന് ഞാൻ പറഞ്ഞു. അതിൽ മോഹൻലാൽ അവതരിപ്പിച്ച കഥാപാത്രം വലിയ മദ്യപാനിയായിരുന്നു. പിന്നീട് മദ്യത്തിനെതിരായി പ്രവർത്തിക്കുന്ന ഒരാളായി മാറുന്ന പ്രമേയമാണ് ഈ സിനിയിലുള്ളതെന്ന് ഞാൻ സൂചിപ്പിച്ചപ്പോൾ അയാൾ പറഞ്ഞത്, ആ സിനിമ കണ്ടതിനുശേഷമാണ് കട്ടൻകാപ്പിയിലും രാവിലെ മദ്യം കുടിക്കാം എന്നുള്ള കാര്യം മനസ്സിലായതെന്ന്. ഇവിടെ സിനിമയുടെ സെൻസർ ബോർഡിനെക്കുറിച്ച് ഒരു ആലോചന വേണം. എങ്ങനെയാണ് ചില സിനിമകൾ ഇവിടെ സെൻസർ ചെയ്യുന്നത്? 'ഇടുക്കി ഗോൾഡ്' എന്ന സിനിമ കഞ്ചാവിനെ വളരെയധികം പ്രോത്സാഹിപ്പിക്കുന്ന ഒരു സിനിമയാണ്. ഈ സിനിമ പുറത്തിറങ്ങിയതിനുശേഷം കാമ്പസ്സുകളിൽ കഞ്ചാവിനോടും ലഹരിയോടുമുള്ള താല്പര്യം വളരെ വലുതാണ്. അതിലെ നായക കഥാപാത്രങ്ങളും സിനിമയുടെ പ്രമേയവും കഞ്ചാവിനെ പ്രോത്സാഹിപ്പിക്കുന്നതാണ്. ആരാണ് ഈ സിനിമ സെൻസർ ചെയ്യുന്നത് എന്നുള്ള കാര്യം

ആലോചിക്കേണ്ടതാണ്. ബോധവത്ക്കരണത്തിന്റെ കാര്യത്തിലും വളരെ ശ്രദ്ധയോടുള്ള പ്രവർത്തനങ്ങൾ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. അതുപോലെ ഇവിടെ സിവിൽസപ്ലൈസുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ശ്രീ. അനൂപ് ജേക്കബ്, അതിനുമുമ്പ് അദ്ദേഹത്തിന്റെ ബഹുമാന്യനായ പിതാവും പ്രഗല്ഭനായ പാർലമെന്റേറിയൻ കൂടിയായിരുന്ന ടി. എം. ജേക്കബ്....., ഞങ്ങളുടെ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ ഞങ്ങളുടെ പ്രകടനപത്രികയിലെ ഒന്നാമത്തെ വാഗ്ദാനമായിരുന്നു ഞങ്ങൾ അധികാരത്തിൽ വന്നാൽ ഒരുരൂപയ്ക്ക് അരി കൊടുക്കുമെന്നത്. 2006-ൽ നിങ്ങൾ പറഞ്ഞത് രണ്ടുരൂപയ്ക്ക് അരി കൊടുക്കുമെന്നാണ്. നിങ്ങൾ 2006, 2007, 2008, 2009, 2010, 2011 - തുടങ്ങിയ വർഷങ്ങളിൽ കൊടുത്തോ? 2011-ൽ തെരഞ്ഞെടുപ്പ് പ്രഖ്യാപിക്കാൻ പോകുന്ന വേളയിലാണ് നിങ്ങൾ രണ്ടുരൂപയ്ക്ക് അരി കൊടുത്തത്. എന്നാൽ ഈ ഗവൺമെന്റ് വന്ന് അവരുടെ 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി .....

ശ്രീ. എ. എം. ആരിഫ് : സർ, പോയിന്റ് ഓഫ് ഓർഡർ...

ശ്രീ. പി. സി. വിഷ്ണുനാഥ് : പ്രസംഗം തടസ്സപ്പെടുത്തുന്നതിന് പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നതിനെ അനുവദിക്കരുത്.

ശ്രീ. എ. എം. ആരിഫ്: സർ, അങ്ങ് ഇവിടെ വാസ്തവവിരുദ്ധമായ കാര്യങ്ങളാണ് പറഞ്ഞുകൊണ്ടിരിക്കുന്നത്. സംസ്ഥാനത്ത് രണ്ടുരൂപ നിരക്കിൽ റേഷൻകടകൾവഴിയുള്ള അരിവിതരണവും അതിന്റെ ഭാവിയും 27-06-2011......(ബഹളം).......പറഞ്ഞു കഴിഞ്ഞിട്ട് നിങ്ങൾ പറയൂ........(ബഹളം)...... വാസ്തവവിരുദ്ധമായ കാര്യങ്ങളാണ് ഇവിടെ പറഞ്ഞുകൊണ്ടിരിക്കു

ന്നത്. ....(ബഹളം)............ പോയിന്റ് ഓഫ് ഓർഡറിന് അനുവാദം നൽകിയതാണ്.....(ബഹളം)

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u> : ചെയർ അനുവദിച്ചതല്ല. ശ്രീ. വിഷ്ണുനാഥ് ഇരുന്നതുകൊണ്ടാണ് ......ഞാൻ അനുവദിച്ചില്ല. .......

<u>ശ്രീ. എ. എം. ആരിഫ്</u> : സർ, വാസ്തവവിരുദ്ധമായ കാര്യങ്ങളാണ് ഇവിടെ പറയുന്നത്. ...(ബഹളം).... അങ്ങയുടെ പ്രസംഗത്തെ തടസ്സപ്പെടുത്താനല്ല. അങ്ങ് വാസ്തവവിരുദ്ധമായ കാര്യങ്ങളാണ് പറയുന്നത്. 27-06-2011 -ൽ ശ്രീ. വി. എസ്. സുനിൽകുമാർ ഉൾപ്പെടെയുള്ളവർ, സംസ്ഥാനത്ത് കിലോഗ്രാമിന് രണ്ടുരൂപ നിരക്കിൽ റേഷൻകടകൾവഴി ഇപ്പോൾ അരിവിതരണം നടത്തിയിട്ടുണ്ടോ; ഇത്തരത്തിൽ അരിവിതരണം സംസ്ഥാനത്ത് ആരംഭിച്ചത് എന്നാണെന്ന് വ്യക്തമാക്കുമോ? തുടങ്ങിയ ചോദ്യങ്ങൾ ചോദിച്ചപ്പോൾ, ബഹുമാനപ്പെട്ട മന്ത്രി ടി. എം. ജേക്കബ് നിയമസഭയിൽ പറഞ്ഞ ഉത്തരം, ഉണ്ട് തിരുവനന്തപുരം ജില്ലയിൽ 22-5-2009 മുതലും മറ്റു ജില്ലകിളിൽ 23-5-2009 മുതലുമാണ് രണ്ടുരൂപ നിരക്കിലുള്ള അരിവിതരണം ആരംഭിച്ചതെന്നാണ്. 2009 മുതൽ കൊടുക്കുന്നു എന്നാണ് ബഹുമാനപ്പെട്ട മന്ത്രി ടി.എം. ജേക്കബ് അന്ന് പറഞ്ഞത്. രണ്ടുരൂപ നിരക്കിലുള്ള അരി ഇപ്പോൾ സംസ്ഥാനത്ത് എത്രപേർക്ക് ലഭിക്കുന്നുണ്ട്? .......(ബഹളം)...... വാസ്തവവിരുദ്ധമായ കാര്യങ്ങളാണ് ....(ബഹളം) 2012 വരെ കൊടുത്തില്ല, 2011 വരെ കൊടുത്തില്ല എന്നുപറഞ്ഞത് വാസ്തവവിരുദ്ധമല്ലേ....(ബഹളം)... 65,96,129 കുടുംബങ്ങൾക്ക് കൊടുത്തു എന്നാണ് ടി. എം. ജേക്കബ് പറഞ്ഞത്. എനിക്ക് അങ്ങയുടെ പ്രസംഗം തടസ്സപ്പെടുത്താനല്ല, വാസ്തവവിരുദ്ധമായ കാര്യങ്ങൾ പറയാൻ പാടില്ല എന്നുള്ളതാണ്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാൻ യീൽഡ് ചെയ്തതല്ല. തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ച അവസരത്തിൽ രണ്ടുരൂപയ്ക്ക് അരിവിതരണം ആരംഭിക്കുന്നതിനെ ഇലക്ഷൻ കമ്മീഷൻ തടസ്സപ്പെടുത്തിയപ്പോൾ അതിനെതിരായി ഒല്ലൂർ എം.എൽ.എ. ആയിരുന്ന ശ്രീ. രാജാജി മാത്യൂ തോമസ് ഈ പദ്ധതി നടപ്പിലാക്കാൻ അനുവദിക്കണമെന്നാവശ്യപ്പെട്ട് ഹൈക്കോടതിയെ സമീപിച്ചു എന്നുള്ളകാര്യം വസ്തുതാപരമായി ഞാൻ ഈ നിയമസഭയെ അറിയിക്കുകയാണ്. അത് പരിശോധിച്ചാൽ മതി. നിങ്ങളുടെ കാലത്ത് ഈ 13 ഇനങ്ങളിൽ അരി ഉണ്ടായിരുന്നില്ല. ഈ ഗവൺമെന്റ് വന്നതിനു ശേഷം 13 ഇനങ്ങളിൽ അരികൂടി ഉൾപ്പെടുത്തി. നെല്ലിന്റെ എം.എസ്.പി. (മാക്സിമം സപ്പോർട്ട് പ്രൈസ്) 15 രൂപയായിരുന്നു. പിന്നീടത് 18 രൂപയും ഇപ്പോൾ 19 രൂപയുമാക്കി. ബഹുമാനപ്പെട്ട മന്ത്രിയോട് ഒരഭ്യർത്ഥനയുണ്ട്, 19 രൂപയ്ക്ക് ഏതാണ്ട് മൂന്നര ലക്ഷം ടൺ നെല്ല് സംഭരിച്ചു. എന്നാൽ കട്ട് ഓഫ് ഡേറ്റുകാരണം ഒരു സീസണിൽത്തന്നെ നെൽകൃഷി നടത്തിയവരിൽ ഒരാഴ്ചയ്ക്കുമുമ്പ് കൊയ്ത ആളുകൾക്ക് 18 രൂപയും ഒരാഴ്ച കഴിഞ്ഞ് കൊയ്ത്ത് നടത്തിയവർക്ക് 19 രൂപയും ലഭിക്കുന്നു. അതുകൊണ്ട് കട്ട് ഓഫ് ഡേറ്റ് ഒഴിവാക്കി ഈ സീസണിൽ കൃഷി ചെയ്ത മുഴുവനാളുകൾക്കും 19 രൂപ എം.എസ്.പി. കിട്ടാനുള്ള ഒരു തീരുമാനം ഈ ഡിമാന്റിന് മറുപടി പറയുമ്പോൾ അങ്ങയുടെ ഭാഗത്തുനിന്നുണ്ടാകണം. കുട്ടനാട്ടിൽനിന്നുള്ള എം.എൽ.എ. ശ്രീ. തോമസ് ചാണ്ടി കഴിഞ്ഞദിവസം ഈവിഷയം ഇവിടെ ഉന്നയിച്ചതാണ്. ശ്രീ. ജി. സുധാകരൻ, ശ്രീ. മാത്യു റ്റി. തോമസ് കൂടാതെ പാലക്കാട്, തൃശ്ശൂർ ഉൾപ്പെടെയുള്ള നെൽമേഖലയിൽ നിന്നുവരുന്ന എല്ലാ എം.എൽ.

എ.മാരുടേയും ആവശ്യമാണ് ഈവർഷം കൃഷിചെയ്ത എല്ലാവർക്കും 19 രൂപ എം.എസ്.പി. കൊടുക്കണമെന്നുള്ളത്. കൃഷി വകുപ്പുമന്ത്രിക്കും ഈ അഭിപ്രായമുണ്ടെന്നുള്ളതാണ് ഞാൻ മനസ്സിലാക്കുന്നത്. അതുപോലെ ബഹുമാന്യനായ മന്ത്രി കെ. ബാബുവിന്റെ നേതൃത്വത്തിൽ നമ്മുടെ ഡ്രീം പ്രോജക്ടുകളായ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം, കണ്ണൂർ വിമാനത്താവളം എന്നിവ യാഥാർത്ഥ്യമാകുകയാണ്. ഈ ഗവൺമെന്റിന്റെ ഫ്ളാഗ്ഷിപ് പ്രോഗ്രാമുകളാണത്. അതിന് പാരിസ്ഥിതികാനുമതി കിട്ടി. അതിന്റെ വയബിലിറ്റി ഗ്യാപ് ഫണ്ടിംഗിനുവേണ്ടി ലാൻഡ്ലോർഡ് മോഡലിൽ നിലനിർത്തിക്കൊണ്ട് സർക്കാർ ഉത്തരവിറക്കി. വി.ജി.എഫ്. ലഭിക്കാൻവേണ്ടി കേന്ദ്രസർക്കാരിനെ സമീപിച്ചിരിക്കുകയാണ്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം തിരുവനന്തപുരം ജില്ലയിലെ ആളുകളുടെമാത്രമല്ല, കേരളത്തിന്റെ മുഴുവൻ പ്രതീക്ഷയാണ്. അതുസംബന്ധിച്ചുള്ള കാര്യങ്ങൾ അങ്ങ് മറുപടിയിൽ വിശദീകരിക്കുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. കണ്ണൂർ വിമാനത്താവളത്തിന്റെ കാര്യവും അതുപോലെതന്നെയാണ്. മലബാറിന്റെയും കേരളത്തിന്റെയും പുരോഗതിക്ക് വലിയ തോതിൽ.......... ഇടതുപക്ഷത്തിന്റെ ഭാഗത്തുനിന്നും, പ്രത്യേകിച്ച് സി.പി.എം.-ന്റെ ഭാഗത്തുനിന്നും നല്ല പിന്തുണയാണ് കണ്ണൂർ വിമാനത്താവളത്തിന്റെ കാര്യത്തിൽ ലഭിക്കുന്നത്. അത്തരം സമീപനങ്ങളുണ്ടാകണം. 2015 ഡിസംബർ മാസത്തോടുകൂടി കണ്ണൂർ വിമാനത്താവളം യാഥാർത്ഥ്യമാക്കാനുള്ള വളരെ ആത്മാർത്ഥമായ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്ന ബഹുമാന്യനായ മന്ത്രി ശ്രീ. കെ. ബാബുവിനെ ഈ അവസരത്തിൽ അഭിനന്ദിക്കുന്നു. അതുപോലെ മത്സ്യത്തൊഴിലാളി മേഖല- ശ്രീ. റ്റി. എൻ. പ്രതാപനും ശ്രീ. ഡൊമിനിക് പ്രസന്റേഷനും ആ

മേഖലയിൽ ആധികാരികമായി പ്രവർത്തിക്കുന്നവരെന്ന നിലയിൽ പറഞ്ഞു. പക്ഷേ ഞാൻ പറയാതെ പോകുന്നത് ശരിയല്ല. തീരദേശങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് ഇത്രയധികം ആത്മാർത്ഥതയോടെ പ്രവർത്തിച്ച ഒരു ഫിഷറീസ് വകുപ്പും മന്ത്രിയും ഇതിനുമുമ്പുണ്ടായിരുന്നോ എന്നുള്ളത്................. ബഹുമാനപ്പെട്ട മുൻ മന്ത്രിയുടെ കഴിവിനെ കുറച്ചു കാണുകയല്ല, പക്ഷേ വളരെ ആത്മാർത്ഥമായി ശ്രീ. കെ. ബാബുവിന്റെ ഇടപെടലുണ്ടായി. പ്രതിപക്ഷമെന്നോ ഭരണപക്ഷമെന്നോ ഉള്ള വ്യത്യാസമില്ലാതെ തീരദേശത്തിന്റെ അടിസ്ഥാനസൗകര്യ വികസനം ലക്ഷ്യമിട്ട് എല്ലാ തീരദേശ എം.എൽ.എ.-മാരേയും അവരുടെ മണ്ഡലങ്ങളേയും പരിഗണിക്കുവാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറായി എന്നുള്ളതാണ് തീരദേശ വികസനത്തിനായി ചെലവഴിച്ച തുകയെ സംബന്ധിച്ച കണക്കുകൾ പരിശോധിച്ചപ്പോൾ മനസ്സിലായത്. ഇതുമൂലം തീരദേശ മേഖലയിലെ അടിസ്ഥാന സൗകര്യ വികസനരംഗത്ത് വലിയ മാറ്റമുണ്ടായി. ഉൾനാടൻ മത്സ്യത്തൊഴിലാളികളെ എപ്പോഴും രണ്ടാംതര പൗരന്മാരായിട്ടാണ് ഫിഷറീസ് വകുപ്പ് കാണുന്നത് എന്നുള്ള ഒരു പരാതിയുണ്ട്. അതുകൊണ്ട് ഈ പരിഗണന ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്കുകൂടികൊടുക്കണം. എന്റെ മണ്ഡലത്തിലെ ചെന്നിത്തല, ബഹുമാന്യനായ ആഭ്യന്തര വകുപ്പുമന്ത്രിയുടെ പഞ്ചായത്ത്, മാന്നാർ, പാണ്ടനാട്, ബുധനൂർ എന്നിവ ഉൾനാടൻ മത്സ്യത്തൊഴിലാളികൾ വളരെ കൂടുതലുള്ള പഞ്ചായത്തുകളാണ്. അങ്ങ് ഒന്നുംതന്നില്ല എന്നുപറയുന്നില്ല. ചരിത്രത്തിൽ ആദ്യമായിട്ടാണ് എന്തെങ്കിലുമൊരു പദ്ധതി ഫിഷറീസ് വകുപ്പിൽനിന്നും ലഭിക്കുന്നത്. ഈ പഞ്ചായത്തുകളിൽ അടിസ്ഥാനസൗകര്യ വികസനത്തിന് കൂടുതൽ തുക അനുവദിക്കുന്നതിന് മുൻകയ്യെടുക്കണമെന്ന് ഈ അവസരത്തിൽ അഭ്യർത്ഥിക്കുകയാണ്. എന്റെ മണ്ഡ

ലത്തിൽ ഒരു എക്സൈസ് കോംപ്ലക്സും ഫിഷറീസ് മാർക്കറ്റും അനുവദിച്ചുതന്നതിന് പ്രത്യേകമായ നന്ദിയുണ്ട്. ഇതൊന്നും ഞാൻ പുതിയതായി പറയുന്നതല്ല. അപ്പുറത്തും ഇപ്പുറത്തുമുള്ള ആളുകൾക്ക് അനുവദിച്ചതിന്റെ ലിസ്റ്റ് എന്റെ കയ്യിലുണ്ട്. അക്കൂട്ടത്തിൽ എന്റെ മണ്ഡലം വിട്ടുപോയില്ല എന്നുള്ള ആശ്വാസം മാത്രമാണെനിക്കുള്ളത്. ഇക്കാര്യങ്ങളെല്ലാം ചെയ്ത മന്ത്രിയെ ഞാൻ പ്രത്യേകം അഭിനന്ദിക്കുന്നു. ഈ ചർച്ചയിൽ ആരും ഒരു രാഷ്ട്രീയവും പറഞ്ഞിട്ടില്ലായിരുന്നു. വളരെ നല്ല രീതിയിലുള്ള ചർച്ചയായിരുന്നു ഇന്ന് നടന്നത്. അതോർത്ത് സന്തോഷിച്ചിരിക്കുമ്പോഴാണ് ശ്രീ. സാജു പോൾ, ആളുകൾ സമയം കളയാൻ വേണ്ടി വാട്ട്സ് ആപ്പിലും ഫെയ്സ് ബുക്കിലുമൊക്കെ അതുമിതും കുറിക്കുന്നതിനെയെല്ലാം കുത്തിയിരുന്ന് എഴുതിയെടുത്ത് ഈ നിയമസഭയുടെ വിലപ്പെട്ട സമയം കളയാൻ........ ഞാൻ കരുതി ശ്രീ. സി. ദിവാകരൻ സഖാവിനെപ്പോലെയുള്ള മുതിർന്ന നേതാക്കളാരെങ്കിലും മതി കുഞ്ഞേ എന്നുപറഞ്ഞ് നിയന്ത്രിക്കുമെന്ന്. എന്നാൽ കൗരവസഭയിൽ ദ്രൗപദിയുടെ വസ്ത്രാക്ഷേപം നടത്തുമ്പോൾ അതിനെ പ്രോത്സാഹിപ്പിച്ച കൗരവരുടെ അവസ്ഥയിൽ കയ്യടിച്ച് പ്രോത്സാഹിപ്പിക്കാൻ പാടില്ലായിരുന്നു. എന്തെല്ലാമാണ് പറഞ്ഞത്. ശ്രീ. എ.കെ. ആന്റണിയെ കുറിച്ച്, ശ്രീ. അബ്ദുസ്സമദ് സമദാനിയെക്കുറിച്ച്, നോമ്പ് പിടിക്കുന്നവരെക്കുറിച്ച്, ശ്രീ. രമേശ് ചെന്നിത്തലയെക്കുറിച്ച്, ശ്രീ. രാഹുൽ ഗാന്ധിയെക്കുറിച്ച് എന്തൊക്കെയാണ്............ രാഹുൽ ഗാന്ധിയെ വിമർശിച്ചോളൂ, ആധികാരികമായി, അന്തസ്സായി വിമർശിച്ചാൽ അതിന് മറുപടി പറയാനുള്ള തന്റേടം ഞങ്ങൾക്കുണ്ട്. അല്ലാതെ വാട്ട്സ് ആപ്പിലും ഫെയ്സ് ബുക്കിലും ഏതെങ്കിലും കണ്ടകടച്ചാണികൾ എഴുതിവയ്ക്കുന്നത് കുറിച്ചു കൊണ്ടുവന്ന് പറഞ്ഞാൽ ആ രൂപത്തിൽ ഞങ്ങൾ മറുപടി പറയില്ല. പിന്നെ

പരസ്യം കൊടുത്തതിലായിരുന്നല്ലോ വലിയ വിഷമം. ഈ ഗവൺമെന്റ് നല്ല കാര്യം ചെയ്യുമ്പോൾ അതിന് ഞങ്ങൾ പരസ്യം കൊടുക്കും. കർഷകർക്ക് പെൻഷൻ കൊടുക്കുമ്പോൾ ആ പെൻഷന് അപേക്ഷിക്കേണ്ടത് എങ്ങനെ യൊക്കെയാണെന്ന് പത്രത്തിൽ കൊടുത്തില്ലെങ്കിൽ ജനങ്ങൾ അറിയുമോ; പത്രം വായിച്ചല്ലാതെ , ടി. വി. കാണാതെ മാധ്യമങ്ങളിൽക്കൂടിയല്ലാതെ എല്ലാ യിടത്തും മന്ത്രിമാർക്ക് പൊതുയോഗം നടത്തി പറയാൻ കഴിയുമോ. അതിന് ഇതിനേക്കാൾ കൂടുതൽ ക്യാഷാകും. അപ്പോൾ പരസ്യം കൊടുക്കുന്നത് ജനങ്ങൾക്കുവേണ്ടിയാണ്. ആരാണ് ഇതെല്ലാം വായിക്കുന്നത്; അമേരിക്ക ക്കാരല്ലല്ലോ. കേരളത്തിലുള്ള ആളുകൾ തന്നല്ലേ വായിക്കുന്നത്. അപ്പോൾ ഞാനൊരു കാര്യം പറയട്ടെ, ഞാൻ കഴിഞ്ഞ തവണ എം.എൽ.എ. ആയിരു ന്നല്ലോ. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് എന്റെ നാട്ടിലെ പത്രത്തിൽ ഒരു പരസ്യം വന്നത് കണ്ട് ഞാൻ അന്തംവിട്ടുപോയി. എന്തായിരുന്നു പരസ്യം എന്നറിയുമോ; ഒരു പാലം പണിയുന്നതിന്റെ നിർമ്മാണോദ്ഘാ ടനത്തിന്റെ പരസ്യം ആയിരുന്നു. അന്നത്തെ കോട്ടയം എം.എൽ.എ. ആയി രുന്ന ശ്രീ. വി. എൻ. വാസവന്റെ മണ്ഡലത്തിൽ ഒരു പാലം പണിയുകയാ ണ്. ഒരു പഴയപാലം പൊളിച്ചിട്ടാണ് പുതിയ പാലം പണിയുന്നത്. പഴയ പാലം പൊളിക്കുന്നതിന്റെ നിർമ്മാണോദ്ഘാടനം – പൊതുമരാമത്ത് വകുപ്പു മന്ത്രി ശ്രീ. എം. വിജയ കുമാറിന്റെ ചിരിക്കുന്ന പടവും വാസവന്റെ പടവു മാണ് കൊടുത്തിരിക്കുന്നത്. അങ്ങനെ പഴയപാലം പൊളിക്കുന്നതിന്റെ നിർമ്മാണോദ്ഘാടനത്തിന് പരസ്യം കൊടുത്ത ആളുകളാണ് ഇവിടെവന്ന് പരസ്യത്തെക്കുറിച്ച് പറയുന്നത്. ശ്രീ. രാജേഷിന്റെ നിലപാടല്ല ശ്രീ. സാജു പോളിന്. ശ്രീ. സാജു പോൾ പറഞ്ഞപ്പോൾ പാർട്ടിയുടേയും പ്ലീനത്തിന്റേ യുമൊക്കെ നിലപാട് മാറി. പ്ലീനത്തിന് വിധേയനാകാതെ പാർട്ടിയിൽ

പ്രവർത്തിക്കാൻ കഴിയുമോ; ഒന്നാമത് നിങ്ങൾ അത്ര ഉറച്ച ഒരു മാർക്സിസ്റ്റ് ആയിട്ടില്ല. പലപ്പോഴും നിങ്ങളെ സംശയത്തോടുകൂടിയാണ് അവർ നോക്കുന്നത്. കാരണം ഒരു കോൺഗ്രസ്സ് പാരമ്പര്യമൊക്കെയുണ്ട്. പക്ഷേ ഇപ്പോൾ കോൺഗ്രസ്സ് പാരമ്പര്യവുമില്ലായെന്ന് നിങ്ങളുടെ പ്രസംഗം കേട്ടപ്പോൾ മനസ്സിലായി. കോൺഗ്രസ്സ് പാരമ്പര്യമോ കമ്മ്യൂണിസ്റ്റ് പാരമ്പര്യ മോയില്ലാതെ ഒരാൾക്കെങ്ങനെ നിൽക്കാൻ കഴിയും; അങ്ങയോട് എനിക്ക് ബഹുമാനമുണ്ട്. എന്റെ അടുത്ത സുഹൃത്താണ്. എന്തെങ്കിലും കടത്തി പ്പറഞ്ഞാൽപ്പോലും ഇങ്ങനെ അധിക്ഷേപിച്ചതിന്റെ പ്രകോപനംകൊണ്ടു മാത്ര മാണെന്ന് കരുതി ക്ഷമിക്കണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുകയാ ണ്. മദ്യത്തിന്റെ ഏറ്റവും കൂടുതൽ ദോഷം അനുഭവിച്ച പാർട്ടിയാണ് നിങ്ങ ളുടെ പാർട്ടി. നിങ്ങളുടെ പാർട്ടിയുടെ കോട്ടയം സംസ്ഥാന സമ്മേളന വേദി–അവിടെ മഴ പെയ്യുകയാണ്. കുട പിടിച്ചുകൊണ്ട് പാർട്ടി സെക്രട്ടറി നിൽക്കുകയാണ്. ഇപ്പോഴത്തെ പ്രതിപക്ഷ നേതാവ് ശ്രീ. വി.എസ്. അച്ചുതാ നന്ദന്റെ അടുത്തുകൂടി ഒരു മദ്യക്കുപ്പി തൊട്ടു തൊട്ടില്ല എന്ന മട്ടിലാണ് പോയത്. അപ്പോൾ സഖാവ് മൈക്കിനടുത്തുവന്നിട്ട് 'വെള്ളം കുടിച്ചാൽ വയറ്റിൽ കിടക്കണം, കള്ള് കുടിച്ചാൽ വയറ്റിൽ കിടക്കണം, ഇത് ഉഷാ ഉതു പ്പിന്റെ ഗാനമേളയല്ല' എന്നുപറഞ്ഞു. പിറ്റേ ദിവസം ശ്രീമതി ഉഷാ ഉതുപ്പ് പത്രസമ്മേളനം നടത്തി 'ഞാൻ ഗാനമേള നടത്തുന്നത് മര്യാദയ്ക്കാണ്, നിങ്ങൾ സമ്മേളനം നടത്തുന്നതുപോലെയല്ല അതുകൊണ്ട് എന്നെ ആക്ഷേ പിക്കരുത്' എന്നുപറഞ്ഞു. ശ്രീമതി ഉഷാ ഉതുപ്പിന് സ്റ്റേറ്റുമെന്റ് കൊടുക്കേണ്ട അവസ്ഥ ഉണ്ടായില്ലേ കേരളത്തിൽ? അതുകൊണ്ട് അങ്ങനെയൊക്കെ ചെയ്ത ആളുകൾ പെട്ടെന്നൊരു സുപ്രഭാതത്തിൽ ഇങ്ങോട്ടുവന്ന് ഗിരിപ്രഭാ

ഷണം നടത്തുന്നതിന്റെ ആവശ്യമുണ്ടോ എന്നുള്ള കാര്യംകൂടി ഒന്നുപരിഗണിക്കണം എന്നുമാത്രം പറയുന്നു. ശ്രീ. ഇ. ചന്ദ്രശേഖരൻ വളരെ ബഹുമാനമുള്ള നിയമസഭാ സാമാജികനാണ്. കോൺഗ്രസ്സ് സംഘടനയെ അധിക്ഷേപിക്കുമ്പോൾ ശ്രീ. സാജു പോളിനെപ്പോലെ ആകാൻ കഴിയുമോ; ഒരു മര്യാദയൊക്കെ വേണ്ടേ. ഞങ്ങളുടെ പാർട്ടിയെക്കുറിച്ച് അങ്ങ് എന്തെല്ലാമാണ് പറഞ്ഞത്. ഞാൻ ആ ഭാഷയിൽ മറുപടി പറയുന്നില്ല. ഞാൻ അതിനു പകരം ഒരു കവിത വായിക്കുകയാണ്. സുധാകരേട്ടനൊക്കെ ഒത്തിരി നല്ല കവിത എഴുതുന്ന ആളാണ്. അത്തരം നിലവാരമുള്ള കവിതയാണെന്ന് എനിക്ക് തോന്നുന്നില്ല. എന്നാലും ഒരു കവിതയാണ്. ആ കവിത ജയരാജേട്ടന്റെ ഭാഷയിൽ, പ്രശസ്ത ജർമ്മൻ ടൈപ്പിസ്റ്റായ ബർലിൻ കുഞ്ഞനന്തൻ നായരുടെ പുസ്തകത്തിൽനിന്നും അതിലുൾപ്പെടുത്തിയിരിക്കുന്ന കെ.സി. ഉമേഷ് ബാബുവിന്റെ 'ഭയം' എന്ന കവിതയിലെ ഏതാനും വരികളാണ് ഞാനിവിടെ ഉദ്ധരിക്കാൻ പോകുന്നത്. ഭയം – (2) ആദ്യം വായിക്കാം–

ഇടിത്തീ വീണു–

നേതാക്കൾ പറഞ്ഞു കമ്മിറ്റി കൂടട്ടെ,

പാലം പൊളിയുന്നു–

നേതാക്കൾ പറഞ്ഞു കമ്മിറ്റി കൂടട്ടെ,

നീതി കിട്ടുന്നില്ല–

നേതാക്കൾ പറഞ്ഞു കമ്മിറ്റി കൂടട്ടെ,

കമ്മീഷൻ പത്ത് ശതമാനം–

നേതാക്കൾ പറഞ്ഞു, സ്വകാര്യമായിട്ടു താ കമ്മിറ്റി കൂടണ്ട,

ഭയം– (1)

ആരോ ഒരു പ്രസംഗം നടത്തി,

നേതാക്കൾ പറഞ്ഞു അത് പാർട്ടിയെ തകർക്കാനാണ്,

ആരോ ഒരു കവിത എഴുതി, നേതാക്കൾ പറഞ്ഞു

അത് പാർട്ടിയെ തകർക്കാനാണ്,

ആരോ ഒരു പത്രം തുടങ്ങി

നേതാക്കൾ പറഞ്ഞു അത് പാർട്ടിയെ തകർക്കാനാണ്,

ആരോ ഒരാൾ മരിച്ച വാർത്ത കേട്ടപ്പോഴും നോതാക്കൾ അറിയാതെ പറഞ്ഞുപോയി അതും പാർട്ടിയെ തകർക്കാനാണെന്ന്.

അതുകൊണ്ട് ഇത്തരമൊരു സംഘടനാ സംവിധാനത്തിൽനിന്നുകൊണ്ട്, ഞാൻ കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിയോടും അതിലെ നേതാക്കന്മാരോടും ബഹുമാനമുള്ള ആളാണ്. പക്ഷേ നിങ്ങൾ കോൺഗ്രസ്സ്പോലൊരു പാർട്ടിയെ, അതിന് ചിലപ്പോൾ പോരായ്മകൾ ഉണ്ടാകാം, പരാജയങ്ങളുണ്ടാകാം അതിനെ വിമർശിക്കുമ്പോൾ കോൺഗ്രസ്സ് സംഘടനയെ വിമർശിക്കുമ്പോൾ അങ്ങയെപ്പോലൊരു സാമാജികൻ അൽപ്പം മിതത്വം കാണിക്കണമായിരുന്നു എന്നുമാത്രം പറഞ്ഞുകൊണ്ട് ഈ രണ്ട് മന്ത്രിമാരും നടപ്പിലാക്കുന്ന ക്ഷേമ പദ്ധതികളെ പിന്തുണച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു.

<u>ശ്രീ. എസ്. ശർമ്മ</u>: സർ, 2014-15 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും ഭക്ഷ്യവും എക്സൈസും മത്സ്യബന്ധനവും തുറമുഖങ്ങളും എന്നീ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്.

എനിക്ക് തൊട്ടുമുമ്പ് സംസാരിച്ച് ഉപസംഹരിച്ച ശ്രീ. പി. സി. വിഷ്ണുനാഥ് ഇവിടെ ഒരു പ്രശ്നത്തെക്കുറിച്ച് തെറ്റിദ്ധാരണയുണ്ടാക്കി. പല കാര്യങ്ങളിലും തെറ്റിദ്ധാരണ പരത്തുന്നുണ്ട് എങ്കിലും എൽ.ഡി.എഫ്. ഗവൺമെന്റിന്റെ, പ്രവർത്തന കാലയളവ് തെറ്റായി വ്യാഖ്യാനിച്ച് ഒരു വിശദീകരണം ഇവിടെ നടത്തുകയുണ്ടായി. മൺമറഞ്ഞുപോയതും സഭയിൽ ഉണ്ടായിരുന്നതുമായ ടി. എം. ജേക്കബ് നൽകിയ ഒരു ഉത്തരം ശ്രീ. എ. എം. ആരിഫ് ഒരു ചോദ്യത്തിന് മറുപടിയായി സഭയിൽ വായിക്കുകയുണ്ടായി.

(എ) സംസ്ഥാനത്ത് കിലോഗ്രാമിന് രണ്ടുരൂപാ നിരക്കിൽ റേഷൻ കടകൾ വഴി അരി വിതരണം നടത്തുന്നുണ്ടോ; ഇത്തരത്തിൽ അരി വിതരണം സംസ്ഥാനത്ത് ആരംഭിച്ചത് എന്നാണെന്ന് വ്യക്തമാക്കുമോ;

എൽ.ഡി.എഫ്.-ന്റെ കാലത്ത് ഇത് ഇല്ലെന്നാണ് പറഞ്ഞത്. തിരുവനന്തപുരം ജില്ലയിൽ 22-05-2009 മുതലും (തിരുവനന്തപുരം ജില്ലയിൽ സംസ്ഥാനതല ഉദ്ഘാടനം നടന്ന ദിവസം) മറ്റു ജില്ലകളിൽ പിറ്റേ ദിവസം മുതലുമാണ് രണ്ടുരൂപാനിരക്കിൽ അരി വിതരണം ആരംഭിച്ചത്.

(ബി) സംസ്ഥാനത്ത് ഇപ്പോൾ രണ്ടുരൂപാ നിരക്കിൽ അരി വിതരണം ചെയ്യുന്നത് എത്ര പേർക്ക് ലഭിക്കുന്നുണ്ട്; ഈ അരി ലഭിക്കുന്നതിന് എന്തെങ്കിലും മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദീകരിക്കുമോ;

സംസ്ഥാനത്ത് രണ്ടുരൂപാ നിരക്കിൽ ഭക്ഷ്യധാന്യം നൽകുന്ന പദ്ധതിയിൽ 65,96,129 കുടുംബങ്ങളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. രണ്ടര ഏക്കറിൽ കൂടുതൽ ഭൂമിയുള്ള കുടുംബങ്ങൾ പ്രതിമാസം 25,000 രൂപയിൽ കൂടുതൽ കുടുംബവരു

മാനമുള്ളവർ, 2500 ചതുരശ്രയടിയിൽ അധികം വലിപ്പമുള്ള വീടുള്ള കുടുംബങ്ങൾ എന്നിവരെ രണ്ടുരൂപാ നിരക്കിലുള്ള പദ്ധതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.

ഇത് ഇടതുപക്ഷജനാധിപത്യ മുന്നണിയുടെ ഭരണകാലത്ത് മന്ത്രിസഭ തീരുമാനിച്ച മാനദണ്ഡമാണ്. ഇത് വസ്തുതാപരമല്ലെന്ന് ശ്രീ. പി.സി. വിഷ്ണുനാഥ് പറയുകയുണ്ടായി. പറഞ്ഞ വേറൊരു പോയിന്റ് രാജാജി ചോദ്യം ചെയ്തുവെന്നുള്ളത് ശരിയാണ്. ഈ പദ്ധതി 2009 മുതൽ നടപ്പാക്കിയതിനുശേഷം തെരഞ്ഞെടുപ്പിനുമുമ്പുള്ള സന്ദർഭത്തിൽ എൽ.ഡി. എഫ്. ഗവൺമെന്റ് കുറേക്കൂടി ഇളവുകൾ ചെയ്തു. ഓട്ടോറിക്ഷാ തൊഴിലാ ളികൾ, മോട്ടോർ തൊഴിലാളികൾ, മത്സ്യത്തൊഴിലാളികൾ ഇങ്ങനെ പുതിയ കുറച്ച് ആളുകളെക്കൂടി പുതിയ കാറ്റഗറിയിൽ ഉൾപ്പെടുത്തി പദ്ധതിയെ വിപുലീകരിച്ചു. അതിൽ ഇലക്ഷൻ കമ്മീഷൻ ഇടപെട്ടു എന്ന് പറയുന്നത് ശരിയാണ്. 2006-ലെ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ മാനിഫെസ്റ്റോ യിൽ രണ്ടുരൂപാ നിരക്കിൽ അരി കൊടുക്കുമെന്ന് പറഞ്ഞിരുന്നില്ല. വേണമെ ങ്കിൽ ആ മാനിഫസ്റ്റോ ശ്രീ. പി. സി. വിഷ്ണുനാഥ് എടുത്ത് നോക്കിക്കോ. എന്നാൽ യു.ഡി.എഫ്. ഗവൺമെന്റ് രണ്ടുരൂപാ നിരക്കിൽ അരി കൊടുക്കു മെന്ന് പറഞ്ഞിരുന്നു. അക്കാലത്തും മൂന്നുരൂപാ നിരക്കിൽ അരി കൊടുക്കു മെന്ന കാര്യവും പറഞ്ഞിരുന്നു. ഇത് അങ്ങ് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ തെറ്റിദ്ധരിപ്പിക്കപ്പെട്ടു. അങ്ങ് പറയുന്നത് ഞാൻ വിശ്വസിക്കാം. അല്ലെങ്കിൽ ഞാൻ എന്തുചെയ്യണം; അല്ലെങ്കിൽ സഭാംഗങ്ങൾ എന്തുചെയ്യണം? സഭയിൽ ഔദ്യോഗികമായി മന്ത്രിയെന്നുള്ള നിലയ്ക്ക് ഉത്തരം നൽകിയ ആൾക്കെതിരെ അവകാശ ലംഘനത്തിന് നോട്ടീസ് കൊടുക്കണം. അദ്ദേഹം

ഇന്ന് ജീവിച്ചിരിക്കുന്നില്ല എന്നുള്ളതുകൊണ്ട് ഇങ്ങനെ ശ്രീ. പി. സി. വിഷ്ണുനാഥ് തെറ്റിദ്ധരിപ്പിക്കുന്ന വിധത്തിൽ പറഞ്ഞത് ശരിയാണോ, അത് പാടില്ല. ഞാൻ കൂടുതലായി ഒന്നും പറയുന്നില്ല. അവകാശലംഘനത്തിന് നോട്ടീസ് കൊടുക്കാൻ പറ്റില്ലായെന്നുള്ളത് എല്ലാവർക്കും അറിയാവുന്നതാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ കാലത്ത് വിലക്കയറ്റം ഉയർന്നുവന്ന സന്ദർഭത്തിൽ ഗവൺമെന്റ് ഒരു ദൃക്സാക്ഷിയായിരുന്നില്ല. സാധ്യമായ വിധത്തിൽ ചില കാര്യങ്ങൾ ആത്മാർത്ഥമായി ചെയ്യാൻ ശ്രമിച്ചിരുന്നു. ഫലം ഉണ്ടോ, ഇല്ലയോ എന്നുള്ളത് വേറെ കാര്യം. സാധ്യമായ വിധത്തിൽ ചില കാര്യങ്ങൾ ചെയ്യാൻ ശ്രമിച്ചിരുന്നു എന്നുള്ളത് സത്യമാണ്. സാധ്യമായ കാര്യങ്ങൾ ചെയ്യുകയും ചെയ്തിരുന്നു. ഇപ്പോൾ എങ്ങനെയാണ്? ഇപ്പോൾ ഒറ്റ കാര്യത്തിൽ മാത്രമേ വിലകുറവുള്ളു, ബാക്കി എല്ലാത്തിനും വില വർദ്ധിച്ചു. നിത്യോപയോഗ സാധനങ്ങളെല്ലാം വില കൂടി. ശ്വസിക്കുന്ന വായുവിനുതന്നെ വില കൂടിയിരിക്കുകയാണ്. ഇപ്പോൾ ഒറ്റ കാര്യത്തിൽ മാത്രമേ വിലകുറവുള്ളു. എന്താണെന്നുവച്ചാൽ, മനുഷ്യന്റെ ജീവന് വിലയില്ല. ബാക്കിയെല്ലാത്തിനും വില വർദ്ധിച്ചു. ആ അവസ്ഥയിലേക്ക് വിലക്കയറ്റം ഭീകരമായ വിധത്തിലേക്ക് രാജ്യത്ത് എത്തിച്ചേർന്നിരിക്കുകയാണ്. ഇന്ന് പെട്രോളിനും ഡീസലിനും വില കൂട്ടിയതിന്റെ ഉത്തരവാദിത്തം നിങ്ങൾക്കാണെന്ന് ഞാൻ പറയുന്നില്ല. ഇന്ന് പെട്രോളിനും ഡീസലിനും വില കൂട്ടിയിട്ടുണ്ട്. ഇങ്ങനെ പെട്രോളിനും ഡീസലിനും വില കൂട്ടുമ്പോൾ, അതിനെ വിമർശിക്കാനുള്ള ഒരു ധാർമ്മികത ഇല്ലാത്ത വിധത്തിൽ യു.ഡി.എഫ്. ഗവൺമെന്റ് മാറുന്നു. അതിന് എന്താണ് കാരണം? യു.പി.എ. ഗവൺമെന്റ് ഇതുതന്നെയാണ് ചെയ്തിരുന്നത്. അതിന്റെ തുടർച്ചയാണ് ഇപ്പോൾ എൻ.ഡി.എ. ഗവൺമെന്റ് ചെയ്യുന്നത്. അന്ന് അത് ശരി, ഇന്ന് തെറ്റ്. ആ രൂപത്തിലേക്ക് വ്യാഖ്യാനി

ക്കാൻ പറ്റില്ല. അന്നും ഇന്നും ചെയ്തത് തെറ്റുതന്നെയാണ്. ഇന്ന് വില വർദ്ധിപ്പിച്ചത് തെറ്റാണെന്ന് പറയുന്നത് ആത്മാർത്ഥമായിട്ടായിരുന്നുവെങ്കിൽ, യു.പി.എ. ഗവൺമെന്റിന്റെ കാലത്ത് വിലകൂട്ടിയ നടപടി തെറ്റായിപോയി എന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും യു.ഡി.എഫ്. നേതൃത്വത്തിനും, കെ.പി.സി.സി. പ്രസിഡന്റിനും പറയാൻ കഴിയുമോ? എങ്കിൽ ആ പറയുന്നതിൽ ആത്മാർത്ഥതയുണ്ട് എന്ന് മനസ്സിലാക്കാം. എന്നാൽ നമ്മൾ അതിനെ ചോദ്യം ചെയ്യുന്നില്ല. വേറെ ഒരുപാട് വിഷയങ്ങൾ സംസാരിക്കാനുള്ളതു കൊണ്ട് ഞാൻ ഇക്കാര്യത്തെ സംബന്ധിച്ച് കൂടുതലായി പറയാൻ ആഗ്രഹിക്കുന്നില്ല.

കൊച്ചി തുറമുഖത്തിലെ തൊഴിലാളികൾ 153 ദിവസമായി സമരത്തിലാണ്. സംസ്ഥാന ഗവൺമെന്റ് ഇക്കാര്യത്തിന് പരിഹാരം കാണാൻ മുൻകയ്യെടുക്കണം. കേന്ദ്ര ഗവൺമെന്റിന്റെ നിയന്ത്രണത്തിലാണ് തുറമുഖ വകുപ്പ്, എന്നാൽ സംസ്ഥാന ഗവൺമെന്റിന് തീർപ്പുകൽപ്പിക്കാൻ കഴിയില്ല എന്നറിയാം. കൊച്ചി തുറമുഖത്തിന്റെ പ്രധാന വരുമാന മാർഗ്ഗമായ രാജീവ്ഗാന്ധി ടെർമിനൽ അടച്ചുപൂട്ടിയിരിക്കുകയാണ്. വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ സ്വകാര്യ മേഖലയിൽ പ്രവർത്തനം തുടങ്ങിയതോടെ എല്ലാവർഷവും നന്നായി പ്രവർത്തിച്ച് കേന്ദ്ര ഗവൺമെന്റിന് ലാഭവിഹിതം നൽകികൊണ്ടിരുന്ന കൊച്ചി തുറമുഖം ഇപ്പോൾ കടക്കെണിയിലേക്ക് കൂപ്പുകുത്തി കഴിഞ്ഞിരിക്കുകയാണ്. കോസ്റ്റ് ഗാർഡ്, നേവൽ ബേസ്, റിഫൈനറി, ഫാക്ട്, ഷിപ്പ് യാർഡ്, വല്ലാർപാടം ടെർമിനൽ എന്നിവർ ഉപയോഗിച്ചുവരുന്ന കപ്പൽ ചാനലിന്റെ ആഴം വർദ്ധിപ്പിക്കുന്നതിന് ഭീമമായ തുക കൊച്ചി തുറമുഖം വഹിക്കണമെന്നുള്ളത് തികച്ചും അന്യായമാണ്. പ്രതിവർഷം 170

കോടി രൂപയാണ് ഈ ഇനത്തിൽ വരുന്നത്. കൊച്ചി തുറമുഖത്തെ സാമ്പത്തിക പ്രതിസന്ധിയിലാഴ്ത്തിയിരിക്കുകയാണ്. കേരളത്തിന്റെ വികസന മുഖമാണ് കൊച്ചി തുറമുഖം എന്നുള്ളത്. വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ, ഐ.സി.ടി.ടി. കരാർ തുടങ്ങിയത് സംബന്ധിച്ച് റദ്ദ് ചെയ്യണം എന്ന ആവശ്യം എല്ലാ തൊഴിലാളി സംഘടനകളും ആവശ്യപ്പെടുന്നുണ്ട്. നിയമപരമായി എങ്ങനെ വരുമെന്നുള്ളതെല്ലാം പരിശോധിക്കേണ്ടതും അഭിപ്രായം പറയുമ്പോഴും ഗവൺമെന്റാണ് അതിനെ നോക്കേണ്ടത്. പക്ഷേ കരാർ കൊണ്ട് സംസ്ഥാന ഗവൺമെന്റിനും തുറമുഖ വകുപ്പിനും കനത്ത വില കൊടുക്കേണ്ടി വരികയാണ്. ഐ.എൻ.ടി.യു.സി., എ.ഐ.ടി.യു.സി., സി.ഐ.ടി.യു. എന്നോ, ഇപ്പോൾ അവിടെ എന്തുപ്രശ്നം വന്നാലും ഒറ്റ ട്രേഡ് യൂണിയൻ പോലെയാണ് എല്ലാവരും. മുമ്പ് എന്തുപ്രശ്നം വന്നാലും ഒരു പാട് ട്രേഡ് യൂണിയൻ പോലെ യുദ്ധം ചെയ്തിരുന്നതാണ്. പക്ഷേ ജീവിതത്തെ എല്ലാം ഒരുപോലെ ബാധിക്കുന്നുവെന്ന് വന്നപ്പോൾ ഒറ്റ യൂണിയൻ പോലെ എല്ലാവരും 153 ദിവസമായി സമരത്തിൽ ഒരുമിച്ചു തൊഴിലാളികൾ പങ്കുവഹിച്ചുകൊണ്ടിരിക്കുകയാണ്. ഇക്കാര്യത്തിൽ സംസ്ഥാന ഗവൺമെന്റ് പ്രത്യേകമായി ഇടപെടണമെന്ന് ഞാൻ ഈ അവസരത്തിൽ ആവശ്യപ്പെടുകയാണ്.

രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് കേരളത്തിൽ ഭൂമാഫിയകളുടെ ചൂതാട്ടത്തിൽ നിന്നും നമ്മുടെ സംസ്ഥാനത്തിന്റെ ഒരു ഇടപെടൽ നടത്താൻ വേണ്ടി എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് വിഭാവനം ചെയ്ത രജിസ്ട്രേഷൻ ആക്ടിൽ ഒരു അമെന്റ്മെന്റ് കൊണ്ടുവന്നു. നിയമസഭ ഒന്നായി അത് പാസ്സാക്കുകയും ചെയ്തു. കേന്ദ്ര ഗവൺമെന്റിന് പ്രസിഡന്റിന്റെ അസെന്റിനുവേണ്ടി

ആദ്യം ഫയൽ അയച്ചു. അത് മടക്കി പിന്നീട് വീണ്ടും ആവശ്യപ്പെടുകയും പ്രസിഡന്റിന്റെ അസെന്റ് കിട്ടി. പക്ഷേ ചട്ടം ഇതുവരെ രൂപീകരിച്ചിട്ടില്ല. പ്രസിഡന്റിന്റെ അസെന്റ് കിട്ടാൻ അൽപ്പം വൈകി, ആദ്യഘട്ടത്തിലാണ് അത് കിട്ടിയിട്ടുള്ളത്. പക്ഷേ ചട്ടം ഇതുവരെ രൂപീകരിച്ചിട്ടില്ല. ഭേദഗതി വരുത്തുന്നതിനു മുമ്പ് ആൾമാറാട്ടം നടന്നുവെന്ന് വന്നാൽ നിലവിലുണ്ടായിരുന്ന നിയമത്തിനനുസരിച്ച് തീർപ്പ് കൽപ്പിക്കാനുള്ള അധികാരം കോടതിക്കാണ്. നമ്മൾ ആക്ടിൽ അമെന്റ്മെന്റ് കൊണ്ടുവന്നു. ആൾമാറാട്ടം നടന്നൂവെന്ന് ബോദ്ധ്യപ്പെട്ടാൽ ഓൺ ദി സ്പോട്ടിൽ രജിസ്ട്രേഷൻ റദ്ദ് ചെയ്യാനുള്ള അധികാരം രജിസ്ട്രേഷൻ ഐ.ജി.-ക്ക് കൊടുക്കുക എന്നുള്ളതാണ്. സർക്കാർ സ്ഥാപനങ്ങൾ ഉൾപ്പെടെ എല്ലാ സ്ഥലങ്ങളിലുമുള്ള സ്ഥലം രജിസ്റ്റർ ചെയ്യുന്നതിന് കളക്ടറുടെ എൻ.ഒ.സി. ആദ്യം വാങ്ങിക്കണമെന്നാണ്. ഒരുകാലത്ത് പൊതു ഉടമസ്ഥതയിലുള്ള സ്ഥലങ്ങളൊക്കെ ആൾമാറാട്ടം നടത്തി വിൽപ്പനയും രജിസ്ട്രേഷനുമൊക്കെ ധാരാളം നടന്നിരുന്നു. അതിനെ തടയാൻ കളക്ടറുടെ അനുവാദത്തോടുകൂടി എൻ.ഒ.സി. വാങ്ങിച്ചെങ്കിൽ മാത്രമേ കാര്യങ്ങൾ നടക്കുകയുള്ളു. എൻ.ഒ.സി. വാങ്ങിച്ചിട്ടും മാറ്റം വരുത്തിയിട്ടുണ്ടെങ്കിൽ അതും കാൻസൽ ചെയ്യാൻ രജിസ്ട്രേഷൻ വകുപ്പിന് അധികാരം നൽകുന്നതാണ്. അങ്ങനെ ആ നിയമം പാസ്സാക്കി, ആ നിയമം കേന്ദ്ര ഗവൺമെന്റ് അംഗീകരിക്കുകയും രാഷ്ട്രപതിയുടെ അസെന്റ് കിട്ടുകയും ചെയ്തു. ചട്ടം എത്രയും പെട്ടെന്ന് കൊണ്ടുവരാനുള്ള നടപടി സ്വീകരിക്കണമെന്ന് ഈ സന്ദർഭത്തിൽ അഭ്യർത്ഥിക്കുകയാണ്.

മുതിർന്ന പൗരൻമാരുടെ ക്ഷേമത്തിനായുള്ള നിയമത്തിലെ 23-ാം വകുപ്പുപ്രകാരം ആർ.ഡി.ഒ റദ്ദ് ചെയ്യുന്ന ആധാരങ്ങൾ ഒന്നാം പുസ്തകത്തിൽ

ഫയൽ ചെയ്യുന്നതിനും ചില സബ്രജിസ്ട്രാർമാർ ഇപ്പോഴും തയ്യാറാകുന്നില്ല. ഇക്കാര്യത്തിലും ഗവൺമെന്റ് ഇടപെട്ട് കറക്ഷൻ വരുത്തണമെന്ന് ഞാൻ ഈ സന്ദർഭത്തിൽ പ്രത്യേകം അഭ്യർത്ഥിക്കുകയാണ്. രജിസ്ട്രേഷൻ വകുപ്പുമായി ബന്ധപ്പെട്ട കാര്യങ്ങളിലെ ഒരു പ്രശ്നം, സയൻസ് ആന്റ് ടെക്നോളജിയുടെ നേട്ടങ്ങൾ എല്ലാം നമുക്ക് ഉൾക്കൊള്ളാനാവുന്നതല്ല. ശാസ്ത്രത്തിന്റെ നേട്ടം നാം പ്രയോഗിക്കുമ്പോൾ അവിടെ ജീവിക്കുന്ന ജനങ്ങളുടെ ജീവിതത്തെ വിസ്മരിക്കരുത്. ഓൺലൈൻ സംവിധാനം ആരംഭിച്ചതിനെ ഞാൻ എതിർക്കുന്നില്ല. പക്ഷേ പതിനഞ്ചായിരത്തോളം വരുന്ന ആധാരം എഴുത്തുകാർ അതിനെ എതിർക്കുന്നുണ്ട്. ഓൺലൈൻ സംവിധാനം ആധാരം എഴുത്തുകാരുടെ ജീവിതത്തെ ബാധിക്കില്ലെന്നാണ് ഗവൺമെന്റ് പറയുന്നത്. ബാധിക്കില്ലെങ്കിൽ അവരെ അത് ബോധ്യപ്പെടുത്തണം. ബാധിക്കുമെന്നുണ്ടെങ്കിൽ അവർ പറഞ്ഞ പ്രശ്നത്തിന് പരിഹാരം കാണുകയും വ്യക്തത വരുത്തുകയും ചെയ്യണം. ഓൺലൈൻ സംവിധാനം ആധാരം എഴുത്തുകാരെ ബാധിക്കുമോ എന്ന കാര്യത്തിൽ ആത്യന്തികമായി അഭിപ്രായം പറയേണ്ടത് ഗവൺമെന്റാണ്. അക്കാര്യത്തിൽ വ്യക്തത ഉറപ്പുവരുത്തുന്നിനുള്ള നേതൃത്വപരമായ പങ്ക് ഗവൺമെന്റ് നിർവഹിക്കണമെന്ന് ഞാൻ ഈ സന്ദർഭത്തിൽ പ്രത്യേകം അഭ്യർത്ഥിക്കുകയാണ്.

ശ്രീ. കെ. കെ. ജയചന്ദ്രൻ: സർ, ഓൺലൈൻ സംവിധാനം നടപ്പിലാക്കുമ്പോൾ ആധാരം എഴുത്തുകാർക്ക് ജോലി നഷ്ടപ്പെടുമെന്നതിനാൽ അവരെ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് അങ്ങേയ്ക്ക് ഒരു മെമ്മോറാണ്ടം നൽകിയിരുന്നു. അതിന്മേൽ മന്ത്രിയെന്ന നിലയിൽ അങ്ങെടുത്ത തീരുമാനം എന്തായിരുന്നു?

ശ്രീ. എസ്. ശർമ്മ: സർ, പരിഷ്കാരം നടപ്പിലാക്കുമ്പോൾ അത് അവരുടെ തൊഴിലിനെ ബാധിക്കുമെങ്കിൽ ആ പരിഷ്കാരം അടിച്ചേൽപ്പിക്കില്ല എന്ന് അവർക്ക് ഉറപ്പ് നൽകിയിരുന്നു. തൊഴിൽ സംരക്ഷിക്കുക എന്നതായിരിക്കും പ്രധാന അജണ്ട എന്ന നയപരമായ തീരുമാനമെടുക്കുകയും നമ്മൾ അധികാരമൊഴിയുന്നതുവരെ ആധാരം എഴുത്തുകാരുടെ തൊഴിലിനെ ബാധിക്കാത്ത വിധത്തിൽ അത് കൈകാര്യം ചെയ്യുന്നതിന് പ്രത്യേകം ശ്രദ്ധിക്കുകയും ചെയ്തിരുന്നു. മത്സ്യമേഖലയുമായി ബന്ധപ്പെട്ട് കേരളം പല കാര്യങ്ങളിലും ഇന്ത്യയ്ക്കും ലോകത്തിനും ഒരു മാതൃകയാണ്. ഡോ. അമർത്യാ സെന്നിനെപ്പോലുള്ള ധാരാളം പണ്ഡിതശ്രേഷ്ഠൻമാർ കേരളത്തിന്റെ വളർച്ചയെക്കുറിച്ചും വികസനത്തെക്കുറിച്ചുമൊക്കെ വിലപ്പെട്ട നിർദ്ദേശങ്ങളും അഭിപ്രായങ്ങളും പറഞ്ഞിട്ടുണ്ട്. ഈ വളർച്ചയുടെയും മാറ്റത്തിന്റെയും വായു ശ്വസിച്ച് കഴിയാൻ പറ്റാത്ത വിധം ഈ വികസന മാതൃകയുടെ പുറമ്പോക്കിൽ കഴിയുന്നവരായിട്ടാണ് ചരിത്രത്തിൽ ഇപ്പോഴും മത്സ്യത്തൊഴിലാളികളുടെ ജീവിതവും അവരുടെ മുന്നോട്ടുള്ള പ്രയാണവും വന്നുകൊണ്ടിരിക്കുന്നത്. ആധുനിക കേരളത്തിന്റെ സാമൂഹിക സാമ്പത്തിക വളർച്ചയിൽ അഭിമാനകരമായ നേട്ടം കേരളം കൈവരിച്ചപ്പോൾ മത്സ്യത്തൊഴിലാളികളുടെ ചോരയും നീരും കേരളത്തിന്റെ വളർച്ചയിൽ പങ്കുവഹിച്ചിട്ടുണ്ട്. കേരളം 3800 കോടി രൂപയുടെ വിദേശനാണ്യം ഒരു സാമ്പത്തിക വർഷം നേടുന്നുണ്ട്. ജീവൻ പണയം വച്ച് കടലിൽ പോയി കൊണ്ടുവരുന്ന മത്സ്യസമ്പത്ത് കയറ്റുമതി ചെയ്ത് കേരളത്തിന്റെ സമ്പദ്ഘടനയെ പോറ്റി വളർത്തുന്നതിൽ പാവപ്പെട്ട മത്സ്യത്തൊഴിലാളികൾ പങ്കുവഹിക്കുന്നുണ്ട്. കേരളത്തിന്റെ വളർച്ചയിൽ അവർ പങ്കുവഹിക്കുന്നെങ്കിലും അവരുടെ വളർച്ചയിൽ അവർ

അർഹിക്കുന്ന വിധം കേരളം പങ്കുവഹിച്ചിട്ടില്ല. കേരളത്തിലെ മത്സ്യത്തൊഴിലാളികൾ അഭിമുഖീകരിക്കുന്ന അടിസ്ഥാനപരമായ ഡിഫക്ടാണിത്. പ്രോട്ടീൻ പ്രധാനമായ അരിയാഹാരം പാവപ്പെട്ട കൃഷിക്കാർ നൽകുന്നതു പോലെതന്നെ മത്സ്യത്തൊഴിലാളികളും കേരളത്തിന്റെ ഭക്ഷ്യ സുരക്ഷയിൽ പങ്ക് വഹിക്കുന്നുണ്ട്. കേരളത്തിലെ മത്സ്യത്തൊഴിലാളി മേഖലയിലെ പൊതു സാക്ഷരത 91 ശതമാനമാണ്. എന്നാൽ പൊതുസമൂഹത്തിൽ 95 ശതമാനമാണ്. സാക്ഷരതയിൽ മത്സ്യത്തൊഴിലാളികൾ 4 ശതമാനത്തിന് പിറകിലാണ്. മത്സ്യത്തൊഴിലാളി മേഖലയിലെ സ്ത്രീ-പുരുഷ അനുപാതത്തിലും ശിശു-മരണ നിരക്കിലും ഈ വ്യത്യാസം കാണുന്നുണ്ട്. മത്സ്യത്തൊഴിലാളി മേഖലയിൽ 1000-ൽ 85 കുട്ടികൾ മരണപ്പെടുമ്പോൾ പൊതുസമൂഹത്തിൽ 1000-ൽ 15 പേരാണ് മരണപ്പെടുന്നത്. മത്സ്യത്തൊഴിലാളികളുടെ ആയുർദൈർഘ്യം 71-ഉം പൊതുസമൂഹത്തിലേത് 75—ഉം ആണ്. മത്സ്യത്തൊഴിലാളികളുടെ പ്രതിശീർഷ വരുമാനം 23327 രൂപയും പൊതുസമൂഹത്തിന്റേത് 55905 രൂപയുമാണ്. അതായത് എല്ലാ മനുഷ്യർക്കും കേരളത്തിൽ ഒരു ദിവസത്തെ ജീവിതമുണ്ടെങ്കിൽ മത്സ്യത്തൊഴിലാളികൾക്ക് അര ദിവസത്തെ ജീവിതമേയുള്ളൂ. എന്നാൽ കേരളത്തിന് വിദേശനാണ്യം നേടിത്തരുന്ന, കേരളത്തിന്റെ വളർച്ചയിലും ഭക്ഷ്യസുരക്ഷയിലും പങ്കുവഹിച്ചവരുടെ ജീവിത പ്രശ്നങ്ങൾ ശരിയായ രൂപത്തിൽ നിരീക്ഷിക്കാനും അത് പരിഹരിക്കപ്പെടുന്നതിനായി അവന്റെ കടം ഇറക്കിവയ്ക്കാനുംവേണ്ടിയാണ് എൽ.ഡി. എഫ് ഗവൺമെന്റ് കടാശ്വാസ കമ്മീഷൻ കൊണ്ടുവന്നത്. എൽ.ഡി.എഫ്-ന്റെ

ഭരണകാലത്ത് കടാശ്വാസത്തിൽ 100 കോടി രൂപയാണ് ഉൾപ്പെടുത്തിയിരുന്ന തെന്ന് ബഹുമാനപ്പെട്ട ടി.എൻ. പ്രതാപൻ ചൂണ്ടിക്കാണിക്കുകയുണ്ടായി. ജീവിതഭാരം താങ്ങാനാവാത്ത വിധത്തിൽ ദുരിതം പേറി നടക്കുന്ന ജന ങ്ങൾക്ക് അവരുടെ കടം ഇല്ലാതാക്കുന്നതിനായി ഡെറ്റ് റിലീഫ് കമ്മീഷൻ എന്ന നിലയ്ക്ക് ഒരു നിയമം കൊണ്ടുവന്നു. ഭരണകക്ഷി-പ്രതിപക്ഷ വ്യത്യാസ മില്ലാതെ ഈ നിയമസഭ ഏകകണ്ഠമായി അത് അംഗീകരിച്ചു. സംസ്ഥാനം മത്സ്യഫെഡുവഴി തിരിച്ചടയ്ക്കേണ്ടിയിരുന്ന എൻ.സി.ഡി.സി വായ്പയായ 115.03 കോടി രൂപയും ഹഡ്കോയിൽ നിന്നുള്ള 11.82 കോടി രൂപയും എൻ.എം.ഡി.എഫ്.സി അനുസരിച്ച് എടുത്ത വായ്പ 12.44 കോടി രൂപയും റൈറ്റ് ഓഫ് ചെയ്തു. 139.29 കോടി രൂപ റൈറ്റ് ഓഫ് ചെയ്തുകൊടുക്കു കയും ഗവൺമെന്റിന്റെ കാലാവധി അവസാനിക്കുന്നതിന് തൊട്ടുമുമ്പ് 100 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും രജിസ്ട്രാറുടെ ഹെഡിലേയ്ക്ക് അത് മാറ്റുകയും ചെയ്തു. കടാശ്വാസ കമ്മീഷൻ ഇനത്തിൽ 239.29 കോടി രൂപയുടെ ഉത്തരവാദിത്വം അന്നത്തെ ഗവൺമെന്റ് ഏറ്റെടുത്ത് നടപടി സ്വീകരിച്ചു. മത്സ്യത്തൊഴിലാളി മേഖലയിലുണ്ടായിരുന്ന 644 സഹകരണ സംഘങ്ങളിൽ 324 സംഘങ്ങളും പ്രവർത്തനരഹിതമായിരുന്നു. കടാശ്വാസ കമ്മീഷൻ നടപടികൾ സ്വീകരിച്ചതോടുകൂടി കേരളത്തിലെ എല്ലാ മത്സ്യസഹ കരണസംഘങ്ങൾക്കും ജീവൻ വച്ച സ്ഥിതിയുണ്ടായി. പ്രൈമറി ക്രെഡിറ്റ് സംഘങ്ങൾവഴി കൊടുക്കാനുണ്ടായിരുന്ന തുകയ്ക്ക്, ഡിപ്പാർട്ടുമെന്റിൽനിന്ന് ഒബ്ജക്ഷനുണ്ടായിരുന്നു. അന്ന് സഹകരണ വകുപ്പുമന്ത്രി ശ്രീ. ജി. സുധാക

രനും ഞാനും ധനകാര്യ വകുപ്പുമന്ത്രിയും കൂടി ചർച്ച നടത്തി പലിശയുടെ നാലിൽ ഒന്ന് ഗവൺമെന്റ് തരുമെന്നും പകുതി സംഘം വഹിക്കണമെന്നും പ്രിൻസിപ്പൽ എമൗണ്ട് മാത്രമേ എടുക്കാൻ പാടുള്ളൂവെന്നും പലിശയും പിഴ പ്പലിശയും ഈടാക്കുന്നത് ഒഴിവാക്കി 75000 രൂപ വരെ വരുന്നത് റൈറ്റ് ഓഫ് ചെയ്യാൻ തീരുമാനിച്ചു. ഈ തീരുമാനത്തിന്റെ ഫലമായി കേരളത്തിലെ 285000 ഓളം വരുന്ന മത്സ്യത്തൊഴിലാളികളിൽ 265000 തൊഴിലാളികളു ടെയും കടം തീരുകയും അവരുടെ ആധാരം തിരികെ ലഭിക്കുകയും ചെയ്തു. കടാശ്വാസ നടപടിയോടുകൂടി ഒരു പുതിയ ജീവിതം ആരംഭിക്കാൻ കഴിയണ മെന്ന ഉദ്ദേശത്തോടെയാണ് ഇങ്ങനെ ചെയ്തത്. ബാക്കി 20000 പേരുടെ കടം വരുന്നത് നാഷണലൈസ്ഡ് ബാങ്കുകളിലാണ്. നിയമംകൊണ്ട് നാഷണ ലൈസ്ഡ് ബാങ്കുകളെ നിയന്ത്രിക്കാൻ നിയമസഭയ്ക്ക് അധികാരമില്ലെന്ന് എല്ലാവർക്കും അറിയാം. മുഖ്യമന്ത്രി ലെവലിൽ കോൺഫറൻസ് വിളിച്ചുകൂട്ടി ചർച്ച നടത്തി പരിഹരിക്കുക, ഇളവ് നേടിയെടുക്കുക തുടങ്ങിയ നടപടിക്രമ ങ്ങളാണ് അതിൽ സ്വീകരിക്കേണ്ടത്. അത് ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് തുടരുകയും ചെയ്തിരുന്നു.

കഴിഞ്ഞ വർഷം അനുവദിച്ച 20 കോടി രൂപയിൽ നിന്ന് ഇപ്പോഴത്തെ കടാശ്വാസ നടപടികളുടെ പണം ലഭ്യമാകാത്തതിന്റെ ഫലമായി ആധാരം പണയം വച്ചും മറ്റുരൂപത്തിൽ പലിശ കൂടിയും ഭാരം വർദ്ധിപ്പിച്ചും ദുരിതം പേറുന്ന വിധത്തിലേയ്ക്ക് നടപടികൾ വന്നിരിക്കുകയാണ്. ചോദ്യോത്തര വേളയിലും ഇക്കാര്യം ഞാൻ ഉന്നയിക്കുകയുണ്ടായി. ഇതിന് മാറ്റിവയ്ക്കുന്ന

തുക ഒറ്റയടിക്ക് തീർത്താൽ അവർക്ക് ആരുടേയും ഔദാര്യം വേണ്ട. കേരളത്തിന്റെ വളർച്ചയ്ക്ക് 3800 കോടി രൂപ വിദേശനാണ്യം നേടിത്തരുന്നതിൽ പങ്കുവഹിച്ച് മരണം മാടിവിളിക്കുന്ന തൊഴിലിൽ ഏർപ്പെടുന്ന പാവപ്പെട്ടവന് കുറച്ചെങ്കിലും തുക തിരിച്ചുകൊടുക്കാനുള്ള സാമാന്യനീതിയുടെ, യുക്തിയുടെ, ധാർമ്മിക ബോധത്തിന്റെ സാമൂഹിക പ്രതിബദ്ധതയുടെ ഉത്തരവാദിത്തം നിർവ്വഹിക്കുകയെന്നുള്ളത് കക്ഷിരാഷ്ട്രീയ പരിഗണനകൾക്കപ്പുറം ഏതൊരു പൗരന്റേയും സാമാന്യ ഉത്തരവാദിത്തമാണ്. ആ ഉത്തരവാദിത്തം നിർവ്വഹിക്കണമെന്നുള്ളതാണ് ഈ കാര്യത്തിൽ ഞാൻ ആവർത്തിച്ച് ആവശ്യപ്പെടുന്നത്. ഈ പ്രശ്നത്തിന് ഇത്തരത്തിൽ പരിഹാരം കാണാൻ കഴിയാത്ത സ്ഥിതിവിശേഷം വന്നാൽ ദാരിദ്ര്യമുണ്ടാകും. മത്സ്യത്തൊഴിലാളികൾക്ക് ജീവിതത്തിന്റെ പ്രത്യേക ഘട്ടത്തിൽ അയിത്തമായിരുന്നു. ജന്മിത്ത കാലഘട്ടത്തിൽ അവരെ അകറ്റി നിർത്തിയിരുന്നു. മുതലാളിത്ത വികസന കാലഘട്ടത്തിൽ സാമ്പത്തിക അസമത്വവും ദാരിദ്ര്യവും ഇതിനെല്ലാം എതിരായി കേരളത്തിൽ വൻസമരങ്ങളും പ്രക്ഷോഭങ്ങളും വളർന്നുവന്ന പ്രത്യേക സാഹചര്യം 1940–കളിലുണ്ട്. മൺമറഞ്ഞുപോയ ടി.വി. തോമസും സൈമൺ ആശാനുമൊക്കെ നേതൃത്വം കൊടുത്തതും ഇവിടെയിരിക്കുന്ന ശ്രീ. വി. എസ്. അച്ചുതാനന്ദൻ പങ്കെടുത്തതുമായ തിരുവിതാംകൂറിന്റെ ചരിത്രത്തിലെ ആദ്യത്തെ തൊഴിലാളി പ്രസ്ഥാനമായ മത്സ്യത്തൊഴിലാളികളുടെ പ്രസ്ഥാനം ഉണ്ടാകുന്നത് 1942–ൽ ആണ്. അമ്പലപ്പുഴ താലൂക്കിൽ മത്സ്യത്തൊഴിലാളികളുടെ സംഘടനയെന്നുള്ള നിലയ്ക്കാണ് ടി.വി.തോമസ് പ്രസിഡന്റും സൈമൺ ആശാൻ സെക്രട്ടറിയുമായ ആ പ്രസ്ഥാനത്തിന് രൂപം കൊടുത്തത്. അന്ന് വലപ്പങ്ക്, വള്ളപ്പങ്ക്, പള്ളിപ്പങ്ക്, ഇതുമൂന്നും കഴി

ഞ്ഞാൽ തൊഴിലാളിക്ക് ഒന്നുമുണ്ടാകില്ല. ഇതിനെതിരായിട്ടായിരുന്നു മത്സ്യത്തൊഴിലാളികളുടെ പ്രസ്ഥാനം ഉണ്ടാക്കിയത്. പിൽക്കാലത്ത് ആ അവസ്ഥ മാറി. വളർന്നുവന്ന ആ സമൂഹം, ഐതിഹാസികമായ സ്വാതന്ത്ര്യ സമരത്തിലും പുന്നപ്ര വയലാർ സമരത്തിലും പങ്കെടുത്ത്, ജീവത്യാഗത്തിന്റെ കൊടി ഉയർത്തിപ്പിടിക്കുന്നതിൽ പങ്ക് വഹിച്ച മഹത്തായ ദേശീയ പ്രസ്ഥാന ത്തിന്റെ പാരമ്പര്യത്തിന്റെ ഭാഗമായി പോരാട്ടങ്ങളിൽ പങ്കെടുക്കുകയു ണ്ടായി. ഇപ്പോൾ കടപ്പുറത്ത് ജീവിക്കാൻ കഴിയാത്തതും വീട് വയ്ക്കാൻ പറ്റാത്തതും വെളിച്ചം, വെള്ളം എന്നിവ കിട്ടാത്തതുമായ സാഹചര്യം വളർന്നുവരുമ്പോൾ രാഷ്ട്രീയ ഭേദമന്യേ മുഴുവൻ ജനങ്ങളുടെയും കൂട്ടായ ചെറുത്തുനിൽപ്പിനും സി.ആർ.ഇസഡ്. നിയമങ്ങൾക്ക് എതിരായും നിയമ ത്തിലെ അപാകതകൾ തിരുത്തിക്കുന്നതിനും വേണ്ടിയുള്ള പോരാട്ടത്തിൽ പങ്കെടുക്കുന്നതിനുമെല്ലാം എല്ലാവരും ഒരുമിച്ചുനിന്നുകൊണ്ടുള്ള വലിയ മുന്നേറ്റം നമ്മുടെ സമൂഹത്തിൽ വളർത്തിക്കൊണ്ടുവരികയെന്നുള്ളത് പ്രധാനമാണ്. ഞാൻ ഒരു കാര്യവും ഒന്നുരണ്ട് ആവശ്യങ്ങളും പറഞ്ഞ് ചുരുക്കാം. എൻട്രിക്കാ ലെക്സി എന്ന ഇറ്റാലിയൻ ചരക്കുകപ്പലിൽ നിന്ന് നാവികർ മത്സ്യത്തൊഴിലാളികളെ വെടിവച്ച് കൊലപ്പെടുത്തിയ സംഭവത്തിൽ സംസ്ഥാന ഗവൺമെന്റിന് വീഴ്ച പറ്റിയിട്ടുണ്ട്. എന്റെ പ്രധാനപ്പെട്ട വിമർശനം, സംഭവത്തിൽ നീണ്ടകര പോലീസ് കേസ്സെടുത്തു. കൊല്ലം കോടതിയിൽ കേസ് ചാർജ്ജ് ചെയ്തുവെങ്കിലും കേസ് നടക്കുന്നത് ഡൽഹി യിലാണ്. ആരാണ് ഇതിന് ഉത്തരവാദി. കൊല്ലത്ത് നടന്ന സംഭവം കൊല്ലത്ത് കേസ്സെടുത്ത് വിചാരണ നടത്തേണ്ടതിനുപകരം കണ്ണുനീരുമായി കഴിയുന്ന, മൺമറഞ്ഞുപോയ ജലസ്റ്റിന്റെ കുടുംബം കേസ് പറയാൻ ഡൽഹിക്ക് പോകണം. ഇതിനെക്കാളും വലിയ ശിക്ഷ അവർക്ക് കൊടുക്കാനുണ്ടോ?

ഡൽഹിയിലേയ്ക്ക് കേസ് മാറ്റിയത് ആരാണ്? അതിൽ ഡൽഹി ആഭ്യന്തര മന്ത്രാലയത്തിന് ഒരു പങ്കില്ലേ? ആർക്കാണ് അതിന്റെ ഉത്തരവാദിത്തം. വെടിയേറ്റ് മരിക്കുക മാത്രമല്ല, കൊലയാളികൾ ആവശ്യപ്പെട്ട സ്ഥല ത്തേയ്ക്ക് കേസ് മാറ്റുകയും ചെയ്തു. ലോകചരിത്രത്തിൽ ഇത്തരത്തിലൊരു സംഭവം ഉണ്ടാകില്ല. കഴിഞ്ഞ യു.പി.എ. ഗവൺമെന്റിന്റെ കാലത്ത് സംഭവിച്ച മാപ്പർഹിക്കാത്ത കുറ്റമായിരുന്നു അത്. എന്തുവന്നാലും കേസ് ഇവിടെ നടത്തണമായിരുന്നു.

<u>മി. സ്പീക്കർ</u> : ശ്രീ. എസ്. ശർമ്മ, 11 മിനിട്ട് കഴിഞ്ഞു.

<u>ശ്രീ. എസ്. ശർമ്മ</u> : കേസ് നടത്തുന്നത് ഡൽഹിയിലേയ്ക്ക് മാറ്റിയത് മാപ്പർഹിക്കാത്ത വിധത്തിലുള്ള കുറ്റമായി എന്നും ചരിത്രത്തിൽ കാണു മെന്നുള്ള വിമർശനം ഞാൻ ഈ സന്ദർഭത്തിൽ ഉന്നയിക്കുകയാണ്. ഒന്നുരണ്ട് ആവശ്യങ്ങൾ കൂടി ഫിഷറീസ് വകുപ്പുമന്ത്രിയുടെയും ഗവൺമെന്റിന്റെയും പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇൻഡ്യയിലെ ആദ്യത്തെ ഫിഷറീസ് യൂണിവേഴ്സിറ്റിയാണ് ഇവിടെയുള്ളത്. അത് വളർച്ച യുടെ പടവുകളിലാണ്. ആ ഫിഷറീസ് യൂണിവേഴ്സിറ്റിയിലെ വിദ്യാർത്ഥിക ളുടെ നിയമനത്തിൽ ജാതി-മത വ്യത്യാസമില്ലാതെ ഫിഷർമാന്റെ മക്കൾക്ക് പ്രത്യേക ശതമാനം റിസർവേഷൻ വേണമെന്നുള്ളത്, സബ്ജക്ട് കമ്മിറ്റിയിൽ ഞാൻ ഉന്നയിക്കുകയും ബഹുമാനപ്പെട്ട മന്ത്രിയോട് പറയുകയും ചെയ്ത താണ്. അന്നത് പരിശോധിക്കാൻ വൈസ് ചാൻസലറെ ചുമതലപ്പെടുത്തു കയും ചെയ്തിരുന്നു. കാരണം ഫിഷറീസ് മേഖലയിലെ മാറ്റങ്ങളും വളർച്ചയും എല്ലാം വിലയിരുത്തുന്നതിന് വേണ്ടിയുള്ള ഇൻഡ്യയിലെ ആദ്യത്തെ സർവ്വകലാശാലയാണിത്. അതിന്റെ അനുഭവവേദ്യമായ നേട്ടം

തൊഴിലാളികളുടെ മക്കൾക്ക് ലഭ്യമാകുമെന്ന് ഉറപ്പുവരുത്തുന്നതിന് ചട്ടത്തിൽ ദേഭഗതി കൊണ്ടുവരണം. ഇതും ഞാൻ നേരത്തെ ആവശ്യപ്പെട്ടിരുന്നതാണ്. തീരപ്രദേശത്തുള്ള റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളുകൾ ദയനീയ സ്ഥിതിയിലാണ്. ഈ അവസ്ഥയ്ക്ക് പരിഹാരം കാണാൻകഴിയുന്ന വിധത്തിൽ റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളുകൾ എല്ലാം പ്ലസ് ടു സ്കൂളുകളായി അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണം. കാരണം തീരദേശത്തെ കുട്ടികൾക്ക് എസ്.എസ്.എൽ.സി. കഴിഞ്ഞാൽ പ്ലസ് ടു വിന് അഡ്മിഷൻ കിട്ടാത്ത സ്ഥിതിയാണ്. തീരപ്രദേശത്തിന്റെ പിന്നോക്കാവസ്ഥ കണക്കിലെടുത്ത് 10 ഗവൺമെന്റ് ടെക്നിക്കൽ സ്കൂളുകളും ഹയർ സെക്കണ്ടറി സ്കൂളുകളായി അപ്–ഗ്രേഡ് ചെയ്യുന്നതിനുള്ള നടപടി ആലോചിക്കണം. അതുപോലെ ദേശീയ പ്രസ്ഥാനത്തിന്റെ കാലത്ത്, കൃഷിഭൂമി കൃഷിക്കാരനെന്നുള്ള മുദ്രാവാക്യം രാജ്യത്ത് വളർന്നുവന്നതാണ്. കടൽ കടലിന്റെ മക്കൾക്ക് എന്ന മുദ്രാവാക്യം കേരളം കേൾക്കുന്നുണ്ട്. അതിന് അക്വേറിയം റിഫോംസ്, ഡ്രാഫ്റ്റ് ബിൽ തയ്യാറാക്കിയെങ്കിലും പ്രസിഡന്റിന്റെ ഭാഗത്തുനിന്നും ഒബ്ജക്ഷൻ വന്നു, വീണ്ടും ഭേദഗതി ചെയ്ത ഡ്രാഫ്റ്റ് ബിൽ ഇപ്പോൾ ഗവൺമെന്റിന്റെ മുമ്പിലുണ്ട്. അക്വേറിയം റിഫോംസിന്റെ കാര്യത്തിൽ കടൽ കടലിന്റെ മക്കൾക്ക്, മത്സ്യബന്ധനത്തിന്റെ ഉടമസ്ഥാവകാശം മത്സ്യത്തൊഴിലാളികൾക്ക് നിക്ഷിപ്തമാകുന്ന വിധത്തിലുള്ള നിയമനടപടി സ്വീകരിക്കണം.

മി. സ്പീക്കർ : ശ്രീ. എസ്. ശർമ്മ, പ്ലീസ് കൺക്ലൂഡ്. നോമ്പ് കാലമാണ്, രണ്ട് മന്ത്രിമാർ മറുപടി പറയാനുണ്ട്.

<u>ശ്രീ. എസ്. ശർമ്മ</u> : സർ, ഒരു പ്രശ്നം കൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. കുട്ടികളുടെ ഗ്രാന്റ് ഇനത്തിൽ 26 കോടി രൂപ കൊടുക്കാനുണ്ട്. എല്ലാവരും കൂടി സംസാരിച്ച് ആ ഗ്രാന്റ് എത്രയും പെട്ടെന്ന് കൊടുക്കണമെന്ന് ഞാൻ ഈ സന്ദർഭത്തിൽ പ്രത്യേകം ആവശ്യപ്പെടുന്നു. കേരളത്തിലേയ്ക്ക് ഇറക്കുമതി ചെയ്യുന്ന മത്സ്യ സമ്പത്തിന്റെ വിഷാംശം ഭക്ഷ്യസുരക്ഷയ്ക്ക് മാരകമായ ഭീഷണി ഉയർത്തുകയാണ്. അത് മനസ്സിലാക്കി ആരോഗ്യവകപ്പും ഫിഷറീസ്വകുപ്പും സംയുക്ത വിജിലൻസ് വിംഗ് പോലെ പ്രവർത്തിച്ച്, പോലീസിന്റെ സഹായത്തോടെ പരിശോധന നടത്തി കർശനമായ ഇടപെടൽ ഉണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടും ധനാഭ്യർത്ഥനകളെ എതിർത്തുകൊണ്ടും നിർത്തുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (<u>ശ്രീ. അനൂപ് ജേക്കബ്</u>): സർ, ഈ ചർച്ചയിൽ പങ്കെടുത്ത് അഭിപ്രായങ്ങൾ രേഖപ്പെടുത്തിയ എല്ലാ അംഗങ്ങളോടുമുള്ള നന്ദി ഞാൻ രേഖപ്പെടുത്തുന്നു. ഇവിടെ ഉയർന്നുവന്ന നിർദ്ദേശങ്ങളും അഭിപ്രായങ്ങളും തീർച്ചയായും ഗവൺമെന്റ് ഉൾക്കൊള്ളുന്നു. വിമർശനങ്ങൾ ഉൾക്കൊണ്ട് മാറ്റേണ്ട ഭാഗങ്ങൾ മാറ്റി കൂടുതൽ ഭംഗിയായി മുന്നോട്ടു പോകാൻ കഴിയുമെന്ന് സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നു. ഇവിടെ സൂചിപ്പിച്ച രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റ് 150-ാം വർഷത്തിലേയ്ക്ക് കടക്കുകയാണ്. ഏറ്റവും ആദ്യം ആരംഭിച്ച ഡിപ്പാർട്ടുമെന്റുകളിൽ ഒന്നാണ് രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റ്. ആദ്യത്തെ ഡിപ്പാർട്ടുമെന്റ് എന്ന നിലയിൽ പഴമയുടെ മുഖം നിൽക്കണമെന്ന് പറയാൻ കഴിയില്ല. കാലത്തിനനുസൃതമായ മാറ്റങ്ങൾ സ്വാഭാവികമായും ആ വകുപ്പിൽ കൊണ്ടുവരേണ്ടതായിട്ടുണ്ട്. അതിന്റെ ഭാഗ

മായി നവീകരണ ആശയങ്ങൾ കൊണ്ടുവരുന്നുണ്ട്. കഴിഞ്ഞ ഗവൺമെന്റി ന്റെ കാലത്ത് കമ്പ്യൂട്ടറൈസേഷൻ അടക്കമുള്ള കാര്യങ്ങൾക്ക് തുടക്കം കുറിച്ചു. ഇത്തവണ അത് കൂടുതൽ മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കുവാനും കൂടുതൽ നൂതനമായ സംവിധാനങ്ങൾ കൊണ്ടുവരാനുമുള്ള ശ്രമങ്ങൾ ഗവൺമെന്റ് നടത്തുന്നു. രജസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിൽ വളരെ ചരിത്ര പ്രധാനമായ രേഖകളുണ്ട്. ഇതൊക്കെ സംരക്ഷിക്കുവാനും സൂക്ഷിച്ചുവ യ്ക്കാനും ഉതകുന്ന നിലയിൽ റിസർച്ച് ആന്റ് ട്രെയിനിംഗ് സെന്റർ ആരംഭി ക്കാൻ ഡിപ്പാർട്ടുമെന്റ് തീരുമാനിച്ചിരിക്കുകയാണ്. സംരക്ഷിക്കപ്പെടേണ്ട രേഖകൾ, കേരളത്തിന്റെ ചരിത്രത്തിലേയ്ക്ക് വെളിച്ചം വീശാൻ കഴിയുന്ന വിലപ്പെട്ട ഡോക്യുമെന്റ്സ് എന്നിവ സംരക്ഷിക്കാനും ആവശ്യമുള്ളവ ഗവേഷണ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കാനുമുള്ള സാഹചര്യം ഒരു ക്കുകയെന്നത് കണക്കാക്കിക്കൊണ്ടാണ് റിസർച്ച് സെന്റർ ആരംഭിക്കാൻ ഇപ്പോൾ ആലോചിച്ചതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതും.

ഇപ്പോൾ വളരെയധികം നവീകരണ പദ്ധതികൾ കൊണ്ടുവരികയാ ണെന്നാണ് ഞാൻ പറഞ്ഞുവന്നത്. ഓൺലൈൻ ആശയങ്ങളൊന്നും എതിർക്കുന്നില്ലായെന്ന് ബഹുമാനപ്പെട്ട അംഗങ്ങൾതന്നെ ഇവിടെ സൂചിപ്പിച്ചു. അധാരമെഴുത്തുകാർ ഇതിനെ സംബന്ധിച്ചുള്ള ആശങ്കകൾ മുമ്പോട്ടു വച്ചിട്ടു ണ്ട്. ഇവിടെ ആരുടെയും തൊഴിൽ നഷ്ടപ്പെടുത്തുവാൻ ഈ ഗവൺമെന്റ് ആഗ്രഹിക്കുന്നില്ല. ഇന്ന് ഓൺലൈൻ സേവനങ്ങൾ വിവിധ തലങ്ങളി ലേയ്ക്ക് ഞങ്ങൾ മാറ്റിക്കൊണ്ടിരിക്കുകയാണ്. ഏതാണ്ട് നാലോളം സേവന ങ്ങളിന്ന് ഓൺലൈൻവഴിതന്നെ നമുക്ക് ലഭ്യമാകുന്നുണ്ട്. ഇതൊക്കെ പരീ

ക്ഷണാടിസ്ഥാനത്തിലിപ്പോൾ നടത്തുകയാണ്. 41 സബ് രജിസ്ട്രാർ ഓഫീസുകളിൽ ഓൺലൈൻ സേവനങ്ങൾ ഇന്ന് പരീക്ഷണാടിസ്ഥാനത്തിൽ നടത്തുന്നുണ്ട്. ഋിരൗായൃമിരല ഇലൃശേളശരമലേ, മാര്യേജ് ആക്ട് പ്രകാരമുള്ള സർട്ടിഫിക്കറ്റുകൾ, ഇലൃശേളശലറ ഇീുശലെ ീള ഉീരൗാലിേ എന്നിവ ലഭ്യമാക്കുവാൻ ഇന്ന് ഓൺലൈൻ വഴി അപേക്ഷകൾ കൊടുക്കുവാനുള്ള സാഹചര്യമുണ്ട്. ഒപ്പംതന്നെ നമുക്കിപ്പോൾ ഒരു ആധാരം രജിസ്റ്റർ ചെയ്യണമെങ്കിൽ വളരെ മുൻകൂട്ടിതന്നെ ഓൺലൈൻ വഴി ടോക്കൺ എടുക്കുവാനുള്ള സംവിധാനം ഒരുക്കിയിരിക്കുകയാണ്. 6 സബ് രജിസ്ട്രാർ ഓഫീസുകളിൽ ഇത് പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കി വരികയാണ്. വളരെ നേരത്തെ തന്നെ നമുക്കാവശ്യമുള്ള സമയവും തീയതിയും മുൻകൂട്ടി നിശ്ചയിക്കുവാനും ആധാരത്തിന് അവിടത്തെ രജിസ്ട്രേഷൻ ഫീസ് എത്ര രൂപയാണ്, സ്റ്റാമ്പ് ഡ്യൂട്ടി എത്ര രൂപയാണ്, അവർ കൊടുക്കേണ്ട കൃത്യമായ തുക എത്രയാണ് ഇതെല്ലാം അറിയുവാനുള്ള സാഹചര്യങ്ങളും ഇതുവഴി ലഭ്യമാകുന്നു. ഒപ്പംതന്നെ എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളിലും ഏകജാലക സംവിധാനം നിലവിൽ വരുന്നുണ്ട്. എല്ലാ ജില്ലകളിലും രണ്ട് സബ് രജിസ്ട്രാർ ഓഫീസുകളിൽ വീതം ഇത് ആരംഭം കുറിച്ചുകഴിഞ്ഞു. ഈ ഏകജാലക സംവിധാനം ഒരു ഇൻഫർമേഷൻ ടേബിളാണ്. നമുക്ക് ഏത് കാര്യങ്ങളും, ആ രജിസ്ട്രാർ ഓഫീസിൽ എവിടെ, എങ്ങനെ, ഏതൊക്കെ മേഖലയിൽനിന്നൊക്കെ സേവനങ്ങൾ ലഭ്യമാക്കുമെന്നറിയാനുള്ള സാഹചര്യമാണ് അതുവഴിയുണ്ടാകുന്നത്. ഒപ്പംതന്നെ 19 മാതൃകാ പ്രമാണങ്ങൾ ഇന്ന് ലഭ്യമാക്കിയിട്ടുണ്ട്. ഒരു വ്യക്തിയുടെ ഇഷ്ടത്തിനനുസൃതമായിട്ട് പരമ്പരാഗത ശൈലിയിൽ വേണമെങ്കിൽ ആ പ്രമാണങ്ങൾ അവർക്ക് അങ്ങനെ ചമയ്ക്കാം, അതല്ലായെ

ങ്കിൽ 19 മാതൃകാ പ്രമാണങ്ങൾ അവർക്ക് ഫോളോ ചെയ്യാം. ഇത്തരത്തിലുള്ള ആശയങ്ങൾ ഇന്ന് കൊണ്ടുവരുന്നത് ജനങ്ങൾക്ക് കൂടുതൽ സേവനം ലഭ്യമാക്കുവാനും വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുവാനും വേണ്ടിയാണ്. ഇതിന്റെ ഭാഗമായി, 20 വർഷം വരെയുള്ള ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾ ഇപ്പോൾ രണ്ടുമുതൽ മൂന്നുദിവസത്തിനുള്ളിൽ കൊടുക്കാൻ സാധിക്കും. നേരത്തെ ഒരു ബാദ്ധ്യതാ സർട്ടിഫിക്കറ്റിന് അപേക്ഷകൊടുത്താൽ 15-ഉം 20-ഉം ദിവസംവരെ കാലതാമസമുണ്ടാകുമായിരുന്നു. ഇപ്പോൾ 3 ദിവസത്തിനകം കൊടുക്കാൻ സാധിക്കുന്നുണ്ട്. ഇതേ രീതിയിൽതന്നെ 3 ദിവസത്തിനുള്ളിൽ ആധാരത്തിന്റെ പകർപ്പുകൾ കൊടുക്കുവാൻ കഴിയുന്ന സാഹചര്യവുമുണ്ട്. അങ്ങനെ ഇന്ന് ഡിപ്പാർട്ടുമെന്റിൽ കൊണ്ടുവരുന്ന മോഡേണൈസേഷന്റെ ഭാഗമായി ഇത്തരത്തിലുള്ള കാര്യങ്ങൾ വളരെ കൃത്യമായ നിലയിൽ നടപ്പിലാക്കാൻ കഴിയുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽവന്ന സന്ദർഭത്തിൽത്തന്നെയാണ് ഒരു രൂപ പദ്ധതി ആരംഭിച്ചത്. അത് ധാരളം ജനങ്ങൾക്ക് പ്രയോജനപ്പെട്ട പദ്ധതിയാണ്. ഇന്നുമത് മുന്നോട്ടുപോകുന്നുണ്ട്.

ശ്രീ. കെ. ശിവദാസൻ നായർ: സർ, ബഹുമാന്യനായ എസ്. ശർമ്മ പറഞ്ഞ ഒരു കാര്യംതന്നെയാണ് എനിക്കും പറയാനുള്ളത്. സർട്ടിഫിക്കറ്റുകളൊക്കെ പെട്ടെന്ന് കിട്ടുന്നതിനും ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുന്നതിനും അങ്ങയുടെ നേതൃത്വത്തിൽ നടക്കുന്ന പങ്ക് വളരെയധികം ശ്ലാഘനീയമാണ്. പക്ഷെ, സ്വന്തമായി തൊഴിൽ കണ്ടെത്തിയ ആളുകളാണ് ആധാരമെഴുത്തുകാരും സ്റ്റാമ്പ് വെണ്ടർമാരും. ഈ പരിഷ്കാരങ്ങൾ അവരുടെ തൊഴിലിനെ ബാധിക്കുമെന്ന് ആത്മാർത്ഥമായി അവർ വിശ്വസിക്കുന്നു. അതു

കൊണ്ട് അക്കാര്യത്തിൽ ഈ പുതിയ സംവിധാനങ്ങൾ വരുമ്പോൾത്തന്നെ അവരുടെ തൊഴിലിനെ അത് ബാധിക്കുന്നില്ലായെന്ന് ഗവൺമെന്റ് ഉറപ്പുവരുത്താൻ അങ്ങ് ശ്രദ്ധിക്കണമെന്നപേക്ഷിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, ഇവിടെ ആധാരമെഴുത്തുകാരുടെ ആശങ്കകളിലൊന്ന് ഓൺലൈൻവഴി ആധാര രജിസ്ട്രേഷൻ നടത്തുമൊയെന്നുള്ളതായിരുന്നു. അതില്ലായെന്ന് വ്യക്തമാക്കിക്കൊണ്ട് നിയമസഭയിൽത്തന്നെ ഒരു ചോദ്യത്തിന് മറുപടിയായി ഞാൻ പറഞ്ഞിട്ടുണ്ട്. അത്തരത്തിലുള്ള സാഹചര്യമുണ്ടാവുകയില്ല. ഇവരുടെ ആശങ്കകളെ സംബന്ധിച്ച് ധാരാളം ചർച്ചകൾ നടത്തിയിട്ടുണ്ട്. വീണ്ടും ഈ വിഷയങ്ങൾ അവരുമായി ചർച്ച നടത്താൻ ഗവൺമെന്റ് തയ്യാറാണ്. ഇവരുടെ തൊഴിൽ സംരക്ഷിക്കുന്നതിനുള്ള സാഹചര്യംതന്നെയാണ് ഇപ്പോഴുള്ളത്. ഇപ്പോൾ ഡോക്യുമെന്റ് സബ് രജിസ്ട്രാറുടെ മുമ്പിൽ അവതരിപ്പിക്കാൻ ലൈസൻസ്ഡ് ഡോക്യുമെന്റ് റൈറ്റർ തന്നെവേണം. അതുകൊണ്ട് അവർ മുഖാന്തിരം മാത്രമെ ഇതിന്റെ നടപടിക്രമങ്ങൾ മുമ്പോട്ടുപോകുന്നുള്ളൂ. ഞാൻ പറഞ്ഞുവന്നത് അത്തരത്തിൽ ജനകീയമായ ഒരുരൂപാ പദ്ധതിപോലുള്ള ധാരാളം പദ്ധതികൾക്ക് ആരംഭംകുറിക്കാൻ കഴിഞ്ഞ ഗവൺമെന്റാണിത്. അതുപോലെ കുടുംബാംഗങ്ങൾ തമ്മിലുള്ള ഭാഗപത്രം, ഇഷ്ടദാനം, ധനനിശ്ചയം, ഒഴിവുകുറി, എന്നിവയ്ക്കെല്ലാം സ്റ്റാമ്പ് ഡ്യൂട്ടി ആയിരം രൂപയായി നിജപ്പെടുത്തിയതും രജിസ്ട്രേഷൻ ഫീസ് പരമാവധി 25,000 രൂപയാക്കിയതും ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ്. എത്രയോ കുടുംബങ്ങൾക്ക് അതിന്റെ ആശ്വാസം ലഭ്യമായിട്ടുണ്ട്. അതിന്റെ ഫലമായി ഗവൺമെന്റിന് റവന്യൂ നഷ്ടമുണ്ടായിട്ടുണ്ട്. എന്നിരുന്നാലും അതിനെക്കാളേറെ വലിയൊരു ഇന്ററസ്റ്റ്

ഗവൺമെന്റ് മുമ്പോട്ടു വച്ചിരിക്കുകയാണ്. സാധാരണ ജനങ്ങൾ, സാധാരണ കുടുംബങ്ങൾ തമ്മിലുള്ള ഡീൽ നടക്കുമ്പോൾ അവർക്ക് മുദ്രവില ഇളവുചെയ്തുകൊടുത്തതും രജിസ്ട്രേഷൻ ഫീസ് ഇളവുചെയ്ത് കൊടുത്തതുമൊക്കെ ഈ ഗവൺമെന്റിന്റെ ജനകീയതയുടെ ഉദാഹരണമായി ചൂണ്ടിക്കാട്ടാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇവിടെ ബഹുമാനപ്പെട്ട എസ്. ശർമ്മ ചൂണ്ടിക്കാട്ടിയതുപോലെ ഈ ഭേദഗതിക്ക് പ്രസിഡന്റിന്റെ അസന്റ് ലഭ്യമായത് 2013 ആഗസ്റ്റ് മാസത്തിലാണ്. അതിന്റെ ചട്ടങ്ങൾ രൂപീകരിച്ചു, അന്തിമ ഘട്ടത്തിലാണത്. ഉടനെതന്നെ അതിന്റെ ചട്ടങ്ങൾ രൂപീകരിക്കും. ഡിപ്പാർട്ടിമെന്റിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുമ്പോട്ടുപോകുമ്പോൾ തീർച്ചയായും ഇവിടെ ഉരുത്തിരിഞ്ഞുവന്ന അഭിപ്രായങ്ങൾക്കൂടി ഉൾക്കൊണ്ടുകൊണ്ടായിരിക്കും തുടർന്നുപോകുന്നതെന്ന് പറയുവാൻകൂടി ഞാനാഗ്രഹിക്കുകയാണ്. സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ച് ഇവിടെ എല്ലാ പേർക്കും അറിവുള്ളതുപോലെതന്നെ ഭക്ഷ്യ സുരക്ഷാ നിയമമടക്കം പുതിയ നിയമനിർമ്മാണങ്ങൾ ഇന്ന് നമ്മുടെ രാജ്യത്ത് നടപ്പിലായിരിക്കുകയാണ്. ഈ നിയമം നടപ്പിലാക്കുവാൻ കൂടുതൽ സമയം കേരളം ആവശ്യപ്പെട്ടിട്ടുണ്ട്. ഭക്ഷ്യസുരക്ഷാ നിയമം വിവിധ ഘട്ടങ്ങളിലേയ്ക്ക് കടക്കുമ്പോൾ ഒരു വ്യക്തിക്ക് ഭക്ഷ്യധാന്യങ്ങൾ അവകാശമാക്കി മാറ്റുന്നുവെന്ന ഒരു വലിയ പ്രാധാന്യം ഈ നിയമത്തെ സംബന്ധിച്ചുണ്ട്. അതിനോടൊപ്പംതന്നെ കമ്പ്യൂട്ടറൈസേഷൻ നടപടികളുടെ പൈലറ്റ് പ്രോജക്ട് ആരംഭിക്കുകയും മറ്റെല്ലാ ജില്ലകളിലേയ്ക്കും പദ്ധതി നടപ്പിലാക്കുവാനുള്ള തയ്യാറെടുപ്പുകൾ പൂർത്തിയായി വരികയുമാണ്. ഇന്ന് സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ച് ഫെയ്സ് ലിഫ്റ്റ് ഉണ്ടാകുന്ന ഒരു സാഹചര്യമാണ് നിലവിലുള്ളത്.

നമ്മുടെ കേരളം നേരിട്ടുകൊണ്ടിരുന്ന ഏറ്റവും വലിയ പ്രതിസന്ധികളിലൊന്ന് ഭക്ഷ്യധാന്യങ്ങൾ ഏറ്റെടുത്ത് വിൽക്കുവാൻ കഴിയുന്നില്ലായെന്നുള്ളതായിരുന്നു. ഒരു മാസത്തേയ്ക്കുള്ള ഭക്ഷ്യധാന്യങ്ങൾപ്പോലും നമുക്ക് ഏറ്റെടുക്കാനുള്ള സാഹചര്യങ്ങളുണ്ടായിരുന്നില്ല. അതിനെന്തായാലും ഒരു മാറ്റം വരുത്തിക്കൊണ്ട് ഇന്ന് 11 ജില്ലകളിൽ പുതിയ ഗോഡൗണിനുള്ള സ്ഥലങ്ങൾ കണ്ടെത്തുകയും സ്ഥലങ്ങൾ കൈമാറി അവിടെ ഗോഡൗണുകൾ നിർമ്മിക്കാനുള്ള നടപടികളുമായി മുമ്പോട്ടുപോകുകയാണ്. എഫ്.സി.ഐ. യിൽ നിന്ന് അമ്പതിനായിരം സ്ക്വയർ ഫീറ്റ് സ്ഥലം വാടകയ്ക്കെടുത്ത് മൂന്നു മാസത്തേയ്ക്കുള്ള ഭക്ഷ്യധാന്യങ്ങൾ ഏറ്റെടുത്ത് സൂക്ഷിച്ചുവയ്ക്കുവാനുള്ള ഒരു സാഹചര്യമൊരുക്കിയിരിക്കുകയാണ്. സ്റ്റോറേജ് കപ്പാസിറ്റി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ ഗവൺമെന്റിന് സ്വീകരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഇതോടൊപ്പംതന്നെ പുതിയ റേഷൻ കാർഡുകൾ കൊടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. 2012-ലാണ് റേഷൻ കാർഡിന്റെ കാലാവധി തീർന്നത്. പക്ഷെ 2013-ൽ ഭക്ഷ്യസുരക്ഷാ നിയമം നടപ്പിൽവന്നു. ഈ നിയമം നടപ്പിൽവന്ന ഒരു സാഹചര്യത്തിൽ ആ നിയമമനുശാസിക്കുന്ന നിലയിൽ റേഷൻ കാർഡുകൾ ലഭ്യമാക്കുകയെന്നാണ് ഗവൺമെന്റ് ലക്ഷ്യം വച്ചത്. അതുകൊണ്ടാണ് ഇത്രയും കാലതാമസം വന്നത്. ആ റേഷൻ കാർഡുകൾ ഇഷ്യൂചെയ്യുന്നതിനുള്ള നടപടികളിലേയ്ക്ക് പോകുകയാണ്. ഈ ഭക്ഷ്യസുരക്ഷാ നിയമത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഘടകങ്ങളിലൊന്ന് ഇനിമുതൽ ഏറ്റവും മുതിർന്ന വനിതാ അംഗത്തിന്റെ പേരിലായിരിക്കും റേഷൻ കാർഡ് ഇഷ്യൂ ചെയ്യുന്നത് എന്നതാണ്. സ്ത്രീ ശാക്തീകരണത്തെക്കുറിച്ച് നമ്മൾ വളരെയേറെ സംസാരിക്കുമ്പോൾ ഇന്ന് രാജ്യത്ത് നിർമ്മിച്ച ഏറ്റവും പുതിയ ഒരു

നിയമത്തിൽ സ്ത്രീകൾക്ക് കൊടുക്കുന്ന വലിയൊരു പ്രാധാന്യം എടുത്തുപറയേണ്ടതാണ്. അങ്ങനെ പുതിയ റേഷൻകാർഡുകൾ കൊടുക്കാനുള്ള തീരുമാനമെടുത്ത് അതിന്റെ നടപടികളുമായി മുമ്പോട്ടുപോകുകയാണ്. അനർഹരായ എല്ലാ ബി.പി.എൽ. കാരെയും ഒഴിവാക്കുന്ന കാര്യം ശ്രീ. എ. റ്റി. ജോർജ് ചർച്ചയിൽ പങ്കെടുത്തുകൊണ്ട് പറഞ്ഞിരുന്നു. 5000 പുതിയ ബി.പി.എൽ. കുടുംബങ്ങൾക്ക് ബി.പി.എൽ. കാർഡുകൾ നൽകാൻ പോകുകയാണ്. അനർഹരായവരെ ഒഴിവാക്കി അർഹതയുള്ളവരെ കണ്ടെത്തിയാണ് നൽകുന്നത്. എറണാകുളം ജില്ലയിൽ കഴിഞ്ഞ ദിവസം അനർഹരെ ഒഴിവാക്കിക്കൊണ്ട് ആയിരത്തോളം പേർക്ക് പുതിയതായി ബി.പി.എൽ. റേഷൻകാർഡ് കൊടുത്തു. അർഹരായ എല്ലാപേർക്കും ബി.പി.എൽ. കാർഡ് കൊടുക്കുകയെന്നാണ് ഗവൺമെന്റ് ലക്ഷ്യംവയ്ക്കുന്നത്. ഭക്ഷ്യസുരക്ഷാ നിയമത്തിലേയ്ക്ക് മാറുമ്പോൾ ഈ ബി.പി.എൽ. കാർഡുടമകളായ എല്ലാപേരെയും മുൻഗണനാ വിഭാഗത്തിലേയ്ക്ക് കൊണ്ടുവരികയെന്നതാണ് ഗവൺമെന്റിന്റെ ലക്ഷ്യം. ഇത്തവണ കൊടുക്കുന്ന റേഷൻ കാർഡിൽ നിർബന്ധമായും സപ്ലൈകോയിൽനിന്നും സാധനങ്ങൾ വാങ്ങുന്നത് രേഖപ്പെടുത്തുവാൻ 3 പേജുകൾ നീക്കിവച്ചിട്ടുണ്ട്. ഈ കമ്പ്യൂട്ടറൈസേഷൻ നടപടികളുമായി മുമ്പോട്ടുപോകുമ്പോൾ, ഇന്ന് യുണൈറ്റഡ് നേഷൻസിന്റെ വേൾഡ് ഫുഡ് പ്രോഗ്രാമുമായി ഒരു ധാരണാപത്രം സംസ്ഥാന ഗവൺമെന്റ് ഒപ്പുവച്ചിട്ടുണ്ടെന്ന് എനിക്ക് അഭിമാനത്തോടുകൂടി പറയാൻ കഴിയും

ലോകത്ത് ഇന്ന് നടപ്പിലാകുന്ന ബെസ്റ്റ് പ്രാക്ടീസസ് അവരിൽനിന്ന് ലഭ്യമാക്കുവാനുള്ള സാഹചര്യങ്ങളുണ്ട്. വേൾഡ് ഫുഡ് പ്രോഗ്രാമിന്റെ

അഡ്വൈസുകൾ കേരളത്തിലെ പൊതുവിതരണ രംഗത്തേയ്ക്ക് കൂടുതൽ നൂതനമായ ആശയങ്ങൾ കൊണ്ടുവരാൻ തീർച്ചയായും സഹായിക്കും. ഇന്ത്യയിലെ രണ്ട് സംസ്ഥാനങ്ങളുമായിട്ടാണ് വേൾഡ് ഫുഡ് പ്രോഗ്രാമിന്റെ ധാരണാപത്രം ഒപ്പുവച്ചിട്ടുള്ളത്. അതിൽ ഒന്ന് കേരളമാണ്. ഇവിടെ വിലക്കയറ്റത്തെക്കുറിച്ച് ചർച്ച നടന്നു. വിലക്കയറ്റമെന്ന യാഥാർത്ഥ്യത്തെ മറച്ചുവച്ചുകൊണ്ട് ഗവണ്മെന്റ് ഒരിക്കലും സംസാരിച്ചിട്ടില്ല. വിലക്കയറ്റത്തിൽനിന്നും ജനങ്ങളെ സംരക്ഷിക്കുന്നതിനുള്ള നടപടികൾ ഗവണ്മെന്റ് സ്വീകരിക്കുന്നുണ്ട്. പൂഴ്ത്തിവയ്പും കരിച്ചന്തയും വിലവിവരപ്പട്ടിക പ്രദർശിപ്പിക്കാത്ത സാഹചര്യങ്ങളും ഉപഭോക്താക്കൾ വഞ്ചിതരാകുന്ന സാഹചര്യങ്ങളും ഒഴിവാക്കുവാൻവേണ്ടിയുള്ള കർശനമായ പരിശോധനകൾ ഇന്ന് ഗവണ്മെന്റും സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെന്റും നടത്തുന്നുണ്ട്. എല്ലാ ആഴ്ചയും വളരെ കൃത്യമായ നിലയിൽ ഇത് മോണിറ്റർ ചെയ്തുവരികയാണ്. പൊതുകമ്പോളങ്ങളിലും പൊതുവിതരണ കേന്ദ്രങ്ങളിലുമൊക്കെ പരിശോധനകൾ കൃത്യമായ രീതിയിൽ നടത്തിവരികയാണ്. ഗ്യാസ് ഏജൻസികളെക്കുറിച്ച് വളരെയേറെ പരാതികൾ വരുന്നുണ്ട്. പലപ്പോഴും ഗ്യാസ് ഏജൻസികളിൽ പരിശോധന നടത്തുമ്പോൾ ഫൈൻ ഈടാക്കാൻ നമുക്ക് കഴിയും. പക്ഷെ ഗ്യാസ് ഏജൻസികൾക്കെതിരെ നടപടിയെടുക്കാനുള്ള അധികാരം നമുക്കില്ല. അത് ഓയിൽ കമ്പനികൾ തന്നെ നടത്തണം. പക്ഷെ ഓയിൽ കമ്പനികളോട് ശുപാർശ ചെയ്യുമ്പോൾ പലപ്പോഴും അവർ അതിന് വേണ്ട നടപടികൾ സ്വീകരിക്കാറില്ല. ഇക്കാര്യത്തിൽ ഗവൺമെന്റിനുള്ള നീരസം ഓയിൽ കമ്പനികളെ അറിയിച്ചിട്ടുമുണ്ട്. എന്തായാലും ഗ്യാസ് ഏജൻസികളിൽ പരിശോധന നടത്തുമ്പോൾ അപാകതകൾ കണ്ടുകഴിഞ്ഞാൽ തീർച്ചയായും അവിടെ വച്ചുതന്നെ അത്തരത്തിലുള്ള ഗ്യാസ് ഏജൻസികൾക്കെ

തിരെ ഉപഭോക്തൃ ഫോറങ്ങളിൽ കേസുകൾ ഫയൽ ചെയ്യുവാനായി തീരുമാനം എടുത്തിട്ടുണ്ട്. ഇനി മുതൽ ക്രമക്കേടുകളോ വീഴ്ചകളോ ഉണ്ടെങ്കിൽ ഫൈൻ ഈടാക്കുന്നതോടൊപ്പം ഉപഭോക്തൃ ഫോറങ്ങളിൽ ഇവർക്കെതിരെ ഗവൺമെന്റ് തന്നെ കേസ് ഫയൽ ചെയ്യാൻ തീരുമാനം എടുത്തിരിക്കുകയാണ്. നിലവിലുള്ള ഭക്ഷ്യോപദേശക വിജിലൻസ് കമ്മിറ്റികളുടെ പ്രവർത്തനങ്ങൾ കൂടുതൽ സ്ട്രീംലൈൻ ചെയ്യാനുള്ള സാഹചര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. ഉപഭോക്തൃദിനത്തിന് പലപ്പോഴും ദിവസത്തിന്റെ പ്രാധാന്യം മാത്രമേയുള്ളൂ. ദേശീയ ഉപഭോക്തൃദിനമായ ഡിസംബർ 24 ഉം ലോക ഉപഭോക്തൃദിനമായ മാർച്ച് 15 ഉം ഒന്നാചരിച്ച് നമ്മൾ പിൻവാങ്ങിപ്പോകുന്ന സാഹചര്യങ്ങളാണുണ്ടായിരുന്നത്. എന്നൽ അതിൽ നിന്ന് വ്യത്യസ്തമായി 2013–ൽ ദേശീയ ഉപഭോക്തൃദിനത്തെ വളരെ പ്രാധാന്യത്തോടെ ഗവൺമെന്റ് ആചരിക്കുകയുണ്ടായി. എല്ലാ ജില്ലകളിലും സ്കൂൾ കുട്ടികൾ, കോളേജ് സ്റ്റുഡൻസ് ഇവരെയൊക്കെ ബന്ധപ്പെടുത്തികൊണ്ട് വിവിധ തലങ്ങളിൽ കൺസ്യൂമർ അവയർനസ് വർദ്ധിപ്പിക്കാനുള്ള പ്രോഗ്രാംസ് നടത്തുവാനുള്ള സാഹചര്യം ഒരുക്കുവാൻ കഴിഞ്ഞു. ഓരോ താലൂക്കുകളിലേയും ഓരോ റേഷൻ കടകളിലും ഏറ്റവും മുതിർന്ന ഒരു ഗുണഭോക്താവിനെ ആദരിച്ച ഒരു ചടങ്ങ് ദേശീയ ഉപഭോക്തൃ ദിനത്തോടനുബന്ധിച്ചുണ്ടായിരുന്നു. ഒരു കൺസ്യൂമർ എത്രമാത്രം പ്രാധാന്യമർഹിക്കുന്ന വ്യക്തിയാണെന്നുള്ള സ്വയം തിരിച്ചറിവ് അവർക്ക് കൊടുക്കുക എന്നതാണ് ഗവണ്മെന്റ് ആ പദ്ധതി വഴി ലക്ഷ്യം വച്ചത്. ഇത്തവണ കൂടുതൽ സ്കൂൾ കൺസ്യൂമർ ക്ലബ്ബുകൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇപ്പോൾ സംസ്ഥാനത്ത് 100 സ്കൂളുകളിലാണ് കൺസ്യൂമർ ക്ലബ്ബുകളുള്ളത്. ഒരു ജില്ലയിൽ 50 പുതിയ സ്കൂളുകളിൽ കൺസ്യൂമർ ക്ലബ്ബ് തുടങ്ങാനാണ് ഉദ്ദേശിക്കുന്നത്. വിലക്കയറ്റം നിയന്ത്രിക്കു

വാനായി ഗവണ്മെന്റ് ഒന്നും ചെയ്യുന്നില്ലായെന്നും ഉത്സവകാലങ്ങളിൽ നിന്നും പിൻവാങ്ങുന്നുവെന്നുമാണ് ഇവിടെ വിമർശനവിധേയമായി പറഞ്ഞത്. ഉത്സവകാലങ്ങളിൽ ഏറ്റവും ശക്തമായ വിപണി ഇടപെടലാണ് ഗവണ്മെന്റ് നടത്തിയിട്ടുള്ളതെന്ന് എനിക്ക് അഭിമാനത്തോടെ പറയാൻ കഴിയും. കാരണം, ഓണത്തിന് 50 ദിവസംവരെ നീണ്ടുനിൽക്കുന്ന ഓണം ഫെയറുകളാണ് 2012 മുതൽ ഗവണ്മെന്റ് ആരംഭം കുറിച്ചത്. 2010–ൽ 144 ഓണം ഫെയറുകളാണ് കേരളത്തിൽ നടന്നിരുന്നതെങ്കിൽ 2012 –ൽ 164 ആയും 2013 –ൽ 230 ആയും അത് വർദ്ധിപ്പിക്കുകയാണുണ്ടായത്. പഞ്ചായത്ത് തലങ്ങളിൽവരെ ഇത്തരത്തിലുള്ള ഫെയറുകൾ കൊണ്ടുവരാനുള്ള സാഹചര്യങ്ങളൊരുക്കി. പക്ഷെ ഓണത്തിനുള്ള ഒരിടപെടൽ മറ്റ് സന്ദർഭങ്ങളിൽ ഉണ്ടാകുന്നില്ല എന്നുള്ളത് വസ്തുതയാണ്. വിഷുവിനോ, ക്രിസ്തുമസിനോ, ബക്രീദിനോ ഒന്നും അതേ രീതിയിലുള്ള ഇന്റർവെൻഷൻ നടക്കാറില്ല. പക്ഷെ ഇതേ നിലയിൽത്തന്നെ കൊണ്ടുവരാൻ ഗവണ്മെന്റ് ആഗ്രഹിക്കുന്നുണ്ട്. കഴിഞ്ഞ ഓണത്തിന് 45000 ടൺ അരിയാണ് സപ്ലൈകോവഴിമാത്രം വിതരണം ചെയ്തത്. ഇത്തവണ 50000 ടൺ അരി സപ്ലൈകോവഴിമാത്രം വിതരണം ചെയ്യാനുള്ള തീരുമാനമെടുത്തിട്ടുണ്ട്. സപ്ലൈകോയുടെ ഔട്ട്‌ലെറ്റുകൾവഴി എല്ലാ വർഷവും കൂടുതൽ ക്വാണ്ടിറ്റി വിതരണം ചെയ്തുവരുന്നു. 13 ഇന സബ്സിഡി സാധനങ്ങളിൽ അരി ഉൾപ്പെടുത്തി അതിൽ മാറ്റം വരുത്തി. അതിന്റെ ഗുണകരമായ മാറ്റം വിപണിയിലുണ്ട്. വിപണിയിടപെടലിനായി കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്ത് 204 കോടി രൂപയാണ് 5 വർഷംകൊണ്ട് സപ്ലൈകോയ്ക്ക് കൊടുത്തതെങ്കിൽ ഈ ഗവണ്മെന്റ് 3 വർഷംകൊണ്ട് സപ്ലൈകോയ്ക്ക് നൽകിയത് 363 കോടി രൂപയാണ്. ഈ ഗവണ്മെന്റ് എത്ര പ്രാധാന്യത്തോടെയാണ് വിലക്കയറ്റമടക്കമുള്ള പ്രശ്നങ്ങൾ കാണുന്നത്

എന്ന് ചൂണ്ടിക്കാണിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. 12 മൊബൈൽ മാവേലി സ്റ്റോറുകളുൾപ്പെടെ 144 പുതിയ ഔട്ട്ലെറ്റുകൾ കേരളത്തിൽ ആരംഭം കുറിച്ചു. ഇവിടെ സംസാരിച്ച ശ്രീ. പി. ഉബൈദുള്ള എല്ലാ മണ്ഡലങ്ങളിലും സഞ്ചരിക്കുന്ന മൊബൈൽ മാവേലിസ്റ്റോറുകളെക്കുറിച്ച് പറഞ്ഞു. കൂടുതൽ മൊബൈൽ മാവേലി വാഹനങ്ങൾക്കുള്ള ധനസഹായം കേന്ദ്ര ഗവണ്മെന്റിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കേന്ദ്ര ഗവണ്മെന്റിന്റെ ധനസഹായം ലഭ്യമാകുന്ന മുറയ്ക്ക് 40 പുതിയ വാഹനങ്ങൾകൂടി ഇറക്കുവാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ട്. അതോടൊപ്പം മെഡിക്കൽ സ്റ്റോറുകൾക്ക് ആരംഭം കുറിക്കുവാനും........

ശ്രീ. രാജു എബ്രഹാം : സർ, സിവിൽ സപ്ലൈസ് കോർപ്പറേഷനിലേയ്ക്ക് സാധനം വാങ്ങുന്ന പ്രശ്നത്തിന് കഴിഞ്ഞ ദിവസം അങ്ങ് നിയമസഭയിൽ ചോദ്യോത്തരവേളയിൽ മറുപടി പറഞ്ഞപ്പോൾ വളരെ പ്രധാനപ്പെട്ടൊരു കാര്യം പറഞ്ഞു. പല കമ്പനികളും വലിയ തിരിമറി നടത്തുകയാണ്. ഒരേ കമ്പനിയുടെ 33 മെയിൽ ഐഡികൾ ആദ്യഘട്ടത്തിൽ കണ്ടുപിടിച്ചുവെന്ന ഈ സഭയെ ഞെട്ടിപ്പിച്ച ഒരുവിവരമാണ് അങ്ങിവിടെ പറഞ്ഞത്. ഇതുസംബന്ധിച്ച് ഒരന്വേഷണം നടത്താൻ ഭക്ഷ്യവകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും അങ്ങ് പറഞ്ഞു. ഇതുവരെ ആ റിപ്പോർട്ട് വന്നിട്ടുണ്ടോ; ഇതിൻമേൽ എന്ത് നടപടി സ്വീകരിച്ചു; എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; ഈ സഭ തീരുന്നതിനുമുമ്പ് ഇതുസംബന്ധിച്ച ഒരു സ്റ്റേറ്റ്മെന്റ് അങ്ങയുടെ ഭാഗത്തുനിന്നും ഉണ്ടാകുമോ?

ശ്രീ. അനൂപ് ജേക്കബ് : സർ, ഇത് പറഞ്ഞുകഴിഞ്ഞിട്ട് ഞാൻ അതിന് മറുപടി പറയാം. അടുത്ത രണ്ടു വർഷത്തിനുള്ളിൽ 100 പുതിയ മെഡിക്കൽ മാവേലി സ്റ്റോറുകൾക്ക് ആരംഭം കുറിക്കുവാൻ തീരുമാനമെടുത്തിട്ടുണ്ട്.

അതോടൊപ്പം 21 പുതിയ പെട്രോൾ പമ്പുകൾ സപ്ലൈകോയ്ക്ക് ലഭ്യമാക്കുന്നതിനായി ഇന്ത്യൻ ഓയിൽ കോർപ്പറേഷനുമായി ഞങ്ങൾ ചർച്ചകൾ നടത്തുകയാണ്. ഇന്ന് സപ്ലൈകോയാണ് ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ ഏറ്റവും ബെസ്റ്റ് സെല്ലർ. പള്ളിച്ചലിലുള്ള സപ്ലൈകോയുടെ ഔട്ട്ലെറ്റാണ് കേരളത്തിൽ ഏറ്റവും കൂടുതൽ വിൽപ്പന നടക്കുന്ന ഒരു ഐ.ഒ.സി. പമ്പ്. വിവിധ തലങ്ങളിലുള്ള സപ്ലൈകോയുടെ പ്രവർത്തനങ്ങൾ വ്യാപൃതമാക്കുവാനുള്ള സാഹചര്യം ഒരുക്കിയിരിക്കുന്നുവെന്ന് പറയാനാണ് ഞാനിത് ഇവിടെ സൂചിപ്പിച്ചത്. ഇത്തവണ കുപ്പിവെള്ളമടക്കം 6 പുതിയ ശബരി പ്രോഡക്ടുകൾ രംഗത്തിറക്കുവാൻ സാധിച്ചിട്ടുണ്ട്. ഈ ശബരി ഉത്പന്നങ്ങൾ സപ്ലൈകോ സ്റ്റോറുകൾക്കുപുറമെ പൊതുവിപണിയിൽക്കൂടി വിൽക്കുവാനുള്ള തീരുമാനമെടുത്തിരിക്കുകയാണ്. 400 ടൺ ശബരി ടീ ആണ് ഇപ്പോൾ പ്രൊഡക്ഷനുള്ളത്. അത് 1000 ടണ്ണാക്കി വർദ്ധിപ്പിക്കുവാൻ ലക്ഷ്യം വയ്ക്കുന്നുണ്ട്. നെല്ല് സംഭരണത്തിന്റെ തുക കൊടുക്കുന്നത് വൈകുന്നുവെന്നത് പലപ്പോഴും വിമർശനവിധേയമായി വരുന്നുണ്ട്. ഈ സഭയിൽ അടിയന്തര പ്രമേയമായിതന്നെ ആ വിഷയം വന്നിരുന്നു. നെല്ല് സംഭരിക്കുന്നതിനെ സംബന്ധിച്ച് ആക്ഷേപങ്ങൾ വരുന്നില്ല. സപ്ലൈകോയുമായി രജിസ്ട്രേഷനുള്ള എല്ലാ കർഷകരിൽനിന്നും നിർബന്ധമായും നെല്ല് സംഭരിക്കുന്നുണ്ട്. നെല്ല് സംഭരണത്തെ കൂടുതൽ ഫലപ്രദമാക്കുവാൻ ഇ.പി.ആർ.എസ്. സിസ്റ്റം അതായത് പാഡി റെക്സിൻ ഷീറ്റുകൾ ഇലക്ടോണിക്കലി ജനറേറ്റ് ചെയ്ത് ആ ഫീൽഡിൽവച്ചുതന്നെ കൊടുക്കുവാനുള്ള സാഹചര്യങ്ങളൊരുക്കുകയാണ്. സംഭരിക്കുന്ന നെല്ല് അപ്പോൾതന്നെ ഡിവൈസിൽ രേഖപ്പെടുത്തും. അത് ഉടനെ സിസ്റ്റത്തിൽ അപ്പ്ലോഡ് ചെയ്ത് വരും. ഇത് മാനുവലായി ഒഴിവാക്കി അപ്പോൾതന്നെ എടുക്കുന്ന കാര്യം, അപ്പ

പ്പോൾതന്നെ അറിയുവാനുള്ള സാഹചര്യമുണ്ടാക്കാൻ കഴിയും. നെല്ല് സംഭരണത്തിനെക്കുറിച്ച് ഇവിടെ ചർച്ചകൾ വന്നു. നെല്ല് സംഭരണത്തിന് ഒരു സീസണിൽതന്നെ രണ്ടുവട്ടമായി തുക മാറ്റികൊടുത്തതിനെക്കുറിച്ച് ബഹുമാനപ്പെട്ട പി.സി. വിഷ്നുനാഥ് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. 03032014-നുശേഷമാണ് 19 രൂപയായി ഗവണ്മെന്റ് തീരുമാനിച്ചതും ആ തുകയ്ക്ക് നെല്ല് സംഭരിച്ചതും. ഇത് മുൻകാല പ്രാബല്യത്തോടുകൂടി വേണമെന്ന് കർഷകർ ഗവണ്മെന്റിനോട് നിരന്തരം ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് 03032014 മുതൽ 19 രൂപയ്ക്ക് സംഭരിച്ച നെല്ല് മുൻകാല പ്രാബല്യ ത്തോടെ കൊടുക്കുവാൻ ഗവണ്മെന്റ് തീരുമാനിക്കുകയാണ്. അതായത് സെക്കണ്ട് സീസൺമുതൽ ഈ നെല്ലിന് 19 രൂപ കൊടുക്കാനായി ഗവണ്മെന്റ് തീരുമാനിക്കുകയാണ്.

മി. സ്പീക്കർ : മിനിസ്റ്റർ ഒരു മിനിറ്റ്. സഭ നടന്നുകൊണ്ടിരിക്കുക യാണ്. ഇത് സിനിമ കഴിഞ്ഞിട്ടുള്ള ഇന്റർവൽ അല്ല. (തുടരും)

ശ്രീ. അനൂപ് ജേക്കബ്: ഇവിടെ സപ്ലൈകോയുടെ എല്ലാ ഔട്ട്‌ലെറ്റുക ളെയും കേന്ദ്രീകൃതമാക്കുവാൻ ലക്ഷ്യം വയ്ക്കുന്നു. ഇന്റഗ്രേറ്റഡ് സോഫ്ട് വെയർ സിസ്റ്റം എല്ലാ സപ്ലൈകോ ഔട്ട്‌ലെറ്റുകളിലും സ്ഥാപിക്കും. ഓരോ ഔട്ട്‌ലെറ്റിലും വിൽപ്പന നടത്തുമ്പോൾ അത് അപ്പോൾ തന്നെ ഹെഡ്ഡാഫീ സിൽ അറിയാനുള്ള സാഹചര്യമുണ്ടാകും. മാനേജീരിയൽ എഫിഷ്യൻസി വർദ്ധിപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾക്ക് തുടക്കം കുറിക്കാൻ കഴിഞ്ഞി ട്ടുണ്ട്. സപ്ലൈകോയുടെ കാര്യങ്ങൾ പറഞ്ഞപ്പോൾ ശ്രീ. രാജേഷും ശ്രീ. രാജു എബ്രഹാമും ഉന്നയിച്ച കാര്യങ്ങളെ സംബന്ധിച്ച് അന്വേഷിക്കുവാനും

വിപണിയെക്കാൾ കൂടുതൽ വില രേഖപ്പെടുത്തി എന്ന നിലയിൽ വന്ന മാധ്യമ വാർത്തകളെ സംബന്ധിച്ച് ചോദ്യോത്തര വേളയിൽ മറുപടി കൊടുത്തപ്പോഴും ഞാൻ പറഞ്ഞു, അതിനെക്കുറിച്ച് ഡിപ്പാർട്ടുമെന്റ് തലത്തിലുള്ള എൻക്വയറി നടക്കുന്നുണ്ട്. എൻക്വയറി പൂർത്തിയാകുമ്പോൾ അതിൽ തുടർനടപടികൾ ആവശ്യമുണ്ടെങ്കിൽ ഗവൺമെന്റ് നടപടികൾ എടുക്കും. ബഹുമാനപ്പെട്ട ശ്രീ. രാജു എബ്രഹാം ഇവിടെ സൂചിപ്പിച്ചത് 42 വെൻഡേഴ്സിനും ഒരേ ഇ–മെയിൽ ഐ.ഡി. ഉണ്ടെന്നാണ്. അദ്ദേഹം മനസ്സിലാക്കാനുള്ളത് 11/11/2009–ൽ അന്നത്തെ ഹെഡ്ഡാഫീസ് മാനേജ്മെന്റ് കമ്മിറ്റിക്ക് അറിവുണ്ടായിരുന്നുവെന്നാണ് എ.ജി. യുടെ റിപ്പോർട്ടിൽ പറഞ്ഞിരുന്നത്. 2009-ൽ ഞങ്ങളുടെ ഗവൺമെന്റല്ല അധികാരത്തിലുണ്ടായിരുന്നത്. 2009-ലാണ് 42 ഇ–മെയിൽ ഐ.ഡി. ഒരേ നിലയിലുണ്ടെന്ന കണ്ടെത്തൽ വന്നത്. അതിന് തുടർ നടപടികൾ ഒന്നും തന്നെ എടുത്തതായി കണ്ടില്ല. ഈ ഗവൺമെന്റ് വന്നതിന് ശേഷം 2012 മുതൽ ടെണ്ടർ കഴിഞ്ഞുള്ള നെഗോസിയേഷൻസ് ഓൺലൈനാക്കി മാറ്റിയിരിക്കുകയാണ്. നേരത്തെ നെഗോഷിയേറ്റ് ചെയ്യുന്നത് ഫോണിൽക്കൂടി അല്ലെങ്കിൽ മാനുവലായിട്ടായിരുന്നു. അത് മാറ്റി ഓൺലൈനായി തന്നെ നെഗോഷിയേറ്റ് ചെയ്യാനുള്ള സാഹചര്യം, ഹ്യൂമൻ ഇന്റർഫിയറൻസ് ഉണ്ടാകാതെ ഓൺലൈനിൽക്കൂടി നെഗോഷിയേറ്റ് ചെയ്യുന്നതിനുള്ള സാഹചര്യമൊരുക്കുന്നു. ഒപ്പം തന്നെ സപ്ലയേഴ്സിന്റെ ആധികാരികമായ രേഖകൾ ആവശ്യപ്പെടാൻ ഗവൺമെന്റ് തീരുമാനിച്ചിരിക്കുകയാണ്. അതിനുള്ള നിർദ്ദേശം കൊടുത്തിരിക്കുകയാണ്. 2005 മുതൽ രജിസ്റ്റർ ചെയ്ത സപ്ലൈയർമാരുണ്ട്. അവരൊന്നും റെന്യൂ ചെയ്യുന്നില്ല. 600

ഓളം സപ്ലൈയർമാർ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നാണ് കണക്കാക്കുന്നത്. പക്ഷെ ഇതിൽ പലരും പങ്കെടുക്കാറില്ല. അതുകൊണ്ട് തന്നെ എല്ലാ രണ്ടു വർഷം കൂടുമ്പോഴും രജിസ്ട്രേഷൻ റെന്യൂ ചെയ്യാനുള്ള നടപടികൾ സ്വീക രിക്കാൻ ഗവൺമെന്റ് ലക്ഷ്യം വയ്ക്കുന്നുണ്ട്. കോർപ്പറേഷന്റെ പ്രവർത്തന ങ്ങൾ സുതാര്യമായി തന്നെ മുന്നോട്ട് കൊണ്ടു പോകാൻ ഗവൺമെന്റ് ആഗ്ര ഹിക്കുന്നു. അതിൽ ഒരു തരത്തിലുള്ള ഇടപെടലുകളും ഗവൺമെന്റ് അനുവ ദിക്കുകയില്ല. ഏതെങ്കിലും തരത്തിലുള്ള ക്രമക്കേട് ഗവൺമെന്റിന്റെ ശ്രദ്ധ യിൽ വന്നാൽ ശക്തമായ നടപടി അക്കാര്യത്തിൽ സ്വീകരിക്കുമെന്ന് പറയാൻ ആഗ്രഹിക്കുന്നു. മറ്റ് കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല. ധനാഭ്യർത്ഥ നകൾ പാസ്സാക്കിത്തരണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വുകുപ്പുമന്ത്രി (<u>ശ്രീ. കെ. ബാബു</u>): സർ, ഇന്നത്തെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് വളരെ ക്രിയാ ത്മകമായ നിർദ്ദേശങ്ങൾ പല മെമ്പർമാരും മുന്നോട്ട് വച്ചിട്ടുണ്ട്. ക്രിയാത്മക മായ എല്ലാ നിർദ്ദേശങ്ങളും ഉൾക്കൊണ്ടുകൊണ്ട് ഈ വകുപ്പുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ പരമാവധി ശ്രമിക്കുമെന്ന് ഞാൻ ഈ സഭയ്ക്ക് ഉറപ്പു നൽകുകയാണ്. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ വിഴിഞ്ഞം തുറമുഖ പദ്ധതിയെക്കുറിച്ച് പറഞ്ഞുകൊണ്ടാണ് ചർച്ച ആരംഭിച്ചത്. അതുകൊണ്ട് വിഴിഞ്ഞത്തിന്റെ കാര്യം തന്നെ പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ ഗവൺമെന്റ് വന്ന ശേഷം എല്ലാ നടപടികളും കൃത്യമായി മുന്നോട്ട് കൊണ്ടുപോകാൻ സാധിച്ചു. അതിന്റെ അടിസ്ഥാന ത്തിൽ ടെൻഡർ നടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്. ആഗസ്റ്റ് മാസ

ത്തിൽ ടെൻഡർ നടപടികൾ പൂർത്തിയാക്കി 2014 ഡിസംബർ മാസത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങാൻ സാധിക്കത്തക്കവിധത്തിലാണ് കാര്യങ്ങൾ ക്രമീകരിച്ചിട്ടുള്ളത്. വിഴിഞ്ഞത്തിന്റെ പരിസ്ഥിതി ക്ലിയറൻസിനെതിരായി മദ്രാസിലും ഡൽഹിയിലും കേസുകളുണ്ടെങ്കിലും അതിലൊന്നിലും സ്റ്റേ എൻ.ഡി.റ്റി. നൽകിയിട്ടില്ല. അതുകൊണ്ട് ടെൻഡർ നടപടികൾ മുന്നോട്ട് പോകാൻ സാധിക്കും. ടെൻഡർ അനുസരിച്ച് 5160 കോടി രൂപയാണ് ആദ്യഘട്ടത്തിൽ കണക്കാക്കിയിട്ടുള്ളത്. അതിൽ 1210 കോടി രൂപ സംസ്ഥാനത്തിന്റെ ഫണ്ട് ഉപയോഗിച്ചുള്ളതാണ്. രണ്ടുംകൂടി ഒരുമിച്ചുള്ള ടെൻഡറാണ് ഇപ്പോൾ ചെയ്തിട്ടുള്ളത്. 5 കമ്പനികൾ ഇതിൽ താത്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്. ഏതായാലും ഡിസംബറോടുകൂടി നിർമ്മാണം ആരംഭിക്കാൻ സാധിക്കും. ബഹുമാനപ്പെട്ട ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ സൂചിപ്പിച്ചപോലെ ഇതിന് കേന്ദ്ര ഗവൺമെന്റിൽ നിന്ന് പണം ചോദിച്ചിട്ടില്ല. ഇതിനു മുമ്പും ചോദിച്ചിട്ടുണ്ടെന്ന് തോന്നുന്നില്ല. ലാന്റ് ലോർഡ് മോഡൽ എന്ന് പറയുന്നത് സംസ്ഥാന ഗവൺമെന്റ് നടപ്പാക്കുന്ന പദ്ധതിയാണ്. കേന്ദ്ര പദ്ധതിയല്ല. വി.ജി.എഫ്. ചോദിച്ചിട്ടുണ്ട്. അതിനുള്ള ചർച്ചകൾ നടന്നുകൊണ്ടിരിക്കുന്നു. ഈ തുറമുഖം കൂടുതൽ എഫക്ടീവാക്കാൻ വേണ്ടി കബോട്ടാഷ് നിയമത്തിൽ ഇളവ് ആവശ്യപ്പെട്ടിട്ടുണ്ട്. അതും അനുഭാവപൂർവ്വം തീരുമാനിക്കുമെന്നാണ് കരുതുന്നത്. ഇതിനാവശ്യമായ സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. മറ്റടിസ്ഥാന സൗകര്യങ്ങളൊരുക്കുന്ന നടപടികളും നടന്നുകൊണ്ടിരിക്കുകയാണ്. വിഴിഞ്ഞം തുറമുഖത്തിന്റെ കാര്യത്തിൽ ഒരു വീഴ്ചയുമില്ല. താരിഫ് വസൂലാക്കാൻ കൃത്യമായ തുക നിശ്ചയിച്ചിട്ടില്ല. മേജർ പോർട്ട്സ് നിലവിലുള്ള താരിഫിനെക്കാൾ കൂടുതൽ തുക ഈടാക്കുവാൻ പാടില്ല. ഇപ്രകാരം

ഈടാക്കേണ്ട തുക തുറമുഖഓപ്പറേറ്റർക്ക് നിശ്ചയിക്കാവുന്നതാണ്. കൃത്യമായി ഇതിന്റെ പ്രവർത്തനങ്ങൾ മുന്നോട്ട് പോകുന്നുണ്ട്. വലിയ ഒരു പ്രതീക്ഷ ഇക്കാര്യത്തിൽ നമുക്കെല്ലാവർക്കുമുണ്ട്. അത് പൂവണിയും എന്ന് തന്നെ കരുതാം. കണ്ണൂർ എയർപോർട്ടിന്റെ ഒരു കാര്യം കൂടി പറയാം. കണ്ണൂർ എയർപോർട്ടിന്റെ കാര്യത്തിൽ 694 കോടി രൂപയ്ക്കുള്ള ഇ.പി.സി. മോഡൽ നവംബർ 2013-ൽ എൽ ആന്റ് റ്റി. യ്ക്ക് കൊടുത്തു. അത് റൺവേയുടേതായിരുന്നു. 20 ശതമാനം നിർമ്മാണം ഇപ്പോൾ പുരോഗമിച്ചു കഴിഞ്ഞു. ഇപ്പോൾ അതിന്റെ ടെർമിനൽ ബിൽഡിംഗ് ടെണ്ടർ ചെയ്തു. ഈ മാസം 5-ാം തീയതി വൈകുന്നേരം 5.00 മണിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കണ്ണൂർ ജില്ലയിലെ ജനപ്രതിനിധികളുടെ സാന്നിദ്ധ്യത്തിൽ അതിന്റെ ശിലാസ്ഥാപന കർമ്മം നിർവ്വഹിക്കും. പറഞ്ഞതനുസരിച്ച് ടെർമിനൽ ബിൽഡിംഗിന്റെ നിർമ്മാണവും ആരംഭിക്കുകയാണ്. 498.69 കോടി രൂപയാണ് ടെർമിനൽ ബിൽഡിംഗിന്റെ നിർമ്മാണച്ചെലവ്. അതുപോലെ തന്നെ എറണാകുളത്ത് ഒരു ഓഷ്യനേറിയം സ്ഥാപിക്കുന്നതിന് വേണ്ടി പരിസ്ഥിതി ക്ലിയറൻസ് നേടാനുള്ള ശ്രമത്തിലാണ്. പരിസ്ഥിതി പഠനം പൂർത്തിയാക്കി സി.ആർ.എസ്.എൽ. ക്ലിയറൻസിന് അപേക്ഷ സമർപ്പിച്ചു. ക്ലിയറൻസ് ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ആഗസ്റ്റ് മാസത്തോടുകൂടി എ.എ. ക്ലിയറൻസ് കിട്ടിയശേഷം ടെൻഡർ ചെയ്യാം. ടെൻഡർ ഡോക്യുമെന്റുകളെല്ലാം ഇപ്പോൾ റെഡിയാണ്. ഓഷ്യനേറിയം സ്ഥാപിക്കാനുള്ള നടപടികൾ ഇപ്പോൾ മുന്നോട്ടുപോവുകയാണ്. ബഹുമാനപ്പെട്ട അംഗങ്ങൾ സൂചിപ്പിച്ചപോലെ ഫിഷറീസ് മേഖലയിൽ ഒരുപാട് പ്രയാസങ്ങളുണ്ട്. മത്സ്യത്തൊഴിലാളികളുടെ ജീവിതം

വളരെ ദുരിതപൂർണ്ണമാണ്. പക്ഷെ ഇതൊന്നും മൂന്ന് കൊല്ലം കൊണ്ടുണ്ടായ പ്രശ്നമല്ല. മത്സ്യത്തൊഴിലാളിയുണ്ടായ കാലം മുതലുള്ള പ്രശ്നങ്ങളാണ്. ഇരുകൂട്ടരും മാറി മാറി ഭരിച്ചിട്ടും അവരുടെ പ്രശ്നങ്ങളെ അഡ്രസ് ചെയ്യുന്ന കാര്യത്തിൽ കാര്യമായി മുന്നോട്ട് പോകാൻ സാധിച്ചില്ല. ഞങ്ങൾക്ക് ചില കാര്യങ്ങൾ ചെയ്യാൻ സാധിച്ചു എന്നതിൽ സംതൃപ്തിയുണ്ട്. ഭവനപദ്ധതി യാണ് ഒന്നാമത്തേത്. ഈ ഗവൺമെന്റ് വന്നതിന് ശേഷം 6573 ഭവനങ്ങൾക്ക് ഗ്രാന്റ് നൽകി. കഴിഞ്ഞ ഗവൺമെന്റിന്റെ സമയത്ത് ആകെ 4500 വീടിന് 50,000 രൂപ വച്ചാണ് ഗ്രാന്റ് കൊടുത്തിട്ടുള്ളത്. ഞാൻ കുറ്റം പറയുകയല്ല, ഞങ്ങൾ രണ്ട് ലക്ഷം രൂപയും മാതൃകാ മത്സ്യ ഗ്രാമം പദ്ധതിയിൽ രണ്ടര ലക്ഷം രൂപയും വച്ച് 6573 പേർക്ക് ഗ്രാന്റ് കൊടുത്തു കഴിഞ്ഞു. ഈ ഗവൺമെന്റിന്റെ ഇനിയുള്ള കാലാവധിയായ രണ്ട് വർഷത്തിനുള്ളിൽ മത്സ്യ ത്തൊഴിലാളികൾക്ക് 10,000 വീടുകൾക്കു കൂടി ഗ്രാന്റ് നൽകാൻ ഉദ്ദേശിക്കു കയാണ്. അങ്ങനെ 10,000 വീടുകൾ നൽകിക്കൊണ്ട് മത്സ്യത്തൊഴിലാളി കളുടെ ഭവന പ്രശ്നത്തിന് പരിഹാരം കാണാൻ സാധിക്കും. പല എം.എൽ.എ. മാരും പുതിയ പദ്ധതികളൊന്നും തുടങ്ങിയില്ലെന്ന് പറഞ്ഞു. പഴയ പദ്ധതികൾ മോശമല്ലാത്തതുകൊണ്ടാണ് അതുതന്നെ മുന്നോട്ട് കൊണ്ടുപോകുന്നത്. പുതിയ പദ്ധതികളും ആരംഭിക്കും. ഇപ്പോൾ സ്വന്തമായി രണ്ട് സെന്റ് സ്ഥലമുള്ളവർക്കാണ് വീട് കൊടുക്കുന്നത്. സ്വന്തമായി വീടും സ്ഥലവുമില്ലാത്തവരുടെ കാര്യം ഇതുവരെ പരിഗണിച്ചിട്ടില്ല. സ്വന്തമായി വീടും സ്ഥലവുമില്ലാത്തവർക്കുവേണ്ടി ഈ വർഷം തന്നെ 20 കോടി രൂപ

ചെലവാക്കി ഫ്ളാറ്റുകൾ നിർമ്മിച്ചു കൊടുക്കാനുള്ള പദ്ധതി ആവിഷ്ക്കരിക്കുകയാണ്. ഈ വർഷം തന്നെ പദ്ധതി ആരംഭിക്കും.

മത്സ്യത്തൊഴിലാളികൾക്ക് നൽകുന്ന മണ്ണെണ്ണയുടെ കാര്യം പറഞ്ഞു, അവർക്ക് ആവശ്യത്തിനുള്ള മണ്ണെണ്ണ ലഭിക്കുന്നില്ല. എല്ലാ ഗവൺമെന്റുകളും ഒരേ ക്വാണ്ടിറ്റിയാണ് കൊടുത്തുകൊണ്ടിരിക്കുന്നത്. അതിൽ കുറച്ചുകൂടി മാറ്റം വരുത്തി ലിറ്ററിന് 25 രൂപ സബ്സിഡി നൽകിക്കൊണ്ട് 200 ലിറ്റർ വരെ മണ്ണെണ്ണ മത്സ്യത്തൊഴിലാളികൾക്ക് സബ്സിഡി അടിസ്ഥാനത്തിൽ കൊടുക്കാൻ ഈ ബഡ്ജറ്റ് പാസ്സായാലുടൻ നടപടിയുണ്ടാകും. അതിനുവേണ്ടി 12 ബങ്കുകൾ സ്ഥാപിക്കാനുള്ള നടപടികൾ പുരോഗമിക്കുകയാണ്. ഞാൻ കഴിഞ്ഞ ദിവസം അടിയന്തര പ്രമേയത്തിന്റെ മറുപടിയിൽ പറഞ്ഞതുകൊണ്ട് കൂടുതൽ വിശദീകരിക്കുന്നില്ല. നിലവിൽ അപകടംമൂലം അംഗവൈകല്യം സംഭവിക്കുമ്പോഴോ മരണപ്പെടുമ്പോഴോ ആണ് മത്സ്യത്തൊഴിലാളികൾക്ക് ഇൻഷുറൻസ് ആനുകൂല്യം നൽകുന്നത്. നാച്ചുറൽ ഡെത്തുണ്ടായാൽ മത്സ്യത്തൊഴിലാളികൾക്ക് ഇൻഷുറൻസ് ലഭിക്കുന്നില്ല. മത്സ്യത്തൊഴിലാളികൾക്ക് സ്വാഭാവിക മരണത്തിനുകൂടി ഇൻഷുറൻസ് നൽകാനുള്ള പദ്ധതി ഈ വർഷം നടപ്പാക്കും. അതുപോലെ 1800 രൂപ നൽകിയിരുന്ന സമ്പാദ്യ സമാശ്വാസ പദ്ധതി 2700 രൂപയാക്കി മാറ്റാൻ തീരുമാനിച്ചു.

ശ്രീ. സി. ദിവാകരൻ: സർ, അത് കൊടുക്കുന്നില്ല.

ശ്രീ. കെ. ബാബു: സർ, സമാശ്വാസ പദ്ധതി കൊടുക്കുന്നില്ല എന്ന് പറയുമ്പോൾ ഒരു കാര്യം മനസ്സിലാക്കണം. സാധാരണ മെയ്, ജൂൺ, ജൂലൈ മാസങ്ങളിലാണ് ഇത് കൊടുക്കേണ്ടത്. അതിൽ മെയ് മാസത്തെ

തുക കൊടുത്തിട്ടുണ്ട്. ജൂൺ മാസത്തെ തുക റിലീസ് ചെയ്തിട്ടുണ്ട്. ജൂലൈ മാസത്തെയാണ് ഇനി റിലീസ് ചെയ്യാനുള്ളത്. ഇന്ന് ജൂലൈ ഒന്നാം തീയതിയായിട്ടേയുള്ളൂ. ബഹുമാനപ്പെട്ട മാണി സാർ അക്കാര്യം പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. അത് ഉടനെ കൊടുക്കും.

മത്സ്യത്തൊഴിലാളികളുടെ ബോട്ടുകളും വള്ളങ്ങളും ഇടിച്ചുതകർന്നാൽ യാതൊരു ആനുകൂല്യവും കൊടുക്കാൻ ഇപ്പോൾ വ്യവസ്ഥയില്ല. എന്തെങ്കിലും കൊടുക്കണമെങ്കിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും കൊടുക്കണം. അതുകൊണ്ട് ഒരു പൈലറ്റ് പ്രോജക്ട് എന്ന നിലയിൽ എറണാകുളം ജില്ലയിൽ ഇപ്പോൾ നടപ്പാക്കുകയാണ്. അതിന്റെ അടിസ്ഥാനത്തിൽ മറ്റു ജില്ലകളിലേയ്ക്ക് കൂടി യാനങ്ങളുടെ ഇൻഷുറൻസ് പദ്ധതി വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുകയാണ്. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നൽകിവരുന്ന വിവിധ ധനസഹായങ്ങളുടെ നിരക്കുകൾ വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. സമയക്കുറവുള്ളതുകൊണ്ട് വിശദാംശങ്ങൾ ഇവിടെ വായിക്കുന്നില്ല. 14 മത്സ്യത്തൊഴിലാളി കോളനികളിൽ പണ്ടുകാലം മുതലേ ഇരട്ടവീടുകളുണ്ട്. അവിടെ 713 വീടുകളുണ്ട്, ഇതെല്ലാം സിംഗിൾ വീടുകളാക്കി മാറ്റാൻ പദ്ധതി ആവിഷ്ക്കരിച്ചുകഴിഞ്ഞു. അവിടെയുള്ള ആളുകൾ സമ്മതിക്കുമെങ്കിൽ ഓരോ വീടിനും 2 ലക്ഷം രൂപ വീതം നൽകി ഇരട്ടവീടുകൾ ഒറ്റവീടുകളാക്കി മാറ്റാനുള്ള പദ്ധതി ആവിഷ്ക്കരിച്ചുകഴിഞ്ഞു. അതിനുവേണ്ടി 25 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. ഈ ഗവൺമെന്റ് വന്നതിനുശേഷമാണ് മത്സ്യത്തൊഴിലാളി കൾക്ക് ടോയ്‌ലറ്റ് നിർമ്മാണത്തിനായി 17500 രൂപ ഗ്രാന്റ് കൊടുത്തുതുടങ്ങിയ ത്. ശുചിത്വതീരം എന്ന ഈ പദ്ധതിയനുസരിച്ച് കഴിഞ്ഞ വർഷം

